ഭൂമിയുടെ അതിർത്തികൾ വരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി നിന്നെ
സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 07 ഒക്ടോബർ 2015 ലക്കം 10

# തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ

# THALASSERY ARCHDIOCESAN BULLETIN

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

## ഉള്ളടക്കം


1. സർക്കുലർ നമ്പർ 15/2015 ........ 5
2. സർക്കുലർ നമ്പർ 16/2015 ........ 7
3. സർക്കുലർ – ലോകമിഷൻ ഞായർ ........ 9
4. പാപ്പായുടെ പ്രബോധനങ്ങൾ ........ 15
5. അറിയിപ്പ് ........ 22
6. കച്ചേരിക്കാര്യം ........ 26
7. വിശ്വാസപരിശീലനം ........ 29
8. ബൈബിൾ അപ്പൊസ്റ്റോലേറ്റ് ........ 32
9. ചെറുപുഷ്പ മിഷൻലീഗ് ........ 38
10. തിരുബാലസഖ്യം ........ 47
11. യുവജനശുശ്രൂഷ ........ 48
12. കുടുംബ പ്രേഷിതത്വം ........ 56
13. വിദ്യാഭ്യാസ ഏജൻസി ........ 62
14. വിമൽജ്യോതി വാർത്തകൾ ........ 70
15. നിർമ്മലഗിരി വാർത്തകൾ ........ 73
16. കരിസ്മാറ്റിക് നവീകരണരംഗം ........ 77
17. ഫ്രാൻസിസ്കൻ അൽമായ സഭ ........ 78
18. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ........ 81
19. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........ 86
20. എകെസിസി ........ 96
21. സാമൂഹ്യസേവനവേദി ........ 102
22. കരുണാലയം ........ 108
23. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 111
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 112
25. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 116
26. Programme of the Archbishop Mar George Njaralakatt ........ 118
27. Programme of Abp. Emeritus Mar George Valiamattam ........ 121


**Prot. No. 607/2015; സർക്കുലർ നമ്പർ 15/2015**

## ജപമാലഭക്തി

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരങ്ങളെ,

കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം ഒക്ടോബർ മാസം എന്തുകൊണ്ടും പ്രധാനപ്പെട്ട ഒരു മാസമാണ്. ജപമാല മാസമായിട്ടാണ് ഒക്ടോബർ അറിയപ്പെടുന്നത്. ക്രൈസ്തവകുടുംബങ്ങളുടെ മുഖമുദ്രയാണ് സന്ധ്യാവേളയിൽ കുടുംബാംഗങ്ങൾ ഒരുമിച്ചു ചേർന്നുള്ള പ്രാർത്ഥന. ഈ പ്രാർത്ഥനയിൽ മർമ്മപ്രധാനമായ ഒരു സ്ഥാനം ജപമാലയ്ക്കുണ്ട്. ജപമാലഭക്തി സാർവ്വത്രികസഭയുടെ പാരമ്പര്യത്തിൽ സ്ഥാനംപിടിച്ചിരിക്കുന്ന ഒന്നാണ്.

2003ൽ സീറോ മലബാർ സഭാപിതാക്കന്മാർ 'ആദ്‌ലീമിന' സന്ദർശനവേളയിൽ മാനന്തവാടി രൂപതയുടെ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ എനിക്കും റോമിൽ പോകുവാൻ അവസരം ലഭിച്ചു. വി. ജോൺ പോൾ മാർപാപ്പയെ വ്യക്തിപരമായി കാണുവാനും രൂപതാകാര്യങ്ങൾ സംസാരിക്കാനും സാധിച്ചു. സന്ദർശനം കഴിഞ്ഞുപോരുന്നതിനുമുമ്പായി പരി. പിതാവ് സീറോ മലബാർ സഭയ്ക്കായി നല്കിയ സന്ദേശത്തിൽ എടുത്തു പറഞ്ഞ ഒരു കാര്യം താഴെ കുറിക്കട്ടെ – സീറോ മലബാർ സഭ ഇന്നും സജീവമായ സഭയാണ്. പ്രേഷിതസ്വഭാവവും സമർപ്പണജീവിതത്തിലേയ്ക്കുള്ള ദൈവവിളികൾകൊണ്ടും നിങ്ങളുടെ സഭ സമ്പന്നയാണ്. കാരണം നിങ്ങളുടെ കുടുംബങ്ങൾ ഭദ്രമാണ്. കുടുംബഭദ്രതയ്ക്ക് കാരണം ഇന്നും നിങ്ങളുടെ കുടുംബങ്ങളിലുള്ള കുടുംബപ്രാർത്ഥനയാണ്. കുടുംബപ്രാർത്ഥയാണ് നമ്മുടെ കുടുംബങ്ങളെ ഒരുമിച്ചു നിർത്തുന്നത്.

കുടുംബാംഗങ്ങളെല്ലാവരും ഒരുമിച്ചുകൂടിയുള്ള പ്രാർത്ഥന നമ്മുടെ സഭയുടെ പ്രത്യേകതയാണ്. ഇതിന് കുറവുകൾ വരാതെ നാം നോക്കണം. കുടുംബപ്രാർത്ഥന വിശ്വാസകൈമാറ്റത്തിന് ഏറെ സഹായിക്കുന്നതാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹബന്ധവും ഐക്യവും നിലനിർത്താനും ഒന്നിച്ചുള്ള പ്രാർത്ഥന സഹായിക്കും. ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ നമുക്ക് വേണ്ട കൃപകൾ ദൈവം തരുന്നു. കിട്ടിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയാനും ദൈവപരിപാലനയെ ഓർത്ത് ദൈവത്തിന് സ്തുതി അർപ്പിക്കാനും അവിടുത്തെ മഹത്വം ഏറ്റുപറയുവാനും കുടുംബപ്രാർത്ഥന അവസരമൊരുക്കുന്നു. അതുകൊണ്ട് നമ്മുടെ എല്ലാ ഭവനങ്ങളിലും ജപമാല ചൊല്ലി എല്ലാദിവസങ്ങളിലും നിർബന്ധമായും പ്രാർത്ഥിക്കണം. ഒക്ടോബർ മാസം ഇത് കൂടുതൽ തീക്ഷ്ണതയോടെ ചെയ്യണം. കുടുംബാംഗങ്ങൾ എല്ലാവരും ഇതിൽ പങ്കുചേരാൻ ശ്രമിക്കണം. കുട്ടികൾക്കും കുഞ്ഞുമക്കൾക്കും കണ്ട് പഠിക്കുവാൻ ഇതു സഹായിക്കും.

എല്ലാ ഇടവകകളിലും ജപമാല ആഘോഷമായി ചൊല്ലുന്ന രീതിയും നമ്മുടെ ഇടയിലുണ്ടല്ലോ. ഒരു വാർഡിലെ വീടുകളിൽ മാറി മാറി ജപമാല ചൊല്ലുന്നതും ആ വാർഡിലെ അംഗങ്ങൾ എല്ലാവരും അതിൽ പങ്കെടുക്കുന്നതും കുടുംബങ്ങൾ തമ്മിൽ അടുപ്പവും ധാരണയും വളർത്തുവാൻ സഹായിക്കും. വാർഡുകളിലും ഇടവകാതലത്തിലുമുള്ള ജപമാലപ്രദക്ഷണങ്ങൾ മദ്യം, മയക്കുമരുന്ന്, പുകവലി, ലഹരിവസ്തുക്കൾ തുടങ്ങിയ തിന്മകൾക്കെതിരെ വലിയ ആയുധമാണ്.

നമ്മുടെ അതിരൂപതയുടെ എല്ലാ ഇടവകകളിലും 10 ദിവസങ്ങൾ ആഘോഷമായി ജപമാല ചൊല്ലി വരുന്ന രീതി തുടരേണ്ടതാണ്. കഴിയുന്നത്ര ആളുകൾ ആ ഭക്തകൃത്യങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഈ പത്തു ദിവസങ്ങളിലും വി. ബലിയിൽ പങ്കുചേരുവാനും ആവശ്യമെങ്കിൽ അനുരഞ്ജനകൂദാശ സ്വീകരിക്കാനും നമുക്ക് അവസരം ലഭിക്കുന്നതുവഴി ദൈവകൃപയിൽ വളരുവാൻ സാധിക്കും. നമ്മുടെ ജപമാല ഭക്തി ആചരണം ലളിതവും ആത്മീയവുമായിരിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

ഒക്ടോബർ മാസത്തെ ജപമാലഭക്തിയിൽ നമുക്കെല്ലാവർക്കും താല്പര്യപൂർവ്വം പങ്കെടുക്കാം. നമ്മുടെ കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനാവശ്യമായ ദൈവകൃപയ്ക്കായി പരി. മാതാവിന്റെ മാദ്ധ്യസ്ഥ്യം തേടാം. നമ്മുടെ കുഞ്ഞുങ്ങൾ, കുട്ടികൾ, യുവജനങ്ങൾ മുതലായവർ ഇതിൽ പങ്കുചേരുന്നതിനൊപ്പം ധാരാളമായി തങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യട്ടെ. എല്ലാ മാതാപിതാക്കളെയും ദമ്പതികളെയും പ്രായാധിക്യത്തിലും രോഗാവസ്ഥയിലും ആയവരെയും പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കാം. എല്ലാ വൈദികരെയും സമർപ്പിതരെയും ഓർക്കുന്നതിനൊപ്പം ഇനിയും ധാരാളം ദൈവവിളികളാൽ നമ്മുടെ സഭ സമ്പന്നയാകാനും പ്രാർത്ഥിക്കാം. വിശ്വാസത്തിന്റെ പേരിൽ യാതനകളും പീഡനങ്ങളും ഏല്ക്കേണ്ടിവരുന്ന മുഴുവൻ ജനത്തെയും ജപമാലയിൽ കൂട്ടിച്ചേർക്കാം. സമാധാനരാജ്ഞിയായ നമ്മുടെ അമ്മയുടെ മാദ്ധ്യസ്ഥതയിൽ ലോകത്തിൽ സമാധാനം സമൃദ്ധമാകാനും നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

പരി. അമ്മയുടെ മാദ്ധ്യസ്ഥ്യംവഴി ധാരാളം ദൈവാനുഗ്രഹം നമ്മുടെ രൂപത മുഴുവൻ ലഭിക്കുക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി
23-09-2015

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

**പ്രത്യേക ശ്രദ്ധക്ക് :** ഈ സർക്കുലർ ഒക്ടോ. 4-ാം തീയതി ഞായറാഴ്ച എല്ലാ വി. കുർബ്ബാനമദ്ധ്യേയും എല്ലാ പള്ളികളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്



**Prot. No. 608/2015; സർക്കുലർ നമ്പർ 16/2015**

## മിഷൻ ഞായർ

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരങ്ങളെ,

"നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16:15) എന്ന് പറഞ്ഞ് കർത്താവായ ഈശോ അപ്പസ്തോലന്മാരെ ഏല്പിച്ച ദൗത്യം സഭ മുഴുവന്റേതുമാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണ് മിഷൻ ഞായർ. സാർവ്വത്രികസഭ ഒക്ടോ. 18 ഞായറാഴ്ച മിഷൻ ഞായറായി കൊണ്ടാടുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയെപ്പറ്റിയുള്ള പ്രമാണരേഖയായ 'ജനതകളുടെ പ്രകാശ'ത്തിൽ സഭ സ്വഭാവത്താലെ പ്രേഷിതയാണെന്ന് നമ്മെ അനുസ്മരിപ്പിക്കുന്നു. കൂടാതെ കൗൺസിൽ പറഞ്ഞു 'ദൈവജനമാണ് സഭ'യെന്ന്. അപ്പോൾ നമ്മൾ ഓരോരുത്തരും പ്രേഷിതയായ സഭയുടെ ജീവനിലും ദൗത്യത്തിലും പങ്കുചേരുന്നവരുമാണ്. കർത്താവായ ഈശോയുടെ ദൗത്യം തുടരുക നമ്മുടെ എല്ലാവരുടെയും കടമയും അവകാശവുമാണ്. സഭ എന്നും ഈ ദൗത്യം വ്യത്യസ്തങ്ങളായ മാർഗ്ഗങ്ങളിലൂടെ ചെയ്തുപോരുന്നു. വചനപ്രഘോഷണം, പ്രാർത്ഥന, സാക്ഷ്യത്തിന്റെ ജീവിതം, വിവിധ ശുശ്രൂഷകൾ എന്നിവയിലൂടെ സഭ ഈ ദൗത്യനിർവ്വഹണത്തിൽ ശ്രദ്ധാലുവാണ്.

മിഷൻ ഞായർ നമ്മളും മിഷനറിമാരാണെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. വേദപുസ്തകത്തിലെ പ്രവാചികയായ ഹന്നായും സമറിയാക്കാരി സ്ത്രീയും അപ്പസ്തോലന്മാരും ഭക്തസ്ത്രീകളുംപോലെ നമ്മളും പ്രേഷിതരാണ്. വി. കൊച്ചുത്രേസ്യായാണല്ലോ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥ. തന്റെ പ്രാർത്ഥനകൾ, കൊച്ചുകൊച്ചു ശുശ്രൂഷകൾ, സഹനങ്ങൾ, തീവ്രമായ ആഗ്രഹങ്ങൾ എന്നിവയിലൂടെയാണ് അവൾ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥയായത്. നമുക്കും പ്രാർത്ഥനയിലൂടെ പ്രേഷിതരാകാം. പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനായി നമുക്കും പ്രാർത്ഥിക്കാം.

കർത്താവിനുവേണ്ടി പ്രേഷിതവേല ചെയ്യുന്ന എല്ലാവരെയും നാം ഓർത്ത് പ്രാർത്ഥിക്കണം. നമ്മുടെ പ്രാർത്ഥന അവർക്ക് കരുത്തേകും. തിരുബാലസഖ്യം, മിഷൻലീഗ്, കെസിവൈഎം, മാതൃവേദി, വിൻസെന്റ് ഡി പോൾ സംഘടന, ഫ്രാൻസിസ്ക്കൻ അത്മായസഭ തുടങ്ങിയ സംഘടനകളുടെ പ്രവർത്തനങ്ങളിലൂടെയും നമ്മൾ വ്യക്തിപരമായും സമൂഹപരമായും ചെയ്യുന്ന നിരവധി ആതുരശുശ്രൂഷകളിലൂടെയും നമുക്ക് മിഷനറിമാരാകാൻ കഴിയും. സേവനത്തിനുള്ള അവസരങ്ങൾ പരമാവധി നാം വിനിയോഗിക്കണം. വി. യാക്കോബ് ശ്ലീഹാ

നമ്മെ ഓർമ്മപ്പെടുത്തുന്നു: "പ്രവൃത്തി കൂടാതെയുള്ള വിശ്വാസം അതിൽതന്നെ നിർജ്ജീവമാണ്" (യാക്കോ. 2:17).

ജീവിതമാതൃകയിലൂടെ പ്രേഷിതരാകുവാൻ കർത്താവ് ഈ കാലഘട്ടത്തിൽ നമ്മെ പ്രത്യേകമായി ക്ഷണിക്കുന്നു. നല്ല ജീവിതമാതൃകകൾ മറ്റുള്ളവർക്ക് വഴികാട്ടികളാണ്. നമ്മുടെ കൊച്ചു കൊച്ചു സാമ്പത്തികസഹായങ്ങളിലൂടെയും നമുക്ക് മിഷനെയും മിഷനറിമാരെയും സഹായിക്കുവാൻ സാധിക്കും. മിഷൻ ഞായറിൽ എല്ലാ ദൈവാലയങ്ങളിലും നടത്തുന്ന സ്തോത്രക്കാഴ്ച ഈ ഉദ്ദേശ്യത്തിനുവേണ്ടിയാണ്. നമ്മുടെ വിഷമഘട്ടത്തിലും ഇതുപോലെയുള്ള സംരംഭങ്ങളെ സഹായിക്കുന്ന മനസ്സുള്ളവരാണ് നമ്മൾ. ആയതിനാൽ പറ്റുന്നതുപോലെ മിഷനെ സഹായിക്കുവാൻ നമുക്കു തയ്യാറാകാം.

ഈ ഒക്ടോ. 18-ാം തീയതി സമുചിതമായി നാം ആഘോഷിക്കണം. ആഘോഷമായ വി. കുർബാന, മിഷൻ കേന്ദ്രീകൃതമായ വചന പ്രഘോഷണം, പൊതുമീറ്റിംഗുകൾ, പ്രേഷിത റാലി, ആഘോഷമായ ലേഖനങ്ങൾ എന്നിവയിലൂടെ ഈ ദിനം അവിസ്മരണീയമാക്കുവാൻ ബഹു. വൈദികർ, സമർപ്പിതർ, മാതാധ്യാപകർ, സംഘടനാ ഭാരവാഹികൾ, പാരീഷ് കൗൺസിൽ തുടങ്ങി എല്ലാവരും ശ്രദ്ധിക്കണം.

ഒപ്പം എനിക്ക് നിങ്ങളോട് ഒരഭ്യർത്ഥനയുമുണ്ട്. ഈ വർഷം മിഷൻ ഞായറിനോടനുബന്ധിച്ച് മിഷൻലീഗ് അംഗങ്ങൾ ഭവനംതോറും കയറിയിറങ്ങി സമ്പാദിക്കുന്ന സംഖ്യയുടെ പകുതി ഇടവകയിലെ തന്നെ സംഘടനാപ്രവർത്തനത്തിനായി നീക്കിവയ്ക്കുമ്പോൾ, ബാക്കി പകുതി സംഖ്യ നമ്മുടെ രൂപതയുടെ 'കാസർഗോഡ് മിഷന്റെ' അഭിവൃദ്ധിയ്ക്കായി നിങ്ങൾ എനിക്കു തരണമെന്നും അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ നിങ്ങളുടെ ഉദാരമായ സഹകരണം പ്രതീക്ഷിക്കട്ടെ.

പ്രേഷിത മദ്ധ്യസ്ഥയായ പരി. അമ്മയും നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പും നമ്മെ സഹായിക്കട്ടെ. നിങ്ങൾക്കെല്ലാവർക്കുംവേണ്ടി ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
23-09-2015 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

**പ്രത്യേക ശ്രദ്ധക്ക് :** ഈ സർക്കുലർ ഒക്ടോ. 11-ാം തീയതി ഞായറാഴ്ച എല്ലാ വി. കുർബ്ബാനമദ്ധ്യേയും എല്ലാ പള്ളികളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്



Ref: 2893/K 35/OL/KCBC/DS 11-09-2015

# ലോകമിഷൻ ഞായർ - 2015

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

പ്രിയ സഹോദരീസഹോദരന്മാരേ,

സമർപ്പിത ജീവിതവർഷത്തിന്റെ സാഹചര്യത്തിലാണ് ഇക്കൊല്ലം ലോകമിഷൻ ഞായർ ആചരണം നടക്കുന്നത്. ആ സാഹചര്യം കൂടുതൽ പ്രാർത്ഥനയ്ക്കും വിചിന്തനത്തിനുമുള്ള പ്രചോദനം നല്കുന്നു. അതിന്റെ കാരണം ഇതാണ്: മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും ദാനമായി കിട്ടിയ വിശ്വാസം പ്രഘോഷിച്ചുകൊണ്ട് ഈശോയ്ക്കു സാക്ഷ്യം വഹിക്കാൻ കടപ്പെട്ടിരിക്കുന്നുവെങ്കിൽ ഓരോ സമർപ്പിത വ്യക്തിയും അങ്ങനെ ചെയ്യാൻ സവിശേഷമാംവിധം കടപ്പെട്ടിരിക്കുന്നു. സമർപ്പിതജീവിതവും പ്രേഷിതത്വവും തമ്മിൽ സുവ്യക്തമായ ബന്ധമുണ്ട്. സഭയിൽ സമർപ്പിതജീവിതത്തിന്റെ ഉത്പത്തിക്കു കാരണം ഈശോയെ കൂടുതൽ അടുത്ത് അനുകരിക്കാനുള്ള ആഗ്രഹമാണ്. അത് കുരിശെടുത്തുകൊണ്ട് അവിടത്തെ അനുഗമിക്കാനുള്ള അവിടത്തെ ആഹ്വാനത്തോടുള്ള പ്രത്യുത്തരമാണ്. പിതാവിനോടുള്ള അവിടത്തെ സമർപ്പണവും സ്നേഹവും സേവനവും അനുകരിക്കാനും അത് ആവശ്യപ്പെടുന്നു. വീണ്ടും കണ്ടെത്താൻ വേണ്ടി നമ്മുടെ ജീവൻ നഷ്ടപ്പെടുത്താനും അത് ആവശ്യപ്പെടുന്നുണ്ട്. മിശിഹായുടെ ജീവിതത്തിനു മുഴുവനും ഒരു പ്രേഷിതത്വ സ്വഭാവമുണ്ട്. അതുകൊണ്ട് അവിടത്തെ അടുത്ത് അനുകരിക്കുന്ന എല്ലാവർക്കും ഈ പ്രേഷിതത്വസവിശേഷത ഉണ്ടായിരിക്കണം.

സഭയുടെ പ്രകൃതിയുടേതുതന്നെയായ ഈ പ്രേഷിതത്വമാനം, സമർപ്പിത ജീവിതത്തിന്റെ സർവരൂപങ്ങൾക്കും ആന്തരികമായിട്ടുള്ളതാണ്. അതുകൊണ്ട് സമർപ്പിതജീവിതത്തിൽനിന്ന് വഴിതെറ്റുകയും അതിന്റെ കാരിസത്തെ വികലമാക്കുകയും ചെയ്യാതെ പ്രേഷിതത്വമാനത്തെ അവഗണിക്കാനാവുകയില്ല. ഒരു മിഷണറിയായിരിക്കുകയെന്നത് മതംമാറ്റലോ കേവലം സമരതന്ത്രമോ അല്ല. പ്രേഷിതത്വം വിശ്വാസത്തിന്റെ "വ്യാകരണത്തിന്റെ" ഭാഗമാണ്. "വരുക" "മുന്നോട്ടു പോകുക" എന്നിങ്ങനെ മന്ത്രിക്കുന്ന പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിക്കുന്ന സകലർക്കും സാരാംശപരമായിട്ടുള്ള ഒന്നാണത്. മിശിഹായെ അനുകരിക്കുന്നവർക്ക് മിഷണറിമാരാകാതിരിക്കാൻ സാധ്യമല്ല. എന്തെന്നാൽ ഈശോ "തങ്ങളോടൊപ്പം സഞ്ചരിക്കുകയും തങ്ങളോടു സംസാരിക്കുകയും തങ്ങളോടൊപ്പം ശ്വസിക്കുകയും ചെയ്യു

ന്നുവെന്ന് അവർ അറിയുന്നു. മിഷൻ പ്രവർത്തനങ്ങളിൽ അവിടന്ന് തങ്ങളോടൊപ്പം ജീവിക്കുന്നുവെന്ന് അവർ മനസ്സിലാക്കുന്നു" (സുവിശേഷ സന്തോഷം; 266).

മിഷൻ എന്നത് ഈശോയോടുള്ള തീവ്രസ്നേഹമാണ്. അതേ സമയം അത് അവിടത്തെ ജനത്തോടുള്ള തീവ്രസ്നേഹവുമാണ്. ക്രൂശിതനായ ഈശോയുടെ മുമ്പിൽ പ്രാർത്ഥിക്കുമ്പോൾ അവിടത്തെ സ്നേഹത്തിന്റെ ആഴം നാം മനസ്സിലാക്കുന്നു. നമുക്കു മഹത്ത്വവും നിലനില്പും നല്കുന്ന സ്നേഹത്തിന്റെ ആഴം നാം ഗ്രഹിക്കുന്നു. അതേസമയം അവിടുത്തെ മുറിവേല്പിക്കപ്പെട്ട ഹൃദയത്തിൽനിന്നു പ്രവഹിക്കുന്ന സ്നേഹം ദൈവജനത്തെയും മുഴുവൻ മനുഷ്യവംശത്തെയും ആശ്ലേഷിക്കാൻ വികസിക്കുന്നുവെന്നു നാം മനസ്സിലാക്കുകയും ചെയ്യുന്നു. തന്റെ പ്രിയജനത്തോടും (cf ibid. 268) നിർമ്മലഹൃദയത്തോടെ തന്നെ തേടുന്ന എല്ലാ മനുഷ്യരോടും അടുക്കുന്നതിനു നമ്മെ ഉപയോഗിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നുവെന്ന് നാം ഒരിക്കൽക്കൂടി മനസ്സിലാക്കുന്നു. "മുന്നോട്ടു പോകുക" എന്നാണ് ഈശോയുടെ കല്പന. സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ രംഗങ്ങളും നിത്യസന്നിഹിതമായിരിക്കുന്ന നവീന വെല്ലുവിളികളും അതിൽ നാം കാണുന്നു. സഭയുടെ എല്ലാ അംഗങ്ങളും അവരുടെ ജീവിതസാക്ഷ്യം വഴി സുവിശേഷം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ സ്വരം കേൾക്കാൻ സമർപ്പിതരോട് പ്രത്യേകമാംവിധം ആവശ്യപ്പെട്ടിട്ടുണ്ട്. പരിശുദ്ധാത്മാവ് അവരോട് അതിർത്തികളിലേക്കു പോകാൻ, ഇന്നോളം സുവിശേഷം പ്രസംഗിക്കപ്പെട്ടിട്ടില്ലാത്തവരിലേക്കു പോകാൻ ആഹ്വാനം ചെയ്യുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആദ് ജെന്തെസ് എന്ന ഡിക്രിയുടെ അമ്പതാം വാർഷികമാണിത്. ആ പ്രമാണരേഖ വീണ്ടും വായിക്കാനും അതിന്റെ ഉള്ളടക്കങ്ങളെക്കുറിച്ചു ചിന്തിക്കാനുമുള്ള ഒരാഹ്വാനം നമുക്ക് എല്ലാവർക്കും അതു നല്കുന്നു. സമർപ്പിതജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ശക്തമായ പ്രേഷിത സ്പന്ദനം ഉണ്ടാകണമെന്ന് ആ പ്രമാണരേഖ ആവശ്യപ്പെട്ടിട്ടുണ്ട്. ധ്യാനാത്മക സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം, പ്രേഷിതവേലയുടെ മധ്യസ്ഥയായ ഉണ്ണീശോയുടെ വിശുദ്ധ തെരേസ പുതിയ വെളിച്ചത്തിൽ കാണപ്പെടുന്നു. അവൾ നവീകൃത വാഗ്മിത്വത്തോടെ സംസാരിക്കുന്നു. ധ്യാനാത്മകജീവിതവും പ്രേഷിതത്വവും തമ്മിലുള്ള അഗാധമായ ബന്ധത്തെക്കുറിച്ചു ചിന്തിക്കാൻ അവൾ പ്രചോദിപ്പിക്കുന്നു. പ്രവർത്തനോന്മുഖമായ അനേകം സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം കൗൺസിലിൽ



നിന്ന് ഉയർന്ന പ്രേഷിതത്വ ചൈതന്യം വിജാതീയരുടെ ഇടയിലുള്ള പ്രേഷിതപ്രവർത്തനത്തിലേക്കുള്ള അസാധാരണമായ താത്പര്യം കണ്ടെത്തി. സുവിശേഷപ്രവർത്തനത്തിൽ കണ്ടുമുട്ടിയ അനേകം പ്രദേശങ്ങളിലെയും സംസ്കാരങ്ങളിലെയും സഹോദരീസഹോദരന്മാരോടുള്ള തുറവി അതിനു മിക്കപ്പോഴും ഉണ്ടായിരുന്നു. തന്മൂലം സമർപ്പിതജീവിതത്തിലെ വ്യാപകമായ "സങ്കലിതസംസ്കാര" (interculturalism) ത്തെപ്പറ്റി പറയാൻ കഴിയുന്നു. അതുകൊണ്ട് അടിയന്തിരസ്വഭാവമുള്ള ഒരാവശ്യമുണ്ടിവിടെ: ഈശോയാണ് മിഷന്റെ കേന്ദ്രസ്ഥവ്യക്തിയെന്ന് വീണ്ടും ഉറപ്പിച്ചു പറയുക. സുവിശേഷപ്രഘോഷണത്തിന് പൂർണമായ സ്വയം സമർപ്പണം അത് ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ സാധ്യമല്ല: ദൈവകൃപയാൽ പ്രേഷിതപ്രവർത്തനം സ്വീകരിക്കുന്നവർ അതു ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ലോകത്തിന്റെ അതിരുകളിൽ മിശിഹായെ പ്രഘോഷിക്കുന്നതിന് അവിടത്തെ അനുഗമിക്കാനുള്ള മാർഗമായിത്തീരുന്നു. അവർ നേരിടുന്ന പ്രയാസങ്ങൾക്കും ചെയ്യുന്ന ത്യാഗങ്ങൾക്കും അവിടന്ന് ധാരാളമായി പ്രതിഫലം നല്കും. ഈ വിളിയിൽ നിന്നു മാറിപ്പോകാനുള്ള ഏതു പ്രവണതയും - നല്ല കാരണങ്ങളാലാണ് അങ്ങനെ ചെയ്യുന്നതെങ്കിലും അജപാലനപരവും സഭാപരവും മാനുഷികവുമായ അസംഖ്യം കാരണങ്ങൾ അതിനുണ്ടെങ്കിലും - കർത്താവിന്റെ ആഹ്വാനത്തിനു ചേർന്നതല്ല. വ്യക്തിപരമായി സുവിശേഷത്തിനു സേവനം ചെയ്യുകയെന്നതാണ് അവിടന്നു നല്കുന്ന ആഹ്വാനം. മിഷണറി ഇൻസ്റ്റിറ്റ്യൂട്ടുകളിലെ പരിശീലകർ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും ഈ പദ്ധതി വ്യക്തമായും ആത്മാർത്ഥമായും സൂചിപ്പിക്കാനും യഥാർത്ഥ പ്രേഷിതത്വവിളി തിരിച്ചറിയാനും കടപ്പെട്ടിരിക്കുന്നു. ധീരതയോടെ സാക്ഷ്യം നല്കാനും ഉദാരതയോടെ പ്രവർത്തിക്കാനും കഴിവുള്ള യുവജനത്തോട്, ആ സാക്ഷ്യവും പ്രവർത്തനവും സംസ്കാരവിരുദ്ധമാണെങ്കിലും, ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു: **യഥാർത്ഥ മിഷന്റെ ആദർശത്തെ, സമ്പൂർണ സമർപ്പണത്തിലൂടെ മിശിഹാനുകരണത്തെ നിങ്ങളിൽനിന്നു പിടിച്ചുപറിക്കാൻ ആരെയും അനുവദിക്കരുത്**. നിങ്ങൾ സന്ന്യസ്ത പ്രേഷിതത്വജീവിതം തിരഞ്ഞെടുത്തതും, അത് യഥാർത്ഥത്തിൽ എന്തായിരിക്കുന്നവോ അതിനു സന്നദ്ധരാവുകയും ചെയ്തത് എന്തുകൊണ്ടാണെന്ന് മനസ്സാക്ഷിയുടെ അഗാധതയിൽ സ്വയം ചോദിക്കണം: സുവിശേഷപ്രഘോഷണത്തിനു സേവനം ചെയ്യുന്ന സ്നേഹദാനമായതുകൊണ്ടുതന്നെ. നിങ്ങൾ ഒരു വസ്തുത ഓർമ്മിക്കണം. സുവിശേഷപ്രഘോഷണം ഇന്നോളം കേട്ടിട്ടില്ലാത്തവർക്ക് അത് അത്യാവ

ശ്യമാണ്. എന്നാൽ അതിനുമുമ്പേ ഗുരുവിനെ സ്നേഹിക്കുന്നവരെ സംബന്ധിച്ച് അത് അത്യാവശ്യമാണ്.

ഇന്നു സഭയുടെ പ്രേഷിതപ്രവർത്തനം ഒരു വെല്ലുവിളി നേരിടുന്നു. ജനങ്ങൾ അവരുടെ വേരുകളിലേക്ക് തിരിച്ചുപോകുകയും അവരുടെ സംസ്കാരങ്ങളുടെ മൂല്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുകയെന്ന സർവജനതകളുടെയും ആവശ്യങ്ങളെ കണ്ടെത്തുകയെന്നതാണ് ആ വെല്ലുവിളി. അതിന്റെ അർത്ഥം ഇതാണ്: മറ്റു പാരമ്പര്യങ്ങളെയും ചിന്താപദ്ധതികളെയും അറിയുകയും ആദരിക്കുകയും ചെയ്യുക. ദൈവികജ്ഞാനത്തിന്റെ രഹസ്യത്തിലേക്കു പ്രവേശിക്കാനും ഈശോയുടെ സുവിശേഷം സ്വീകരിക്കാനും സ്വന്തം പാരമ്പര്യങ്ങളിൽ ആന്തരികമായി സഹായിക്കപ്പെടാൻ എല്ലാ ജനതകൾക്കും സംസ്കാരങ്ങൾക്കും അവകാശമുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് അങ്ങനെ ചെയ്യണം. ഈശോ സകല സംസ്കാരങ്ങൾക്കുമുള്ള പ്രകാശവും പരിവർത്തനാത്മക ശക്തിയുമാണ്.

സങ്കീർണമായ ഈ പ്രവർത്തനത്തിൽ നാം നമ്മോടു തന്നെ ചോദിക്കുന്നു: "ആരോടാണ് നാം ആദ്യം സുവിശേഷം പ്രസംഗിക്കേണ്ടത്"? സുവിശേഷം മുഴുവനിലും നാം മിക്കപ്പോഴും കാണുന്നതാണ് ഇതിന്റെ ഉത്തരം: ദരിദ്രരോട്, എളിയവരോട്, രോഗികളോട്, മിക്കപ്പോഴും അവഗണിക്കപ്പെട്ടവരോട്, വിസ്മരിക്കപ്പെട്ടവരോട്, പ്രതിഫലം നല്കാൻ കഴിവില്ലാത്തവരോട് (ലൂക്കാ 14:13-14). നമ്മിൽ ഏറ്റവും എളിയവരോട് പ്രത്യേക പരിഗണന കാണിച്ചുകൊണ്ടുള്ള സുവിശേഷവത്കരണം ഈശോ സ്ഥാപിക്കാൻ വന്ന രാജ്യത്തിന്റെ അടയാളമാണ്. "നമ്മുടെ വിശ്വാസവും ദരിദ്രരും തമ്മിൽ അവിഭാജ്യമായ ഒരു ബന്ധമുണ്ട്. ഒരിക്കലും നാം അവരെ ഉപേക്ഷിക്കരുത്" (സുവിശേഷസന്തോഷം, 48). സമർപ്പിത പ്രേഷിതജീവിതം സ്വീകരിച്ചവർക്ക് ഇത് സർവോപരി വ്യക്തമായിരിക്കണം: ദരിദ്രരോടു പക്ഷംചേരുന്ന മിശിഹായെ അനുഗമിക്കാൻ ദാരിദ്ര്യവ്രതം വഴി അവർ നിശ്ചയിച്ചു. അവരോടൊപ്പം അനുദിനജീവിതത്തിന്റെ അനിശ്ചിതത്വങ്ങളിൽ ജീവിച്ചുകൊണ്ടും അധികാരത്തിനുള്ള എല്ലാ അവകാശവാദവും ഉപേക്ഷിച്ചുകൊണ്ടും അങ്ങനെ ദരിദ്രരുടെ സഹോദരീസഹോദന്മാരായിത്തീരാനും അതുവഴി അവർക്ക് സുവിശേഷസന്തോഷത്തിന്റെ സാക്ഷ്യവും ദൈവസ്നേഹത്തിന്റെ അടയാളവും നല്കാനും നിശ്ചയിച്ചു.

ക്രൈസ്തവസാക്ഷികളായും പിതാവിനുള്ള സ്നേഹത്തിന്റെ അടയാളങ്ങളായും ദരിദ്രരുടെയും എളിയവരുടെയും ഇടയിൽ ജീവിച്ചുകൊണ്ട് സഭയുടെ പ്രേഷിതത്വ സേവനത്തിൽ അല്മായരുടെ സാന്നിധ്യം വളർത്താൻ സമർപ്പിതർ കടപ്പെട്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രസ്താവിച്ചതുപോലെ "അല്മായർ സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ സഹകരിക്കണം. അവർ സാക്ഷികളെന്ന നിലയിലും സജീവോപകരണങ്ങളെന്ന നിലയിലും സഭയുടെ രക്ഷാകരദൗത്യത്തിൽ പങ്കുചേരുന്നുണ്ട്" (ആദ് ജെന്തെസ്, 41). സമർപ്പിതരായ മിഷണറിമാർ തങ്ങളോടൊപ്പം പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്നവരെ, കുറച്ചുകാലത്തേക്കാണെങ്കിലും ഈ മണ്ഡലത്തിൽ അനുഭവമുണ്ടാകാൻ ആഗ്രഹിക്കുന്നവരെ, ഉദാരതയോടെ സ്വാഗതം ചെയ്യണം. മാമ്മോദീസയിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രേഷിതദൗത്യത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്ന സഹോദരീസഹോദരന്മാരാണവർ. മിഷൻ പ്രവർത്തനത്തിന്റെ ഭവനങ്ങളും സ്ഥാപനങ്ങളും അവരെ സ്വാഗതം ചെയ്യാനും അവർക്ക് മാനുഷികവും ആധ്യാത്മികവും അപ്പസ്തോലികവുമായ പിന്തുണ നല്കാനുമുള്ള ഇടങ്ങളാണ്.

സഭയുടെ ഇൻസ്റ്റിറ്റ്യൂട്ടുകളും മിഷണറി കോൺഗ്രിഗേഷനുകളും യേശുവിന്റെ സുവിശേഷം അറിയാത്തവർക്കുള്ള സേവനത്തിന് മുഴുവനായി സമർപ്പിക്കപ്പെട്ടവയാണ്. അവയുടെ സമർപ്പിതാംഗങ്ങളുടെ കാരിസങ്ങളും പ്രേഷിതദൗത്യങ്ങളും അവ പരിഗണിക്കണമെന്നാണ് ഇതിന്റെ അർത്ഥം. എന്നാൽ സമർപ്പിതർക്ക് സേവനത്തിന്റെ ഒരു വ്യവസ്ഥ കൂടി ഉണ്ടാകണം. റോമിലെ മെത്രാന്റെ താത്പര്യത്തിന്റെ ഒരു പ്രകാശനമാണത്. കൊയ്നോണിയ (കൂട്ടായ്മ) ഉറപ്പുവരുത്തുന്നതിനുവേണ്ടിത്തന്നെ. എന്തെന്നാൽ സഹകരണവും സംയുക്തപ്രവർത്തനവും പ്രേഷിതത്വപരമായ സാക്ഷ്യത്തിന്റെ സാരാംശപരമായ ഭാഗമാണ്. ലോകം വിശ്വസിക്കുന്നതിനുള്ള ഒരു വ്യവസ്ഥയായി ഈശോ തന്റെ ശിഷ്യന്മാരുടെ ഐക്യത്തെ പ്രതിഷ്ഠിച്ചു (കാ. യോഹ 17:21). ഈ ഏകത്ര കേന്ദ്രീകരണം നിഷ്കൃഷ്ടനിയമാനുസാരിത്വമല്ല. സ്ഥാപനപ്രാധാന്യവാദവുമല്ല. വൈവിധ്യത്തിനു പ്രചോദനം നല്കുന്ന പരിശുദ്ധാത്മാവിന്റെ സർഗാത്മകതയെ ശ്വാസം മുട്ടിപ്പിക്കുന്ന പ്രവൃത്തിയുമല്ല. അത് സുവിശേഷസന്ദേശത്തിൽ കൂടുതൽ ഫലദായകത്വം നല്കുന്നതിനും പരിശുദ്ധാത്മാവിന്റെ മറ്റൊരു ഫലമായ ലക്ഷ്യത്തിലുള്ള ഐക്യം വളർത്തുന്നതിനുമാണ്.

വിശുദ്ധ പത്രോസിന്റെ പിൻഗാമികളുടെ മിഷണറി സൊസൈറ്റികൾക്ക് സാർവത്രികമായ അപ്പസ്തോലിക ചക്രവാളമുണ്ട്. അതുകൊണ്ടാണ് സമർപ്പിതജീവിതത്തിന്റെ അനേകം കാരിസങ്ങളും അതിന് ആവശ്യമായിരിക്കുന്നത്. സുവിശേഷവത്കരണത്തിന്റെ വിസ്തൃത

ചക്രവാളങ്ങളോടു സംസാരിക്കാനും അയയ്ക്കപ്പെട്ടിരിക്കുന്ന ഏതു പ്രദേശത്തും പര്യാപ്തമായ സാന്നിധ്യം ഉറപ്പാക്കാൻ കഴിയുന്നതിനും വേണ്ടിയാണത്.

പ്രിയ സഹോദരീസഹോദരന്മാരേ, യഥാർത്ഥ മിഷണറി സുവിശേഷത്തോട് തീവ്രസ്നേഹമുള്ള വ്യക്തിയാണ്. വിശുദ്ധ പൗലോസ് ശ്ലീഹ ഇങ്ങനെ പറഞ്ഞു: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ഹാ കഷ്ടം!" (1 കോറി 9:16). സുവിശേഷം സകല സ്ത്രീപുരുഷന്മാർക്കും സന്തോഷത്തിന്റെയും വിമോചനത്തിന്റെയും രക്ഷയുടെയും ഉറവിടമാണ്. ഈ ദാനത്തെക്കുറിച്ച് സഭയ്ക്ക് അറിയാം. അതുകൊണ്ട് അവൾ "ആരംഭം മുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും ഞങ്ങളുടെ കണ്ണുകൾ കൊണ്ടു ഞങ്ങൾ കണ്ടതും" (1 യോഹ 1:1) എല്ലാവരോടും നിരന്തരം പ്രഘോഷിക്കുന്നു. ദിവ്യരഹസ്യത്തിന്റെ സേവകരുടെ - മെത്രാന്മാർ വൈദികർ, സന്ന്യസ്തർ അല്മായർ എന്നിവരുടെ - ദൗത്യം മിശിഹായോടുള്ള വ്യക്തിപരമായ ബന്ധത്തിലേക്കു പ്രവേശിക്കാൻ ആരെയും ഒഴിവാക്കാതെ എല്ലാവരെയും അനുവദിക്കുകയെന്നതാണ്. സഭയുടെ പ്രേഷിതത്വപ്രവർത്തനത്തിന്റെ സമ്പൂർണമണ്ഡലത്തിൽ എല്ലാ വിശ്വാസികളും തങ്ങളുടെ മാമ്മോദീസാപരമായ സമർപ്പണം പൂർണമായി ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ വ്യക്തിയുടെയും വ്യക്തിപരമായ സാഹചര്യമനുസരിച്ച് അങ്ങനെ ചെയ്യണം. സമർപ്പിതരായ സ്ത്രീപുരുഷന്മാർക്ക് ഈ സാർവത്രികവിളിയോട് ഉദാരതയോടെ പ്രത്യുത്തരിക്കാൻ കഴിയും. തീവ്രമായ പ്രാർത്ഥനാജീവിതത്തിലൂടെയും കർത്താവിനോടും അവിടത്തെ രക്ഷാകരബലിയോടുമുള്ള ഐക്യത്തിലൂടെയും അതു സാധ്യമാകും.

അന്യരാജ്യങ്ങളിലോ സ്വന്തം നാടുകളിലോ ഓരോ ജീവിതാവസ്ഥയിലും സുവിശേഷം പ്രഘോഷിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാരെയും സഭയുടെ അമ്മയും മിഷൻ പ്രവർത്തനത്തിന്റെ മാതൃകയുമായ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു. സുവിശേഷദൗത്യം നിർവഹിക്കുന്ന എല്ലാ മിഷണറിമാർക്കും ഞാൻ ഹൃദയംഗമമായി അപ്പസ്തോലികാശീർവാദം നല്കുന്നു.

വത്തിക്കാനിൽ നിന്ന്, 24 മേയ് 2015, പന്തക്കുസ്തത്തിരുനാൾ
ഫ്രാൻസിസ് പാപ്പാ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025





*കുടുംബവും ക്രൈസ്തവസമൂഹവും (ഇടവക) തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പൊതുദർശനവേളയിൽ ഫ്രാൻസിസ് മാർപാപ്പ*

# സുപ്രധാനമായ ഒരുടമ്പടി

*സെപ്റ്റംബർ 9 ബുധനാഴ്ച പൊതുദർശനവേളയിൽ ഫ്രാൻസിസ് മാർപാപ്പ നടത്തിയ പ്രഭാഷണം*

പ്രിയ സഹോദരീസഹോദരന്മാരേ, സുപ്രഭാതം!

കുടുംബവും ക്രൈസ്തവസമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കാനാണ് ഇന്ന് ഞാൻ ആഗ്രഹിക്കുന്നത്. സഭ ആത്മീയ കുടുംബവും കുടുംബം ഗാർഹികസഭയും (ജനതകളുടെ പ്രകാശം, 9) ആയിരിക്കെ ഈ ബന്ധം തികച്ചും സ്വാഭാവികമാണ്.

മനുഷ്യകുലത്തിന്റെ സാഹോദര്യത്തിന്റെ സ്രോതസ്സായി ഈശോയെ കാണുന്നവരുടെ ഭവനമാണ് ക്രൈസ്തവസമൂഹം. സഭ സ്ത്രീപുരുഷന്മാരുടെയും മാതാപിതാക്കന്മാരുടെയും പുത്രീപുത്രന്മാരുടെയും ചരിത്രത്തിലൂടെയാണ് തന്റെ മക്കൾക്കിടയിൽ യാത്ര ചെയ്യുന്നത്: ഈ ചരിത്രമാണ് കർത്താവിന് പ്രധാനം. ലോകശക്തികളുടെ മഹാസംഭവങ്ങൾ ചരിത്രഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു. അവ അവിടെ അങ്ങനെ കിടക്കും. എന്നാൽ മാനുഷിക വികാരങ്ങളുടെ ചരിത്രം ദൈവഹൃദയത്തിലാണ് കുറിക്കപ്പെടുന്നത്. അത് ആചന്ദ്രതാരം നിലനിൽക്കും, ജീവിതവും വിശ്വാസവും ഇവിടെയത്രെ. ഈ ചരിത്രത്തിലേയ്ക്കുള്ള പകരം വയ്ക്കാനാകാത്ത, മായിച്ചുകളയാനാവാത്ത, പ്രവേശനസ്ഥലമാണ് കുടുംബം. സ്വർഗത്തിൽ ദൈവത്തെക്കുറിച്ചുള്ള അനന്തധ്യാനത്തിൽ പൂർത്തീകരിക്കപ്പെടുന്ന ജീവിതത്തിന്റെ തുടക്കം ഈ കുടുംബത്തിലാണ്! അതുകൊണ്ടാണ് കുടുംബം ഇത്രമേൽ പ്രധാനമായിരിക്കുന്നത്.

ദൈവപുത്രൻ മനുഷ്യന്റെ കഥ പഠിച്ചത് ഇങ്ങനെയാണ്. അവൻ അന്ത്യത്തോളം അതിൽ നടന്നു (ഹെബ്രാ. 5:8, 2:18). ഈശോയെയും ഈ ബന്ധത്തിന്റെ അടയാളങ്ങളെയും കുറിച്ച് ധ്യാനിക്കുക മനോഹരമാണ്. അവിടുന്ന് ഒരു കുടുംബത്തിൽ ജനിച്ചു. അവിടെ അവിടുന്ന് "ലോകത്തെക്കുറിച്ച് പഠിച്ചു:" ഒരു പീടിക, നാലോ മറ്റോ വീടുകൾ, ഒരു ചെറിയ ഗ്രാമം - എന്നാൽ മുപ്പത് വർഷം ആ സാഹചര്യത്തിൽ ജീവിച്ചപ്പോൾ ഈശോ മനുഷ്യന്റെ അവസ്ഥ ആഗീരണം ചെയ്യുകയും പിതാവിനോടും തന്റെ അപ്പസ്തോലിക ദൗത്യത്തോടും ഉള്ള സംസർഗ

ത്തിൽ അതിനെ സ്വാഗതം ചെയ്യുകയും ചെയ്തു. ശേഷം തനിക്ക് ചുറ്റും ഒരു സമൂഹത്തെ രൂപപ്പെടുത്തി, ഒരു കൂട്ടായ്മ, മനുഷ്യരുടെ *ഒരു വിളിച്ചുചേർക്കൽ.* 'സഭ' എന്ന പദത്തിന്റെ അർത്ഥം ഇതാണ്.

സുവിശേഷങ്ങളിൽ ഈ യേശുസമൂഹം ഒരു കുടുംബത്തിന്റെ രൂപം കൈവരിക്കുന്നു, അത് *ആതിഥ്യമരുളുന്ന കുടുംബം* ആയിരുന്നു; അടച്ചുപൂട്ടിയ കൂട്ടം ആയിരുന്നില്ല. അവിടെ പത്രോസിനെയും യോഹന്നാനെയും കാണാം. ഒപ്പം വിശക്കുന്നവരെയും ദാഹിക്കുന്നവരെയും, പരദേശിയെയും പീഡിതനെയും പാപിയെയും ചുങ്കക്കാരനെയും, ഫരിസേയനെയും ജനസഞ്ചയത്തെയും. ഈശോ ആരെയും സ്വീകരിക്കാതിരിക്കുന്നില്ല; ആരോടും സംസാരിക്കാതിരിക്കുന്നില്ല; ഈ ജീവിതത്തിൽ ഇനിയൊരിക്കലും ദൈവത്തെ കണ്ടുമുട്ടാനാവുമെന്ന് പ്രതീക്ഷിക്കാത്തവരോട് പോലും. സഭയ്ക്കുള്ള ഒരു പ്രധാന പാഠമാണ് അത്! ഈ കൂട്ടായ്മയെ, ദൈവത്തിന്റെ അതിഥികളുടെ ഈ കുടുംബത്തെ പരിപാലിക്കാനാണ് ശിഷ്യന്മാരെ തെരഞ്ഞെടുത്തത്.

ഇന്നത്തെ സാഹചര്യങ്ങളിൽ ഈ കൂട്ടായ്മയുടെ യാഥാർത്ഥ്യം നിലനിർത്താൻ കുടുംബവും ക്രൈസ്തവ സമൂഹവും തമ്മിലുള്ള ഉടമ്പടി പുതുക്കേണ്ടത് അനിവാര്യമാണ്. *കുടുംബവും ഇടവകയും* ആത്യന്തികമായി ദൈവിക സ്രോതസ്സിൽനിന്ന് ഉയിരെടുക്കുന്ന സ്നേഹത്തിന്റെ കൂട്ടായ്മ സാക്ഷാത്ക്കരിക്കപ്പെടുന്ന ഇടങ്ങളാണ് എന്ന് നമുക്ക് പറയാൻ കഴിയും. സുവിശേഷം അനുസരിച്ച് രൂപപ്പെടുന്ന ഒരു സഭയ്ക്ക് വാതിലുകൾ എപ്പോഴും തുറന്നിട്ടിരിക്കുന്ന, *ആതിഥ്യഭാവമുള്ള ഭവനം* ആകാതിരിക്കുക വയ്യ. വാതിലുകൾ അടച്ചിടുമ്പോൾ ദൈവാലയങ്ങളും ഇടവകകളും സ്ഥാപനങ്ങളും ദൈവാലയങ്ങൾ എന്നല്ല കാഴ്ചബംഗ്ലാവുകൾ എന്നാണ് വിളിക്കപ്പെടേണ്ടത്!

ഇന്ന് ഈ ഉടമ്പടി പരമപ്രധാനമാണ് "താത്ത്വികവും സാമ്പത്തികവും രാഷ്ട്രീയവും ആയ അധികാരകേന്ദ്രങ്ങൾക്കെതിരെ നാം പ്രത്യാശ വയ്ക്കുന്നത് ഐക്യദാർഢ്യത്തിലും ഭാഗഭാഗിത്വത്തിലും അടിസ്ഥാനപ്പെട്ടിരിക്കുന്ന സുവിശേഷീകരിക്കുന്ന സ്നേഹത്തിലും സമ്പന്നമായ മാനവികോഷ്മളതയിലും (*Teachings of J.M. Bergoglio-Pope Francis on the Family and Life 1999-2014,* by Pontifical Council for the Family, LEV 2014, 189) നമുക്കിടയിലെ ക്ഷമാഭാവത്തിലും അത്രെ.

കുടുംബവും ക്രൈസ്തവസമൂഹവും തമ്മിലുള്ള ബന്ധത്തെ ദൃഢമാക്കേണ്ടത് അടിയന്തിരവും അനുപേക്ഷണീയവും ആകുന്നു. ഈ ഉടമ്പടി പുതുക്കുന്നതിനുള്ള ധൈര്യവും ധാരണയും വീണ്ടും കണ്ടെത്തുവാൻ ധാരാളമായ വിശ്വാസത്തിന്റെ ആവശ്യം ഉണ്ട്.



തങ്ങൾക്കത് അസാധ്യമാണ് എന്ന് പറഞ്ഞ് കുടുംബങ്ങൾ പിൻവലിഞ്ഞേക്കാം. "പിതാവേ, ഞങ്ങൾ ദരിദ്രരാണ്. ഉടുതുണിപോലും കഷ്ടി", "ഞങ്ങൾക്ക് കഴിവില്ല", "ഞങ്ങൾക്ക് വീട്ടിൽ ഏറെ പ്രശ്നങ്ങൾ ഇപ്പോൾതന്നെയുണ്ട്". ഞങ്ങൾക്കതിനുള്ള ശക്തിപോരാ. ഇതൊക്കെ ശരിതന്നെ. എന്നാൽ ആരും മതിയായവരല്ല, ആരും പിടിച്ചുനിൽക്കാനാവുന്നവരല്ല, ആർക്കും ശക്തി ഇല്ല! ദൈവകൃപ കൂടാതെ നമുക്ക് ഒന്നും ചെയ്യാനാവുകയില്ല. നമുക്ക് എല്ലാം നൽകപ്പെട്ടിരിക്കുന്നു, സൗജന്യമായി നൽകപ്പെട്ടിരിക്കുന്നു! എന്തെങ്കിലും അത്ഭുതം പ്രവർത്തിച്ചുകൊണ്ടല്ലാതെ കർത്താവ് ഒരു ഭവനത്തിലും പ്രവേശിക്കുന്നില്ല. കാനായിലെ വിവാഹത്തിൽ അവൻ എന്താണ് ചെയ്തത് എന്ന് നമുക്ക് ഓർക്കാം! അതേ, നാം നമ്മെത്തന്നെ തൃക്കരങ്ങളിൽ സമർപ്പിക്കാമെങ്കിൽ കുടുംബത്തിൽ കർത്താവ് സന്നിഹിതനാണെങ്കിൽ, കർത്താവ് നമുക്കായി അത്ഭുതം പ്രവർത്തിക്കും-അവ ദൈനംദിന ജീവിതത്തിലെ അത്ഭുതങ്ങളായിരിക്കാമെന്ന് മാത്രം!

സ്വാഭാവികമായും ക്രൈസ്തവസമൂഹവും അതിന്റേതായ പങ്ക് വഹിക്കണം. ഉദാഹരണം ആവശ്യത്തിൽ കൂടുതൽ ഉപദേശിക്കാതെയും അധികാരഭാവം കാട്ടാതെയും വ്യക്തിതലത്തിൽ സംവദിക്കാനും പരസ്പരം അറിയാനും സംവദിക്കാനും ശ്രമിച്ചുകൊണ്ടും നമ്മുടെ സമീപനങ്ങൾ മാറ്റിയെടുക്കണം. പല കുടുംബങ്ങളും തങ്ങളുടെ വിലയേറിയ സംഭാവനകൾ സമൂഹത്തിന് നൽകുവാൻ മുൻകൈ എടുക്കാറുണ്ട്. പങ്ക് വയ്ക്കുന്ന ജീവിതത്തിന്റെ തുറന്ന ഭൂമികയിലാണ് ക്രിസ്തീയ വിശ്വാസം തെളിയുന്നത് എന്ന് നാം അറിഞ്ഞിരിക്കണം. പൊതുസമൂഹത്തിന്റെ ജീവിതത്തിൽ അത്ഭുതകരമായ ചൈതന്യം ഉറപ്പുവരുത്താൻ കുടുംബവും ഇടവകയും ഒത്തു ശ്രമിക്കണം.

കാനായിൽ ഈശോയുടെ അമ്മ ഉണ്ടായിരുന്നു. സദുപദേശത്തിന്റെ മാതാവ്. നമുക്ക് അവളുടെ വാക്കുകൾ ശ്രദ്ധിക്കാം. "അവൻ നിങ്ങളോട് കല്പിക്കുന്നതുപോലെ ചെയ്യുവിൻ" (യോഹ. 2:5) പ്രിയ കുടുംബങ്ങളേ, പ്രിയപ്പെട്ട ഇടവക സമൂഹങ്ങളേ ഈ അമ്മയിൽനിന്ന് നമുക്ക് പ്രചോദനം സ്വീകരിക്കാം. ഈശോ പറയുന്നത് നമുക്ക് ചെയ്യാം. അപ്പോൾ നാം സകല അത്ഭുതങ്ങളും, ദൈനംദിനാത്ഭുതങ്ങളും ഉത്ഭവിക്കുന്ന സ്രോതസ്സ് കണ്ടെത്തും! നിങ്ങൾക്ക് നന്ദി!

*(കടപ്പാട് : ഒസ്സർവത്തോരെ റൊമാനോ,*
*(മലയാളം പതിപ്പ്), സെപ്റ്റംബർ 18, 2015)*

**2015 സെപ്റ്റംബർ 4നു രാവിലെ വി. കുർബാനമദ്ധ്യേ പരി. പിതാവ് നടത്തിയ സുവിശേഷപ്രസംഗം**

## നിങ്ങളുടെ നാവിനെ നിയന്ത്രിക്കുക

അന്യർക്കെതിരെ സംസാരിക്കുന്നത് ഒരു ഭീകര പ്രവർത്തനമാണ്. ജനങ്ങളെ നശിപ്പിക്കാൻ ബോംബിടുകയും തുടർന്ന് സ്വയരക്ഷയ്ക്ക് സ്ഥലം വിടുകയും ചെയ്യുന്നതിനു സദൃശ്യമാണത്. നേരെമറിച്ച്, വിശുദ്ധി പ്രാപിക്കാൻവേണ്ടി ക്രൈസ്തവർ എല്ലായ്പ്പോഴും "ശാന്തിയും അനുരഞ്ജനവും" സംവഹിക്കണം. നുണ പ്രചാരണത്തിന്റെ പ്രലോഭനത്തിനു വശംവദരാകുന്നത് ഒഴിവാക്കാൻവേണ്ടി അവർ അവരുടെ നാവിനെ ഛേദിക്കുകയും വേണം. നിങ്ങളുടെ നാവിന് വേദനയുണ്ടായേക്കാം, നീരുവച്ച് വീങ്ങിയതായി തോന്നിയേക്കാം, എങ്കിൽ തന്നെയും യുദ്ധവും കലഹവും പൊട്ടിപ്പുറപ്പെടാതിരിക്കുമല്ലോ. വെള്ളിയാഴ്ച പ്രഭാതത്തിൽ സാങ്താ മാർത്തായിൽ അർപ്പിച്ച ദിവ്യബലി മദ്ധ്യേ ഫ്രാൻസിസ് മാർപാപ്പ നൽകിയ ഉപദേശം ഇതായിരുന്നു.

കൊളോസോസുകാർക്ക് എഴുതിയ ലേഖനഭാഗത്തിൽ (1:15-20) പൗലോസ് "ഈശോയുടെ തിരിച്ചറിയൽ കാർഡ് വിശദീകരിക്കുന്നു" എന്ന പ്രസ്താവനയോടെ പരിശുദ്ധ പിതാവ് ആരംഭിച്ചു. കേവലം ഇതുമാത്രം അപ്പസ്തോലൻ ചോദിക്കുന്നു "നമുക്കിടയിൽ നാം കണ്ട ഈ മിശിഹാ ആരാണ്?" ഈ ഉത്തരവും അപ്പസ്തോലൻ നൽകുന്നു: "അവൻ ആദിയാണ്. അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനുമാണ്. അവനിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടു. എല്ലാം അവനിലൂടെയും അവനുവേണ്ടിയുമാണ് സൃഷ്ടിക്കപ്പെട്ടത്. അവനാണ് എല്ലാറ്റിനും മുമ്പുള്ളവൻ; അവനിൽ സമസ്തവും സ്ഥിതിചെയ്യുന്നു; എല്ലാ വസ്തുക്കളെയും അവനോട് "അനുരഞ്ജിപ്പിക്കപ്പെടുകയും ചെയ്തു".

കൊളോസോസുകാർക്കു മുമ്പിൽ പൗലോസ് "ദൈവമായ ഈശോയെയാണ് അവതരിപ്പിക്കുന്നത്: ഈശോ ദൈവമാണ്, അവിടുന്ന് മഹോന്നതനാണ്. സർവപ്രധാനമായി അവിടുന്ന് ആദിയാണ്; സ്രഷ്ടാവ്. എല്ലാവരിലും ആദ്യജാതൻ എല്ലാക്കാര്യത്തിലും സമുന്നതനാകണം." "ഈശോ ആരാണെന്ന് വിവരിക്കുമ്പോൾ" പൗലോസ് അങ്ങേയറ്റംവരെ പോകുന്നുവെന്ന് പരമാചാര്യൻ വ്യാഖ്യാനിച്ചു.



അതിൽ അൽപം അതിശയോക്തി കലർന്നിട്ടില്ലേ, എന്നു തോന്നിപ്പോകുന്നു, ശരിയല്ലേ? മാർപാപ്പ ചോദിച്ചു. അതെ, "പിതാവ് ഈശോയെ അയച്ചു. അതുവഴിയായി അവനിലൂടെയും അവനുവേണ്ടിയും സർവ്വതും അനുരഞ്ജിക്കപ്പെടുകയും അവന്റെ കുരിശിലെ രക്തത്താൽ സമാധാനം സംസ്ഥാപിക്കപ്പെടുകയും ചെയ്തു.

ഈശോയുടെ ദൗത്യം വിവരിക്കുന്ന പൗലോസിന്റെ സ്ഥിരീകരണങ്ങൾ ആവർത്തിച്ചുകൊണ്ട് രണ്ട് ആവിഷ്കാര ശൈലികൾ ഫ്രാൻസിസ് മാർപാപ്പ അവതരിപ്പിച്ചു. അനുരഞ്ജിപ്പിക്കുക, സമാധാനം സ്ഥാപിക്കുക. പൗലോസ് നമ്മോടു പറയുന്നു, ഈശോ "മനുഷ്യരാശിയെ ദൈവവുമായി അനുരഞ്ജിപ്പിച്ചു". അങ്ങനെ, "സമാധാനം ഈശോയുടെ, അവന്റെ രക്തത്തിന്റെ, അവന്റെ പ്രവർത്തനത്തിന്റെ, മരണത്തോളം, കുരിശിലെ മരണത്തോളം തന്നെത്തന്നെ ശൂന്യമാക്കിയ അനുസരണത്തിന്റെ പ്രകരണമായി ഭവിക്കുന്നു".

അപ്രകാരം ഫ്രാൻസിസ് മാർപാപ്പ തുടർന്നു, "നമുക്കുവേണ്ടി ഈശോ സമാധാനം സ്ഥാപിക്കുകയും നമ്മെ അനുരഞ്ജിപ്പിക്കുകയും ചെയ്തു". അതങ്ങനെയാകയാൽ, "സമാധാനത്തെയോ അനുരഞ്ജനത്തെയോകുറിച്ചു നാം പ്രതിപാദിക്കുമ്പോൾ - കുറഞ്ഞതോതിലുള്ള സമാധാനം, ലഘുവായ അനുരഞ്ജനങ്ങൾ - ഈശോ സംസ്ഥാപിച്ച മഹത്തായ സമാധാനവും അനുരഞ്ജനവും നാം കണക്കിലെടുക്കുക തന്നെ വേണം". "അവനെ കൂടാതെ സമാധാനം സാധ്യമല്ല; അവനെ ക്കൂടാതെ അനുരഞ്ജനവും അസാധ്യം" എന്നു നാം മനസ്സിലാക്കണം. ഈ പ്രബോധനം നമുക്കും ബാധകമാണ്, എല്ലാ ദിവസവും നാം ശ്രവിക്കുന്നത് യുദ്ധത്തിന്റെയും വിദ്വേഷത്തിന്റെയും വാർത്തകൾ ആണല്ലോ! അതിലുപരി, "കുടുംബങ്ങളിൽപോലും പോരാട്ടമാണ്". തന്മൂലം, "സമാധാനത്തിന്റെ, അനുരഞ്ജനത്തിന്റെ മഹതീമഹാന്മാർ" ആകുന്നതിനുവേണ്ടി "ആ മാർഗം പിൻതുടരുകയാണ് നമ്മുടെ കർത്തവ്യം".

അനന്തരം, യഥാർത്ഥത്തിലുള്ള ഒരു ആത്മശോധനയ്ക്ക് മാർപാപ്പ ശുപാർശ ചെയ്തു: നമ്മോടുതന്നെ ഇപ്രകാരം ചോദിക്കുന്നത് നമുക്ക് ഉപകാരപ്രദമാകും: ഞാൻ സമാധാനം പ്രസരിപ്പിക്കുന്നുവോ? ഉദാഹരണമായി എന്റെ നാവുകൊണ്ട് സമാധാനം പ്രചരിപ്പിക്കുന്നുവോ അതോ കലഹം വ്യാപിപ്പിക്കുന്നുവോ? തുടർന്ന് അദ്ദേഹം പറഞ്ഞു. "ഒരുവന് സർപ്പത്തിന്റെ നാവ് ആണെന്നു എത്ര പ്രാവശ്യം നാം കേട്ടിരിക്കുന്നു, എന്തെന്നാൽ ആദത്തെയും ഹവ്വ

യെയുംകൊണ്ട് സർപ്പം ചെയ്യിപ്പിച്ചതാണയാളും തുടരുന്നത്; സമാധാനത്തെ ഹനിക്കുകയായിരുന്നയാൾ". ഇത് "ഒരു തിന്മയാണ്, നമ്മുടെ സഭയിൽ ഇത് ഒരു അധർമ്മം ആണ്: വിഭാഗീയതയുടെ വിത്തുപാകുക, സമാധാനം അല്ല, വിദ്വേഷം പ്രസരിപ്പിക്കുക", എന്നത് എന്ന് മാർപാപ്പ മുന്നറിയിപ്പ് നൽകി. ഒരു ചോദ്യം ഉന്നയിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ തുടർന്നു. പ്രതിദിനം നമ്മോടുതന്നെ അതു ചോദിക്കുന്നത് നന്നായിരിക്കുമെന്ന് അദ്ദേഹം സൂചിപ്പിക്കുകയും ചെയ്തു: "ഇന്ന് ഞാൻ സമാധാനം പ്രചരിപ്പിച്ചുവോ അല്ലെങ്കിൽ വിയോജിപ്പിന്റെ വിത്ത് വിതയ്ക്കുകയാണോ ചെയ്തത്?" "ചിലപ്പോൾ ഇതുകൊണ്ട് അല്ലെങ്കിൽ അതുകൊണ്ട് എന്നൊക്കെ നിങ്ങൾക്കു പറയേണ്ടിവരും....." എന്നഭിപ്രായപ്പെട്ടുകൊണ്ട് നിങ്ങളെത്തന്നെ ന്യായീകരിക്കാൻ ശ്രമിക്കരുതെന്നും മാർപാപ്പ ഓർമ്മിപ്പിച്ചു. മാർപാപ്പ ആരാഞ്ഞു, ഈ മനോഭാവം വഴിയായി യഥാർത്ഥത്തിൽ നിങ്ങൾ എന്താണ് വിതച്ചുകൊണ്ടിരിക്കുന്നത്?"

വിശുദ്ധ പൗലോസിന്റെ ലേഖനത്തിലേക്കു മടങ്ങിവന്നുകൊണ്ട്, പരമാചാര്യൻ ആവർത്തിച്ചത് എന്തെന്നാൽ, "ആദ്യജാതനായ ഈശോ, സമാധാനം സ്ഥാപിക്കാനും അനുരഞ്ജിപ്പിക്കാനും നമ്മുടെ ഇടയിലേക്കു വന്നു". തത്ഫലമായി, ഒരു വ്യക്തി, തന്റെ ജീവിതകാലത്ത്, ഒന്നും ചെയ്യുന്നില്ലെങ്കിലും അനുരഞ്ജിപ്പിക്കുകയും സമാധാനം സ്ഥാപിക്കുകയും മാത്രം ആണെങ്കിൽപ്പോലും, ആ വ്യക്തിയെ വിശുദ്ധരുടെ ഗണത്തിൽ ചേർക്കണം. ആ വ്യക്തി വിശുദ്ധനാണ്! എന്നുവരികിലും "ഇതിൽ നാം വളരണം. നമ്മൾ മാനസാന്തരപ്പെടണം. ഒരിക്കലും വിഭാഗീയതയുടെ ഒരു വാക്ക്, ഒരിക്കലും സംഘർഷം, ചെറിയ ഒരു വാഗ്വാദം ഉണ്ടാകുന്ന ഒരു വാക്ക്, നുണപ്രചാരണം ഇതൊന്നും ഒരിക്കലും അരുത്" എന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. വിടുവാക്ക് പറയുന്നതിനെക്കുറിച്ച് ഒരല്പം വിരാമമിട്ടുകൊണ്ട് മാർപാപ്പ ചോദിച്ചു യഥാർത്ഥത്തിൽ, ഇത് എന്താണ്? "ഒന്നും അല്ല" എന്നു തോന്നുന്നുവെന്ന് മാർപാപ്പ അഭിപ്രായപ്പെട്ടു. "മറ്റൊരാളിനെക്കുറിച്ച് ഏതാനും വാക്കുകൾ പറയുക അല്ലെങ്കിൽ ഒരു കഥ കെട്ടിച്ചമയ്ക്കുക", എന്നുവച്ചാൽ, "അയാളതു ചെയ്തു...." ഇതൊക്കെ അത്രത്തോളമേയുള്ളുവെങ്കിലും യഥാർത്ഥത്തിൽ അതങ്ങനെയല്ല. "നുണപ്രചാരണം ഒരു ഭീകരപ്രവർത്തനമാണ്". കാരണം ബോംബിട്ട് ഓടിപ്പോകുന്ന ഭീകര പ്രവർത്തകരെപ്പോലെയാണു വിടുവാക്കു പറയുന്നവരും. അവർ ഉന്മൂലനം ചെയ്യുന്നു, നാവുകൊണ്ട് അവർ നശിപ്പിക്കുന്നു, അവർ സമാധാനത്തിനു വഴിയൊരുക്കുന്നില്ല, എങ്കിലും അവർ സമർത്ഥന്മാർ ആണ്,



അല്ലേ? അവർ മനുഷ്യബോംബുകളല്ല, അല്ലേയല്ല, അവർ സമുചിതം സ്വയം സംരക്ഷിക്കുന്നവർ അത്രേ!

ഒരിക്കൽക്കൂടി പൗലോസിന്റെ ലേഖനഭാഗത്തേക്കു മടങ്ങിവന്നുകൊണ്ട് പരമാചാര്യൻ അനുസ്മരിച്ചു: അതായത് ഈശോയിൽ "സർവ്വതും അനുരഞ്ജിപ്പിക്കപ്പെടുകയും അവന്റെ കുരിശിലെ രക്തത്താൽ സമാധാനം സ്ഥാപിക്കപ്പെടുകയും ചെയ്തു". തന്മൂലം "വില വളരെ ഉയർന്നിരിക്കുന്നു" അദ്ദേഹം പറഞ്ഞു. വിദ്വേഷവും വിയോജിപ്പും ഉളവാക്കുന്നതെന്തെങ്കിലും പറയാനും മറ്റൊരാളിനെക്കുറിച്ച് അപവാദം പ്രചരിപ്പിക്കാനുംവേണ്ടി വായ്തുറക്കാനൊരുങ്ങുന്ന ഓരോ അവസരത്തിലും നിങ്ങളുടെ നാവിനെ വൃണപ്പെടുത്തുക! ഇതാണ് ഉത്തമമായ ഉപദേശം. അദ്ദേഹം തുടർന്നു, പൊരുത്തക്കേട് വ്യാപിപ്പിക്കുന്നതിനുപകരം നാവിനെ മുറിപ്പെടുത്തുക എന്ന ശീലം അഭ്യസിക്കുകയാണെങ്കിൽ ഞാൻ ഉറപ്പുനൽകുകയാണ് ആദ്യം കുറെ തവണകൾ നിങ്ങളുടെ നാവ് ജീർണ്ണിക്കുകയും വൃണപ്പെടുത്തുകയും ചെയ്തേക്കാം. എന്തെന്നാൽ ചെകുത്താന്റെ സഹായത്തിലാണിത് സംഭവിക്കുന്നത്. എന്തെന്നാൽ ഭിന്നിപ്പിക്കുകയെന്നത് അവന്റെ പ്രവൃത്തിയാണ്, അവന്റെ ജോലിയാണത്!

ഈ ദിവ്യബലി തുടരുന്നതിനുമുമ്പ് - "അനുരഞ്ജനത്തിന്റെ ബലിയാണിത് - കർത്താവ് ഇവിടെ ആഗതനാകുകയും കാൽവരിയിലെന്നപോലെ നാം ഇത് അനുഷ്ഠിക്കുകയും ചെയ്യുന്നു" ഫ്രാൻസിസ് മാർപാപ്പ പ്രാർത്ഥിച്ചു: "കർത്താവേ, അങ്ങ് ജീവൻ നൽകി, സമാധാനം സ്ഥാപിക്കാനും അനുരഞ്ജനത്തിനും ആവശ്യകമായ കൃപാവരം എനിക്കു നൽകണമേ. അങ്ങ് അങ്ങയുടെ രക്തം ചിന്തി, മറ്റുള്ളവരെക്കുറിച്ച് തിന്മ പറയുന്നതിനുമുൻപ് എന്റെ നാവിനെ ഞാൻ വൃണപ്പെടുത്തി അത് ജീർണ്ണിക്കുന്നതിൽ ഞാൻ ഉത്കണ്ഠപ്പെടാതിരിക്കണമേ". നമ്മുടെ പാപങ്ങൾ പൊറുത്ത്, "ഞങ്ങളുടെ ആത്മാവിൽ സമാധാനം കരഗതമാകാനുള്ള അവസരം" ഞങ്ങൾക്കു നൽകി പിതാവിനോടു ഞങ്ങളെ അനുരഞ്ജിപ്പിച്ചതിനുവേണ്ടി കർത്താവിനു നന്ദി പ്രകാശിപ്പിച്ചുകൊണ്ട് മാർപാപ്പ ഉപസംഹരിച്ചു.

*(കടപ്പാട് : ഒസ്സർവത്തോരെ റൊമാനോ,*
*(മലയാളം പതിപ്പ്), 2015 സെപ്റ്റംബർ 18)*

# രാമനാഥപുരം രൂപതാദ്ധ്യക്ഷൻ ഒരു വിഘടിത വിഭാഗത്തെക്കുറിച്ച് നൽകിയ അറിയിപ്പ്

ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

ഒരു പ്രത്യേക കാര്യത്തിനായിട്ടാണ് ഞാൻ ഈ കത്തെഴുതുന്നത്. രൂപതാ ബുള്ളറ്റിന്റെയും ("സാൻതോം വോയ്സ്") "ത്രിയേക"ത്തി ന്റെയും കഴിഞ്ഞ ലക്കത്തിൽ (ജൂൺ 2015) എറണാകുളം അങ്കമാലി അതിരൂപതാ കാര്യാലയത്തിൽനിന്ന് ലഭിച്ച ഒരു വാർത്ത "അറിയിപ്പ്" എന്ന ശീർഷകത്തിൽ രൂപതാ കാര്യാലയത്തിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്നു.

ഡോട്ടേഴ്സ് ഓഫ് ചാരിറ്റി ഓഫ് ദി മോസ്റ്റ് പ്രഷ്യസ് ബ്ലഡ് (DCPB) എന്ന സന്യാസിനീ സമൂഹത്തിലെ അംഗമായിരുന്ന ഡോ. ലീന മാളിയേക്കലിന്റെ സന്യാസ സമൂഹാംഗത്വം വത്തിക്കാനിലെ സന്യാസ സമൂഹങ്ങൾക്കും അപ്പസ്തോലിക സമൂഹങ്ങൾക്കുംവേണ്ടിയുള്ള കാര്യാലയത്തിന്റെ തീരുമാനപ്രകാരം (Prot. No. 23076/2011) റദ്ദാക്കിയെന്നും, ഡോ. ലീന തനിക്ക് ലഭിച്ചുവെന്ന പറയുന്ന "വെളിപാടുകളെ" ആസ്പദമാക്കി ഒരു സമൂഹം രൂപീകരിക്കുകയും വെളിപാടും വിശ്വാസവും സംബന്ധിച്ച കത്തോലിക്കാസഭയുടെ ഔദ്യോഗിക നിലപാടുകൾക്ക് വിരുദ്ധമായ പഠനങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തതിനാൽ ആവശ്യമായ പഠനങ്ങൾക്കും പ്രാർത്ഥനാപൂർവ്വമായ ആലോചനകൾക്കുംശേഷം എറണാകുളം-അങ്കമാലി അതിരൂപതാദ്ധ്യക്ഷൻ അത്തരം "വെളിപാടുകൾ" പഠിപ്പിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലുംനിന്ന് ഡോ. ലീനയെ വിലക്കിയിട്ടുണ്ടെന്നും പറഞ്ഞുകൊണ്ടുള്ള അറിയിപ്പായിരുന്നു അത്. ഡോ. ലീനയുടെ അത്തരം പ്രവർത്തനങ്ങൾക്ക് സഭയുടെ അംഗീകാരമില്ലെന്നും അറിയിപ്പിൽ പറഞ്ഞിട്ടുണ്ട്. ("എറണാകുളം മിസ്സം" ഏപ്രിൽ 2015, p.37).

സഭയുടെ വിശ്വാസപൈതൃകം സഭയുടെ പൊതുസമ്പത്താണ്. അത് അഭംഗുരം കാത്തുസൂക്ഷിക്കാനും വ്യാഖ്യാനിച്ചുകൊടുക്കാനുമുള്ള ഉത്തരവാദിത്വം കർത്താവ് തിരുസ്സഭയെയാണ് ഏല്പിച്ചിട്ടുള്ളത്. കാലാകാലങ്ങളിൽ തിരുസ്സഭാനേതൃത്വം ഈ ദൈവിക ദൗത്യം നിർവ്വഹിക്കുന്നു

സഭയുടെ ഇപ്രകാരമുള്ള വിശ്വാസനിക്ഷേപം ദൈവികവെളിപാടിലൂടെ രൂപപ്പെട്ടതാണ്. വി. പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ, "എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നും ആഗ്രഹിക്കുന്ന" (1 തിമോ. 2:4) ദൈവം പഴയനിയമകാലം മുതൽ വെളിപാടുകൾ നൽകിയിരുന്നുവെങ്കിലും, ഹെബ്രായർക്കുള്ള ലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ഈശോമിശിഹായിലാണ് ഈ വെളിപാടിന്റെ പൂർണ്ണത നാം കാണുന്നത്. "പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടുന്ന് നമ്മോടു സംസാരിച്ചിരിക്കുന്നു" (ഹെബ്രാ. 1:1-2). അതുകൊണ്ടു സഭ പഠിപ്പിക്കുന്നു, "മനുഷ്യനായി തീർന്ന ദൈവപുത്രനായ ക്രിസ്തു പിതാവിന്റെ ഏകവും പരിപൂർണ്ണവും അദ്വിതീയവുമായ വചനമാണ്. അവനിൽ ദൈവം സർവ്വതും സംസാരിച്ചിരിക്കുന്നു. ഈ വചനമല്ലാതെ മറ്റൊരു വചനം ഇനി ഉണ്ടാകാനില്ല" ("കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം", നമ്പർ 65). ഈയർത്ഥത്തിൽ യേശുക്രിസ്തുവിനെ ''എല്ലാ വെളിപാടിന്റെയും മദ്ധ്യസ്ഥനും പൂർണ്ണത"യുമായി കാണുന്ന സഭ (രണ്ടാം വത്തിക്കാൻ സൂനഹദോസ്, "ദൈവാവിഷ്ക്കരണം") ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ രണ്ടാമത്തെ വരവിനുമുമ്പായി ഒരു പരസ്യവെളിപാടും ഉണ്ടാകുകയില്ല എന്ന് വിശ്വസിക്കുന്നു. തന്റെ ജീവിതവും പ്രബോധനങ്ങളും ജീവത്യാഗവും വഴി നിത്യരക്ഷയുടെ മാർഗ്ഗം തുറന്നുകൊടുത്ത കർത്താവ് ജീവിക്കുന്നവരേയും മരിച്ചവരേയും ജീവിതമനുസരിച്ച് വിധിക്കാൻ രണ്ടാമത് വരുമെന്നല്ലെ നാം വിശ്വാസപ്രമാണത്തിൽ ചൊല്ലുന്നത് (1തിമോ. 6:14, തീത്തൂസ് 2:13). അതായത്, വി. തോമസ് അക്വീനാസ് പ്രസ്താവിച്ചിരിക്കുന്നതുപോലെ എല്ലാ പരസ്യവെളിപാടുകളും അവസാനത്തെ അപ്പസ്തോലന്റെ മരണത്തോടെ കഴിഞ്ഞു എന്നത് സഭയുടെ വിശ്വാസപാരമ്പര്യമാണ്.

ഇത്തരുണത്തിൽ സ്വകാര്യവെളിപാടുകളെപ്പറ്റിയും ചിന്തിക്കുന്നതു നല്ലതാണ്. അതേപ്പറ്റിയുള്ള സഭയുടെ പ്രബോധനം ഇപ്രകാരമാണ്: "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ പ്രത്യക്ഷപ്പെടലിനു മുമ്പായി നാം ഇനി ഒരു പരസ്യവെളിപാടും പ്രതീക്ഷിക്കേണ്ടതില്ല" (1 തിമോ. 6:14, തീത്തൂസ് 2:13). "സ്വകാര്യവെളിപാടുകൾ", ചിലതിന് സഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും, അവ ക്രിസ്തുവിൽ പൂർണ്ണമാക്കപ്പെട്ട വെളിപാടിനെ "മെച്ചപ്പെടുത്തുകയോ" "പൂർത്തീകരിക്കുകയോ" അല്ല, ചരിത്രത്തിന്റെ പ്രത്യേക കാലഘട്ടത്തിൽ കൂടുതൽ പൂർണ്ണമായി ജീവിക്കാൻ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്. അവയെ വിവേചിച്ചറിഞ്ഞു അംഗീകരിക്കാനുള്ള അധികാരം സഭയുടെ പ്രബോധനാധികാരത്തിനാണ്. ഈയർത്ഥത്തിൽ, ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ട ദൈവാവിഷ്ക്കാരത്തെ മറികടക്കുന്നതെന്നോ തിരുത്തുന്നതെന്നോ നടിക്കുന്ന "വെളിപാടുകളെ" അംഗീകരിക്കാൻ ക്രൈസ്തവ വിശ്വാസത്തിന് കഴിയുകയില്ല. ചില അക്രൈസ്തവ മതങ്ങളും സമീപകാലത്ത് രൂപംകൊണ്ട ചില ക്രിസ്തീയ സെക്റ്റുകളും മേൽവിവരിച്ച തരത്തിലുള്ള വെളിപാടുകളേയും ദർശനങ്ങളേയും ആധാരമാക്കിയുള്ളതാണെന്ന് സഭ പഠിപ്പിക്കുന്നു (കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം, നമ്പർ 67).

ഈ പശ്ചാത്തലത്തിലാണ് ഡോ. ലീന മാളിയേക്കലിന് ലഭിച്ചുവെന്ന് പറയുന്ന വെളിപാടുകളെ (ഉണ്ണീശോ സംസാരിക്കുന്നു, ഉണ്ണീശോ വീണ്ടും

ജനിക്കാൻ പോകുന്നു എന്നിവ) കാണേണ്ടത്. യേശുക്രിസ്തു നിത്യം ജീവിക്കുന്ന ദൈവപുത്രനാണ്. അവിടുന്ന് ഇന്നും സ്വകാര്യ വെളിപാടുകളിലൂടെയും ദർശനങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും രോഗശാന്തികളിലൂടെയും ജാതി-മത ഭേദമന്യേ മനുഷ്യർക്ക് രക്ഷയുടെയും സമാധാനത്തിന്റെയും അനുഭവം പകരുന്നു. എന്നാൽ ഇത്തരം വെളിപാടുകളുടെയും അത്ഭുതങ്ങളുടെയും നിജസ്ഥിതിയും ദൈവികമായ സുതാര്യതയും ഔദ്യോഗികമായി പഠിച്ച് ദൈവജനത്തെ അറിയിക്കേണ്ടത് സഭയുടെ പ്രബോധനാധികാരമുള്ള സമിതിയാണ്. ഒരു മെത്രാനോ, വൈദികനോ, സന്യാസിനിയോ, അല്മായനോ ഒറ്റയ്ക്ക് ചെയ്യേണ്ടതല്ല അത്. ദൈവം ഒരു വ്യക്തിയിലോ ഒരു സ്ഥലത്തോ ഒരു സമൂഹത്തിലോ ഇടപെടാനോ അതിസ്വാഭാവികമായത് നിർവ്വഹിക്കാനോ ആഗ്രഹിക്കുന്നുവെങ്കിൽ അത് തടയാൻ ഈ ലോകത്തിൽ ആർക്കും സാധിക്കുകയില്ല. അതേസമയം അത്തരം ഇടപെടലുകളുടെ നിജസ്ഥിതിയും സത്യാവസ്ഥയും അറിയാൻ ബന്ധപ്പെട്ട സഭാധികാരിയുടെ തീരുമാനത്തിനായി ഓരോ സഭാംഗവും ക്ഷമയോടെ, പ്രാർത്ഥനാപൂർവ്വം കാത്തിരിക്കണം. അപ്രകാരം ചെയ്യാതെ, സഭാധികാരത്തെ ചോദ്യം ചെയ്തും അനുസരിക്കാതെയും സഭാവിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്നത് ദൈവജനത്തിന്, അതിലുപരി നേതൃനിരയിലുള്ള ഒരു വൈദികന്, സന്യാസിക്ക്, സന്യാസിനിക്ക് ഒരിക്കലും ചേർന്നതല്ല.

കത്തോലിക്കാ ക്രിസ്തീയ ജീവിതത്തിന്റെ ആത്മാവ് പരി. ത്രിത്വത്തിലും ക്രിസ്തുവിന്റെ തുടർച്ചയായ സഭയിലുമുള്ള വിശ്വാസമാണ്. അത് ക്രിസ്തുവിൽ പൂർത്തിയാക്കപ്പെട്ട വെളിപാടിൽ അധിഷ്ഠിതവുമാണ്. മാനുഷികമായ എന്തെല്ലാം ഗുണങ്ങളും കഴിവുകളും ഒരു സഭാംഗത്തിനുണ്ടായാലും ഈ വിശ്വാസത്തിൽ കലർപ്പുണ്ടായാൽ അത് ക്രിസ്തീയ ജീവിതത്തേയും സാക്ഷ്യത്തേയും നിഷേധാത്മകമായി ബാധിക്കും. ഈയർത്ഥത്തിൽ, ഡോ. ലീന മാളിയേക്കലും അവരെ അനുകൂലിക്കുന്നവരും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന സഭാവിരുദ്ധപ്രവർത്തനം സഭാസമൂഹത്തിൽ അസ്വസ്ഥത ഉണ്ടാക്കാൻ മാത്രമെ ഉപകരിക്കൂ. നിർഭാഗ്യവശാൽ, ഡോ. ലീനയെ അനുകൂലിക്കുന്നവരുടെ കൂട്ടത്തിൽ നമ്മുടെ രൂപതയിലെ ഫാ. സെബാസ്റ്റ്യൻ (സെബി) കുണ്ടുകുളവും (ഗാന്ധിപുരം ഇടവക) പെട്ടുവെന്നത് ഏറെ വേദനാജനകമാണ്. നമുക്ക് അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാം.

സത്യത്തിന്റെ പൂർണ്ണതയായ ക്രിസ്തുവിന്റെ പ്രതിനിധിയും സഭയുടെ നാവുമാകാൻ വിളിക്കപ്പെട്ട ഒരു വൈദികൻ സഭയുടെ ഔദ്യോഗിക പഠനങ്ങൾക്ക് വിരുദ്ധമായി പഠിപ്പിക്കുന്നതും എഴുതുന്നതും സഭാവിരുദ്ധ പ്രസ്ഥാനങ്ങളിൽ മുഴുകുന്നതും ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ലെന്നും ഡോ. ലീനയ്ക്ക് ലഭിച്ചുവെന്ന് പറയുന്ന വെളിപാടുകളെപ്പറ്റിയുള്ള സഭയുടെ ആത്യന്തിക നിലപാട് അറിയുന്നതുവരെ ക്ഷമാപൂർവ്വം കാത്തിരിക്കണമെന്നും ബഹു. സെബാസ്റ്റ്യനച്ചനോട് നേരിട്ടും എഴുത്തിലൂടെയും ബന്ധപ്പെട്ട വ്യക്തികളിലൂടെയും ഞാൻ പലപ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ ഒരു തരത്തിലും സഭയുടെ മുഖ്യധാരയിലേക്കും പൗരോഹിത്യശുശ്രൂഷയിലേയ്ക്കും തിരിച്ചുവരാൻ തയ്യാറല്ലെന്നു അച്ചൻ എഴുതി അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് രൂപതയിൽ അദ്ദേഹത്തിന്റെ നിലവിലുള്ള ശുശ്രൂഷകളിൽനിന്നും അദ്ദേഹത്തെ ഒഴിവാക്കിയതും പൗരോഹിത്യ-അജപാലനശുശ്രൂഷകളിൽനിന്ന് മറിച്ചൊരു തീരുമാനമുണ്ടാകുന്നതുവരെ അദ്ദേഹത്തിന് മുടക്ക് ഏർപ്പെടുത്തിയിട്ടുള്ളതും (കല്പനനമ്പർ 86/2015, 05-06-2015). ഈ തീരുമാനം 08-06-2015ന് പ്രാബല്യത്തിലായി. അതനുസരിച്ച് തിരുവചനം പ്രഘോഷിക്കുവാനും വി. ബലിയർപ്പിക്കാനും മറ്റു കൂദാശകളും കൂദാശാനുകരണങ്ങളും (വി. കുർബാന എഴുന്നെള്ളിച്ച് വച്ചുകൊണ്ടുള്ള പ്രാർത്ഥന, ആരാധന ഉൾപ്പെടെ) പരികർമ്മം ചെയ്യാനും പാരാലിറ്റർജിക്കൽ ശുശ്രൂഷകൾക്കും മറ്റു ഭക്തകൃത്യങ്ങൾക്കും നേതൃത്വം വഹിക്കാനും അച്ചന് അനുവാദമില്ല. ഇക്കാര്യം സന്യസ്തരുൾപ്പെടെയുള്ള എല്ലാ വൈദികരും മറ്റു സന്യസ്തരും അല്മായരും മനസ്സിലാക്കണം എന്ന് അറിയിക്കുന്നു.

അതനുസരിച്ച്, ഡോ. ലീനയോ, ഫാ. സെബാസ്റ്റ്യൻ കുണ്ടുകുളമോ മറ്റാരെങ്കിലുമോ നേതൃത്വം വഹിക്കുന്നതോ പ്രോത്സാഹിപ്പിക്കുന്നതോ ആയ ഒരു സഭാവിരുദ്ധ പ്രസ്ഥാനത്തിലേയ്ക്കും തെറ്റിദ്ധരിച്ചുപോകരുത് എന്നുകൂടി ഇത്തരുണത്തിൽ സഭാവിശ്വാസികളോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആരെങ്കിലും അങ്ങനെയുള്ള പ്രസ്ഥാനങ്ങളിലേയ്ക്ക് പോകുകയോ പോകാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയോ ചെയ്താൽ അവർക്കെതിരെ സഭാപരമായ നടപടികളുണ്ടാകുമെന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുന്നു.

വി. ആഗസ്തിനോസിന്റെ വാക്കുകളും ബോധ്യവും ഇത്തരുണത്തിൽ നമുക്ക് സ്വന്തമാക്കാം; "ക്രിസ്തീയ ജീവിതം പരി. ത്രിത്വത്തിൽ വിശ്വസിച്ച് സഭയിലൂടെ സഞ്ചരിച്ച് നിത്യജീവിതത്തിലെത്തിച്ചേരലാണ്". ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട പരി. ത്രിത്വത്തിൽ വിശ്വസിച്ച്, വി. പത്രോസിന്റെ നേതൃത്വത്തിന് ഭരമേല്പ്പിക്കപ്പെട്ട സഭയിലൂടെ സഞ്ചരിച്ച് സ്വർഗ്ഗരാജ്യത്തിലെത്തിച്ചേരാൻ നമുക്ക് ഏക മനസ്സോടെ, ഒറ്റക്കെട്ടായി മുന്നേറാം. പരി. അമ്മ തന്റെ തിരുക്കുമാരനോടു ചേർത്ത് പിടിച്ച് നമ്മെ വഴി നടത്തട്ടെ!

സ്നേഹപൂർവ്വം,

ഈശോയിൽ നിങ്ങളുടെ വത്സലപിതാവ്

**മാർ പോൾ ആലപ്പാട്ട്**

രാമനാഥപുരം രൂപതാ മെത്രാൻ

**പ്രത്യേക ശ്രദ്ധയ്ക്ക്:** ഈ അറിയിപ്പിൽ പറഞ്ഞിരിക്കുന്ന വിഘടിതവിഭാഗവുമായി ബന്ധമുള്ളവരുമായി ഇടപെടുമ്പോൾ ഇതിലെ നിർദ്ദേശങ്ങൾ ഓർമ്മിക്കുമല്ലോ.

# കച്ചേരിക്കാര്യം

## 1. പ്രേഷിത ഞായർ

ഇക്കൊല്ലം ഒക്ടോബർ 18നാണ് സാർവ്വത്രികസഭ പ്രേഷിത ഞായറായി ആചരിക്കുന്നത്. ലോകത്തിന്റെ സുവിശേഷവല്ക്കരണത്തിനുവേണ്ടിയുള്ള ചുമതലയെപ്പറ്റി സഭ പരിചിന്തിക്കുന്ന അവസരമാണത്. പ്രാർത്ഥനയും വിഭവസമാഹരണവുംവഴി പ്രേഷിതപ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം. അന്നത്തെ സ്തോത്രക്കാഴ്ചയിൽ ഉദാരമായി സഹകരിക്കാൻ ഇടവകജനത്തെ പ്രോത്സാഹിപ്പിക്കുമല്ലോ. അന്നു ലഭിക്കുന്ന തുക താമസിയാതെ അതിരൂപതാഭവനത്തിൽ എത്തിക്കണേ.

കുട്ടികൾ നടത്തുന്ന മിഷൻ പിരിവിന്റെ പകുതി ഇക്കൊല്ലം കാസർഗോഡ് റീജന്റെ സമഗ്രവികസനത്തിനുവേണ്ടി ഉപയോഗിക്കാമെന്നാണു തീരുമാനിച്ചിരിക്കുന്നത്. ആ തുകയും യഥാസമയം അതിരൂപതാഭവനത്തിൽ എത്തിച്ചുതരുമല്ലോ.

## 2. അജപാലനസമിതി യോഗം

തലശ്ശേരി അതിരൂപതാ അജപാലനസമിതിയുടെ (പാസ്റ്ററൽ കൗൺസിൽ) ഒരു സാധാരണ യോഗം 2015 ഒക്ടോബർ 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30 മുതൽ 01.30 വരെ തലശ്ശേരി സന്ദേശഭവനിൽ വച്ചു നടത്തുന്നതാണ്. അംഗങ്ങൾക്കെല്ലാവർക്കും ക്ഷണക്കത്തുകൾ അയക്കുന്നുണ്ട്. എല്ലാവരും മുടക്കം കൂടാതെ കൃത്യസമയത്തുതന്നെ എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

## 3. ആലോചനാസമിതി അംഗങ്ങൾ

താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി അതിരൂപതാ ആലോചനാസമിതി പുനഃസംഘടിപ്പിച്ചിരിക്കുന്നു.

1. വെരി റവ. മോൺ അബ്രാഹം പോണാട്ട്
2. ,, ,, ജോൺ ഒറകുണ്ടിൽ
3. ,, ,, ജോർജ് എളൂക്കുന്നേൽ
4. ,, ഫാ. ആന്റണി മുതുകുന്നേൽ
5. ,, ഫാ. തോമസ് തെങ്ങുംപള്ളിൽ
6. ,, ഫാ. മാത്യു തെക്കേമുറി
7. ,, ഫാ. ജോസഫ് പാംപ്ലാനിയിൽ
8. ,, ഫാ. മാത്യു ആശാരിപ്പറമ്പിൽ
9. ,, ഫാ. എമ്മാനുവൽ പൂവത്തിങ്കൽ
10. ,, ഫാ. അഗസ്റ്റിൻ പാണ്ട്യാമ്മാക്കൽ
11. ,, ഫാ. ആന്റണി പരതേപ്പതിക്കൽ
12. ,, ഫാ. ജോർജ് കുടിലിൽ (സെക്രട്ടറി)



ആലോചനാസമിതിയുടെ പ്രഥമയോഗം 2016 ഒക്ടോബർ 9നു വെള്ളിയാഴ്ച രാവിലെ 10 മണിക്ക് തലശ്ശേരി അതിരൂപതാ ഭവനത്തിൽ സമ്മേളിക്കുന്നതാണ്.

## 4. ഫൊറോനാ കൗൺസിൽ

ഫൊറോനാ കൗൺസിലുകളുടെ ഒരു യോഗം ഒക്ടോബർ ആദ്യവാരത്തിൽതന്നെ വിളിച്ചുകൂട്ടുവാൻ ബഹു. ഫൊറോന വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്. ഈ യോഗത്തിൽ ഫൊറോനായിൽ പ്രവർത്തിക്കുന്ന എല്ലാ സന്യാസി-സന്യാസിനീഭവനങ്ങളുടെയും സുപ്പീരിയർമാരും സംബന്ധിക്കണം. അജണ്ടയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ ബഹു. ഫൊറോനാവികാരിയച്ചന്മാർക്ക് എത്തിച്ചുകൊടുത്തിട്ടുള്ളതാണ്.

## 5. വൈദികസമ്മേളനം

തലശ്ശേരി അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം 2015 നവംബർ 24നു ചൊവ്വാഴ്ച രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നു. ബഹു. വൈദികർ ഈ തീയതി മറക്കാതെ കുറിച്ചുവയ്ക്കുമല്ലോ.

## 6. പുതിയ വിലാസങ്ങളും ഫോൺ നമ്പറുകളും

1. Fr. Zacharias Karickal
   St. Jerome Parish
   23 Half Mile Rd
   06851 Norwalk, CT, USA
   Ph: 0012038324648

2. Fr. George Kovatt
   John Paul II Pontifical Institute
   Thuruthy P.O. 686 535,
   Changanacherry
   Ph: 0481-2321142

3. Fr. Sebastian Powath
   Ph: 0049-7543-9344918
   Email: powathsa@gmail.com.

4. Herrn Pfr. Sebastian Ammiyanickal
   Oberer Markt 2
   3281 Oberndorf a. d. Melk, Austria
   Ph: 0043 748246249, 74837006

2. Herrn Pfr. Wilson Cherumthadathil
   Marktplatz 7
   3325 Ferschnitz, Austria
   Ph: 004369910758995, 74738339

3. Herrn Pastor Thomas Joby Karintholil
   Kirchplatz 6
   49143 Bissendorf, Germany
   Ph: 004915226471791, 5402690961

## 7. അനുമോദനം

ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ പേരിൽ സംഘടന ഏർപ്പെടുത്തിയ പുരസ്കാരത്തിന് അർഹനായ ബഹു. തോമസ് തൈത്തോട്ടത്തിലച്ചന് അതിരൂപത അനുമോദനം അർപ്പിക്കുന്നു.

## 8. Suspension

Rev. Fr. Philip Kochamkal, a priest of the Archdiocese, is suspended from all priestly ministries including Celebration of Holy Qurbana, administration of Sacraments and Sacramentals.

## 9. ആദരാഞ്ജലി

**ശ്രീ. ജോസഫ് ആലവേലിൽ :** ഫാ. കുര്യാക്കോസ് ആലവേലിൽ, ഫാ. ജോളി ആലവേലിൽ സി.എം.ഐ., സി. ടീന എസ്.എ.ബി.എസ്. എന്നിവരുടെ പിതാവായ ശ്രീ. ജോസഫ് ആലവേലിൽ (96) 06-09-2015ന് നിര്യാതനായി. 09-09ന് മഞ്ഞുവയലിൽ വച്ചുനടന്ന മൃതസംസ്ക്കാര കർമ്മങ്ങൾക്ക് അഭി. ജോർജ് ഞറളക്കാട്ട് പിതാവ് നേതൃത്വം നൽകി. തലേദിവസം അഭി. വലിയമറ്റം പിതാവ് മൃതദേഹം സന്ദർശിച്ചു പ്രാർത്ഥിക്കുകയുണ്ടായി. പരേതന് നിത്യസൗഭാഗ്യവും സന്തപ്തകുടുംബാംഗങ്ങൾക്ക് അനുശോചനവും നേരുന്നു.

## 10. സ്നേഹസ്മൃതി

| | | | |
|---|---|---|---|
| 1. | റവ. ഫാ. ബർത്തലോമ്യോ മഴുവഞ്ചേരി സി.എം.ഐ. | - | 01-10-2006 |
| 2. | റവ. ഫാ. ജേക്കബ്ബ് ആലുങ്കൽ | - | 04-10-1994 |
| 3. | റവ. ഫാ. ജോസഫ് കച്ചിറമറ്റം | - | 07-10-2001 |
| 4. | റവ. ഫാ. തോമസ് പുറത്തെമുതുകാട്ടിൽ | - | 21-10-2013 |
| 5. | റവ. ഫാ. സാബാസ് കുരുവിത്തടം സി.എം.ഐ. | - | 23-10-1982 |
| 6. | റവ. ഫാ. മാത്യു കാനക്കാട്ട് | - | 24-10-2007 |
| 7. | റവ. ഫാ. ജേക്കബ്ബ് നെടുമ്പിള്ളി | - | 26-10-2010 |
| 8. | റവ. ഫാ. അഡ്രിയാൻ സി.എം.ഐ. | - | 26-10-1978 |
| 9. | റവ. ഫാ. ഹൊർമീസ് പെരുമാലിൽ സി.എം.ഐ. | - | 28-10-1986 |
| 10. | റവ. ഫാ. ജേക്കബ്ബ് കുന്നപ്പള്ളിൽ | - | 30-10-2002 |

**ഫാ. ജോർജ് കുടിലിൽ**
ചാൻസലർ

## പരി. പിതാവിന്റെ പ്രാർത്ഥനാനിയോഗങ്ങൾ

**പൊതുനിയോഗം:** അടിമത്തത്തിന്റെ സമകാലികരൂപമായ മനുഷ്യക്കടത്ത് ഉന്മൂലനം ചെയ്യപ്പെടുന്നതിനുവേണ്ടി.

**പ്രേഷിതനിയോഗം:** ഇപ്പോഴും സുവിശേഷം കാത്തിരിക്കുന്നവരോട് ഏഷ്യയിലെ ക്രൈസ്തവസമൂഹങ്ങൾ പ്രേഷിതചൈതന്യത്തോടുകൂടി അതു പ്രഘോഷിക്കുന്നതിനുവേണ്ടി.



# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. അസൈൻമെന്റ് ക്ലാസ് - XII

ഈ അധ്യയനവർഷത്തെ XII-ാം ക്ലാസ് കുട്ടികളുടെ അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **ഒക്ടോബർ 31**നാണ്. ഇക്കാര്യം കുട്ടികളെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ കൂടാതെ താഴെകൊടുത്തിരിക്കുന്ന **മൂന്ന് അദ്ധ്യായങ്ങളെപ്പറ്റിയുള്ള വിഷയവിവരണം 6 പേജ് ഉണ്ടായിരിക്കണം** 10 പേജിൽ അധികമാകരുത്. കുട്ടിയുടെ മാമ്മോദീസാ പേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. കുടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ബുള്ളറ്റിൻ കാണുക.
**വിഷയം: "ജീവൻ ദൈവികദാനം"**

അധ്യായങ്ങൾ 1. ജീവൻ ദൈവികദാനം 2. ജീവനെതിരെയുള്ള വെല്ലുവിളികൾ 3. ജീവനെ സംബന്ധിച്ചുള്ള കത്തോലിക്കാ സഭയുടെ നിലപാട്.

## 2. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)

2015-16 അധ്യയന വർഷം ഡിപ്ലോമ പരീക്ഷ എഴുതുന്ന കുട്ടികളുടെ രജിസ്ട്രേഷൻ ഫോം ഇംഗ്ലീഷിൽ കൃത്യമായി പൂരിപ്പിച്ച് 2 കോപ്പികൾ നവംബർ 15-ന് മുമ്പ് ഓഫീസിൽ എത്തിക്കുക. കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തിയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. ഒറിജിനൽ കോപ്പി എഴുതുന്നതിനുമുമ്പ് കുട്ടികളെ കാണിച്ച് തിരുത്തലുകൾ വരുത്തേണ്ടതാണ്. പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ രജിസ്ട്രേഷൻ ഫോം കൃത്യസമയത്ത് നൽകുന്നവർക്ക് മാത്രമേ രജിസ്ട്രേഷൻ നമ്പർ അയച്ചു തരുകയുള്ളൂ. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. ശ്രദ്ധിക്കുക: സ്റ്റാർചിഹ്നം കൊടുത്തിരിക്കുന്ന കോളത്തിൽ എഴുതാൻ പാടില്ല.

## 3. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2016 ജനു

വരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. കൂടാതെ ഈ വർഷത്തെ റെഗുലർ കുട്ടികളുടെ രജിസ്റ്റർ നമ്പറിനു താഴെ രണ്ട് കോളം വിട്ടതിനുശേഷം ഇംപ്രൂവ്മെന്റ് നടത്തുന്ന കുട്ടികളുടെ പേര് ചേർക്കുകയും റിമാർക്ക് കോളത്തിൽ ഇംപ്രൂവ്മെന്റ് എന്ന് എഴുതുകയും ചെയ്യണം. ഇക്കാര്യം പള്ളിയിൽ നേരത്തെ അറിയിച്ച് രജിസ്ട്രേഷന് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

### 4. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. ഈകാര്യത്തെകുറിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ഡിപ്ലോമ രജിസ്ട്രേഷൻ ഫോമിൽ ചേർക്കേണ്ടതാണ്. അവരും അസൈൻമെന്റ് എഴുതേണ്ടതാണ്.

### 5. ധ്യാനം : ക്ലാസ് XII (*TESTES DOMINI*) നവംബർ 13-15

അഭിവന്ദ്യ പിതാവിന്റെ സർക്കുലറിൽ അറിയിച്ചിരുന്നതുപോലെ പഠനത്തിന്റെ ഭാഗമായി XII-ാം ക്ലാസിലെ കുട്ടികളെ 'കർത്താവിന് സാക്ഷികളായിത്തീരുവാൻ' ഒരുക്കുന്നതിനുവേണ്ടി ഈ വർഷം മദർ ഹോമിൽവച്ച് ***TESTES DOMINI*** എന്ന പേരിൽ പൊതുവായ ധ്യാനമാണുള്ളത്. അടുത്ത ധ്യാനം **നവംബർ 13,14,15 തീയതികളിലായി പേരാവൂർ, വായാട്ടുപറമ്പ്, തോമാപുരം** തുടങ്ങിയ ഫൊറോനകളിലെ കുട്ടികൾക്കായി മദർ ഹോമിൽ വച്ച് നടത്തുന്നു. **13ന് വെള്ളിയാഴ്ച്ച രാവിലെ 9.30ന് ആരംഭിച്ച് 15ന് 1 മണിക്ക് ധ്യാനം അവസാനിക്കും.** ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലെയും കുട്ടികളെ ധ്യാനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. ധ്യാന ഫീസ് 300 രൂപ. ഹെഡ്മാസ്റ്റർമാർ ഈ വിവരം കുട്ടികളെ നേരത്തെ അറിയിച്ച് ധ്യാനത്തിനായ് അവരെ ഒരുക്കുമല്ലോ. എല്ലാ കുട്ടികളും നിർബന്ധമായും ഈ ധ്യാനത്തിൽ സംബന്ധിക്കേണ്ടതാണ്. കൂടാതെ ധ്യാനം സംബന്ധിച്ചുള്ള വിവരങ്ങൾ പള്ളിയിൽ മാതാപിതാക്കന്മാരെകൂടി അറിയിക്കാൻ ബഹു. വികാരിയച്ചന്മാരെ ഓർമ്മപ്പെടുത്തുകയും ചെയ്യുക.

### 6. രാജത്വതിരുനാൾ - നവംബർ 22

മിശിഹായുടെ രാജത്വതിരുനാൾ ദിനമായ നവംബർ 22-ാം തീയതി



എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻവേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

### 7. സീറോമലബാർ പ്രതിഭാസംഗമം 2015

2011 അധ്യായന വർഷം മുതൽ ഓരോ രൂപതയിൽനിന്നും തിരഞ്ഞെടുക്കുന്ന 12-ാം ക്ലാസ് വിശ്വാസപരിശീലനം നടത്തുന്ന രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും സഭാതലത്തിൽ സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേക പരിശീലനം കൊടുക്കുന്നു. മുൻ വർഷങ്ങളിൽ രൂപതാതലത്തിൽ നടത്തിയ ശിൽപശാലയിൽ കുട്ടികളുടെ പങ്കാളിത്തം കുറവായിരുന്നതുകൊണ്ട് കഴിഞ്ഞ വർഷം മുതൽ ഓരോ ഫൊറോന കേന്ദ്രീകരിച്ചാണ് കുട്ടികളെ തിരഞ്ഞെടുത്തയക്കുന്നത്. 2015 ഡിസംബറിൽ മൗണ്ട് സെന്റ് തോമസിൽവച്ച് നടക്കുന്ന പ്രതിഭാസംഗമത്തിലേക്ക് ആലക്കോട് ഫൊറോനയിൽനിന്ന് തിരഞ്ഞെടുക്കുന്നവരെയാണ് അയ്ക്കുക. ഒക്ടോബർ 22-ന് ആലക്കോട് ഫൊറോനയിൽവച്ച് നടത്തുന്ന ശില്പശാലയിലേക്ക് പ്രസ്തുത ഫൊറോനയിലെ എല്ലാ ഇടവകകളിൽനിന്നും ആത്മീയ കാര്യങ്ങളിലും പഠനത്തിലും മികവു പുലർത്തുന്ന മൂന്ന് ആൺകുട്ടികളെയും മൂന്ന് പെൺകുട്ടികളെയും അയയ്ക്കേണ്ടതാണ്. ശില്പശാല രാവിലെ 9.30ന് ആരംഭിച്ച് 3.30 ന് അവസാനിക്കുന്നതായിരിക്കും. കുട്ടികൾ ഉച്ചഭക്ഷണം കരുതേണ്ടതാണ്. ഹെഡ്മാസ്റ്റർമാർ ബഹു. വികാരിയച്ചനും ക്ലാസ് ടീച്ചറുമായി സംസാരിച്ച് കുട്ടികളെ തെരഞ്ഞെടുത്തയക്കുമല്ലോ.

### 8. കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർവില, ബുള്ളറ്റിൻ

2015-2016 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, അതിരൂപതാ ബുള്ളറ്റിൻ, എന്നിവയുടെ തുകകൾ നവംബർ 30ന് മുമ്പായി അടച്ചു സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന പുതിയ അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

| | | |
|---|---|---|
| A/c Holder | : | Department of Catechesis |
| A/c No | : | 0078053000073503 |
| IFSC | : | SIBL 0000078 |
| Bank | : | South Indian Bank, Thalassery |

### 9. വെബ് സൈറ്റ് (catechismthalassery.org)

വിശ്വാസ പരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ് സൈറ്റിൽ ഒക്ടോബർ 30നകം മുഴുവൻ അധ്യാപകരുടെയും കുട്ടികളുടെയും വിവരങ്ങളും ഓണപരീക്ഷയുടെ മാർക്കും (തുടർന്ന് ബാക്കി പരീക്ഷകളുടെയും) ചേർക്കേണ്ടതാണ്.

# ബൈബിൾ അപ്പൊസ്തലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ലോഗോസ് ക്വിസ് 2015

നമ്മുടെ അതിരൂപതയിൽ ഈ വർഷത്തെ ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 27-ാം തീയതി വിവിധ സെന്ററുകളിലായി നടത്തപ്പെട്ടു. 33,058 പേർ ഈ വർഷം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തു. ഇത് ഏറ്റവും നല്ല രീതിയിൽ നടത്തുവാൻ ബഹു. വൈദികർക്കും അവരോട് സഹകരിച്ച എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ ശ്രമിച്ച എല്ലാവർക്കും നന്ദി. അടുത്ത വർഷത്തോടെ എല്ലാ ഇടവകകളും ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

പരീക്ഷാഫലം നവംബറിൽ പ്രസിദ്ധീകരിക്കുന്നതും ആദ്യ റാങ്കുകാരുടെ ലിസ്റ്റ് ഡിസംബർ മാസത്തിലെ അതിരൂപതാ ബുള്ളറ്റിനിൽ ലഭ്യമാക്കുന്നതുമാണ്. ഓരോഗ്രൂപ്പിൽനിന്നും ആദ്യറാങ്കുകൾ നേടുന്ന 3 പേർ വീതം മൊത്തം 18 പേർ അതിരൂപതയെ പ്രതിനിധീകരിച്ച് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നതാണ്. അവരെ വിവരം നേരത്തെ അറിയിക്കുന്നതാണ്. സംസ്ഥാനതലത്തിൽ പങ്കെടുക്കാൻ അർഹരാകുന്നവർ തങ്ങളുടെ ജനനം, മാമ്മോദിസാ സർട്ടിഫിക്കറ്റുകൾ വികാരിയച്ചനിൽനിന്നും വാങ്ങി ഓരോ പാസ്പോർട്ട് സൈസ് ഫോട്ടോയും, അഡ്രസും, ഫോൺനമ്പറും ഉൾപ്പെടെ അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. സംസ്ഥാനതല എഴുത്ത് പരീക്ഷ നവംബർ 27-29 തീയതികളിൽ പി.ഒ.സി. യിൽവച്ച് നടത്തുന്നതാണ്. പരീക്ഷ 28 നു 9.30 നു ആരംഭിക്കും.

സമർപ്പിതവർഷം പ്രമാണിച്ച് ഓരോ രൂപതയിലുംനിന്ന് ഏറ്റവും കൂടുതൽ മാർക്കു നേടിയെടുത്ത 5 സമർപ്പിതരുടെ പേരുവിവരവും ഫോട്ടോയും ജനനസർട്ടിഫിക്കറ്റും നല്കേണ്ടതാണ്. അവർക്കായുള്ള സംസ്ഥാന തല എഴുത്തു പരീക്ഷ നവംബർ 27നു രാവിലെ 9.30നു ആരംഭിക്കും.

## 10. ഡയറക്ടറച്ചന്റെ സന്ദർശനം

വെണ്ണക്കല്ല്, വാണിയപ്പാറ എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സെടുക്കുകയും ചെയ്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ



### ഓരോ ഇടവകയിൽനിന്നും ലോഗോസ് ക്വിസിന് ചേർന്നിട്ടുള്ളവരുടെ എണ്ണം

| *Forane-Parishes* | *Total No.* |
|---|---|
| **1. Alakode** | **488** |
| Arivilanjapoil | 122 |
| Jayagiri | 50 |
| Karthikapuram | 169 |
| Kuttaparamba | 111 |
| Mampoil | 67 |
| Manakkadave | 34 |
| Nellippara | 193 |
| Ottathai | 184 |
| Parappa | 222 |
| Udayagiri | 326 |
| Vijayagiri | 138 |
| Cheekkad | 30 |
| **2. Chempanthotty** | **607** |
| Cheparamba | 109 |
| Karayathumchal | 90 |
| Kottoor | 167 |
| Kottoorvayal | 70 |
| Mandalam | 211 |
| Vennakkallu | 59 |
| Vilakkannur | 319 |
| Naduvil | 140 |
| Nellikkunnu | 47 |
| Sreekandapuram | 106 |
| **3. Chemperi** | **828** |
| Areekamala | 133 |
| Deepagiri | 79 |
| Kudianmala | 328 |
| Lissigiri | 111 |
| Nellikkutty | 300 |
| Ponmala | 78 |
| Pottenplavu | 154 |
| Pulikkurumba | 302 |
| Rathnagiri | 130 |
| Kanakakkunnu | 94 |
| Pooparamba | 84 |
| **4. Cherupuzha** | **259** |
| Aravanchal | 131 |
| Choorappadave | 114 |
| Josegiri | 87 |
| Koluvally | 141 |
| Kozhichal | 174 |
| Pulingome | 317 |
| Rajagiri | 101 |
| Thabore | 101 |
| Thirumeni | 260 |
| Mulapra | 121 |
| Ummarpoil | --- |
| Padiyotichal | 138 |
| **5. Edoor** | **703** |
| Chedikulam | --- |
| Edappuzha | 90 |
| Karikkottakkari | 438 |
| Keezhppally | 128 |
| Mangode | 264 |
| Uruppumkutty | 90 |
| Vattiyara | 58 |
| Velimanam | 383 |
| **6. Kanhangad** | **120** |
| Badiyadukka | 140 |
| Chayoth | 58 |
| Cheemeni | 84 |
| Delampady | --- |
| Ennappara | 227 |
| Kalichanadukkam | 157 |
| Kasargod | 266 |
| Mulleria | --- |
| Nileshwar | 91 |
| Padannakkad | 20 |
| Periya | 42 |
| Udayapuram | --- |
| Nelliyadukkam | 40 |

| | |
|---|---|
| Kanjiradukkam | 146 |
| Poinachi | 62 |
| Kodoth | --- |
| Hosangadi | 68 |
| **7. Kunnoth** | **240** |
| Angadikkadave | 377 |
| Charal | 163 |
| Edakkanam | 21 |
| Kacherikkadave | 142 |
| Kilianthara | 208 |
| Madathil | 87 |
| Mudayaranji | 78 |
| Palathinkadave | 53 |
| Peratta | 163 |
| Perinkari | --- |
| Randamkadave | 127 |
| Vaniyappara | 60 |
| Nazarath Convent | 37 |
| Anapanthy | 117 |
| **8. Marygiri** | **420** |
| Cherupara | 161 |
| Edakkome | 223 |
| Kariyapally | 100 |
| Perumpadave | 302 |
| Rayarome | 246 |
| Vellariyanam | 75 |
| Vimalassery | 116 |
| Pachani | 91 |
| Kodoppally | 90 |
| Perigala | 86 |
| **9. Nellickampoil** | **228** |
| Anara | 84 |
| Arabi | 67 |
| Iritty | 145 |
| Kalanki | 140 |
| Kalluvayal | 173 |
| Kanjirakolly | 139 |
| Manikkadave | --- |
| Manippara | 234 |
| Mattara | 115 |
| Mundanoor | 101 |
| Padiyoor | 85 |
| Puravayal | 274 |
| Santhinagar | 78 |
| Thermala | 159 |
| Ulickal | 276 |
| Vilamana | 114 |
| **10. Paisakkary** | **408** |
| Adampara | 76 |
| Chandanackampara | --- |
| Chundapparambu | 145 |
| Ettupara | 125 |
| Josemount | 101 |
| Vembuva | 130 |
| Shimoganagar | --- |
| Mutharikulam | 71 |
| Padamkavala | 58 |
| Payyavoor | 116 |
| **11. Panathady** | **312** |
| Adottukkaya | 53 |
| Kottody | 129 |
| Manadukkam | 107 |
| Marypuram | 129 |
| Padimaruthu | 117 |
| Paduppu | 424 |
| Panathoor | 298 |
| Santhigiri-Kallar | 115 |
| Kodom | --- |
| Elukochi | 37 |
| **12. Peravoor** | **582** |
| Aryaparambu | 118 |
| Chengome | 134 |
| Chettiyaparambu | 116 |
| Edathotty | 155 |
| Kanichar | 226 |
| Kallumuthirakkunnu | 114 |
| Kolakkadu | 292 |
| Kolayadu | 118 |



| | |
|---|---|
| Melmuringodi | 55 |
| Nedumpuramchal | 140 |
| Nirmalagiri | 112 |
| Odenthode | 191 |
| Perumpunna | 164 |
| Poolakkutty | 63 |
| Rajamudy | 79 |
| Vazhamala | --- |
| Thokkilangady | 47 |
| Mattannur | 25 |
| Madappurachal | 66 |
| Manhalampuram | 125 |
| **13. Thomapuram** | **667** |
| Athirumavu | 66 |
| Ayannur | 80 |
| Bedoor | 44 |
| Chattamala | 321 |
| Chavaragiri | 89 |
| Kadumeni | 282 |
| Kamballoor | 107 |
| Kannivayal | 227 |
| Kavumthala | --- |
| Kulineer | 55 |
| Kunnumkai | 156 |
| Mandapam | 173 |
| Palavayal | 733 |
| Thayyeni | --- |
| Varakkadu | 141 |
| **14. Vayattuparamba** | **370** |
| Alphonsagiri | 88 |
| Karunapuram | 250 |
| Karuvanchal | 280 |
| Mavumchal | 50 |
| Pathenpara | 213 |
| Vellad | 321 |
| Vijayapuram | 117 |
| Thadikkadave | 150 |
| **15. Vellarikkundu** | 487 |
| Amalagiri | --- |
| Anamanjal | 70 |
| Attakkandam | 54 |
| Balal | 177 |
| Bheemanady | --- |
| Birikkulam | 118 |
| Chully | 127 |
| Karunapuram | 81 |
| Konnakkad | 167 |
| Malome | 481 |
| Nattakkal | 73 |
| Puncha | 86 |
| Punnakkunnu | 122 |
| Vimalagiri | 157 |
| Kalichamaram | 64 |
| Kanakappally | 69 |
| **16. Thalipparamba** | **259** |
| Balesugiri | 93 |
| Neduvaloor | 61 |
| Kannur | 201 |
| Melechovva | 399 |
| Payyannur | 137 |
| Pariyaram | 235 |
| Thalassery | 118 |

### 2. ലൂമെൻ എക്ലേസിയ - പരീക്ഷ

ലൂമെൻ എക്ലേസിയ - ദൈവശാസ്ത്രബിരുദ കോഴ്സിന്റെ ഈ സെമസ്റ്ററിലെ "ആരാധനക്രമദൈവശാസ്ത്രം" എന്ന വിഷയത്തിന്റെ പരീക്ഷ ഒക്ടോബർ 18ന് 2.30 മുതൽ 4.30 വരെ ഫൊറോനാ കേന്ദ്രങ്ങളിൽവച്ച് നടത്തുന്നതാണ്.

തലശ്ശേരി അതിരൂപതയ്ക്കു വെളിയിലുള്ള എല്ലാ പഠിതാക്കളുടെയും ബിറ്റിഎച്ച്, എംറ്റിഎച്ച് സെമസ്റ്റർ പരീക്ഷകൾ ഒക്ടോബർ 11, 17 തീയതികളിൽ എല്ലാ സെന്ററുകളിലുംവച്ച് നടത്തുന്നതായിരിക്കും. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

**തലശ്ശേരി അതിരൂപതയ്ക്കു വെളിയിലുള്ളവരുടെ പരീക്ഷാ സമയക്രമം**

| തീയതി | സമയം | വിഷയം |
|---|---|---|
| നവംബർ 21 | 09.30 – 11.30 | വി. മർക്കോസിന്റെ സുവിശേഷം |
| നവംബർ 21 | 02.00 – 04.00 | സങ്കീർത്തനങ്ങൾ |
| നവംബർ 28 | 09.30 – 11.30 | തിരുസഭാവിജ്ഞാനീയം |
| | 02.00 – 04.00 | ആരാധനാക്രമം |
| | 11.30 – 01.30 | അനുബന്ധ പരീക്ഷകൾ മുൻകൂട്ടി അനുവാദം വാങ്ങുന്നവർക്കുമാത്രം |

**സെപ്റ്റംബർ, ഒക്ടോബർ മാസത്തിലെ കോൺടാക്ട് ക്ലാസുകൾ**

| തീയതി | സ്ഥലം |
|---|---|
| സെപ്റ്റം. 5 | ബെൽത്തങ്ങാടി, തിരുവനന്തപുരം |
| സെപ്റ്റം. 12 | പാലാ, തൊടുപുഴ |
| സെപ്റ്റം. 13 | അങ്കമാലി |
| സെപ്റ്റം. 19 | ചെറുപുഴ, പടുപ്പ്, വെള്ളരിക്കുണ്ട്, പനത്തടി |
| സെപ്റ്റം. 20 | പേരാവൂർ, എടൂർ, ഇരിട്ടി, ആലക്കോട്, തലശേരി, കരുവഞ്ചാൽ |
| സെപ്റ്റം. 21 | പൈസക്കരി, പടന്നക്കാട്, ചെമ്പേരി, കാസർഗോഡ് |
| സെപ്. 24–27 | വാർധ, ഭോപ്പാൽ, ജഗദൽപൂർ |
| സെപ്റ്റം. 26 | സുൽത്താൻബത്തേരി |
| സെപ്റ്റം. 27 | ബോംബെ |
| ഒക്ടോബർ 4 | അങ്കമാലി |
| ഒക്ടോബർ 5 | തലശ്ശേരി |

## 3. വൈദികവചന കൂട്ടായ്മ (BSF)

മാനന്തവാടി രൂപതയിലെ വൈദിക വചന കൂട്ടായ്മ ഒക്ടോബർ 27-ാം തീയതി ചൊവ്വാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ച് നടത്തുന്നതായിരിക്കും.

തലശ്ശേരി അതിരൂപതയിലെയിലെ വൈദിക വചന കൂട്ടായ്മ ഒക്ടോബർ 29നു വ്യാഴാഴ്ച പടന്നക്കാടുവച്ച് നടത്തുന്നതായിരിക്കും. ബി.എസ്.എഫ്. അംഗങ്ങളായ ബഹു. വൈദികർ എല്ലാവരും കൃത്യസമയത്ത് എത്തിച്ചേരുമല്ലോ.

## 4. ശാലോം ടി.വി. ക്ലാസ്

ശാലോം ടി.വി സംപ്രേക്ഷണം ചെയ്യുന്ന ദൈവശാസ്ത്ര കോഴ്സുകളുടെ സമയക്രമം:

| | | |
|---|---|---|
| ഞായർ | : | വൈകുന്നേരം 7.30 (ബിരുദാനന്തര ബിരുദം) |
| ബുധൻ | : | ഉച്ചകഴിഞ്ഞ് 2.30, രാത്രി 11.30 (ബിരുദാനന്തര ബിരുദം) |
| വെള്ളി | : | രാവിലെ 8.00 (ബിരുദം) |
| ശനി | : | ഉച്ചയ്ക്ക് 12.00 (ബിരുദം) |

## 5. പുതിയ അഡ്മിഷൻ

2015–2016 വർഷത്തേയ്ക്കുള്ള പുതിയ അഡ്മിഷൻ തുടരുന്നു. ഡിപ്ലോമ, ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് ചേരാൻ ആഗ്രഹിക്കുന്നവർ ആൽഫാ വെബ്സൈറ്റിൽനിന്ന് അപേക്ഷ ഫോം പ്രിന്റു ചെയ്ത് പൂരിപ്പിച്ച് രണ്ടു ഫോട്ടോ സഹിതം ഓഫീസിലേക്ക് അയച്ചു തരണം. ഈ വർഷത്തെ പ്രവേശനം ഒക്ടോബർ 15 വരെ മാത്രമാണ്.

## 6. ആൽഫാ ദൈവശാസ്ത്ര വ്യാഖ്യാനം

ദൈവശാസ്ത്രത്തിലെ സമഗ്രശാഖകളുടെയും ശാസ്ത്രീയവും അജപാലനപരവുമായി വ്യാഖ്യാനിക്കുന്ന ഒരു ദൈവശാസ്ത്രഗ്രന്ഥാവലി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നു. 33 വാല്യങ്ങളിലായി പ്രസിദ്ധീകരിക്കുന്ന “ആൽഫാ ദൈവശാസ്ത്ര വ്യാഖ്യാന”ത്തിന് 5000 രൂപയാണ് മുഖവില. ആദ്യം ബുക്കുചെയ്യുന്ന 1000 പേർക്ക് 3000 രൂപ തോതിൽ ലഭിക്കുന്നതാണ്. മലയാള ഭാഷയിൽ ആദ്യമായി ലഭിക്കുന്ന സമ്പൂർണ്ണ ദൈവശാസ്ത്ര വ്യാഖ്യാനം സ്വന്തമാക്കാനുള്ള ഈ സുവർണ്ണാവസരം ഏവരും പ്രയോജനപ്പെടുത്തുമല്ലോ. 33 വാല്യങ്ങളും ഒരുമിച്ചുസൂക്ഷിക്കാൻ സഹായകമായ മനോഹരമായ റക്സിൻ ബാഗ് സൗജന്യമായി ലഭിക്കുന്നതാണ്.

## 7. ആൽഫാ ബൈബിൾ വ്യാഖ്യാനം : മൂന്നാം പതിപ്പ്

ആൽഫാ ബൈബിൾ വ്യാഖ്യാനത്തിന്റെ പരിഷ്കരിച്ച മൂന്നാം പതിപ്പ് പുറത്തിറക്കിയിരിക്കുന്നു. മുഖവില 7,500 രൂപ. ആൽഫാ ഓഫീസിൽനിന്നും 5000 രൂപയ്ക്ക് ലഭിക്കുന്നതാണ്. എട്ടുവാല്യങ്ങളുടെയും പുനഃപ്രസിദ്ധീകരണം പൂർത്തിയായി.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹം നിറഞ്ഞ അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരെ,

ഒക്ടോബർ ചെറുപുഷ്പമിഷൻലീഗിനെ സംബന്ധിച്ച് ഏറെ പ്രാധാന്യമുള്ള മാസമാണിത്. നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, പ്രേഷിതപ്രവർത്തിനുള്ള നമ്മുടെ ദൗത്യത്തെപ്പറ്റി ഓർമ്മിപ്പിക്കുന്ന മിഷൻഞായർ, സംഘടനസ്ഥാപിതമായതിന്റെ 56-ാം വാർഷികം, ജപമാലമാസം തുടങ്ങിയ അനുഗൃഹീതദിനങ്ങളിലൂടെയാണ് ഈ മാസം നാം കടന്നുപോകുന്നത്. ഒപ്പം ഈ മാസം 18-ാം തീയതി വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കൾ വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തപ്പെടുകയാണ്. ഈ അനുഗൃഹീതദിനങ്ങളോരോന്നും വേണ്ടത്ര പ്രാധാന്യത്തോടെ ആചരിച്ച് ദൈവാനുഗ്രഹങ്ങൾ സ്വന്തമാക്കി നമുക്കും വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറാം.

**അനുസ്മരിക്കുന്ന തിരുനാൾ :** കാവൽ മാലാഖയുടെ തിരുനാൾ (ഒക്. 2)
**അനുസ്മരിക്കുന്ന വിശുദ്ധർ :** വി. കൊച്ചുത്രേസ്യ (ഒക്ടോ.1),
വി. ഫ്രാൻസിസ് അസ്സീസ്സി (ഒക്ടോ. 4)
**പ്രാർത്ഥനാനിയോഗം :** പ്രേഷിതപ്രവർത്തകർക്ക് ആത്മീയനിറവ് ലഭിക്കുവാൻ

## ശാഖാതലം

1 വ്യാഴം : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ. അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം, ബാഡ്ജ് ധരിച്ച് അംഗത്വം നവീകരിക്കുക, മിഷൻവാരം ആരംഭം.
3 ശനി : സിഎംഎൽ സ്ഥാപനദിനാചരണം. ശാഖകളിൽ പതാക ഉയർത്തി വന്ദനം ചെയ്തുകൊണ്ട് മിഷൻവാരം ആചരിക്കുക.
4 ഞായർ : വി. ഫ്രാൻസീസ് അസ്സീസ്സിയുടെ തിരുനാൾ.
7 ബുധൻ : മിഷൻവാര സമാപനം
12 തിങ്കൾ : വി. അൽഫോൻസാമ്മയുടെ വിശുദ്ധപദവി ദിനചാരണം.
17 ശനി : മിഷൻ ഞായറിനോടനുബന്ധിച്ച് ഭവനസന്ദർശനം, പ്രാർത്ഥന, മിഷൻ പിരിവ്.
18 ഞായർ: മിഷൻ ഞായർ - അസാധാരണ സമ്മേളനം, പ്രേഷിതറാലി, പൊതുദിവ്യകാരുണ്യസ്വീകരണം, അതിരൂപതാതല ആഘോഷം - അങ്ങാടിക്കടവ് ശാഖയിൽ
**വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കൾ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്നു**



## മേഖലാതലം

എക്സിക്യൂട്ടീവ്, എം.ടി.സി., രണ്ടാം ക്ലാസ്സ്, ബി.എം.ജി. സെമിനാർ

## മിഷൻവാരാഘോഷം

ഒക്ടോ. 1 മുതൽ 7 വരെ മിഷൻവാരമായി ആഘോഷിക്കുകയും ഓരോ ദിവസവും പ്രത്യേക നിയോഗങ്ങളോടെ മിഷൻഗ്രാമങ്ങൾക്കും മിഷൻ പ്രവർത്തനങ്ങൾക്കും മിഷനറിമാർക്കുംവേണ്ടി പ്രാർത്ഥിക്കുവാൻ കുട്ടികളെ ഓർമ്മിപ്പിക്കുകയും ചെയ്യുമല്ലോ.

## മിഷൻ ഞായർ

ഒക്ടോ. 18-ാം തീയതി മിഷൻ ഞായറും വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ വിശുദ്ധപദപ്രഖ്യാപനവും സംയുക്തമായി ആഘോഷിക്കുമല്ലോ. ശാഖാപ്രവർത്തനങ്ങൾ കൂടുതൽ സജീവമാകുംവിധത്തിലും കുട്ടികളിൽ വിശുദ്ധജീവിതത്തിനുള്ള പ്രചോദനവും പ്രേഷിതതീക്ഷ്ണത ജ്വലിപ്പിക്കാൻ തക്കവിധത്തിലും മിഷൻ റാലിയും മറ്റു പ്രവർത്തനങ്ങളും നടത്തുകയും സംഘടനയുടെ ശാഖാതല പ്രവർത്തനങ്ങൾ ശക്തമാക്കാൻ മിഷൻപിരിവ് നടത്തുകയും ചെയ്യുമല്ലോ.

ഈ വർഷത്തെ മിഷൻപിരിവിന്റെ 50% അഭിവന്ദ്യപിതാവിന്റെ നിർദ്ദേശപ്രകാരം കാസർഗോഡ് റീജനെ സഹായിക്കുവാനായി എല്ലാ ശാഖകളും നൽകി സഹായിക്കുമല്ലോ.

## മിഷൻ മെഡിക്കൽ

കർണ്ണാടക, ഒറീസ്സ മിഷൻ പ്രദേശങ്ങളിലെ നിർദ്ധന രോഗികളെ സഹായിക്കുവാനായി കുട്ടികൾ മിഷൻപിരിവിനായി വീടുകളിൽ പോകുമ്പോൾ കാലാവധി (expairy date) കഴിയാത്ത ഗുളികകൾ ശേഖരിച്ച് മേഖലാനേതൃത്വത്തിൽ രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. ആവശ്യമായ പരിശോധനകൾക്കുശേഷം ഉപയോഗയോഗ്യമായ ഗുളികകൾ മിഷൻ പ്രദേശങ്ങളിലേയ്ക്ക് നൽകുന്നതായിരിക്കും.

## മിഷൻ കലണ്ടർ

ഈ വർഷത്തെ മിഷൻ കലണ്ടർ തയ്യാറായിട്ടുണ്ട്. ഒക്ടോ. 2ന് ചെറുപുഴയിൽ വച്ച് കലണ്ടർ കൊണ്ടുപോകാവുന്നതാണ്. കലണ്ടറിന്റെ വില 5 രൂപയാണ്.

## അതിരൂപതാ കൗൺസിൽ - വാർഷികം

മിഷൻലീഗ് അതിരൂപത കൗൺസിലും വാർഷികവും 2015 ഒക്ടോ. 2 വെള്ളിയാഴ്ച ചെറുപുഴ ഫൊറോന പള്ളിയിൽവച്ച് നടത്തുന്നു. കഴിഞ്ഞ പ്രവർത്തനവർഷം അതിരൂപതാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ശാഖകൾക്കും മേഖലകൾക്കുമുള്ള ട്രോഫിയും ക്യാഷ് അവാർഡുകളും, മിഷൻലീഗിലൂടെ വളർന്ന് മികച്ച നേട്ടങ്ങൾ കൈവരിച്ച

വരെ ആദരിക്കുന്ന ചടങ്ങും കൗൺസിൽ-വാർഷിക സമ്മേളനത്തിൽവച്ച് നടക്കുന്നതായിരിക്കും. ഈ ആഘോഷപരിപാടികളിൽ മുഴുവൻ ശാഖാ-മേഖലാഭാരവാഹികളും വൈസ്ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### മിഷൻ ദർശൻ 2015-16

2015 ഒക്ടോ. 18ന് വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്ന മിഷൻലീഗിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളായ വി. ലൂയിമാർട്ടിന്റെയും വി. സെലിഗ്വരിന്റെയും പ്രത്യേക മാദ്ധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ട് തലശ്ശേരി മിഷൻലീഗ് 2015 ഒക്ടോ. 2 മുതൽ 2016 ഒക്ടോ. 2 വരെ മിഷൻദർശൻ 2015-16 വ്യത്യസ്തങ്ങളായ പരിപാടികളോടെ ആചരിക്കുന്നു. ഒക്ടോ. 2ന് അതിരൂപതയിൽനിന്നും നൽകുന്ന തിരുസ്വരൂപം ഒക്ടോ. 18 മിഷൻ ഞായറാഴ്ച അതാതു ഇടവകയിൽ പ്രതിഷ്ഠിച്ച് പ്രത്യേക പ്രാർത്ഥനകളും നടത്തിക്കൊണ്ട് ആരംഭിക്കുമല്ലോ. മിഷൻദർശന് പ്രധാനമായും രണ്ടു ലക്ഷ്യങ്ങളാണുള്ളത്. "കുടുംബവിശുദ്ധീകരണവും സമർപ്പിതജീവിതപ്രോത്സാഹനവും". ശാഖകളിൽ ഈ ലക്ഷ്യം സാധിക്കാനുതകുന്ന വ്യത്യസ്തങ്ങളായ പരിപാടികളോടെ മിഷൻദർശൻ 2015-16 ആചരിക്കുവാൻ ബഹു. ഡയറക്ടർ അച്ചന്മാരും വൈസ് ഡയറക്ടേഴ്സും ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ.

### കോവാദിസ് 2015-16

കഴിഞ്ഞ വർഷം നടത്തിയതുപോലെ പെൺകുട്ടികളുടെ ദൈവവിളി പ്രോത്സാഹനാർത്ഥം 10, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒക്ടോ. 23-ാം തീയതി രാവിലെ 10 മണിമുതൽ 25-ാം തീയതി 1 മണിവരെ മദർഹോമിൽ വച്ച് കോവാദിസ് ധ്യാനം നടക്കുന്നു. എല്ലാ ശാഖകളിൽനിന്നും അനുയോജ്യരായ 4 കുട്ടികളെ വീതം ധ്യാനത്തിൽ പങ്കെടുപ്പിക്കാൻ വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. മേഖലാ വൈസ് ഡയറക്ടർവഴി ധ്യാനത്തിനു വരാനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ധ്യാനത്തിന്റെ ഫീസ് 400 രൂപയാണ്. 200 രൂപ കുട്ടികൾ കൊണ്ടുവരേണ്ടതാണ്. 200 രൂപ അതിരൂപത വഹിക്കുന്നതായിരിക്കും.

### ജീവകാരുണ്യ കൂപ്പൺ

മിഷൻ ലീഗ് സംഘടനാ പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തികഫണ്ട് കണ്ടെത്തുന്നതിനായി നടത്തുന്ന ജീവകാരുണ്യ കൂപ്പൺ തയ്യാറായിട്ടുണ്ട്. ഓരോ മേഖലയിലേയ്ക്കുമുള്ള കൂപ്പൺ ഒക്ടോ. 2ന് ചെറുപുഴയിൽവച്ച് നൽകുന്നതായിരിക്കും. ഒക്ടോ. 11ന് ശാഖകളിൽ വിതരണം ചെയ്യാൻ തക്കവണ്ണം കൂപ്പണുകൾ ശാഖകളിൽ എത്തിക്കാൻ മേഖലാഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. ഓരോ കുറ്റിയിലും 26-ാമത്തെ കൂപ്പൺ വിൽക്കുന്ന കുട്ടികൾക്കുള്ളതായിരിക്കും. 26-ാമത്തെ കൂപ്പണുകൾക്ക് പ്രത്യേക നറുക്കെടുപ്പ് ഉണ്ടായിരിക്കുന്നതാണ്. 16 സൈക്കിളുകളാണ് സമ്മാനം.



### അഗതിമന്ദിരസന്ദർശനം

മിഷൻലീഗ് കുട്ടികളിൽ ജീവന്റെ മൂല്യവും പാവങ്ങളോടും അനാഥരോടുമുള്ള സ്നേഹവും അനുകമ്പയും വളർത്തുക എന്ന ലക്ഷ്യത്തോടെ അതിരൂപതയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട കുട്ടികളും അതിരൂപതാ ഭാരവാഹികളും ചേർന്ന് ആഗസ്റ്റ് 26-ാം തീയതി പട്ടുവം അഗതിമന്ദിരം സന്ദർശിച്ചു. അനാഥരും അംഗവൈകല്യം ബാധിച്ചവരും ബുദ്ധിമാന്ദ്യം സംഭവിച്ചവരുമായ കുട്ടികളോടൊപ്പം ചെലവഴിച്ച മണിക്കൂറുകൾ കുട്ടികളുടെ ജീവിതത്തിൽ പുതിയ ചിന്തകൾക്കും കാഴ്ചപ്പാടുകൾക്കും വഴിയൊരുക്കി. ദൈവദാസി മദർ പേത്രായുടെ കബറിടവും മ്യൂസിയവും സന്ദർശിച്ച് അനുഗ്രഹം സ്വീകരിക്കുവാനും ഈ സന്ദർശനത്തിൽ സാധിച്ചു.

### അഭിനന്ദനങ്ങൾ



ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ പേരിൽ സംസ്ഥാനതലത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ജോസഫ് മാലിപ്പറമ്പിൽ അവാർഡിന് കേരള മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റ് ഫാ. തോമസ് തൈത്തോട്ടം അർഹനായി. സെപ്റ്റം. 5 ശനിയാഴ്ച കോട്ടയം ആർപ്പൂക്കരയിൽ വെച്ചുനടന്ന മിഷൻലീഗ് സംസ്ഥാന തല സമ്മേളനത്തിൽവച്ച് ഫാ. തോമസ് തൈത്തോട്ടം പുരസ്ക്കാരം ഏറ്റുവാങ്ങി. ബഹു. തോമസ് തൈത്തോട്ടത്തിൽ അച്ചന് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ സർവ്വീസ് പ്രവേശന പരീക്ഷയിൽ ഒന്നാം റാങ്കോടെ പാസ്സായ മാടത്തിൽ ശാഖയിലെ ഡോണ ഫ്രാൻസിസ് ചേക്കാത്തടത്തിലിന് മിഷൻലീഗ് അതിരൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. നമ്മുടെ വലിയ പ്രതീക്ഷയും അഭിമാനവുമായി മാറിയ ഡോണചേച്ചിയുടെ ജീവിതമാതൃക എല്ലാ കുഞ്ഞുമിഷനറിമാർക്കും പ്രോത്സാഹനമാകട്ടെയെന്ന് ആശംസിക്കുന്നു. ശാഖയിൽനിന്നും, വ്യക്തിപരമായും ഡോണയ്ക്ക് ആശംസാകത്തുകൾ അയയ്ക്കുമല്ലോ.

**അഡ്രസ്സ്:** ഡോണ ഫ്രാൻസിസ്, ചേക്കാതടത്തിൽ
മാടത്തിൽ, ഇരിട്ടി പി.ഒ. 670 703

### കൈയ്യെഴുത്ത് മാസിക

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകാണുമല്ലോ. (നിബന്ധനകൾ: മാർഗ്ഗരേഖ പേജ് 72-73) ഈ വർഷത്തെ പഠനവിഷയമായ 'സമർപ്പിതം സത്പ്രേഷിതത്വത്തിനായ്' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ

ഉണ്ടായിരിക്കണം. കൈയ്യെഴുത്തു മാസിക ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി ജനുവരി 26.

## ഉപന്യാസമത്സരം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണജൂബിലി സ്മാരക അവാർഡിനായി അതിരൂപതാതലത്തിൽ 18 വയസ്സിൽ താഴെ പ്രായമുള്ള മിഷൻലീഗ് അംഗങ്ങൾക്കായി ഉപന്യാസമത്സരം നടത്തുന്നു.

**നിബന്ധനകൾ**

- വിഷയം 'സമർപ്പിതം സത്പ്രേഷിതത്വത്തിനായ്'
- ഉപന്യാസം 10 പേജിൽ കവിയരുത്.
- വികാരിയച്ചന്റെ കത്തും അംഗത്വകാർഡിന്റെ കോപ്പിയും രചനയോടൊപ്പം ഉണ്ടായിരിക്കണം.
- ഒരു ഇടവകയിൽനിന്നും ഒന്നിൽ കൂടുതൽ പേർക്ക് പങ്കെടുക്കാം.
- ഒന്നാം സമ്മാനം 2001 രൂപ, രണ്ടാം സമ്മാനം 1001 രൂപ.
- രചനകൾ നവംബർ 30നു മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കണം.

## സാഹിത്യ ശില്പശാല

അതിരൂപതാതല സാഹിത്യമത്സര വിജയികൾക്ക് സംസ്ഥാനമത്സരത്തിനൊരുക്കമായി സംഘടിപ്പിച്ച സാഹിത്യ ശില്പശാല സെപ്തംബർ 20ന് സന്ദേശഭവനിൽ വെച്ച് നടന്നു. നിർമ്മലഗിരി കോളെജ് മലയാളം പ്രൊഫ. ഫാ. മാർട്ടിൻ പറപ്പള്ളിയാത്ത് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സംസ്ഥാന രചനാ മത്സരത്തിൽ പങ്കെടുക്കുവാനുള്ള 36 കുട്ടികൾ സാഹിത്യശില്പശാലയിൽ പങ്കെടുത്തു.

## മിഷൻ ഗെയിംസ്

നവംബർ 10-ാം തീയതി രാവിലെ 9 മണിമുതൽ പൈസക്കരിയിൽ വെച്ച് മിഷൻഗെയിംസ് നടത്തുന്നു. മേഖലകളിലേയ്ക്ക് തന്നിരിക്കുന്ന മത്സരഇനങ്ങളിൽ പങ്കെടുക്കുന്നവരുടെ കൃത്യമായ പേരുവിവരം എത്രയുംവേഗം ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശാഖകളിലേയ്ക്കും മേഖലകളിലേയ്ക്കും അയച്ചിരിക്കുന്ന കത്തിൽ മത്സരം നവം. 11ന് എന്നാണ് അറിയിച്ചിരിക്കുന്നത്. ദയവായി നവം. 10-ാം തീയതി ദീപാവലി ദിനത്തിലായിരിക്കും മത്സരം എന്ന് ഓർമ്മിപ്പിക്കുന്നു.

## പുഞ്ചിരി-ശാഖാശാക്തീകരണ ഏകദിന സെമിനാർ

ആഗസ്റ്റ് 23-ാം തീയതി പടുപ്പ് ശാഖയിലും 24-ാം തീയതി ബളാൽ ശാഖയിലും 26-ാം തീയതി കാർത്തികപുരം ശാഖയിലും അതിരൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് നയിച്ച പുഞ്ചിരി ശാഖാശാക്തീകരണ സെമിനാറിലും വിശ്വാസപ്രഘോഷണറാലിയിലും ശാഖയിലെ മുഴുവൻ കുട്ടികളും പങ്കെടുത്തു. സെമിനാറിന്റെ വിജയത്തിനാവശ്യമായ എല്ലാ സഹായസഹകരണങ്ങളും ചെയ്തുതന്ന ശാഖാ ഡയറക്ടർ അച്ചന്മാർക്കും വൈസ് ഡയറക്ടേഴ്സ്, മതാധ്യാപകർ എന്നിവർക്കും പ്രത്യേകം നന്ദി.



## സംസ്കൃതി സഹജീവനകേന്ദ്ര സഹവാസ ക്യാമ്പ്

മിഷൻലീഗ് കുട്ടികളിൽ പരിസ്ഥിതി സംരക്ഷണ അവബോധം നൽകുക എന്ന ലക്ഷ്യത്തോടെ 2015 ആഗസ്റ്റ് 26, 27 തീയതികളിൽ പട്ടുവം സംസ്കൃതി സഹജീവനകേന്ദ്രത്തിൽവെച്ച് കുട്ടികൾക്കായി ദ്വിദിന ക്യാമ്പ് നടത്തി. 16 മേഖലകളിൽനിന്നുമായി 40 കുട്ടികൾ പങ്കെടുത്തു. സംസ്കൃതി സഹജീവനകേന്ദ്ര ഡയറക്ടർ ഫാ. രാജേഷ് പുഞ്ചത്തലയ്ക്കൽ എസ്.ജെ., മിഷൻലീഗ് ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പ്രകൃതിയോട് ഇണങ്ങിച്ചേർന്ന് വനത്തിലൂടെയുള്ള ട്രക്കിങ്ങ്, ഊഞ്ഞാലാട്ടം, മരച്ചില്ലകളിലെ ഏറുമാടങ്ങളിലെ താമസം, കേരളത്തിന്റെ തനിമ പ്രകടമാക്കുന്ന വാസ്തുശില്പകലാവൈവിധ്യങ്ങളടങ്ങിയ 'പാലാമൃതില്ലം' എന്നിവയെല്ലാം കുട്ടികൾക്ക് പുത്തൻ അനുഭവമായി. ഓണസദ്യയോടെ ക്യാമ്പ് അവസാനിച്ചു. സംസ്കൃതി സഹവാസക്യാമ്പിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും അതിരൂപതാഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് 'മാവിൻതൈകൾ' നൽകുകയും സഹവാസക്യാമ്പിന്റെ സ്മാരകമായി പാലാമൃതില്ല കോമ്പൗണ്ടിൽ വൃക്ഷതൈനടുകയും ചെയ്തു.

## അതിരൂപത ബൈബിൾ കലോത്സവം

ഈ വർഷത്തെ അതിരൂപത ബൈബിൾ കലോത്സവം ഒക്ടോ. 10 ശനിയാഴ്ച ചെമ്പേരി ഹയർസെക്കഡറി സ്കൂളിൽവച്ച് രാവിലെ 9.30ന് രജിസ്ട്രേഷനോടെ ആരംഭിക്കും. മത്സരത്തിന് അംഗത്വകാർഡും ബാഡ്ജും നിർബന്ധമാണ്.

## വചനാമൃതം - ടെലിക്വിസ്സ്

**സെപ്റ്റംബർ മാസത്തിലെ ടെലിക്വിസ്സ് വിജയികൾ**

| | | |
|---|---|---|
| ആൽബിൻ വെട്ടിയാങ്കൽ | - | പുലിക്കുരുമ്പ |
| എലിസബത്ത് പൗവ്വത്തുപറമ്പിൽ | - | അൽഫോൻസാഗിരി |
| മരിയ നടുവിലേടത്ത് | - | പാലാവയൽ |
| ആന്റോ ഉഴുത്തുവൽ | - | അങ്ങാടിക്കടവ് |
| അന്നമ്മ അടവിച്ചിറ | - | ചെമ്പന്തൊട്ടി |
| തെരേസ തറപ്പേൽ | - | കോഴിച്ചാൽ |
| നിവിൻ നെല്ലിക്കുന്നേൽ | - | അങ്ങാടിക്കടവ് |
| എമ്മാനുവൽ അടവിച്ചിറ | - | ചെമ്പന്തൊട്ടി |
| അബ്രാഹം പേരുക്കുന്നേൽ | - | പെരിങ്ങാല |
| ജോസഫ് വടക്കേക്കര | - | ഉളിക്കൽ |
| ജോസഫ് പായിക്കാട്ട് | - | പെരിങ്ങാല |
| അശ്വിൻ വടക്കേപുത്തൻപുര | - | പൊന്മല |
| അർച്ചന കുഴിവേലിപ്പറമ്പിൽ | - | ചെമ്പേരി |
| കൊച്ചുത്രേസ്യ കുഴികണ്ടത്തിൽ | - | കോഴിച്ചാൽ |
| എബിൻ പാലമറ്റം | - | ചെടിക്കുളം |
| ജോൺ തകിടിയേൽ | - | പെരിങ്ങാല |

| | | |
|---|---|---|
| ജോസഫ് ഉതാളക്കര | - | മാങ്ങോട് |
| റോസ്മേരി പൊടിമറ്റം | - | വെള്ളരിക്കുണ്ട് |
| എബിൻ വെട്ടിയാങ്കൽ | - | പുലിക്കുരുമ്പ |
| എബിൻ പുന്നോത്ത് | - | പെരിങ്ങാല |
| ആൻമേരി ഉതാളക്കര | - | മാങ്ങോട് |
| അൽഫോൻസ മച്ചിക്കാട്ട് | - | കോഴിച്ചാൽ |
| മരിയ കുഴിവേലിപ്പറമ്പിൽ | - | പുലിക്കുരുമ്പ |
| ദിവ്യ കുഴിവേലിപ്പറമ്പിൽ | - | പുലിക്കുരുമ്പ |
| സോണി തകിടിയേൽ | - | പെരിങ്ങാല |

## ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത

ബൈബിൾ കലോത്സവം ഒക്ടോ. 10 ശനി - ചെമ്പേരി
സ്റ്റേജ് ക്രമീകരണം

| സ്റ്റേജ് 1 | സ്റ്റേജ് 2 | സ്റ്റേജ് 3 | സ്റ്റേജ് 4 | സ്റ്റേജ് 5 | സ്റ്റേജ് 6 | സ്റ്റേജ് 7 |
|---|---|---|---|---|---|---|
| 10.00 AM | 10.00 AM | 10.00 AM | 10.00 AM | 10.00 AM | 10.00 AM | 10.00 AM |
| **ഉദ്ഘാടന സമ്മേളനം** | **സംഗീതം** ജൂണിയർ ഗേൾസ് | **ബൈബിൾ വായന** സബ് ജൂണിയർ ബോയ്സ് | **പ്രസംഗം** സൂപ്പർ സീനിയർ ഗേൾസ് | **പ്രസംഗം** സൂപ്പർ സീനിയർ ബോയ്സ് | **സംഗീതം** സൂപ്പർ സീനിയർ ഗേൾസ് | **ക്വിസ്സ്** ജൂണിയർ സീനിയർ സൂപ്പർ സീനിയർ |
| 11.00 AM | 11.00 AM | 11.00 AM | 11.00 AM | 11.00 AM | 11.00 AM | 11.00 AM |
| **സംഗീതം** സീനിയർ ഗേൾസ് | **സംഗീതം** ജൂണിയർ ബോയ്സ് | **ബൈബിൾ വായന** സബ് ജൂണിയർ ഗേൾസ് | **പ്രസംഗം** സീനിയർ ഗേൾസ് | **പ്രസംഗം** സീനിയർ ബോയ്സ് | **സംഗീതം** സബ് ജൂണിയർ ബോയ്സ് | **പ്രസംഗം** സബ് ജൂണിയർ ഗേൾസ് |
| 12.00 PM | 12.00 PM | 12.00 PM | 12.00 PM | 12.00 PM | 12.00 PM | 12.30 PM |
| **സംഗീതം** സീനിയർ ബോയ്സ് | **സംഗീതം** സൂപ്പർ സീനിയർ ബോയ്സ് | **പ്രസംഗം** സബ് ജൂണിയർ ബോയ്സ് | **പ്രസംഗം** ജൂണിയർ ഗേൾസ് | **പ്രസംഗം** ജൂണിയർ ബോയ്സ് | **സംഗീതം** സബ് ജൂണിയർ ഗേൾസ് | **സമാപന സമ്മേളനം** |

## ചെറുപുഷ്പ മിഷൻലീഗ് അതിരൂപത സാഹിത്യമത്സര വിജയികൾ

**1. ജൂണിയർ ബോയ്സ് - ഉപന്യാസം**

| പേര് | വീട്ടുപേര് | ഇടവക | മേഖല | ഗ്രേഡ് |
|---|---|---|---|---|
| ജോസഫ് | മമ്പള്ളിക്കുന്നേൽ | അങ്ങാടിക്കടവ് | കുന്നോത്ത് | I A |
| മാത്യു | ചിറമാട്ടേൽ | കാസർഗോഡ് | കാഞ്ഞങ്ങാട് | II B |
| തോമസ് | കുഴുപ്പിൽ | കുടിയാന്മല | ചെമ്പേരി | III C |

**2. ജൂണിയർ ഗേൾസ് - ഉപന്യാസം**

| പേര് | വീട്ടുപേര് | ഇടവക | മേഖല | ഗ്രേഡ് |
|---|---|---|---|---|
| അന്ന | മുളവനാൽ | ശാന്തിഗിരി | പനത്തടി | I C |
| മേരി | തറപ്പേൽ | കോഴിച്ചാൽ | ചെറുപുഴ | II B |
| മരിയ | താളിമറ്റത്തിൽ | ചെറിയരീക്കമല | ചെമ്പേരി | III C |

**3. ജൂണിയർ ബോയ്സ് - ചെറുകഥ**

| പേര് | വീട്ടുപേര് | ഇടവക | മേഖല | ഗ്രേഡ് |
|---|---|---|---|---|
| ആന്റോ | ഉഴുത്തുവാൽ | അങ്ങാടിക്കടവ് | കുന്നോത്ത് | I A |
| അഗസ്റ്റിൻ | നെടിയകാലായിൽ | ലിസ്സിഗിരി | ചെമ്പേരി | II A |
| ജോസഫ് | കടുപ്പിൽ | നടുവിൽ | ചെമ്പന്തൊട്ടി | III B |

**4. ജൂണിയർ ഗേൾസ് - ചെറുകഥ**

| പേര് | വീട്ടുപേര് | ഇടവക | മേഖല | ഗ്രേഡ് |
|---|---|---|---|---|
| അന്നമ്മ | പൊട്ടയിൽ | പടിമരുത് | പനത്തടി | I A |
| റോസമ്മ | കാനക്കാട്ട് | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് | II B |
| തെരേസ | വയലിൽ | ചെമ്പേരി | ചെമ്പേരി | III B |

**5. ജൂണിയർ ബോയ്സ് - കവിത**

| പേര് | വീട്ടുപേര് | ഇടവക | മേഖല | ഗ്രേഡ് |
|---|---|---|---|---|
| സെബാസ്റ്റ്യൻ | പുളിക്കൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് | I A |
| ജോൺ | വണ്ടാംകുന്നേൽ | പൈസക്കരി | പൈസക്കരി | II B |
| ജോൺ | പുല്ലംകണ്ണപ്പള്ളി | മാടത്തിൽ | കുന്നോത്ത് | III B |

**6. ജൂണിയർ ഗേൾസ് - കവിത**

| പേര് | വീട്ടുപേര് | ഇടവക | മേഖല | ഗ്രേഡ് |
|---|---|---|---|---|
| മരിയ | ആലപ്പാട്ട് | ചന്ദനക്കാംപാറ | പൈസക്കരി | I A |
| അന്നമ്മ | പകലോമറ്റം | എടത്തൊട്ടി | പേരാവൂർ | II B |
| മരിയ | കുഴിമണ്ണിൽ | കുന്നോത്ത് | കുന്നോത്ത് | III B |

**7. സീനിയർ ബോയ്സ് - ഉപന്യാസം**

| പേര് | വീട്ടുപേര് | ഇടവക | മേഖല | ഗ്രേഡ് |
|---|---|---|---|---|
| തോമസ് | ആനിമൂട്ടിൽ | തോമാപുരം | തോമാപുരം | I A |
| ജോർജ് | കൊടകശ്ശേരി | വെളിമാനം | എടൂർ | II B |
| ജെയിംസ് | കണ്ടത്തിൻകരയിൽ | ചേപ്പറമ്പ് | ചെമ്പന്തൊട്ടി | III C |

**8. സീനിയർ ഗേൾസ് - ഉപന്യാസം**

| പേര് | വീട്ടുപേര് | ഇടവക | മേഖല | ഗ്രേഡ് |
|---|---|---|---|---|
| മേരി | മംഗലത്തിൽ | കുന്നോത്ത് | കുന്നോത്ത് | I A |
| തെരേസ | കണ്ടത്തിൽ | കോലുവള്ളി | ചെറുപുഴ | II B |
| മേരി | മലയാറ്റിൽ | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് | III B |

**9. സീനിയർ ബോയ്സ് - ചെറുകഥ**

| പേര് | വീട്ടുപേര് | ഇടവക | മേഖല | ഗ്രേഡ് |
|---|---|---|---|---|
| മത്തായി | പുഴക്കരപ്പറമ്പിൽ | പയ്യാവൂർ | പൈസക്കരി | I A |
| നിബിൻ | പെരുമ്പള്ളിൽ | പാടിയോട്ടുചാൽ | ചെറുപുഴ | II A |
| എമ്മാനുവേൽ | കാവനാടിയിൽ | ചെമ്പേരി | ചെമ്പേരി | III A |

**10. സീനിയർ ഗേൾസ് - ചെറുകഥ**

| പേര് | വീട്ടുപേര് | ഇടവക | മേഖല | ഗ്രേഡ് |
|---|---|---|---|---|
| മേരി | പരുത്തിപ്പള്ളിക്കുന്നേൽ | ചേപ്പറമ്പ് | ചെമ്പന്തൊട്ടി | I B |
| മരിയ | കാഞ്ഞിരത്തിങ്കൽ | കാവുന്തല | തോമാപുരം | II B |
| അന്ന | പാലുവേലിൽ | ചെമ്പേരി | ചെമ്പേരി | III B |

**11. സീനിയർ ബോയ്സ് - കവിത**

| | | | | |
|---|---|---|---|---|
| ജോസഫ് | തണങ്ങാട്ട് | അങ്ങാടിക്കടവ് | കുന്നോത്ത് | I A |
| വർഗ്ഗീസ് | കണിച്ചിറയിൽ | കുടിയാന്മല | ചെമ്പേരി | II B |
| ജോസഫ് | പാലമറ്റത്തിൽ | വെളിമാനം | എടൂർ | III B |

**12. സീനിയർ ഗേൾസ് - കവിത**

| | | | | |
|---|---|---|---|---|
| എലിസബത്ത് | കുന്നപ്പള്ളി | ബളാൽ | വെള്ളരിക്കുണ്ട് | I A |
| മരിയ | കൊല്ലപ്പറമ്പിൽ | ചെറുപുഴ | ചെറുപുഴ | II A |
| തെരേസ | കളപ്പുരയ്ക്കൽ | ചെമ്പേരി | ചെമ്പേരി | III B |

**13. സൂപ്പർ സീനിയർ ബോയ്സ് - ഉപന്യാസം**

| | | | | |
|---|---|---|---|---|
| ജെയിൻ | കാരന്താനം | വിജയപുരം | വായാട്ടുപറമ്പ് | I A |
| തോമസ് | പടിഞ്ഞാറെമുറിയിൽ | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ | II B |
| സെബാസ്റ്റ്യൻ | പന്തലാനിക്കൽ | തിരുമേനി | ചെറുപുഴ | III C |

**14. സൂപ്പർ സീനിയർ ഗേൾസ് - ഉപന്യാസം**

| | | | | |
|---|---|---|---|---|
| ലാലി | മുഞ്ഞനാട്ട് | ചെങ്ങോം | പേരാവൂർ | I B |
| അന്നമ്മ | കണ്ടത്തിൻകര | ചേപ്പറമ്പ് | ചെമ്പന്തൊട്ടി | II B |
| ദീപ | അലക്കുന്നേൽ | ഉളിക്കൽ | നെല്ലിക്കാംപൊയിൽ | III C |

**15. സൂപ്പർ സീനിയർ ബോയ്സ് - ചെറുകഥ**

| | | | | |
|---|---|---|---|---|
| ചാക്കോ | അക്കൂറ്റ് | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ | I A |
| വിനിൽ | ചെറുചെരുപ്പിൽ | പയ്യാവൂർ | പൈസക്കരി | II A |
| ഡെന്നീസ് | കൂട്ടുങ്കൽ | ദീപഗിരി | ചെമ്പേരി | III B |

**16. സൂപ്പർ സീനിയർ ഗേൾസ് - ചെറുകഥ**

| | | | | |
|---|---|---|---|---|
| മേരി | വല്ലർകാട്ടിൽ | കല്ലുവയൽ | നെല്ലിക്കാംപൊയിൽ | I A |
| മറിയം | കാട്ടിക്കുളക്കാട്ട് | മണ്ഡപം | തോമാപുരം | II B |
| മരിയ | ചക്കാലയ്ക്കൽ | പാടിയോട്ടുചാൽ | ചെറുപുഴ | III B |

**17. സൂപ്പർ സീനിയർ ബോയ്സ് - കവിത**

| | | | | |
|---|---|---|---|---|
| മാത്യു | വല്ലനാട്ട് | കുന്നോത്ത് | കുന്നോത്ത് | I A |
| റോബിൻ | തട്ടാപറമ്പിൽ | പുറവയൽ | നെല്ലിക്കാംപൊയിൽ | II A |
| ജോൺ | പുത്തൻപുരയിൽ | ആനമഞ്ഞൾ | വെള്ളരിക്കുണ്ട് | III A |

**18. സൂപ്പർ സീനിയർ ഗേൾസ് - കവിത**

| | | | | |
|---|---|---|---|---|
| ഷീനാമ്മ | പടിഞ്ഞാറേടം | കരുവഞ്ചാൽ | വായാട്ടുപറമ്പ് | I A |
| മരിയ | ചിറ്റംവേലിൽ | ചെടിക്കുളം | എടൂർ | II A |
| ഡോ. കാർമ്മലി ജോൺ | | കാസർഗോഡ് | കാഞ്ഞങ്ങാട് | III A |

സ്നേഹപൂർവ്വം,

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ



# തിരുബാലസഖ്യം

പ്രിയ. ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളേ,

ജപമാല ഭക്തിയിൽ വളർന്ന് പരി. അമ്മയിൽനിന്നും അനുഗ്രഹങ്ങൾ സ്വീകരിച്ച് മുന്നേറുവാൻ ഈ മാസം നമുക്ക് പരിശ്രമിക്കാം. അമ്മയുടെ മാദ്ധ്യസ്ഥ്യം എപ്പോഴും നമുക്ക് തുണയായിരിക്കട്ടെ.

1 വ്യാഴം : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ

2 വെള്ളി : കാവൽമാലാഖയുടെ തിരുനാൾ

## 'നിങ്ങൾക്കറിയാമോ'? ജൂലൈ മാസത്തിലെ വിജയികൾ

| | | |
|---|---|---|
| I | അതുൽ പയസ് | - കോടോപ്പള്ളി |
| II | ജോൺ മുകുളേൽ | - വെള്ളാട് |
| III | ജെസ്ലിൻ ഒറ്റപ്ലാക്കൽ | - ആനപ്പന്തി |

## 'നിറം കൊടുക്കാമോ' വിജയികൾ

| | | |
|---|---|---|
| I | മിൽന മുകളേക്കാലായിൽ | - വെളിമാനം |
| II | ആൻമേരി ചെമ്പനാനിക്കൽ | - ഉളിക്കൽ |
| III | ഫിയോണ കാണ്ടാവനത്തിൽ | - കൊളക്കാട് |

ഒക്ടോബർ മാസത്തിൽ നല്ലിടയനായ ഈശോയ്ക്ക് നിറംകൊടുത്തും, ഉപമയിലെ ചിത്രങ്ങൾക്ക് അനുയോജ്യമായ അടിക്കുറിപ്പുകൾ തയ്യാറാക്കിയും ഓഫീസിലേയ്ക്ക് അയച്ചുതരുമല്ലോ. സെപ്റ്റംബർ മാസത്തിൽ വീടിനെ അനുഗ്രഹിക്കുന്ന ഈശോയുടെ ചിത്രത്തിനായിരുന്നു നിറം കൊടുക്കേണ്ടിയിരുന്നത്. ബഹു. വൈസ് ഡയറക്ടേഴ്സ് എല്ലാവരുംതന്നെ ശ്രദ്ധിച്ച് കൃത്യമായി കുട്ടികളെക്കൊണ്ട് ചെയ്യിപ്പിച്ച് അയച്ചു തന്നതിന് പ്രത്യേകം അഭിനന്ദനങ്ങൾ. 142-ഓളം ശാഖകളിൽനിന്നുള്ള കുട്ടികളുടെ സൃഷ്ടികൾ ഓഫീസിൽ ലഭിച്ചു. ആനിമേറ്റേഴ്സിനും ഡയറക്ടർ അച്ചന്മാർക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും. വീണ്ടും കുട്ടികളെ പ്രോത്സാഹിപ്പിക്കുമല്ലോ. മത്സരങ്ങൾക്കായി കുട്ടികളെ ഒരുക്കി തുടങ്ങണമെന്നും ഓർമ്മിപ്പിക്കുന്നു.

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

## 1. ബാസിലേയിയ – 2015

കഴിഞ്ഞ കാലഘട്ടത്തിന്റെ ഇടനാഴികളിൽ കേരളത്തിലെ കത്തോലിക്കാ യുവജനങ്ങൾക്ക് വഴിവിളക്കായി വർത്തിച്ച കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ തലശ്ശേരി അതിരൂപതാ ഘടകം എന്നും വളർച്ചയുടെ പാതയിലാണ്. കെ.സി.വൈ.എം. കുടുംബത്തിലെ മുൻകാല നേതൃത്വത്തെ ആദരിക്കാൻ 29ന് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയ ഓഡിറ്റോറിയത്തിൽ ഒരുമിച്ചപ്പോൾ യുവത്വത്തിന്റെ പ്രസരിപ്പ് വിട്ടുമാറാത്ത വ്യക്തിത്വങ്ങൾ കഴിഞ്ഞുപോയ വത്സരങ്ങൾ മധുരസ്വപ്നങ്ങളായി അയവിറക്കി. 1992 മുതലുള്ള കാലയവനിക ഓർമ്മകളായപ്പോൾ തീരം തേടിയുള്ള തങ്ങളുടെ യാത്രയിൽ പിന്നിട്ട വഴികളിൽ കുണ്ടുമുട്ടിയ ഒരുപാടു മുഖങ്ങൾ എക്കാലവും ഓർത്തിരിക്കാൻ ചില സൗഹൃദങ്ങൾ, അളവറ്റ ആഹ്ലാദത്തിന്റെ മറക്കാനാവാത്ത ദിനങ്ങൾ, നിനച്ചിരിക്കാതെ നേരിടേണ്ടിവന്ന ദുരിതങ്ങൾ, ഓർക്കാതെ കൈവന്ന സൗഭാഗ്യങ്ങൾ, എന്നും പ്രത്യാശയുടെ തിരിനാളമായി കത്തിനിൽക്കുന്ന ദൈവസാന്നിധ്യം എല്ലാം പങ്കുവച്ച കുടുംബസംഗമം നാളെയുടെ പ്രതീക്ഷകളായി മാറുവാൻ പ്രചോദനം നല്കുന്നതായിരുന്നു. തലശ്ശേരി അതിരൂപതയിൽ ആരംഭിച്ച കെ.സി.വൈ.എം. യുവജനപ്രസ്ഥാനത്തിന് നേതൃത്വം നല്കിയ നൂറിലധികം മുൻകാലസാരഥികൾ പങ്കെടുത്ത സംഗമം ഫാ. ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. പങ്കെടുത്ത എല്ലാ വ്യക്തികളെയും നന്ദിയോടെ ഓർക്കുന്നു. സ്ഥലവും എല്ലാ സൗകര്യങ്ങളും ഒരുക്കിതന്ന തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന വികാരിയും കെ.സി.വൈ.എമ്മിന്റെ പ്രഥമ ഡയക്ടറുമായ ജോസഫ് മഞ്ചപ്പള്ളിൽ അച്ചനും യുവജനസുഹൃത്തുകൾക്കും ഇടവകാംഗങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ പ്രത്യേകം നന്ദിയും സ്നേഹവും അറിയിക്കുന്നു.

## 2. അഗതിദിനം – സെപ്റ്റംബർ 5

പാവപ്പെട്ടവരെയും രോഗികളെയും അനാഥരെയും സഹായിക്കാൻ സന്നദ്ധതയുള്ള യുവജനങ്ങളെ വളർത്തിയെടുക്കുക എന്ന സന്ദേശത്തോടെ അഗതിദിനവും മദർതെരേസ അനുസ്മരണവും കുന്നോത്ത് ഫൊറോനയിൽപ്പെട്ട ചരൾ സ്നേഹഭവനിലെ അന്തേവാസികൾക്കൊപ്പം ആചരിച്ചു. കുന്നോത്ത് മേഖലാ ഡയറക്ടർ ഫാ. ഐസക് മറ്റത്തിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ അനുഗ്രഹപ്രഭാഷണം നടത്തി. വിവിധ ഫൊറോനകളിൽനിന്നായി അമ്പതോളം യുവജനങ്ങൾ പങ്കെടുത്തു. അഗതിദിനത്തിന് നേതൃത്വം നല്കിയ ബഹു.



ഐസക് മറ്റത്തിൽ അച്ചനും പ്രസിഡന്റ് തോമസ് തടിയിലിനും എല്ലാ ഭാരവാഹികൾക്കും സ്നേഹഭവനിലെ സണ്ണി ചേട്ടനും കുടുംബത്തിനും അതിരൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

## 3. യുവജന ധ്യാനം (ജീവസ്)

കെ.സി.വൈ.എം. തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ പരിയാരം മദർഹോമിൽവച്ച് യുവജനധ്യാനം നടത്തപ്പെടുന്നു. ഇടവകയിൽ ഈ വിവരം അറിയിച്ച് യുവജനങ്ങളെ ധ്യാനത്തിന് പറഞ്ഞു വിടാൻ വികാരിയച്ചന്മാർ താത്പര്യമെടുക്കണം. 23-ാം തീയതി രാവിലെ 10 മണിക്ക് ധ്യാനം ആരംഭിക്കുന്നതാണ്. ബുക്കിങ്ങിനായി കെ.സി.വൈ.എം. ഓഫീസിലോ മദർഹോം ഓഫീസിലോ ബന്ധപ്പെടാവുന്നതാണ്. രജിട്രേഷൻ ഫീസ് 400 രൂപ ആയിരിക്കും. കെ.സി.വൈ.എം. ഓഫീസ് – 04902 321660, 828151660

മദർഹോം ഓഫീസ് – 04972 800544

## 4. സംഭാവന കൂപ്പൺ

കെ.സി.വൈ.എം. തലശ്ശേരി അതിരൂപതയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാനും ജീവകാരുണ്യപ്രവർത്തനങ്ങളിൽ കൂടുതൽ ഫലപ്രദമായി ഇടപെടാനുമായി അതിരൂപതാസമിതി കൂടുതൽ ജനപങ്കാളിത്തം പ്രതീക്ഷിച്ചുക്കൊണ്ട് ജീവകാരുണ്യ സമ്മാനകൂപ്പൺ ഇറക്കുകയാണ്. ഒന്നാം സമ്മാനം ഹീറോ മയ്സ്ട്രോ സ്കൂട്ടറും വിലപിടിപ്പുള്ള മറ്റ് നിരവധി സമ്മാനങ്ങളും നൽകുന്ന സമ്മാനകൂപ്പൺ ഇടവകകളിൽ പ്രോത്സാഹിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു. ഇടവക, ഫൊറോന കെ.സി.വൈ.എമ്മിനും വിൽക്കുന്നവർക്കും കമ്മീഷൻ കിട്ടുന്ന രീതിയിലാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്. ഈ എളിയ ഉദ്യമത്തെ പ്രോത്സാഹിപ്പിക്കണമെന്ന് വിയപൂർവ്വം അഭ്യർത്ഥിക്കുന്നു.

## 5. ക്രിസ്മസ് ഇൻ ബെത്‌ലെഹെം – വിശുദ്ധനാട് സന്ദർശനം

കെ.സി.വൈ.എം. തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ അഭിവന്ദ്യപിതാവിന്റെ അനുവാദത്തോടെ വിശുദ്ധനാട് തീർത്ഥാടനം (Christmas in Bethlehem) **2015 ഡിസംബർ 21 മുതൽ 31 വരെ** നടത്തുകയാണ്. ക്രിസ്മസ് ബെത്‌ലഹേമിൽ ആഘോഷിക്കാൻ സാധിക്കുന്ന വിധത്തിൽ ക്രമീകരിച്ചിരിക്കുന്ന ഈ തീർത്ഥാടനത്തെക്കുറിച്ച് വികാരിയച്ചന്മാർ ഇടവകയിൽ അറിയിക്കുകയും താൽപ്പര്യമുള്ളവരെ കെ.സി.വൈ.എം. തലശ്ശേരി അതിരൂപതാ ഓഫീസിൽ സീറ്റ് ബുക്ക് ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. ബുക്കിങ്ങ് ആരംഭിച്ചിരിക്കുന്നു. വിശദവിവരങ്ങൾക്കും ബുക്കിങ്ങിനും താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ വിളിക്കാവുന്നതാണ്. കൂടാതെ **2016 ഏപ്രിൽ 2 മുതൽ 12 വരെ** നടത്തപ്പെടുന്ന വിശുദ്ധനാട് തീർത്ഥാടനത്തിലേക്കും ബുക്കിങ്ങ് ആരംഭിച്ചിരിക്കുന്നു.

For Booking : Fr. George Karingalikattil : 9744314371, 94446271011
KCYM Office : 0490 2321660, 8281517660

### 6. ഉണ്ണീശോയ്ക്കൊരു വീട്

ജന്മമെടുക്കാൻ ഒരിടം ലഭിക്കാതെ പുൽകൂട്ടിൽ ഭൂജാതനായ ഉണ്ണീശോയുടെ പിറവി തിരുനാളിനോടനുബന്ധിച്ച് '**പാവപ്പെട്ടവർക്ക് വീട്**'എന്ന ലക്ഷ്യത്തോടെ ഈ ക്രിസ്മസിന് നമ്മുടെ വീടുകളിലും പള്ളികളിലും കുറഞ്ഞ നിരക്കിൽ ഗുണമേന്മയും വ്യത്യസ്തവുമായ കേക്കുകൾ (**തേൻ, പൈനാപ്പിൾ, ക്യാരറ്റ്, പ്ലം, മാർബിൾ** തുടങ്ങിയ രുചികൾ) കെസിവൈഎം അതിരൂപതാ സമിതി എത്തിച്ചു തരുന്നു. യൂണിറ്റ്, ഫൊറോനാസമിതികൾക്ക് ഈ സംരംഭത്തോട് സഹകരിച്ച് ഫണ്ട് സ്വരൂപിച്ച് ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. കെ.സി.വൈ.എം. അതിരൂപതാ സമിതി ഇതിൽനിന്നും കിട്ടുന്ന തുകയ്ക്ക് ആനുപാതികമായി ഒന്നോ അതിലധികമോ വീടുകൾ നിർമ്മിക്കാനുള്ള സഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഈ എളിയ സംരംഭത്തെയും പ്രത്സാഹിപ്പിച്ച് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**7. യൂണിറ്റ് അഫിലിയേഷൻ :** അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം എല്ലാ ഇടവകളിലും കെ.സി.വൈ.എം. ശാഖ ആരംഭിക്കേണ്ടതും നിലവിൽ ഉള്ളവ അഫിലിയേഷൻ പുതുക്കേണ്ടതുമാകുന്നു. അഫിലിയേഷൻ പുതുക്കുകയെന്നാൽ നിശ്ചിതഫോമിൽ യുവജനങ്ങളുടെ പേരു വിവരങ്ങൾ നൽകുകയും നിശ്ചിത അഫിലിയേഷൻ തുക ഇടവക ഗ്രേഡ് അനുസരിച്ച് അതിരൂപതാ ഓഫീസിൽ അടയ്ക്കുകയും ചെയ്യുക എന്നതാണ്. ആയതിനാൽ ഇനിയും അഫിലിയേഷൻ പൂർത്തിയാക്കാത്തവർ എത്രയും വേഗം അത് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

| ഗ്രേഡ് | അഫിലിയേഷൻ തുക |
|---|---|
| A | 1000 |
| B | 800 |
| C | 600 |
| D | 500 |

### 8. ഉത്സവ് - 2015 : സ്വാഗതസംഘം രൂപീകരണവും ലോഗോ പ്രകാശനവും - ഒക്ടോബർ 3 സന്ദേശഭവൻ

ഈ വർഷത്തെ കെ.സി.വൈ.എം. സംസ്ഥാനകലോത്സവം 'ഉത്സവ് 2015', നാമെല്ലാം അറിഞ്ഞതുപോലെ 2015 ഡിസംബർ 11, 12, 13 തീയതികളിലായി നടത്തപ്പെടുകയാണല്ലോ. തലശ്ശേരി അതിരൂപതാ ആതിഥേയത്വം വഹിക്കുന്ന ഈ കലാമഹോത്സവത്തിനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിപുലമായ സജ്ജീകരണങ്ങൾ ആവശ്യമായ കലോത്സവത്തിന് എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

2015 ഒക്ടോബർ 3 ശനിയാഴ്ച കെസിവൈഎം അതിരൂപതാ കര്യാലയത്തിൽവച്ച് സംസ്ഥാന ഡയറക്ടർ മാത്യു ജേക്കബ് തിരുവാലിലച്ചന്റെയും സംസ്ഥാന നേതാക്കളുടെയും സാന്നിധ്യത്തിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് ലോഗോ പ്രകാശനം നടത്തുന്നതായിരിക്കും.

### 9. യുവോത്സവ് - 2015

യുവജനങ്ങളുടെ സർഗ്ഗാത്മക കഴിവുകളെ വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി അതിരൂപതാ തലത്തിൽ കലാസാഹിത്യമത്സരങ്ങൾ യുവോത്സവ്-2015 നടത്തപ്പെടുന്നു. ഡിസംബറിൽ നടക്കാനിരിക്കുന്ന സംസ്ഥാന കലോത്സവത്തിന്റെ (ഉത്സവ് 2015) ഭാഗമായി നടത്തപ്പെടുന്ന മത്സരങ്ങളിൽ എല്ലാ ഫൊറോനകളിൽനിന്നും സജീവസാന്നിധ്യം ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു. കഴിഞ്ഞ രണ്ടുവർഷമായി നമ്മൾ സ്വന്തമാക്കിയ ഒന്നാം സ്ഥാനം നിങ്ങളുടെ ഓരോരുത്തരുടെയും ആത്മാർത്ഥ സഹകരണത്തിന്റെ ഫലമാണ്. ഈ ഒരു വർഷംകൂടി ഒന്നാം സ്ഥാനത്തെത്തിയാൽ ട്രോഫി കെ.സി.വൈ.എം. തലശ്ശേരി അതിരൂപതയ്ക്ക് സ്വന്തമാകും. ഇതിന് ഏറ്റവും അനുകൂലഘടകമായി ഈ വർഷത്തെ സംസ്ഥാന കലോത്സവം 'ഉത്സവ്-2015' തലശ്ശേരിയിൽ വച്ചുതന്നെ നടത്തപ്പെടുന്നു. ഈ ഒരു ലക്ഷ്യംകൂടി മുന്നിൽ കണ്ടുകൊണ്ട് എല്ലാവരുടെയും ആത്മാർത്ഥമായ പങ്കാളിത്തവും സഹകരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

### 10. സാഹിത്യമത്സരം - ഒക്ടോബർ 11

അതിരൂപത സാഹിത്യമത്സരം ഒക്ടോബർ 11-ാം തീയതി (ഞായർ) ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് അതിരൂപതയിലെ എല്ലാ ഫൊറോനകളിലും ഒരേ സമയം നടത്തപ്പെടണം. കഴിഞ്ഞ വർഷത്തെപോലെ അതിരൂപതാ ഫൊറോന തലത്തിൽ നൽകുന്ന വിഷയത്തെ ആസ്പദമാക്കിയായിരിക്കും മത്സരം. ഫൊറോന തലത്തിലെ വിലയിരുത്തലിനുശേഷം ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന രചനകൾ അതിരൂപതാ എൻട്രികളായി പരിഗണിക്കുകയും അവ വിലയിരുത്തി അതിരൂപത തലത്തിലെ വിജയികളെ നിശ്ചയിക്കുകയും ചെയ്യുന്നതാണ്.

### കലാ-സാഹിത്യ മത്സര നിബന്ധനകളും നിർദ്ദേശങ്ങളും
### സാഹിത്യ മത്സരം

* കഥാ രചന - ഒരു മണിക്കൂർ, വിഷയം തത്സമയം നല്കും.
* കവിതാ രചന - ഒരു മണിക്കൂർ, വിഷയം തത്സമയം നല്കും.
* ഉപന്യാസം - ഒരു മണിക്കൂർ, വിഷയം തത്സമയം നല്കും.
* കൊളാഷ് - ഒരു മണിക്കൂർ, ആശയം വ്യക്തമാക്കുന്നതായിരിക്കണം.

ഭംഗിക്ക് കളർ ഉപയോഗിക്കാം. കൊളാഷിന്റെ മുകളിൽ കളർ ഉപയോഗിക്കാൻ പാടില്ല. കട്ടിങ്ങിന് ആവശ്യമായ ന്യൂസ് പേപ്പർ, കത്രിക, ബ്ലേഡ് എന്നിവ മത്സരാർത്ഥികൾ തന്നെ കൊണ്ടുവരണം. വിഷയം തത്സമയം നല്കും.

* പത്രവാർത്താ രചന - 45 മിനിറ്റ്, 2 ചോദ്യങ്ങൾ ഉണ്ടായിരിക്കും. (1) പ്രോഗ്രാമിന്റെ റിപ്പോർട്ട് (2) ആനുകാലിക വിഷയങ്ങളെ സംബന്ധിച്ചുള്ള പ്രതികരണം.
* നോട്ടീസ് രചന - സമയം 30 മിനിറ്റ്, വിഷയം തത്സമയം നല്കും. ഒരു പേജ് (A4 സൈസ്) ആണ് നോട്ടീസ് രചിക്കേണ്ടത്.
* മുദ്രാവാക്യ രചന - സമയം 30 മിനിറ്റ്, വിഷയം തത്സമയം നല്കും. ആവേശം ജനിപ്പിക്കത്തക്കരീതിയിൽ താളാത്മകമായി വേണം രചിക്കാൻ.
* കാർട്ടൂൺ രചന - സമയം ഒരു മണിക്കൂർ, വിഷയം തത്സമയം നല്കും. വിഷയത്തിന്റെ ആശയം ഉൾക്കൊള്ളുന്നതായിരിക്കണം. യാതൊരു വിധത്തിലുള്ള കളറും ഉപയോഗിക്കാൻ പാടില്ല. ചിത്രം, ആശയം, അവതരണം എന്നിവയ്ക്കാണ് പ്രാധാന്യം നൽകേണ്ടത്.
* പോസ്റ്റർ രചന - സമയം രണ്ടു മണിക്കൂർ, വിഷയം തത്സമയം നല്കും. പോസ്റ്റർ കളർ, ട്രാൻസ്പരന്റ് കളർ, വാട്ടർ കളർ എന്നിവ ഉപയോഗിക്കാം. ക്രെയോൺസ് പാടില്ല. ആശയം എഴുതാൻ സ്കെച്ച് ഉപയോഗിക്കാവുന്നതാണ്. ചിത്രം വരച്ച് ആശയം ഉൾക്കൊള്ളിക്കുന്ന രീതിയിൽ ആയിരിക്കണം പോസ്റ്റർ രചിക്കേണ്ടത്.

## 11. കലാമത്സരം - ഒക്ടോബർ 31

2015 ഒക്ടോബർ 31 അതിരൂപതാ കലാമത്സരം തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന പള്ളിയിൽവച്ച് രാവിലെ 9.30 മുതൽ നടക്കുന്നു. വിജയികൾക്ക് സംസ്ഥാനകലോത്സവത്തിൽ പങ്കെടുക്കാൻ അവസരമുണ്ടായിരിക്കും.

### കലാമത്സരം

### മത്സരയിനങ്ങളും നിബന്ധനകളും

* പ്രസംഗം - 5 മിനിറ്റ്. ഭാഷ - മലയാളം, 5 മിനിറ്റ് മുമ്പ് വിഷയം നൽകപ്പെടും.
* ലളിതഗാനം - 5 മിനിറ്റ്, ക്രിസ്തീയ ഭക്തിഗാനങ്ങൾ ആയിരിക്കണം. ഹമ്മിംഗ് പാടാവുന്നതാണ്. സ്വരങ്ങൾ പാടില്ല. പല്ലവിയും അനുപല്ലവിയും പാടിയതിനുശേഷം വീണ്ടും പല്ലവിപാടി നിർത്തുക. (യുവാവ്, യുവതി)
* സംഘഗാനം - 7 മിനിറ്റ്. അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയുകയോ 7 പേരിൽ കൂടുകയോ ചെയ്യരുത്. സംഗീത ഉപകരണങ്ങൾ പാടില്ല. ക്രിസ്തീയ ഗാനങ്ങൾ ആയിരിക്കണം. സിനിമാഗാനം, ക്ലാസിക്കൽ ഗാനങ്ങൾ എന്നിവ അനുവദനീയമല്ല. സ്വരങ്ങൾ പാടാവുന്നതാണ്.
* ക്വിസ്സ് - ഒരു ടീമിൽ 3 അംഗങ്ങൾ വരെയാകാം. ചോദ്യങ്ങളുടെ അനുപാതം ബൈബിൾ (സംഖ്യ 1-10, സുഭാഷിതങ്ങൾ 1-9, യോഹന്നാൻ 1-12, യൂദാസിന്റെ ലേഖനം), കെ.സി.വൈ.എം. ചരിത്രം, ദർശനം, പ്രവർത്തനശൈലി, പ്രവർത്തനങ്ങൾ.
* കെ.സി.വൈ.എം ആന്തം - അംഗങ്ങളുടെ എണ്ണം 3 പേരിൽ കുറയാനോ 7 പേരിൽ കൂടാനോ പാടില്ല. ഒരാൾ കെ.സി.വൈ.എം.ന്റെ പതാക ഏന്തണം. മാർച്ചിംഗ് ട്യൂൺ ആണ് ആലപിക്കേണ്ടത്. ആന്തം ആലാപനത്തിനാണ് പ്രാധാന്യം. ആന്തം സി.ഡി. അതിരൂപതാ ഓഫീസിൽ ലഭ്യമാണ്.
* മിമിക്രി - 5 മിനിറ്റ്, ധാർമ്മികമൂല്യങ്ങൾക്ക് നിരക്കുന്ന രീതിയിലുള്ള അവതരണമായിരിക്കും. ആക്ഷേപങ്ങളും അപഹാസ്യമായ പരാമർശങ്ങളും ഒഴിവാക്കണം.
* മോണോആക്ട് - 5 മിനിറ്റ്, ഒരു സംഭവമോ, കഥയോ അവതരിപ്പിച്ച് എല്ലാകഥാപാത്രങ്ങളെയും രൂപത്തിലും ഭാവത്തിലും ശബ്ദത്തിലും അനുകരിക്കുക. ആക്ഷേപങ്ങളും അപഹാസ്യമായ പരാമർശങ്ങളും ഒഴിവാക്കണം.

### മത്സര നിർദ്ദേശങ്ങൾ

* മത്സരാർത്ഥികൾ നിർബന്ധമായും അംഗത്വകാർഡ് ഉപയോഗിക്കേണ്ടതാണ്. അംഗത്വകാർഡ് അതിരൂപതാ ഓഫീസിൽനിന്നും എടുക്കേണ്ട അവസാന തീയതി ഒക്ടോബർ 31.
* ഗ്രൂപ്പിനത്തിൽ ഒരു ഫൊറോനയിൽ നിന്നും ഒരിനത്തിൽ ഒരു ടീമിനെ മാത്രമേ പങ്കെടുപ്പിക്കാവൂ. വ്യക്തിഗത ഇനത്തിൽ ഒരു ഫൊറോനയിൽ നിന്നും രണ്ടുപേർക്ക് പങ്കെടുക്കാം.
* വ്യക്തിഗത ഇനത്തിൽ ഒരാൾക്ക് പരമാവധി 3 കലാമത്സരങ്ങൾക്കും 3 രചനാ മത്സരങ്ങൾക്കും 2 ഗ്രൂപ്പിനത്തിലും പങ്കെടുക്കാൻ അനുവാദമുണ്ട്.
* രജിസ്ട്രേഷൻ ഫീസ് ഓരോ ഇനത്തിലും പ്രത്യേകം നൽകണം. സാഹിത്യമത്സരത്തിന് 40 രൂപയും കലാമത്സരം വ്യക്തിഗത ഇനത്തിന് 50 രൂപയും ഗ്രൂപ്പിനത്തിന് 120 രൂപയും രജിസ്ട്രേഷൻ ഫീസ് നല്കണം.
* ഓരോ ഫൊറോനയ്ക്കും ഒരു ടീം മാനേജർ ഉണ്ടായിരിക്കണം (ഫൊറോന പ്രസിഡന്റുമാർ ടീം മാനേജർ ആയിരിക്കില്ല). ഈ ടീം മാനേജർ മാത്രമേ വിവിധ ആവശ്യങ്ങൾക്കുവേണ്ടി ഓഫീസുമായി ബന്ധപ്പെടാവൂ.
* മത്സരങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ പോയിന്റ് നൽകുന്നതാണ്. ഗ്രൂപ്പ്, സിങ്കിൾ മത്സരത്തിൽ എ ഗ്രേഡ് - 5 പോയിന്റ്, ബി ഗ്രേഡ് - 3

പോയിന്റ്, സി ഗ്രേഡ് – 1 പോയിന്റ്. സംഘമത്സരങ്ങൾക്ക് ഒന്നാം സ്ഥാനം – 10 പോയിന്റ്, രണ്ടാം സ്ഥാനം – 5 പോയിന്റ്, മൂന്നാം സ്ഥാനം – 3 പോയിന്റ്. കൂടാതെ വ്യക്തിഗത ഇനത്തിന് ഒന്നാം സ്ഥാനം 5 പോയിന്റ്, രണ്ടാം സ്ഥാനം 3 പോയിന്റ്, മൂന്നാം സ്ഥാനം 1 പോയിന്റ്.

* മത്സരത്തെ സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ആ മത്സരം അവസാനിച്ച് അര മണിക്കൂറിനുള്ളിൽ 1000 രൂപ കെട്ടിവച്ച് അപ്പീൽ സമിതിക്ക് ടീം മാനേജർ വഴി മാത്രം പരാതി നൽകാവുന്നതാണ്. പരാതി ന്യായമാണെന്നു ബോധ്യപ്പെട്ടാൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.
* അതിരൂപതയിൽ സ്ഥിര – താൽക്കാലിക അംഗത്വലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് മാത്രമേ മൽസരങ്ങളിൽ പങ്കെടുക്കുവാൻ പാടുള്ളൂ.
* രജിസ്റ്റർ ചെയ്തിട്ട് മത്സരത്തിൽ പങ്കെടുക്കാത്തവർ ഫീസ് തുകയുടെ ഇരട്ടി നല്കേണ്ടതാണ്.

**പൊതുനിർദ്ദേശങ്ങൾ**

* കെ.സി.വൈ.എം അംഗത്തിന് 15 വയസ്സിൽ കുറവോ 35 വയസ്സിൽ കൂടുതലോ പ്രായം ഉണ്ടെന്ന് തെളിഞ്ഞാൽ അയാൾ നേടിയ വിജയം അസാധുവായിരിക്കും.
* കലാ സാഹിത്യമത്സരങ്ങൾ ക്രൈസ്തവസന്ദേശം നൽകുന്നവയായിരിക്കണം. മത്സര നടത്തിപ്പും ഫലപ്രഖ്യപനവും അതാത് സമിതികളുടെ ഉത്തരവാദിത്വമാണ്. (അതാത് തലങ്ങളിലെ ഡയറക്ടർ, പ്രസിഡന്റ്, ആനിമേറ്റർ എന്നിവർ അടങ്ങുന്നതാണ് പ്രശ്നപരിഹാരസമിതി). അതിരൂപതാ മത്സരങ്ങളിൽ നിശ്ചിതശതമാനം മാർക്ക് ലഭിക്കാത്ത ടീമുകളെ സംസ്ഥാന മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതല്ല.
* പിന്നണിയിൽ പ്രവർത്തിക്കുന്നവരും കെ.സി.വൈ.എം. അംഗങ്ങളായിരിക്കണം. ബഹു. ഡയറക്ടർ അച്ചന്മാരും സിസ്റ്റേഴ്സും ആനിമേറ്റേഴ്സും പിന്നണിയിൽ പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ മേക്കപ്പിനും കർട്ടൻ ക്രമീകരണത്തിനും സഹായിക്കാവുന്നതാണ്.
* മൂന്ന് ടീം ഇല്ലാതെ വന്നാൽ ആ ഇനത്തിൽ മത്സരങ്ങൾ നടത്തുന്നതല്ല.
* അതിരൂപതയിൽ സമ്മാനാർഹരാകുന്നവരെ സംസ്ഥാന കലോത്സവത്തിൽ പങ്കെടുപ്പിക്കാൻ ഫൊറോന ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

## 12. ത്രില്ലേഴ്സ് കപ്പ് (Thrillers Cup) 2015

മേരിഗിരി ഫൊറോനയിലെ കെ.സി.വൈ.എം. യുവജന കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ഓണാഘോഷത്തോടനുബന്ധിച്ച് ത്രില്ലേഴ്സ് കപ്പ് ക്രിക്കറ്റ് ടൂർണമെന്റ് പെരുമ്പടവ് സെന്റ് ജോസഫ് സ്റ്റേഡിയത്തിൽവച്ച് നടന്നു. ഫൊറോനയിലെ വിവിധ ശാഖകളിൽനിന്നായി 100-ഓളം യുവജനങ്ങൾ പങ്കെടുത്ത് ടൂർണമെന്റ് വൻവിജയമാക്കി. പെരുമ്പടവ് വികാരി ഫാ. ജോസഫ് പുതിയകുന്നേൽ ഉദ്ഘാടനം നിർവ്വഹിച്ചു. മുൻ ഡയറക്ടർ ബഹു. ജോസഫ് പൊട്ടനാനി അച്ചൻ ആശംസകളറിയിച്ചു. വാശിയേറിയ മത്സരത്തിൽ മേരിഗിരി ലിറ്റിൽഫ്ളവർ കെ.സി.വൈ.എം. ചാമ്പ്യന്മാരായി. പെരുമ്പടവ് അസി. വികാരി സെബാസ്റ്റ്യൻ ചാത്തമ്പടത്തിൽ അച്ചൻ ട്രോഫികൾ വിതരണം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. തോമസ് വാളിപ്ലാക്കൽ ടൂർണമെന്റിൽ പങ്കെടുത്ത എല്ലാ ടീം അംഗങ്ങളെയും അഭിനന്ദിക്കുകയും നന്ദിയും ആശംസകളും നേരുകയും ചെയ്തു. ത്രില്ലേഴ്സ് കപ്പ് ടൂർണമെന്റിലൂടെ കെ.സി.വൈ.എം. കൂട്ടായ്മ വർദ്ധിപ്പിക്കുകയും ചാമ്പ്യൻഷിപ്പ് നേടിയെടുക്കുകയും ചെയ്ത മേരിഗിരി ഫൊറോനയിലെ ഡയറക്ടർ ഫാ. തോമസ് വാളിപ്ലാക്കൽ അച്ചനും യുവജനപ്രേഷിതർക്കും കെ.സി.വൈ.എം. തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## 13. വടംവലി മത്സരം

കെ.സി.വൈ.എം. ബെഡൂർ ശാഖ (തോമാപുരം മേഖല) സംഘടിപ്പിക്കുന്ന കണ്ണൂർ, കാസർഗോഡ് ജില്ലാ വടംവലി മത്സരം 2015 ഒക്ടോബർ 18 ഞായർ 3 മണിക്ക്.

1-ാം സമ്മാനം – 15001/ രൂപയും മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി മെമ്മോറിയൽ ട്രോഫിയും
2-ാം സമ്മാനം – 10001/ രൂപയും ട്രോഫിയും
3-ാം സമ്മാനം – 7001/ രൂപയും ട്രോഫിയും
4-ാം സമ്മാനം – 4001/ രൂപയും ട്രോഫിയും

കോർട്ടറിൽ എത്തുന്ന ടീമുകൾക്ക് 1500 വീതം.
തൂക്കം 450+5 (7പേർ) റജി. ഫീ. 1000/
Contact No. : 9497057677 (ഫാ. ഷിനോജ് തുണ്ടത്തിൽ)

*"ഹൃദയങ്ങളിലും ഭവനങ്ങളിലും ദേശത്തും സമാധാനം ആഗ്രഹിക്കുന്നെങ്കിൽ സന്ധ്യയ്ക്ക് ജപമാലയ്ക്കായി ഭവനങ്ങളിൽ ഒന്നിക്കുക".*
പയസ് പതിനൊന്നാമൻ പാപ്പ

സസ്നേഹം,

**ഫാ. ജോർജ് കരിങ്ങാലിക്കാട്ടിൽ**
യുവജന ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

**1. എം. ജി. സി. 2015**

| മാസം | പേരാവൂർ | പടന്നക്കാട് | സന്ദേശഭവൻ |
|---|---|---|---|
| ഒക്ടോബർ | 06-08 | Nil | 27-29 |
| നവംബർ | 17-19 | 10-12 | 24-26 |
| ഡിസംബർ | 01-03 | 15-17, 21-23 | |

## MGC - 2016

| MONTH | PERAVOOR | PADANNAKKAD | SANDESABHAVAN |
|---|---|---|---|
| January | 05 – 07 (TU–TH) | 19 – 21 (TU–TH) | 26 – 28 (TU–TH) |
| February | 02 – 04 (TU–TH) | 16 – 18 (TU–TH) | 23 – 25 (TU–TH) |
| March | 08 – 10 (TU–TH) | 15 – 17 (TU–TH) | Nil |
| April | 04 – 06 (M–W) | 12 – 14 (TU–TH), 26 – 28 (TU–TH) | Nil |
| May | 02 – 04 (M-W) 23 – 25 (M-W) | 17 – 19 (TU–TH) | Nil |
| June | Nil | 14 – 16 (TU–TH) | 21 – 23 (TU–TH) |
| July | 05 – 07 (TU–TH) | Nil | 19 – 21 (TU–TH) |
| August | 02 – 04 (TU–TH) | Nil | 16 – 18 (TU–TH) |
| September | Nil | 05 – 07 (M–W) | 27 – 29 (TU–TH) |
| October | 04 – 06 (TU–TH) | Nil | 25 – 27 (TU–TH) |
| November | 01 – 03 (TU–TH) | 08 – 10 (TU–TH) | 22 – 24 (TU–TH) |
| December | 13 – 15 (TU–TH) | 20 – 22 (TU–TH) | 06 – 08 (TU–TH) |

**1.** എം.ജി.സി നിലവിൽ 3 ദിവസത്തേക്കാണ്. കോഴ്സിൽ പൂർണ്ണമായി പങ്കെടുക്കുന്നവർക്കാണ് സർട്ടിഫിക്കറ്റ് ലഭിക്കുക. താമസിച്ച് വരുന്നതിനും നേരത്തേ പോകുന്നതിനും ബഹു. വികാരിയച്ചന്മാർ പ്രോത്സാഹിപ്പിക്കുകയോ അതിനായി ശിപാർശകത്തുകൊടുക്കുകയോ ചെയ്യരുതേ.

For details please contact : Ph: 0490-2343414, Mob: 9400206974

**2.** കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ 300 രൂപ മുൻകൂർ അടച്ച് (ബാങ്ക് ട്രാൻസ്ഫർ മണി ഓർഡർ/സെന്ററുകളിൽ നേരിട്ടുള്ള രജിസ്ട്രേഷൻ) പേര് രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. അഡ്വാൻസ് അടച്ചതിനുശേഷം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിലേക്ക് വിളിച്ചറിയിക്കുന്ന കാര്യം അവരെ ഓർമ്മിപ്പിക്കുമല്ലോ. സീറ്റ് ഉണ്ട് എന്ന് ഉറപ്പുവരുത്തിയതിനുശേഷം ബുക്ക് ചെയ്താൽ മതിയാവുന്നതാണ്.

Account No: Director, Family Apostolate
South Indian Bank, Thalassery
A/c No. 0078053000073775
IFSE - SIBL 0000078

**3.** വിവാഹ കോഴ്സിൽ പങ്കെടുക്കുവാൻ വരുന്നവർക്ക് ഇടവകാവികാരിയുടെ കത്ത് നിർബന്ധമാണല്ലോ. അവരുടെ ബയോഡാറ്റ അടക്കമുള്ള കാര്യങ്ങൾ സൂചിപ്പിക്കുന്ന ഒരു എം.ജി.സി. രജിസ്ട്രേഷൻ ഫോറം രൂപതാതലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഏപ്രിൽ മാസത്തിലെ മാസധ്യാനത്തിൽ എല്ലാ ഇടവകകൾക്കും ലഭ്യമാകത്തക്ക രീതിയിൽ 30 ഫോറങ്ങൾ അടങ്ങുന്ന ഓരോ ബുക്ക് ഫൊറോനാ വികാരിയച്ചന്മാരുടെ കൈവശം കൊടുത്തിട്ടുണ്ട്. ഇനിമുതലുള്ള എം.ജി.സികളിൽ ഈ ഫോറം പൂരിപ്പിച്ച് അതിലാണ് വികാരിയച്ചന്മാർ ശിപാർശകത്ത് രേഖപ്പെടുത്തേണ്ടത്. കൂടുതൽ ഫോറങ്ങൾ ആവശ്യമുള്ളവർക്ക് അതിരൂപതാ ഓഫീസിൽനിന്നും ലഭിക്കും. വില 20 രൂപ.

## 2. മാതൃവേദി

**1. ജ്വാല - മാതൃവേദി പ്രതിനിധി സമ്മേളനങ്ങൾ**

| തീയതി | മേഖല | പങ്കെടുക്കേണ്ടവർ | സമയം |
|---|---|---|---|
| സെപ്റ്റം. 26 | വായാട്ടുപറമ്പ് | മേഖല,യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 - 2.00 |
| ഒക്ടോ. 17 | പൈസക്കരി | മേഖല,യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 - 2.00 |
| ഒക്ടോ. 24 | ചെമ്പന്തൊട്ടി | മേഖല,യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 - 2.00 |
| നവംബർ 7 | കാഞ്ഞങ്ങാട് | മേഖല,യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 - 2.00 |
| ഡിസം. 5 | പനത്തടി | മേഖല,യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 - 2.00 |
| ഡിസം. 19 | തോമാപുരം | മേഖല,യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 - 2.00 |
| ഫെബ്രു. 13 | ചെറുപുഴ | മേഖല,യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 - 2.00 |
| ഫെബ്രു. 20 | വെള്ളരിക്കുണ്ട് | മേഖല,യൂണിറ്റ് ആനിമേറ്റേഴ്സ് ഭാരവാഹികൾ | 9.30 - 2.00 |

## 2. ക്ലാസുകൾ, സെമിനാറുകൾ

നിർമ്മലഗിരി, കാലിച്ചാനടുക്കം, പാടിച്ചാൽ, നടുവിൽ, കൊളക്കാട് എന്നീ ഇടവകകളിൽ ഫാ. അബ്രാഹം പുതുശ്ശേരിയുടെ നേതൃത്വത്തിൽ മാതൃവേദി അംഗങ്ങൾക്കുവേണ്ടി ക്ലാസുകൾ നടത്തി.

## 3. അതിരൂപതാ ബൈബിൾ ക്വിസ് - ബിബ്ലിയ 2015 - മത്സരവിജയികൾ

2015 വർഷത്തെ ബൈബിൾ ക്വിസ് മത്സരം തലശ്ശേരി സന്ദേശഭവനിൽവച്ച് ഓഗസ്റ്റ് 22-ാം തീയതി ശനിയാഴ്ച നടന്നു. മത്സരത്തിൽ നെല്ലിക്കാംപൊയിൽ മേഖല മണിക്കടവ് യൂണിറ്റിലെ ത്രേസ്യാമ്മ നരിമറ്റത്തിൽ (95 മാർക്ക്) ഒന്നാം സ്ഥാനവും, ചെമ്പന്തൊട്ടി മേഖലയിലെ ചെമ്പന്തൊട്ടി യൂണിറ്റ് അംഗം ജെസ്സി രാജു കുന്നത്ത് (94 മാർക്ക്) രണ്ടാം സ്ഥാനവും, ആലക്കോട് മേഖലയിലെ ആലക്കോട് യൂണിറ്റ് അംഗം ലൗലി ആലംപറമ്പിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

## 4. സമ്പൂർണ്ണ മാതൃവേദി

സെപ്റ്റംബർ 13-ാം തീയതി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. അബ്രാഹം പുതുശ്ശേരിയുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ സമ്പൂർണ്ണ മാതൃവേദി ഇടവകയായി ബെഡൂർ ഇടവകയെ പ്രഖ്യാപിക്കുകയും അമ്മമാർക്കായി ദിവ്യബലിയർപ്പിക്കുകയും ക്ലാസെടുക്കുകയും ചെയ്തു. ഇടവക വികാരി ഫാ. ജോസഫ് തുണ്ടത്തിൽ, ആനിമേറ്റർ സിസ്റ്റർ, മാതൃവേദി അംഗങ്ങൾ എന്നിവർ ഇതിൽ പങ്കുകൊണ്ടു. ബഹു. വികാരിയച്ചനും മാതൃവേദി അംഗങ്ങൾക്കും ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അഭിനന്ദനങ്ങൾ.

## 5. ജ്വാല - മേരിഗിരി മേഖല

മേരിഗിരി മേഖലയുടെ ജ്വാല പ്രോഗ്രാം ആഗസ്റ്റ് 29 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെ കോടോപ്പള്ളി സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ വച്ച് നടന്നു. കോടോപ്പള്ളി മാതൃവേദി യൂണിറ്റ് പ്രസിഡണ്ട് ശ്രീമതി ഡെയ്സി കോതപ്പുഴ സ്വാഗതമാശംസിച്ച ചടങ്ങിൽ മാതൃവേദി മേരിഗിരി മേഖല പ്രസിഡണ്ട് ശ്രീമതി ഫിലോമിന ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. മേരിഗിരി ഫൊറോന വികാരി ഫാ. ജോസഫ് കളരിക്കൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മാതൃവേദി മേരിഗിരി മേഖല ഡയറക്ടർ ഫാ. മാത്യു പയ്യനാട്ട്, തലശ്ശേരി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി. ലിയ റോസ് സി.എച്ച്.എഫ്, റീജന്റ് ബ്രദർ എയ്ഷൽ ആനക്കല്ലിൽ, മാതൃവേദി മേരിഗിരി ആനിമേറ്റർ സി. ഷീന എസ്.എസ്.എസ് എന്നിവർ ആശംസകളർപ്പിച്ചു. മേരിഗിരി മേഖല മാതൃവേദി സെക്രട്ടറി ശ്രീമതി ലിസ്സി സാജൻ മാതൃവേദി പ്രവർത്തന വർഷ റിപ്പോർട്ട് അവതരിപ്പിച്ചു. മാതൃവേദി മേരിഗിരി മേഖല ജോ. സെക്രട്ടറി ശ്രീമതി മേരി വടക്കേക്കര എല്ലാവർക്കും നന്ദിയർപ്പിച്ചു. പാത്തൻപാറ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ബെന്നി പുത്തൻനട ക്ലാസിന് നേതൃത്വം നൽകി. ശ്രീമതി ഫിലോമിന ജോർജ്ജ് ഏവർക്കും പ്രത്യേകിച്ച് ക്ലാസെടുത്ത ബെന്നിസാറിനും നന്ദിയർപ്പിച്ച് സംസാരിച്ചു.

## 6. ജ്വാല - കുന്നോത്ത് മേഖല

കുന്നോത്ത് മേഖലയുടെ ജ്വാല പ്രോഗ്രാം സെപ്റ്റംബർ 12 രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 2 മണി വരെ കിളിയന്തറ സെന്റ് മേരീസ് ദേവാലയിത്തിൽവച്ച് നടന്നു. ഈശ്വരപ്രാർത്ഥനയോടുകൂടി ആരംഭിച്ച ചടങ്ങിൽ മാതൃവേദി മേഖല ആനിമേറ്റർ സി. തെയോഫിൻ എഫ്.സി.സി. സ്വാഗതമാശംസിച്ചു. മാതൃവേദിയുടെ കുന്നോത്ത് മേഖല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വാഴകാട്ട് അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ ഫൊറോന വികാരി ഫാ. മാത്യു പൊട്ടംപ്ലാക്കൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ഫാ. അബ്രാഹം പുതുശ്ശേരി, സി. ലിയ റോസ് സി.എച്ച്.എഫ്, ഫാ. തോമസ് എടാട്ട് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. മാതൃവേദി കുന്നോത്ത് മേഖല ട്രഷറർ ശ്രീമതി രാജി കാരക്കാട്ട് കഴിഞ്ഞ വർഷത്തെ മാതൃവേദിയുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. മാതൃവേദി മേഖല വൈസ് പ്രസിഡണ്ട് ശ്രീമതി സെലീനാമ്മ കൊട്ടാരത്തിൽ ഏവർക്കും നന്ദിയർപ്പിച്ചു. ഫാ. അബ്രാഹം പുതുശ്ശേരി, സി. ലിയ റോസ് സി.എച്ച്.എഫ്. എന്നിവർ ക്ലാസിന് നേതൃത്വം നൽകി.

## 7. അതിരൂപതാ മാതൃവേദി കലാ-സാഹിത്യമത്സരങ്ങൾ

അതിരൂപതാ രചനാമത്സരങ്ങൾ നവംബർ 14ന് വിവിധ റീജനുകളിലും, കലാമത്സരങ്ങൾ നവംബർ 21, 28 തീയതികളിലായി ആലക്കോട് മേരിമാതാ കോളേജിലുംവച്ച് നടത്തപ്പെടുന്നു. ഒക്ടോബർ 30-ാം തീയതിക്ക് മുമ്പായി മേഖലാ മത്സരവിജയികളുടെ പേരുകൾ ഡയറക്ടേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും ഒപ്പോടുകൂടി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കണേ. ഇതിനുള്ള ഫോറങ്ങൾ ബഹു. മേഖലാ ഡയറക്ടറച്ചന്മാരുടെ പേരിൽ മേഖലകളിലേക്ക് അയച്ചിട്ടുണ്ട്. മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിന് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 2 വിഭാഗങ്ങളിലായി തിരിച്ചാണ് ഈ വർഷം മത്സരങ്ങൾ നടക്കുക. മത്സരങ്ങൾക്ക് അംഗത്വ കാർഡുകൾ മേഖലയിലും നിർബന്ധമാണ്.

**8. ആനിമേറ്റേഴ്സ് മീറ്റ് - Skill Training Programme കിളിയന്തറ**

മാതൃവേദി യൂണിറ്റ് മേഖലാ ആനിമേറ്റർക്കായി റീജനൽ തലത്തിൽ നടത്തപ്പെടുന്ന Group Skill Training Programme-ന്റെ ഭാഗമായി കുന്നോത്ത്, എടൂർ, പേരാവൂർ, നെല്ലിക്കാംപൊയിൽ എന്നീ റീജനുകൾക്കായി സെപ്റ്റംബർ 12-ാം തീയതി കിളിയന്തറ സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് രാവിലെ 10 മണി മുതൽ 2 മണി വരെ നടന്നു. ഫാ. സെബാസ്റ്റ്യൻ വാഴകാട്ട് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഫാ. മാത്യു പൊട്ടംപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് എടാട്ട് ട്രെയിനിംഗ് പ്രോഗ്രാം നയിച്ചു.

**9. ആനിമേറ്റേഴ്സ് മീറ്റ് - Skill Training Programme**

ഈ വർഷം മാതൃവേദിയുടെ യൂണിറ്റ്, മേഖലാ ആനിമേറ്റർമാർക്കായി റീജനൽ തലത്തിൽ ഒരു Group Skill Training Programme ഒരുക്കുന്നു. റീജനുകളും തീയതിയും താഴെ ചേർക്കുന്നു. ഇടവകയിൽ സംഘടനാ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ഈ പരിശീലനം സഹായിക്കും. ബഹു. ആനിമേറ്റർ സിസ്റ്റർമാർ ഈ അവസരം പ്രയോജനപ്പെടുത്തുമല്ലോ.

| **തീയതി** | **സ്ഥലം** | **റീജനുകൾ** |
|---|---|---|
| നവംബർ 7 | കാഞ്ഞങ്ങാട് | കാഞ്ഞങ്ങാട്, പനത്തടി |
| ഡിസംബർ 19 | തോമാപുരം | തോമാപുരം, വെള്ളരിക്കുണ്ട്, ചെറുപുഴ |

**10. നന്ദി**

തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ചെമ്പേരി മേഖല ഡയറക്ടറായി സേവനം ചെയ്ത ഫാ. ജേക്കബ് പുളിക്കക്കുന്നേലിന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നന്ദി അറിയിക്കുന്നതോടൊപ്പം പുതിയ പ്രവർത്തന മേഖലകളിൽ ദൈവാനുഗ്രഹം സമൃദ്ധമായി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**11. സ്വാഗതം**

ഈ പ്രവർത്തന വർഷത്തിൽ അതിരൂപതാ കുടുംബ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്താൻ ചെമ്പേരി മേഖലയിൽ ചുമതല ഏറ്റെടുത്ത ഫാ. കുര്യാക്കോസ് കളരിക്കലച്ചന് സ്വാഗതം ആശംസിക്കുന്നു.

**12. സാന്ത്വനത്തെ സഹായിക്കാം**

അതിരൂപതാ മാതൃവേദി ജനറൽ ബോഡിയുടെ തീരുമാനപ്രകാരം സെപ്റ്റംബർ 8 ന് പരി. അമ്മയുടെ പിറവിത്തിരുനാളിനോടനുബന്ധിച്ച് നടത്തിയ സമർപ്പണത്തിൽനിന്നും ചെമ്പേരിയിലെ സാന്ത്വനത്തെ സഹായിക്കാൻ മാതൃവേദി യൂണിറ്റുകൾ നീക്കി വച്ചിരിക്കുന്ന തുക മേഖലയിലും, മേഖല ഒക്ടോബർ 15 ന് മുമ്പായി രൂപതയിലും എത്തിച്ചു തരാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**3. ഹോംമിഷൻ റിഫ്രഷർ പ്രോഗ്രാം**

തലശ്ശേരി അതിരൂപതയിൽ ഹോം മിഷൻ രംഗത്ത് പ്രവർത്തിക്കുന്നവരും രൂപതയിൽനിന്നും നടത്തിയ ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തവരുമായ സിസ്റ്റേഴ്സിനായി ഒക്ടോബർ 3-ാം തീയതി രാവിലെ 10 മണി മുതൽ വൈകിട്ട് 3.30 വരെ ഒരു റിഫ്രഷർ പ്രോഗ്രാം തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. താല്പര്യപൂർവ്വം ഈ പ്രോഗ്രാമിൽ പങ്കുകൊള്ളുമല്ലോ. പങ്കെടുക്കുന്നവർ സെപ്റ്റംബർ 28 ന് മുമ്പായി ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ 9400206974 എന്ന നമ്പറിൽ വിളിച്ചറിയിക്കാൻ ശ്രദ്ധിക്കണേ.

**ഫാ. അബ്രാഹം പുതുശ്ശേരി**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ പ്രതിഷേധ സംഗമം

അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കാത്തതിനെതിരെയും, പൊതു വിദ്യാഭ്യാസ രംഗത്തെ വികലനയങ്ങൾക്കെതിരെയും കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ 21-09-2015 തിങ്കളാഴ്ച കണ്ണൂർ അമാനി ഓഡിറ്റോറിയത്തിൽ  പ്രതിഷേധ സംഗമം സംഘടിപ്പിച്ചു. തലശ്ശേരി, കണ്ണൂർ, കോട്ടയം കോർപ്പറേറ്റ് മാനേജുമെന്റുകളിലെ കാത്തലിക് ടീച്ചേഴ്സ് ഗിൽഡാണ് സമ്മേളനത്തിന് നേതൃത്വം നൽകിയത്.

തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ് ഞറളക്കാട്ട് പിതാവാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. വർഷങ്ങളായി ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അധ്യാപകരുടെയും അനധ്യാപകരുടെയും  പ്രശ്നങ്ങൾ പരിഹരിക്കാൻ തയാറാകുന്നില്ലെങ്കിൽ ശക്തമായ സമരമല്ലാതെ മറ്റു മാർഗമില്ലെന്ന് ആർച്ച് ബിഷപ് മാർ ജോർജ്ജ് ഞറളക്കാട്ട് ഓർമ്മിച്ചിപ്പു. എം.എൽ.എമാരുടെയോ എം.പിമാരുടെയോ ശമ്പളം ഒരു മാസം നൽകാതിരുന്നാൽ അവർ ഉണ്ടാക്കാനിടയുള്ള ബഹളം പ്രവചനാതീതമായിരിക്കും. എന്നാൽ ഈ ജനപ്രതിനിധികൾ വിദ്യാഭ്യാസ മേഖലയിലുള്ളവരുടെ പ്രശ്നങ്ങൾ കണ്ടില്ലെന്നു നടിക്കുകയാണ്. ഇത് ഖേദകരമാണ്.

സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഏറെ മുന്നിൽ നിൽക്കുന്നുവെന്ന് അവകാശപ്പെടുന്ന കേരളത്തിൽ വിദ്യാഭ്യാസ മേഖല നിലവിൽ കലുഷിതമാണ്. സമരങ്ങൾ കാരണം വിദ്യാഭ്യാസ ദിനങ്ങൾ നഷ്ടപ്പെടുന്നതിനൊപ്പം തെറ്റായ നയങ്ങൾ മൂലം കുട്ടികൾക്കു പഠിക്കാനുള്ള അവകാശങ്ങൾ ഹനിക്കപ്പെടുന്നു. സ്കൂൾ തുറന്നിട്ട് ഇത്രയും കാലമായിട്ടും ഫിക്സേഷൻ നടപടികൾ പോലും നടന്നിട്ടില്ലായെന്നത് ഗൗരവമായി കാണേണ്ട വിഷയമാണ്. വിദ്യാഭ്യാസ മേഖലയുടെ പോക്ക് എങ്ങോട്ടാണെന്ന് ഭരണാധികാരികൾ ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. സമരം കൂടാതെ ഒന്നും സാധ്യമാകില്ലായെന്ന സ്ഥിതിയാണിപ്പോൾ. ചർച്ചകളെ ഭരണാധികാരികൾ പ്രഹസനമാക്കി മാറ്റുന്ന സാഹചര്യത്തിൽ കൂട്ടായ്മയിൽ ഊന്നിയുള്ള ശക്തമായ സമരം മാത്രമാണ് മുന്നിലുള്ളത്. അഹിംസയിൽ ഉറച്ചുനിന്നുകൊണ്ട് അവകാശങ്ങൾ നേടിയെടുക്കുന്നതിന് ശക്തമായ സമരം നടത്താൻ നിർബന്ധിതരാകുകയാണ്. മൂന്നാറിൽ സ്ത്രീ തൊഴിലാളികൾ കക്ഷിരാഷ്ട്രീയത്തിനതീതമായും ഒരു രാഷ്ട്രീയപാർട്ടിയുടേയും സഹായം തേടാതെയും നടത്തിയ സമരം നമുക്കു മുന്നിൽ മാതൃകയായുണ്ട്. ആളുകളുടെ ക്ഷമയെ സർക്കാർ പരീക്ഷിക്കാനാണ് ഒരുങ്ങുന്നതെങ്കിൽ മൂന്നാറി



ലേതുപോലുള്ള സമരങ്ങൾക്കു കേരളം ഇനിയും സാക്ഷ്യം വഹിക്കും. ഈ വിഷയത്തിൽ യോജിക്കാവുന്ന സംഘടനകളുമായി ഒത്തുചേർന്ന് ഒറ്റക്കെട്ടായ സമരത്തിനിറങ്ങുമെന്നും ആർച്ച് ബിഷപ്പ് പറഞ്ഞു.

പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കാനുള്ള ബോധപൂർവമായ ശ്രമമാണ് സർക്കാർ നടത്തുന്നതെന്നു കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് പ്രതിഷേധസംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തിയ സംസ്ഥാന ഡയറക്ടർ ഫാ. ജേക്കബ് ജി. പാലക്കപ്പള്ളി പറഞ്ഞു.

കുട്ടികളുടെ വിദ്യാഭ്യാസ അവകാശങ്ങളെ നിഷേധിക്കുന്ന സർക്കാർ നിലപാടുകൾക്കുള്ള മറുപടിയായി വരാനിരിക്കുന്ന തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിനെ വിനിയോഗിക്കുന്നതിനെക്കുറിച്ച് രക്ഷിതാക്കൾ ആലോചിക്കേണ്ട അവസ്ഥയാണുള്ളതെന്ന് തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട് പറഞ്ഞു.

പ്രതിഷേധ സംഗമത്തിൽ ടീച്ചേഴ്സ് ഗിൽഡ് തലശ്ശേരി അതിരൂപത പ്രസിഡണ്ട് ഒ. മാത്യു അധ്യക്ഷത വഹിച്ചു.

സി. ടി. സജീവൻ പ്രമേയം അവതരിപ്പിച്ചു. കണ്ണൂർ രൂപത കോർപ്പറേറ്റ് മാനേജർ ഫാ. ക്ലാരൻസ് പാലിയത്ത്, ടീച്ചേഴ്സ് ഗിൽഡ് സെക്രട്ടറി ബെന്നി പുത്തൻനടയിൽ, സംസ്ഥാന പ്രസിഡന്റ് ജോഷി വടക്കൻ, പി.എം മാത്യു, ഇ.എം. ദേവസ്യ, സജി വരമ്പുങ്കൽ എന്നിവർ പ്രസംഗിച്ചു. ബിജു. കെ.ജെ, മാത്യു ജെ. പുളിക്കൽ, ആന്റോ സി.എൽ, ജ്യോതിരാജ് തോമസ് എ, ജിജി ടി, ജെയിംസ് എം.ഡി., ബേബി എ.പി.,എന്നിവർ നേതൃത്വം നൽകി.

തലശ്ശേരി, കണ്ണൂർ, കോട്ടയം രൂപതകൾക്കു കീഴിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽനിന്നുള്ള രണ്ടായിരത്തോളം അധ്യാപകരും അനധ്യാപകരും രക്ഷിതാക്കളും സംഗമത്തിൽ പങ്കെടുത്തു.

## പ്രതിഷേധസംഗമം പാസ്സാക്കിയ പ്രമേയം

ആയിരക്കണക്കിന് അദ്ധ്യാപകരെ ദുരിതത്തിലാഴ്ത്തുന്ന പൊതുവിദ്യാഭ്യാസ രംഗത്തെ നയ വൈകല്യങ്ങൾക്കും ഭരണതലത്തിലെ ഉദാസീനതയ്ക്കുമെതിരെ ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുന്നു. കേരളത്തിലെ എയിഡഡ് സ്കൂളുകൾ ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു. നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകർ കടുത്ത നിരാശയിലും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലുമാണ്. വർഷങ്ങളായി നിയമനാംഗീകാരം ലഭിക്കാതെ എയിഡഡ് വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ പുറത്തിറക്കിയ ഉത്തരവ് (ജി.ഒ 213/2015) ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തതിലൂടെ  നിയമനം പാസ്സായി ശമ്പളം കിട്ടുമെന്ന അധ്യാപകരുടെ പ്രതീക്ഷകൾ വിഫലമായിരിക്കുന്നു. സർക്കാർ പുറത്തിറക്കിയ ഉത്തരവിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ നിയ

മനം അംഗീകരിക്കുന്നതിനും ശമ്പളം നൽകുന്നതിനുമുള്ള അടിയന്തര നടപടികൾ ചെയ്യണമെന്ന് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

1) പൊതുവിദ്യാലയങ്ങളിൽ ക്ലാസ്സ് അടിസ്ഥാനത്തിൽ വിദ്യാർത്ഥി കേന്ദ്രീകൃതമായി 1:30/1:35 അനുപാതക്രമം നടപ്പിലാക്കണം.
2) 2010ലെ അധ്യാപക പാക്കേജ് ഇറങ്ങാനിടയായ സാഹചര്യം പുതിയ ഉത്തരവിലൂടെ വീണ്ടും സംജാതമാകുന്നു. ജി.ഒ 199/2011 ഉം അനുബന്ധ ഉത്തരവുകളും പുതിയ ഉത്തരവിലൂടെ റദ്ദാക്കി. തത്ഫലമായി പാക്കേജിന് അനുബന്ധമായ ഉത്തരവിലൂടെ റദ്ദാക്കിയ ന്യൂനപക്ഷ എയിഡഡ് സ്കൂൾ വിരുദ്ധമായ പഴയപല ഉത്തരവുകളും പ്രാബല്യത്തിൽ വരുന്ന ദുരവസ്ഥയാണ് ഉണ്ടായിരിക്കുന്നത്. ഇത് പൊതുവിദ്യാലയങ്ങളെ വീണ്ടും പ്രതിസന്ധിയിലേക്ക് നയിക്കും. അതിനാൽ ജി.ഒ 199/2011 ഉം അനുബന്ധഉത്തരവുകളും റദ്ദാക്കുന്നു എന്നതീരുമാനം മാറ്റി ഭേദഗതി വരുത്തുന്നു എന്നാക്കുക.
3) 2015-16 അധ്യയന വർഷം മുതൽ എയിഡഡ് വിദ്യാലയങ്ങളിൽ അധ്യാപകനിയമത്തിന് സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന വ്യവസ്ഥ ഈ അക്കാദമിക് വർഷത്തെ നിയമനം നടന്ന് മാസങ്ങൾക്ക് ശേഷമാണ് ഉത്തരവാകുന്നത്. അപ്രായോഗികമായ ഈ തീരുമാനം റദ്ദാക്കി അദ്ധ്യയനവർഷത്തിന്റെ ആരംഭം മുതൽ കുട്ടികൾക്ക് അദ്ധ്യാപകനെ ലഭിക്കാനുള്ള അവകാശം നിലനിർത്തുക.
4) കുട്ടികളുടെ എണ്ണം കൂടുതൽ ഉള്ള വിദ്യാലയങ്ങളിൽ അധിക തസ്തിക അനുവദിക്കുക. ഈ തസ്തികകളിൽ നിയമിക്കപ്പെട്ട അധ്യാപകർക്ക് സംരക്ഷണമില്ല എന്ന തീരുമാനം പിൻവലിക്കണം.
5) നിയമനാംഗീകാരം നൽകുമ്പോൾ മുൻകാല ശമ്പളം 2020 വരെ പി.എഫിൽ നിക്ഷേപിക്കാനുള്ള തീരുമാനം റദ്ദ് ചെയ്യണം.
6) ആദ്യ അധ്യാപകപാക്കേജു പ്രകാരം 1/06/2011 മുതൽ മാത്രം നിയമനാംഗീകാരം ലഭിച്ച അധ്യാപക-അനധ്യാപകരുടെ മുൻ സേവന കാലഘട്ടത്തിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
7) മൂന്നു മാസത്തിലധികമുള്ള ലീവുകളിൽ മാത്രം പകരം അധ്യാപകരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കാമെന്ന തീരുമാനം മൂന്നുമാസക്കാലത്തോളം വിദ്യാർത്ഥികൾക്ക് അധ്യാപകനില്ലാത്ത അവസ്ഥ സൃഷ്ടിക്കുന്നു. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ അവകാശം ഇല്ലാതാക്കുന്ന ഈ തീരുമാനം റദ്ദ് ചെയ്യണം.
8) 2015-16 അധ്യയനവർഷം നിയമിതരായ അധ്യാപകർക്കും 1:30/1:35 ആനുകൂല്യം നൽകണം.
9) അൺ ഇക്കണോമിക് സ്കൂളുകളിൽ ദിവസ വേതനത്തിൽ നിയമിക്കപ്പെട്ടവർക്ക് ഉടൻ വേതനം നൽകണം.
10) വിദ്യാഭ്യാസ ഓഫീസുകൾ ഉത്തരവുകൾ നിഷേധാത്മകമായി വ്യാഖ്യാനിക്കാതിരിക്കാൻ ഉത്തരവുകളിൽ വ്യക്തത വരുത്തണം.
11) പൊതു വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ തകർക്കാതിരിക്കുക.
12) ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ തസ്തിക സ്വതന്ത്രമാക്കി പകരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അനുവാദം മാനേജ്മെന്റുകൾക്ക് നൽകണം.
13) 2014-15 അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ അനുവദിച്ച ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ തസ്തികനിർണ്ണയം ഉടൻ നടത്തുക. ഈ വിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് ദിവസവേതനം പോലും ലഭിക്കുന്നില്ല. ഇങ്ങനെയുള്ള നൂറുകണക്കിന് അദ്ധ്യാപകർക്ക് അടിയന്തിരമായി വേതനം നൽകണം.

കാലാകാലങ്ങളിൽ കൃത്യമായ രീതിയിൽ തസ്തിക നിർണ്ണയം നടത്തി അദ്ധ്യാപക സാന്നിദ്ധ്യം ഉറപ്പു വരുത്തേണ്ട സർക്കാർ അധികാരത്തിലേറിയ ഉടൻ പ്രഖ്യാപിച്ച നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി വാഗ്ദാനം ചെയ്ത അധ്യാപക പാക്കേജിൽ മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾക്കൂടി ഉൾപ്പെടുത്തി സത്വരമായ അനുകൂല തീരുമാനമെടുത്ത് എയിഡഡ് വിദ്യാലയങ്ങളെ സംരക്ഷിക്കണമെന്നും ശമ്പളം ലഭിക്കാത്ത നൂറുകണക്കിന് അധ്യാപകരുടെ സങ്കടങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നും ആവശ്യപ്പെടുന്നു.

## നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപക - അനധ്യാപകരുടെ സമ്മേളനം

കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ ആറു മേഖലകളിലായി നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരുടയും അനധ്യാപകരുടെയും സമ്മേളനം സംഘടിപ്പിച്ചു. സെപ്റ്റംബർ 11-ാം തീയതി വെള്ളിയാഴ്ച കരുവഞ്ചാൽ, തോമാപുരം എന്നീ മേഖലകളിലെ സമ്മേളനത്തിന് സെക്രട്ടറി ബെന്നി പുത്തൻനടയിൽ നേതൃത്വം നൽകി. 12-ാം തീയതി ശനിയാഴ്ച ചെമ്പേരി, ഉളിക്കൽ, എടൂർ, പേരാവൂർ എന്നീ മേഖലകളിൽ നടന്ന സമ്മേളനത്തിന് കോർപ്പറേറ്റ് മാനേജർ, ഗിൽഡ് പ്രസിഡണ്ട് ഒ. മാത്യു, മാത്യു ജോസഫ്, ബിജു കുറുമുട്ടം, ഇ.എം.ദേവസ്യ, എം.ഡി ജെയിംസ്, മാത്യു പുളിക്കൽ, ആന്റോ സി.എൽ., സജീവ് സി.ടി., ജിജി ടി., ബേബി എ. പി., ജ്യോതിരാജ് തോമസ്, പ്രധാന അധ്യാപകർ എന്നിവർ നേതൃത്വം നൽകി. നിയമനാംഗീകാരം ലഭിക്കാത്തവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധികൾക്ക് നിവേദനം നൽകാൻ സമ്മേ

ളനത്തിൽ തീരുമാനിച്ചു. അഭിവന്ദ്യ ജോർജ്ജ് ഞറളക്കാട്ട് പിതാവ്, മുഖ്യമ ന്ത്രി, ധനകാര്യമന്ത്രി, വിദ്യാഭ്യസമന്ത്രി, ഗ്രാമവികസന സാംസ്ക്കാരിക വകുപ്പ് മന്ത്രി എന്നിവർക്ക് നിയമനാംഗീകാരം ലഭിക്കാത്തവരുടെ പ്രശ്ന ങ്ങൾ ചൂണ്ടിക്കാണിച്ച് നിവേദനം അയച്ചു.

## പ്രധാന അധ്യാപകരുടെ സമ്മേളനങ്ങൾ

തോമാപുരം മേഖലയിലെ പ്രധാന അധ്യാപകരുടെ യോഗം സെപ്റ്റം ബർ 7-ാം തീയതി തോമാപുരം ഹൈസ്കൂളിൽ നടന്നു. സെപ്റ്റംബർ 8-ാം തീയതി ചെമ്പേരി, എടൂർ മേഖലകളിലെ പ്രധാന അധ്യാപകരുടെ സമ്മേ ളനം യഥാക്രമം ചെമ്പേരി, എടൂർ ഹൈസ്കൂളുകളിൽ നടന്നു. മൂന്നു റീജി യണുകളിലും സർക്കാർ ഉത്തരവുകളെയും സമകാലിക വിദ്യാഭ്യാസ മേഖ ലയിലെ പ്രശ്നങ്ങളെയും അടിസ്ഥാനമാക്കി കോർപ്പറേറ്റ് മാനേജർ ക്ലാസു കൾ നയിച്ചു.

സെപ്റ്റംബർ 10-ാം തീയതി തലശ്ശേരി സന്ദേശഭവനിൽ ഹയർസെ ക്കണ്ടറി പ്രിൻസിപ്പാൾമാരുടെ സമ്മേളനം സംഘടിപ്പിച്ചു. പ്ലസ് വൺ പ്രവേ ശനത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വ്യക്തത ലഭിക്കുന്നതിന് പത്താം ക്ലാസ് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാ ക്കൾക്കും ഏകജാലക പ്രവേശനത്തെക്കുറിച്ച് ഓറിയന്റേഷൻ ക്ലാസ് നൽകാൻ തീരുമാനിച്ചു. ഹയർസെക്കണ്ടറി രണ്ടാം വർഷവിദ്യാർത്ഥി കൾക്കും അവരുടെ മാതാപിതാക്കൾക്കും കരിയർ ഗൈഡൻസ് ക്ലാസുകൾ എല്ലാ ഹയർസെക്കണ്ടറികളിലും ക്രമീകരിക്കാൻ തീരുമാനിച്ചു

## പാലത്തുംകടവ് സ്കൂളിന് പുതിയ കെട്ടിടം വെഞ്ചരിച്ചു

പാലത്തുംകടവ് സെന്റ് ജോസഫ് എൽ.പി സ്കൂളിനു പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം അഭിവന്ദ്യ മാർ ജോർജ്ജ് ഞറ ളക്കാട്ട് പിതാവ് നിർവ്വഹിച്ചു. ഓഗസ്റ്റ് 31 തിങ്കളാഴ്ച രാവിലെ 10 മണിക്ക് വെഞ്ചരിപ്പിനെത്തുടർന്ന് സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് പുതിയ സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം പേരാവൂർ നിയോജക മണ്ഡലം എം.എൽ.എ. അഡ്വ. സണ്ണി ജോസഫ് അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ നിർവ ഹിച്ചു. കോർപ്പറേറ്റ് മാനേജർ, എ.ഇ.ഒ. ശ്രീ. മാത്യു ജോൺ, ഡി.പി.ഒ ശ്രീ. ജെയിംസ്, അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. രവി ഐക്കോടൻ, ഇടവക കോ-ഓർഡിനേറ്റർ ശ്രീ. ബാബു നരിമറ്റം, മുൻ ഹെഡ്മാസ്റ്റർ ശ്രീ. കെ.ജെ. ജോസഫ്, മദർ പി.ടി.എ. പ്രസിഡണ്ട് ശ്രീ. ലിൻസി ബിജോ എന്നി വർ പ്രസംഗിച്ചു. സ്കൂൾ മാനേജർ ഫാ. ജോർജ്ജ് കാരിക്കാത്തടത്തിൽ സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. ഹെഡ്മിസ്ട്രസ്സ് ശ്രീമതി ഷൈനി മാത്യു നന്ദി പറഞ്ഞു.



വളരെ മനോഹരമായ പുതിയ സ്കൂൾ കെട്ടിടനിർമ്മാണത്തിന് ആരംഭം കുറിച്ച് നേതൃത്വം നൽകിയ തോമസ് കരിന്തോളിൽ അച്ചനെയും ജോർജ്ജ് കാരിക്കാത്തടത്തിൽ അച്ചനെയും നന്ദിയോടെ സ്മരിക്കുന്നു. ഇട വക സമൂഹത്തിന്റെ കഠിനാദ്ധ്വാനത്തിന്റെയും സഹകരണത്തിന്റെയും സാക്ഷ്യമാണ് പുതിയ സ്കൂൾ കെട്ടിടം. കൈക്കാരന്മാർക്കും കമ്മിറ്റി ക്കാർക്കും പ്രത്യേകം നന്ദി പറയുന്നു.

## സഹപാഠിക്കൊരു ഭവനം പദ്ധതി പൂർത്തിയായി

ഉളിക്കൽ വയത്തൂർ യു.പി. സ്കൂളിലെ VI-ാം ക്ലാസ് വിദ്യാർത്ഥിയും ശാന്തിനഗർ സ്വദേശിയുമായ കണ്ടംകരിയിൽ രാജേഷിന്റെ മകൻ രാഹുൽ കെ രാജേഷ് എന്ന കുട്ടിക്ക് അധ്യാപകരും വിദ്യാർത്ഥികളും പണിത് നല്കിയ വീടിന്റെ വെഞ്ചരിപ്പ് കർമ്മം അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവ് ഓഗസ്റ്റ് 31-ന് നിർവ്വഹിച്ചു. ഓട്ടിസം ബാധിച്ച് നിവർന്നു നിൽക്കാനുള്ള കഴിവും സംസാരശേഷിയും രാഹുലിന് നഷ്ട പ്പെട്ടിരുന്നു.

## അധ്യാപക നിയമനത്തിനു വേണ്ടിയുള്ള സെലക്ഷൻ

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിൽ വിവിധ തസ്തികകളിൽ അധ്യാപക നിയമനത്തിന് സെലക്ഷൻ നടത്തുന്നു. മലയാളം, ഹിന്ദി, ഇംഗ്ലീ ഷ്, ഫിസിക്കൽ സയൻസ്, സോഷ്യൽ സയൻസ്, നാച്ചുറൽ സയൻസ്, എൽ. പി.എസ്.എ. എന്നീ തസ്തികകളിലേക്കാണ് സെലക്ഷൻ നടത്തുന്നത്. എല്ലാ അപേക്ഷകർക്കും സെലക്ഷന്റെ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള കത്ത് അയച്ചിട്ടുണ്ട്. ബഹു. അച്ചന്മാർ അധ്യാപക സെലക്ഷന്റെ കാര്യം പള്ളികളിൽ അറിയിക്കണമെന്ന് അപേക്ഷിക്കുന്നു. അധ്യാപക തിരഞ്ഞെ ടുപ്പുമായി ബന്ധപ്പെട്ട് അപേക്ഷകരെ അറിയിച്ച കാര്യങ്ങൾ താഴെ സൂചി പ്പിക്കുന്നു.

1) ഒക്ടോബർ 10-ാം തീയതി എല്ലാ അപേക്ഷകരുടെയും ഒരു സമ്മേളനം തലശ്ശേരി സന്ദേശഭവൻ ഓഡിറ്റോറിയത്തിൽ ക്രമീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സമയക്രമം : | 10.00 am | - | എൽ.പി.എസ്.എ. |
| | 11.00 am | - | എച്ച് എസ്.എ. ഇംഗ്ലീഷ് |
| | 12.00 pm | - | എച്ച്.എസ്.എ. മലയാളം |
| | 1.00 pm | - | എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് |
| | 2.00 pm | - | എച്ച്.എസ്.എ. സോഷ്യൽ സയൻസ് |

2) അപേക്ഷ സമർപ്പിച്ചവർക്ക് കൂടുതൽ രേഖകൾ എന്തെങ്കിലും അപേക്ഷ യോടൊപ്പം ഉൾപ്പെടുത്തണമെങ്കിൽ ഒക്ടോബർ 10-ാം തീയതി മാത്രം അവസരമുണ്ടായിരിക്കും. മുൻപ് സമർപ്പിച്ച അപേക്ഷയോടൊപ്പം അധ്യാ

പന പരിചയം, സഭാപ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം എന്നീ കാര്യങ്ങളിൽ കൂടുതലായിട്ടുള്ള രേഖകൾ ഉൾപ്പെടുത്താവുന്നതാണ്. അപേക്ഷയോടൊപ്പം ഫോട്ടോകോപ്പി മാത്രം മതി. ഒറിജിനൽ രേഖകൾ സെലക്ഷൻ ലഭിക്കുന്നതുവരുടേതു മാത്രമേ പരിശോധിക്കുന്നുള്ളു. വെരിഫിക്കേഷനാവശ്യപ്പെടുമ്പോൾ മാത്രം ഒറിജിനൽ രേഖകൾ കൊണ്ടുവരിക.

3) ഒക്ടോബർ 10-ാം തീയതി ഹാൾടിക്കറ്റ് നൽകുന്നതാണ്. പരീക്ഷ ദിവസം സൂപ്പർവൈസർക്ക് ഹാൾടിക്കറ്റ് തിരികെ നൽകണം.

4) ഒക്ടോബർ 10-ാം തീയതിയുള്ള സമ്മേളനത്തിന് വരുമ്പോൾ എല്ലാ ഉദ്യോഗാർത്ഥികളും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ കൊണ്ടുവരേണ്ടതാണ്. അപേക്ഷയിലെ പഴയ ഫോട്ടോ മാറ്റി പുതിയ ഫോട്ടോ ഉൾപ്പെടുത്തണമെന്നുള്ളവർ രണ്ട് അഡീഷണൽ ഫോട്ടോ കൂടി കൊണ്ടുവരണം. ഗ്രെയ്സ് മാർക്കുകൾ കിട്ടണമെങ്കിൽ ഹാൻഡ് ബുക്കിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങളിൽ കൃത്യമായ രേഖകൾ ഉണ്ടാകണം.

5) അക്കാദമിക് മാർക്കുകളും ഹാൻഡ് ബുക്കിൽ സൂചിപ്പിച്ചിരിക്കുന്ന ഗ്രെയ്സ് മാർക്കുകളും പരീക്ഷയുടെ മാർക്കും ഉൾപ്പെടുത്തിയാണ് ആദ്യ സെലക്ഷൻ നടത്തുന്നത്.

6) നവംബർ 14-ാം തീയതിയാണ് പരീക്ഷ. പരീക്ഷയുടെ സമയവും സ്ഥലവും നവംബർ 1-ാം തീയതിക്കുശേഷം കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ വെബ്സൈറ്റിൽ (www.ceadot.org) പ്രസിദ്ധീകരിക്കുന്നതാണ്.

7) ആദ്യറൗണ്ടിൽ വിജയിച്ച് ഏറ്റവും മുൻപിൽ എത്തുന്നവരെ മാത്രമേ അടുത്ത സെലക്ഷൻ റൗണ്ടുകളിലേയ്ക്ക് വിളിക്കുകയുള്ളു.

8) കമ്പ്യൂട്ടർ പരിജ്ഞാന പരീക്ഷ, മോഡൽ ക്ലാസ്, ഇന്റർവ്യു, എന്നിവയാണ് തുടർന്നുള്ള സെലക്ഷൻ റൗണ്ടുകൾ.

9) കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള പ്രാഥമിക പരിജ്ഞാനം നിർബന്ധമാണ്.

10) 39 വയസ്സ് കഴിഞ്ഞവർ അപേക്ഷിക്കേണ്ടതില്ല. കത്ത് കിട്ടിയാലും വയസ്സ് പരിധി കഴിഞ്ഞവർ പരീക്ഷയിൽ പങ്കെടുക്കേണ്ടതില്ല.

11) തലശ്ശേരി അതിരൂപതയുടെ പരിധിക്കുള്ളിൽ താമസിക്കുന്ന ക്രൈസ്തവർക്കും അക്രൈസ്തവർക്കുമാണ് അധ്യാപക തിരഞ്ഞെടുപ്പിൽ പങ്കെടുക്കാവുന്നത്. പരീക്ഷയുടെ സിലബസ് ബി.എഡുകാർക്ക് ഡിഗ്രി, ബി.എഡ്, തലത്തിലുള്ളതും, ടിടിസിക്കാർക്ക് പ്ലസ്ടു, ടിടിസി തലത്തിലുള്ള തുമായിരിക്കും. കൂടാതെ പൊതുവിജ്ഞാനം, ധാർമ്മികത എന്നിവയെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കും. ക്രൈസ്തവർക്ക് മതബോധന വിഷയങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ പരീക്ഷയ്ക്കുണ്ട്.



12) സെലക്ഷൻ താൽക്കാലികമായിരിക്കും. ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനത്തിലൂടെ പെർഫോമൻസ് വിലയിരുത്തിയതിനുശേഷമായിരിക്കും സ്ഥിരനിയമനം.

13) പൊതുവായ കോൺഫറൻസ്, പരീക്ഷ തീയതികളിൽ മാറ്റമുണ്ടായാൽ ഓരോ അപേക്ഷകരെയും നേരിട്ട് അറിയിക്കുന്നതല്ല. അതിനാൽ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ വെബ്സൈറ്റ് (www.ceadot.org) ഉദ്യോഗാർത്ഥികൾ പരിശോധിക്കേണ്ടതാണ്.

14) അപേക്ഷ സമർപ്പിക്കാത്ത ആർക്കെങ്കിലും പുതിയതായി അപേക്ഷ സമർപ്പിക്കണമെങ്കിൽ ബഹു. വികാരിയച്ചന്റെ കത്ത്, സൺഡേ സ്കൂൾ ഡിപ്ലോമയുടെ കോപ്പി, എസ്.എസ്.എൽ.സി. മുതലുള്ള എല്ലാ സർട്ടിഫിക്കറ്റുകളുടെയും കോപ്പി, 4 ഫോട്ടോ എന്നിവ സഹിതം അപേക്ഷ ഒക്ടോബർ 10-ാം തീയതിക്കകം കോർപ്പറേറ്റ് ഓഫീസിൽ സമർപ്പിക്കാവുന്നതാണ്.

15) അപേക്ഷ സമർപ്പിച്ചിരിക്കുന്നവർ ആരെങ്കിലും വിദൂരങ്ങളിൽ ആണെങ്കിൽ അവർ നവംബർ 5-ാം തീയതിക്ക് മുമ്പായി കോർപ്പറേറ്റ് വിദ്യാഭ്യാസ ഓഫീസിൽനിന്നും ഹാൾടിക്കറ്റ് ലഭ്യമാക്കണം.

16) ഹൈസ്കൂൾ തസ്തികകളിലേയ്ക്ക് തിരഞ്ഞെടുപ്പ് നടന്നാലും ആദ്യ നിയമനങ്ങൾ യു.പി. സ്കൂളിലായിരിക്കും.

## ഡി.ഡി.ഇ ഓഫീസുകൾ ഉപരോധിക്കുന്നു

വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധികളും പ്രശ്നങ്ങളും പരിഹരിക്കാൻ സർക്കാർ തയ്യാറാവാത്തതിൽ പ്രതിഷേധിച്ച് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ഒക്ടോബർ 3 ന് കേരളത്തിലെ എല്ലാ ഡി.ഡി.ഇ ഓഫീസുകളിലേയ്ക്കും മാർച്ചു നടത്തും. മാർച്ചിന്റെ സംസ്ഥാനതല ഉദ്ഘാടനം താമരശ്ശേരി രൂപത മെത്രാൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യും.

കണ്ണൂർ ജില്ലയിലെ കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സ്കൂൾ പ്രതിനിധികൾ എയിഡഡ് വിദ്യാലയങ്ങളിലെ നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപക -അനധ്യാപകർ എന്നിവർ കണ്ണൂർ ഡിഡിഇ ഓഫീസ് മാർച്ചിലും ഉപരോധത്തിലും പങ്കെടുക്കും.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

## ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ !

**1. വിമൽ ജ്യോതിയിൽ വീണ്ടും റാങ്കുകളുടെ തിളക്കം :** കണ്ണൂർ സർവ്വകലാശാലയുടെ ബി.ടെക് 2011–15 ബാച്ചിന്റെ 5 റാങ്കുകൾ വിമൽ ജ്യോതി കരസ്ഥമാക്കി.

**1–ാം റാങ്ക്** – സബ്ന പി.കെ.
(ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എൻജിനീയറിംഗ്)
– ശ്വേത എൻ.ഇ.
(ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ എൻജിനീയറിംഗ്)

**2–ാം റാങ്ക്** – സഞ്ചന ആനന്ദ്
(ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ എൻജിനീയറിംഗ്)

**3–ാം റാങ്ക്** – കൃഷ്ണഗോപാൽ എ.
(ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്)
– അനുശ്രീ കെ.
(ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ എൻജിനീയറിംഗ്)

റാങ്കു ജേതാക്കളെ കോളേജ് മാനേജ്മെന്റും പി.റ്റി.എയും അഭിനന്ദിച്ചു.



**ഒന്നാം റാങ്ക് സബ്ന പി.കെ.**
ഇലക്ട്രിക്കൽ &
ഇലക്ട്രോണിക്സ് എൻജിനീയറിംഗ്

**ഒന്നാം റാങ്ക് ശ്വേത എൻ.ഇ.**
ഇലക്ട്രോണിക്സ് &
ഇൻസ്ട്രുമെന്റേഷൻ എൻജിനീയറിംഗ്





**രണ്ടാം റാങ്ക് സഞ്ചന ആനന്ദ്**
ഇലക്ട്രോണിക്സ് & ഇൻസ്ട്രു
മെന്റേഷൻ എൻജിനീയറിംഗ്



**മൂന്നാം റാങ്ക്**
**കൃഷ്ണഗോപാൽ എ.**
ഇലക്ട്രോണിക്സ് &
കമ്മ്യൂണിക്കേഷൻ
എൻജിനീയറിംഗ്

**മൂന്നാം റാങ്ക്**
**അനുശ്രീ കെ.**
ഇലക്ട്രോണിക്സ് &
ഇൻസ്ട്രുമെന്റേഷൻ
എൻജിനീയറിംഗ്





**2. അനുഗ്രഹ 2015 :** മൂന്നും നാലും വർഷ ബി.ടെക് വിദ്യാർത്ഥികൾക്കും, എം.ടെക് വിദ്യാർത്ഥികൾക്കുമുള്ള വാർഷികധ്യാനം സെപ്റ്റംബർ 11,12,13 തീയതികളിൽ നടത്തി. മക്കിയാട് ബെനഡിക്ടൈൻ ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ബഹു. ജോയി അച്ചന്റെ നേതൃത്വത്തിലുള്ള ടീമാണ് ധ്യാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത്.

**3. ജ്യോതിർഗമയ 2015 :** വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ചിന്റെ ആറാം ബാച്ചിന്റെ ഔദ്യോഗിക ഉദ്ഘാടനം ജ്യോതിർഗമയ 2015 എന്ന പേരിൽ ആഗസ്റ്റ് 2–ാം തീയതി വർണ്ണശബളമായ പരിപാടികളോടെ നടത്തപ്പെട്ടു. വ്യവസായ പ്രമുഖനും കണ്ണൂർ ചേമ്പർ ഓഫ് കൊമേഴ്സ് പ്രസിഡന്റുമായ ശ്രീ. സുഷീൽ ആരോൺ മുഖ്യാതിഥി ആയിരുന്നു. വിമൽ ജ്യോതിയുടെ ചെയർമാൻ ബഹു. ജോർജ് പുളിക്കൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വിമൽ ജ്യോതി സ്ഥാപനങ്ങളുടെ സ്ഥാപക ചെയർമാൻ മോൺ. മാത്യു എം ചാലിൽ മുഖ്യപ്രഭാഷണം നടത്തി. ഡയറക്ടർ ഇൻചാർജ് ഫാ. തോമസ് വടക്കേമുളഞ്ഞനാൽ സ്വാഗതവും അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. അനൂപ് സ്കറിയ നന്ദിയും അർപ്പിച്ചു. സീനിയർ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ നടത്തി.

**4. ശില്പശാലകളും സെമിനാറുകളും:** ശാസ്ത്രസാങ്കേതിക രംഗത്തെ ആധുനിക പ്രവണതകളെ വിദ്യാർത്ഥി സമൂഹത്തിനു പരിചയപ്പെടുത്തുന്നതിനായി കോളേജിൽ പ്രവർത്തിക്കുന്ന IEEE, IAS, ISOI, SAE തുടങ്ങിയ അസോസ്സിയേഷനുകളുടെ ആഭിമുഖ്യത്തിൽ വിവിധ വിഷയങ്ങളെ അധികരിച്ച് വർക്ക്ഷോപ്പുകളും സെമിനാറുകളും നടത്തപ്പെട്ടു.

**5. അന്താരാഷ്ട്ര ശില്പശാല :** ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എൻജിനീയറിംഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 4 മുതൽ 6 വരെ IEEE - IAS അന്താരാഷ്ട്ര ശില്പശാല നടന്നു. IEEE - IAS എക്സിക്യൂട്ടീവ് ഡയറക്ടർ പാട്രിക് മക്കാരൻ (യു.എസ്.എ) ഉദ്ഘാടനം നിർവ്വഹിച്ചു. IEEE - IAS CMD ചെയർമാൻ ഡോ. പീറ്റർ മാഗിയാർ (ജർമ്മനി), പ്രസിഡന്റ് ടോമി സെബാസ്റ്റ്യൻ എന്നിവർ ആശംസകൾ അർപ്പിച്ചു. കോളേജ് ചെയർമാൻ ഫാ. ജോർജ് പുളിക്കൽ, പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ്, അഡ്മിനിസ്ട്രേറ്റർ ഫാ. തോമസ് വടക്കേമുളഞ്ഞനാൽ, ബർസാർ ഫാ. ജോർജ് ആശാരികുന്നേൽ, ഇലക്ട്രിക്കൽ വിഭാഗം മേധാവി ലാലി ജെയിംസ്, സ്റ്റാഫ് അഡ്വൈസർ നിഖിൽ വൽസൻ എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു. കേരളത്തിലെ വിവിധ എൻജിനീയറിംഗ് കോളേജുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ ശില്പശാലയിൽ പങ്കെടുത്തു.

**6. ട്രെയിനിംഗ് & പ്ലേസ്മെന്റ് സെൽ :**

- അവസാനവർഷ വിദ്യാർത്ഥികളെ ജോലിനേടാൻ സഹായിക്കുന്നതിനായി ICT Academy, Employability Bridge എന്നിവരുമായി ധാരണാപത്രം ഒപ്പിട്ടു. തുടർന്ന് ICT Academy കോഴിക്കോടുവച്ചു നടത്തിയ നേതൃത്വ പരിശീലന ക്യാമ്പിൽ നമ്മുടെ കുട്ടികളെ പങ്കെടുപ്പിച്ചു.
- ബഹുരാഷ്ട്ര കമ്പനിയായ WABCO-AUTO യുടെ എച്ച്.ആർ ലീഡറും റിക്രൂട്ട്മെന്റ് ഹെഡ്ഡുമായ ഡോ. പ്രത്യയ ചാറ്റർജി (വെസ്റ്റ് ബംഗാൾ) വിമൽ ജ്യോതി സന്ദർഷിച്ചു. കോളേജിന്റെ ആക്കാദമിക് മികവിലും ഭൗതിക സൗകര്യങ്ങളിലും അദ്ദേഹം സംതൃപ്തി പ്രകടിപ്പിച്ചു. മെക്കാനിക്കൽ എൻജിനീയറിംഗ് വിദ്യാർത്ഥികൾക്കായി ഇന്റർവ്യൂ നടത്താമെന്ന് സമ്മതിച്ചിട്ടുണ്ട്. എം.ബി.എ വിദ്യാർത്ഥികൾക്കും SAEയുടെ നേതൃത്വ ത്തിൽ BAJA കാർ റേസിനുവേണ്ടി കാർ നിർമ്മിക്കുന്ന മെക്കാനിക്കൽ വിദ്യാർത്ഥികൾക്കായും അദ്ദേഹം ക്ലാസ്സുകൾ നയിച്ചു.
- ഇന്ത്യൻ നേവിയുടെ യൂനിവേഴ്സിറ്റി എൻട്രി സ്കീമിന്റെ (UES) പ്രാഥമിക റൗണ്ട് ക്യാമ്പസ് ഇന്റർവ്യു സെപ്തംബർ 16ന് വിമൽ ജ്യോതിയിൽ നടന്നു.
- സെപ്തംബർ മാസം സേലത്തുവച്ചു നടന്ന HCL ടെക്നോളജീസിന്റെ ഇന്റർവ്യൂവിൽ നമ്മുടെ കോളേജിൽനിന്നും വിദ്യാർത്ഥികൾ പങ്കെടുത്തു.
- IBS സോഫ്റ്റ്‌വേർ സർവ്വീസ് സെപ്റ്റംബർ 17ന് തിരുവല്ലയിൽവച്ചു നടത്തിയ ഇന്റർവ്യൂവിവൽ പങ്കെടുക്കാനായി വിമൽ ജ്യോതിയിൽനിന്നും 25 കുട്ടികൾ യോഗ്യത നേടി.
- YOKOGAWA എന്ന ബഹുരാഷ്ട്ര കമ്പനി വിമൽ ജ്യോതിയുമായി ധാരണാപത്രം ഒപ്പുവച്ചു. അപ്ലൈഡ് ഇലക്ട്രോണിക്സ് & ഇൻസ്ട്രു മെന്റേഷൻ ബ്രാഞ്ചിലെ കുട്ടികൾക്ക് കൂടുതൽ അവസരം ലഭിക്കാൻ സാധ്യതയുള്ള കമ്പനിയാണ്.
- TCSന്റെ ഗ്ലോബൽ കോഡിംഗ് മത്സരമായ CODE-VITA 2015ൽ നമ്മുടെ കുട്ടികൾ പങ്കെടുത്തു. അഖിലേന്ത്യാ തലത്തിൽ പങ്കെടുത്ത രണ്ടു ലക്ഷത്തോളം ടീമുകളിൽനിന്ന് ആദ്യത്തെ ആയിരം മികച്ച ടീമുകളിൽ ഒന്നായി വിമൽജ്യോതി ടീം തിരഞ്ഞെടുക്കപ്പെട്ടു. TCSൽ നേരിട്ട് ഹാജരായി ഇന്റർവ്യൂവിൽ പങ്കെടുക്കാനുള്ള അവസരം ലഭിച്ചിട്ടുണ്ട്.

**7. ആർട്സ് & സ്പോർട്സ് :**

കണ്ണൂർ യൂണിവേഴ്സിറ്റിയിൽവച്ച് സെപ്റ്റംബർ 17-ാം തീയതി നട ത്തപ്പെട്ട ഷട്ടിൽ ടൂർണ്ണമെന്റിൽ വിമൽജ്യോതി ബോയ്സ് ടീം റണ്ണേഴ്സ് അപ്പ് ആയി. ജിഷ്ണു ജയരാജ്, വിശാഖ് ചന്ദ്രൻ, ജെറിൻ ജോസ്, ജെറിൻ അബ്രാഹം, ആഷ്ബിൻ ആന്റണി, ആൽബിൻ ആന്റണി, അതുൽ ജോസ്, അശ്വിൻ പുരുഷു എന്നിവരായിരുന്നു ടീമംഗങ്ങൾ. കൂടാതെ, നയന പി. സി, ജിഷ്ണു ജയരാജ് എന്നീ വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി ടീമിലേക്ക് പ്രവേശനവും ലഭിച്ചു. വിജയികൾക്ക് അനുമോദനങ്ങൾ.

**ഫാ. തോമസ് വടക്കേമുളഞ്ഞനാൽ**
അഡ്മിനിസ്ട്രേറ്റർ, വിമൽജ്യോതി

# നിർമ്മലഗിരി കോളെജ്

## നാനോടെക്നോളജി ദേശീയ കോൺഫറൻസ്

നാനോടെക്നോളജി മേഖലയിലെ നൂതനഗവേഷണങ്ങളും പ്രവണ തകളും കേന്ദ്രീകരിച്ച് യു.ജി.സിയുടെ ധനസഹായത്തോടെ ദ്വിദിന ദേശീയ കോൺഫറൻസ് ഒക്ടോബർ 1, 2 തീയതികളിൽ നിർമ്മലഗിരി കോ ളെ ജിൽവച്ച് നടത്തപ്പെടുന്നു.

ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കോൺഫറൻസിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഗവേഷ കർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും പ്രമുഖ ശാസ്ത്രജ്ഞർ വിവിധ സെഷനുകൾ നയിക്കുകയും ചെയ്യും. കോൺഫറൻസിന്റെ നടത്തിപ്പിനായി വിവിധ കമ്മറ്റികൾ പ്രവർത്തനമാരംഭിച്ചു.

വിശദവിവരങ്ങൾ: www. nirmalagiriphysics.in എന്ന വെബ്സൈ റ്റിൽ ലഭ്യമാണ്.

## സാമൂഹ്യശാസ്ത്ര ദേശീയ ശില്പശാല

'ഗവേഷണ രീതിശാസ്ത്രം സാമൂഹ്യശാസ്ത്രത്തിൽ' എന്ന വിഷ യത്തിൽ യു.ജി.സി. ധനസഹായത്തോടെ ചതുർദിന ദേശീയ ശില്പശാല ഒക്ടോബർ 12 മുതൽ 15 വരെ നിർമ്മലഗിരി കോളെജിൽവച്ച് നടത്തപ്പെ ടുന്നു.

കോളെജ് സാമ്പത്തികശാസ്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ നട ത്തപ്പെടുന്ന ഈ ശില്പശാല കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാ ലയിലെ അപ്ലൈഡ് ഇക്ണോമിക്സ് വിഭാഗം മുൻതലവൻ ഡോ. കെ.സി. ശങ്കരനാരായണൻ ഉദ്ഘാടനം ചെയ്യും.

## ദേശീയ സെമിനാർ

"സമകാലിക മലയാള കവിത: എഴുത്തും വായനയും" എന്ന വിഷയത്തിൽ നിർമ്മലഗിരി കോളെജ് മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 20, 21 തീയതികളിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ബാലചന്ദ്രൻ കീഴേത്ത് സെമിനാർ ഉദ്ഘാടനം ചെയ്തു. ഡോ. മഹേഷ് മംഗലാട്ട്, ഫാ. എം.ജെ. മാണി, ഫാ. ജോബി ജേക്കബ്, ശ്രീ. ജയ്സൺ ജോസഫ് എന്നിവർ പ്രസംഗിച്ചു. സെമിനാറിനോടനുബന്ധിച്ച് മലയാളത്തിലെ പ്രമുഖ പ്രസാധകരുടെ പുസ്തകപ്രദർശനവും നടന്നു.

## സാമ്പത്തിക ശാസ്ത്ര സെമിനാർ

നിർമ്മലഗിരി കോളെജ് സാമ്പത്തികശാസ്ത്ര വിഭാഗത്തിന്റെയും കൊമേഴ്സ് വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ "സാമ്പത്തികാസൂത്രണവും ധനവിനിയോഗവും" എന്ന വിഷയത്തിൽ സെമിനാർ നടത്തി. ജൂലായ് 21ന് സെമിനാർ ഹാളിൽ വച്ച് നടന്ന സെമിനാറിൽ ഗുരുവായൂർ ശ്രീകൃഷ്ണ കോളെജ് മുൻ പ്രൊഫസർ ഡോ. വി.കെ. വിജയകുമാർ നേതൃത്വം നൽകി. സാമ്പത്തികശാസ്ത്ര വിഭാഗം തലവൻ ഡോ. എം.ഡി. ദേവസ്യ, പ്രിൻസിപ്പൽ ഡോ. ജോസ്ലറ്റ് മാത്യു, പ്രൊഫ. ടി.കെ. സെബാസ്റ്റ്യൻ, കൊമേഴ്സ് വിഭാഗം അധ്യാപകൻ ശ്രീ. കമിലോ ജോസഫ് എന്നിവർ പ്രസംഗിച്ചു.

## യുവസംരംഭകത്വ വികസന സെമിനാർ

റൂഡ്സെറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കണ്ണൂരിന്റെയും നിർമ്മലഗിരി കോളെജ് സാമ്പത്തിക ശാസ്ത്ര വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കോളെജ് വിദ്യാർത്ഥികൾക്കായി ഏകദിന സംരംഭകത്വ വികസന സെമിനാർ സംഘടിപ്പിച്ചു. റൂഡ്സെറ്റ് പരിശീലകൻ ശ്രീ. അഭിലാഷ് നാരായണൻ സെമിനാറിന് നേതൃത്വം നൽകി. പ്രിൻസിപ്പൽ ഡോ. ജോസ്ലറ്റ് മാത്യു, സാമ്പത്തികശാസ്ത്രവിഭാഗം തലവൻ ഡോ. എം.ഡി. ദേവസ്യ, കുമാരി ലിയ മോണിക്ക ബെന്നി എന്നിവർ പ്രസംഗിച്ചു.

## "ശ്രേയസ് 2015"ന് തുടക്കം

സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രവികാസം ലക്ഷ്യംവച്ച് നിർമ്മലഗിരി കോളെജ് ഹോം സയൻസ് ഡിപ്പാർട്ട്മെന്റിന്റെയും മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്. യൂണിറ്റുകളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന സാമൂഹികശാക്തീകരണ പരിപാടിയായ ശ്രേയസ്-2015ന് തുടക്കം കുറിച്ചു.



ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ പരിപാടിയുടെ ഉദ്ഘാടനം 2015 സെപ്റ്റംബർ 16-ാം തീയതി മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഷാജി കരിപ്പായി നിർവഹിച്ചു. തുടർന്ന് "ജൈവകൃഷി" എന്ന വിഷയത്തിൽ നിർമ്മലഗിരി കോളെജ് പ്രിൻസിപ്പലും ജൈവകർഷകനുമായ ഡോ. ജോസ്ലറ്റ് മാത്യു ക്ലാസ്സ് നയിച്ചു. ഡോ. സിസ്റ്റർ ജെസ്സി വർഗ്ഗീസ്, സി. സെലിൻ, ശ്രീമതി ദീപ്തി ലിസ്ബത് എന്നിവർ പ്രസംഗിച്ചു.

## ദേശീയ സെമിനാർ നടത്തി

നിർമ്മലഗിരി കോളെജ് കെമിസ്ട്രി വിഭാഗത്തിന്റെ നേതൃത്വത്തിൽ "പോളിമറുകളും കോമ്പസിറ്റുകളും" എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു. 2015 സെപ്റ്റംബർ 9, 10 തീയതികളിൽ നടന്ന സെമിനാറിൽ പ്രമുഖ ഗവേഷകർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും സെഷനുകൾ നയിക്കുകയും ചെയ്തു.

### ഓണാഘോഷം-2015

അധ്യാപക-അനധ്യാപക ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ്മയിൽ നിർമ്മലഗിരി കോളെജിൽ ഓണാഘോഷം സംഘടിപ്പിച്ചു. ആഘോഷത്തിന്റെ ഭാഗമായി നടത്തപ്പെട്ട പ്രൊഫ. ബേസിൽ ജോസ് സ്മാരക എവർറോളിംഗ് ട്രോഫിക്കായുള്ള പൂക്കളമത്സരത്തിൽ ബോട്ടണി വിഭാഗം ജേതാക്കളായി. ട്രോഫി ഏർപ്പെടുത്തിയ ചരിത്രവിഭാഗം അധ്യാപകരെയും വിദ്യാർത്ഥികളെയും കോളെജ് മാനേജ്മെന്റ് അഭിനന്ദിച്ചു.

ആഘോഷത്തിന്റെ ഭാഗമായി വിവിധ മത്സരങ്ങളും വിഭവസമൃദ്ധമായ ഓണസദ്യയും നടത്തി. മരിയഭവനിലെ അമ്മമാരുടെ സാന്നിധ്യം ഓണാഘോഷത്തെ സമ്പന്നമാക്കി. കോളെജ് മാനേജർ മോൺ. അബ്രാഹം പോണാട്ട്, ബർസാർ ഫാ. പോൾ വള്ളോപ്പിള്ളി എന്നിവർ മുഖ്യാതിഥികളായിരുന്നു. കോളെജ് വൈസ് പ്രിൻസിപ്പാൾ ഫാ. ജോബി ജേക്കബ്, ഫാ. മാർട്ടിൻ ജോസഫ് എന്നിവർ മത്സരങ്ങൾക്ക് നേതൃത്വം നൽകി.

## ദേശീയ സെമിനാർ

"കൾച്ചറൽ റവലൂഷൻ ആൻഡ് ജെൻഡർ സെൻസിറ്റിവിറ്റി" എന്ന വിഷയത്തിൽ സെപ്റ്റംബർ 15, 16 തീയതികളിൽ ഇംഗ്ലീഷ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു. കേരള ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ധനസഹായത്തോടെ സംഘടിപ്പിച്ച സെമിനാറിൽ ഡോ. എ. ലൂർദ്ദ്സാമി, ഡോ. മാലിനി.എൻ. ഹെബ്ബാർ, ഡോ. പി.കെ. ബാബു, ഡോ. ഫെഡ് മാത്യു എന്നിവർ വിവിധ സെഷനുകൾ നയിച്ചു. ഇംഗ്ലീഷ്

വിഭാഗം മേധാവി. പ്രൊഫ. പി.കെ. ജോൺ, സി. സോണിയ, ഫിലോമിന കെ.വി എന്നിവർ സംസാരിച്ചു.

## പഠനയാത്രകൾ

കോളെജ് രസതന്ത്രവിഭാഗം വിദ്യാർത്ഥികളും അധ്യാപകരും വലിയവെളിച്ചം റബ്കോ ഇൻഡസ്ട്രീസിലേയ്ക്ക് പഠനയാത്ര നടത്തി. പഠനവിഷയവുമായി ബന്ധപ്പെട്ട ഈ യാത്ര ഏറെ ഉപകാരപ്രദമായിരുന്നുവെന്ന് വിദ്യാർത്ഥികൾ അഭിപ്രായപ്പെട്ടു.

കോളെജ് ഹോം സയൻസ് വിഭാഗം മൂന്നാം വർഷ ബിരുദവിദ്യാർത്ഥികളും അധ്യാപകരും കണ്ണൂരിലെ സ്പിന്നിംഗ്മിൽ, പുതിയതെരു, കാഞ്ഞിരോട് എന്നിവിടങ്ങളിലെ കൈത്തറി ശാലകൾ എന്നിവ സന്ദർശിച്ചു. ഇത്തരം സംരംഭങ്ങളെ അടുത്തറിയാൻ ഈ യാത്ര ഉപകരിച്ചതായി വിദ്യാർത്ഥികൾ പറഞ്ഞു.

## കായിക വാർത്തകൾ

ചെന്നൈയിൽവച്ച് നടന്ന അംബേദ്കർ ട്രോഫി ദേശീയ ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പിൽ നിർമ്മലഗിരി കോളെജിലെ രണ്ടാം വർഷ ചരിത്ര വിഭാഗം ബിരുദവിദ്യാർത്ഥിയായ അഭിജിത് കെ.പി.യുടെ നേതൃത്വത്തിലുള്ള ടീം ചാമ്പ്യൻമാരായി. ടൂർണ്ണമെന്റിലെ മികച്ച ഗോളിയായി തിരഞ്ഞെടുക്കപ്പെട്ട അഭിജിത്തിനെ ഹിസ്റ്ററി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ അഭിനന്ദിച്ചു.

* യൂണിവേഴ്സിറ്റിതല ചെസ്സ് ടൂർണ്ണമെന്റിൽ നിർമ്മലഗിരിയ്ക്ക് മൂന്നാം സ്ഥാനം.
* യൂണിവേഴ്സിറ്റിതല ഷട്ടിൽ ബാഡ്മിന്റണിൽ 3-ാം സ്ഥാനം.
* ജില്ലാതല ജൂനിയർ ഗേൾസ് ബോൾ ബാഡ്മിന്റണിൽ നിർമ്മലഗിരി ചാമ്പ്യൻമാർ. ടീമംഗങ്ങൾക്ക് ജില്ലാ ടീമിലേയ്ക്ക് സെലക്ഷൻ ലഭിച്ചു.

**ഡോ. ജോസ്‌ലറ്റ് മാത്യു**
പ്രിൻസിപ്പൽ



# കരിസ്മാറ്റിക് നവീകരണരംഗം

## തലശ്ശേരി സോൺ

സെഹിയോൻ പ്രാർത്ഥനാലയത്തിന്റെ ദശവാർഷികഘോഷവും പ്രാർത്ഥനാഗ്രൂപ്പ് കോർ അംഗങ്ങളുടെ അഭിഷേക പ്രാർത്ഥനയും.

2015 ആഗസ്റ്റ് 20ന് വ്യാഴാഴ്ച 9.30 മുതൽ 4.30 വരെ സെഹിയോൻ പ്രാർത്ഥനാലയത്തിൽവെച്ച് ആനിമേറ്റർ ഫാ. ജോസ് തച്ചുകുന്നേൽ ഒഎഫ്എം. ക്യാപ്, രക്ഷാധികാരി ഫാ. ജോർജ് വണ്ടർകുന്നേൽ, ഫാ. വിൻസെന്റ് കുരിശുംമൂട്ടിൽ ഒഎഫ്എം. ക്യാപ് എന്നിവരുടെ സാന്നിധ്യത്തിൽ നടന്നു. വചനപ്രഘോഷണം ഫാ. വിൻസെന്റ് കുരിശുംമൂട്ടിൽ നടത്തി.

തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ മുൻ ആനിമേറ്റർമാരേയും കോ-ഓർഡിനേറ്റർമാരേയും അനുമോദിച്ചു. ഇരിട്ടി സെന്റ് ജോസഫ്സ് ദൈവാലയ വികാരിയും സെഹിയോൻ രക്ഷാധികാരിയുമായ ഫാ. ജോർജ് വണ്ടർകുന്നേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംങ്ങ് മുൻ ആനിമേറ്റർ ഫാ. വിൻസെന്റ് കുരിശുംമൂട്ടിൽ ഒഎഫ്എം. ക്യാപ് ഉദ്ഘാടനം ചെയ്തു. കോ-ഓർഡിനേറ്റർ തങ്കച്ചൻ കൂടക്കാട്ട് സ്വാഗതവും, ആനിമേറ്റർ ഫാ. ജോസ് തച്ചുകുന്നേൽ ആമുഖഭാഷണവും നടത്തി. സെക്രട്ടറി ദേവസ്യ തൈപ്പറമ്പിൽ റിപ്പോർട്ട് അവതരിപ്പിച്ചു.

കെഎസ്ടി മെമ്പർ സന്തോഷ് തലച്ചിറ, സി. ബ്രിട്ടോ സിഎംസി, മാണി നെല്ലിമല, ജോയി കാവനാടിയിൽ, സെബാസ്റ്റ്യൻ കളപ്പുര, ജോസഫ് മാധവത്ത്, സി. മേരി മാത്യു സിഎംസി എന്നിവർ ആശംസകൾ അർപ്പിച്ചു. മേരി ഇടനിലത്തിൽ നന്ദി പ്രകാശിപ്പിച്ചു.

സ്നേഹപൂർവ്വം,

**റവ. ഫാ. ജോസഫ് മഞ്ചപ്പിള്ളി**
അതിരൂപത ഡയറക്ടർ

**സജി കാക്കനാട്ട്**
കോ-ഓർഡിനേറ്റർ

**ഫാ. തോമസ് കൂട്ടിയാനിക്കൽ**
സോൺ ആനിമേറ്റർ

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

വന്ദ്യരായ വൈദികരേ, ആദരണിയരായ സന്യസ്തരേ, സ്നേഹമുള്ള അല്മായ പ്രേഷിതരേ,

ഏവർക്കും സമാധാനവും സൗഭാഗ്യവും.

### വി. ഫ്രാൻസിസിന്റെ തിരുനാൾ

വിശ്വാസത്തെ ജീവിതംകൊണ്ടും ജീവിതത്തെ മരണംകൊണ്ടും മനോഹരമാക്കിത്തീർത്ത വി. ഫ്രാൻസിസിന്റെ തിരുനാൾ ലോകമാസകലമുള്ള വിശ്വാസികൾ സാഘോഷം കൊണ്ടാടുന്നത് ഒക്ടോബർ 4-ാം തീയതിയാണ്. വി. ഫ്രാൻസിസിന്റെ മാതൃകയും മാദ്ധ്യസ്ഥ്യവും ഏറ്റവും ആവശ്യമായ ഈ കാലഘട്ടത്തിൽ ഫ്രാൻസിസ്കൻസായ നമുക്കും ഈ തിരുനാൾ ഒരു ആത്മീയ ആഘോഷമാക്കിതീർക്കാം. എല്ലാ ഭ്രാതൃത്വങ്ങളും ഇടവകയിലെ ഇടയനോട് ആലോചിച്ച്, അനുവാദം വാങ്ങി 9 ദിവസത്തെ നൊവേനയും തുടർന്ന് ട്രാൻസിത്തൂസും (ഫ്രാൻസിസിന്റെ മരണാനുസ്മരണം) തിരുനാൾ ആഘോഷവും നടത്താൻ പരിശ്രമിക്കുക. തിരുനാൾ ദിവസം അഗതികളോടൊത്ത് ചെലവഴിക്കാനും അവരോടൊപ്പം പന്തിഭോജനം നടത്താനും സാധിച്ചാൽ അത് വലിയൊരു ആത്മീയ നിറവായിരിക്കും. ഒപ്പം തന്നെ ഫ്രാൻസിസിനെക്കുറിച്ച് കൂടുതൽ പഠിക്കാനും ഫ്രാൻസിസ്കൻ മൂല്യങ്ങളെക്കുറിച്ച് കൂടുതൽ ധ്യാനിക്കാനും ഈ ദിനങ്ങൾ മാറ്റിവയ്ക്കുക. ഏവർക്കും നമ്മുടെ പിതാവായ ഫ്രാൻസിസ് പുണ്യവാന്റെ തിരുനാൾ മംഗളങ്ങൾ ഹൃദയപൂർവ്വം ആശംസിക്കുന്നു.

### സോദരി മരണമേ സ്വാഗതം

മാനുഷികമായ രീതിയിൽ ചിന്തിക്കുമ്പോൾ എല്ലാ വേർപാടുകളും ദുഃഖഭരിതമാണ്; പ്രത്യേകിച്ചും ആകസ്മികമായ വേർപാടുകൾ. എന്നാൽ വിശ്വാസിക്ക് വേർപാട് പ്രത്യാശാനിർഭരമാണ്. ഫ്രാൻസിസ്കൻ അല്മായ സഭയുടെ പാത്തൻപാറ ഭ്രാതൃത്വത്തിന്റെ പ്രസിഡന്റായിരുന്ന ബ്ര. ബാബു നടുവിലേമുറിയുടെ വേർപാട് തീർത്തും ആകസ്മികമായിരുന്നു. വിവാഹിതനും രണ്ട് മക്കളുടെ പിതാവുമായിരുന്ന ബാബു 45-ാം വയസ്സിലാണ് നിത്യതയിലേക്ക് യാത്രയായത്. കർഷകനും തെങ്ങുകയറ്റതൊഴിലാളിയുമായിരുന്ന ബാബു തെങ്ങിൽനിന്നും വീണ് ഏതാനും ദിവസങ്ങളായി മംഗലാപുരത്ത് ഗുരുതരാവസ്ഥയിൽ കിടക്കുകയായിരുന്നു. സെപ്റ്റംബർ 5-ാം തീയതി എല്ലാവരെയും കണ്ണീരിലാഴ്ത്തി പ്രത്യാശയുടെ നാഥന്റെ സവിധത്തിലേക്ക് അദ്ദേഹം യാത്രയായി.

അല്മായ സഭാംഗങ്ങളെ സംബന്ധിച്ച് ഈ കണ്ണീർ ദുഃഖത്തോടൊപ്പം അഭിമാനത്തിന്റെയും നന്ദിയുടേതുമായിരുന്നു. തനിക്കു ലഭിച്ച ഹ്രസ്വമായ



ജീവിതത്തെ ഫ്രാൻസിസ്കൻ ജീവിതചര്യയിലൂടെ മഹത്തരമാക്കിയതിനു ശേഷമായിരുന്നു അദ്ദേഹം യാത്രയായത്. ഫ്രാൻസിസ്കൻ അല്മായ സഭാംഗമെന്നതിൽ അഭിമാനിച്ചിരുന്ന അദ്ദേഹം ഏവരോടും സ്നേഹപൂർവ്വം വർത്തിക്കുകയും നന്മചെയ്യുവാനും നല്ലതുപറയുവാനും ഓടിനടക്കുകയും ചെയ്തിരുന്നു. പ്രാർത്ഥനയിൽ അടിയുറച്ച ആ ജീവിതത്തിൽ കഠിനാധ്വാനം കൈമുതലായിരുന്നു. സമ്പത്തിൽ അല്പംപോലും സന്തോഷം കണ്ടെത്താത്ത ആദ്ദേഹം ലളിതജീവിതത്തിന്റെയും പങ്കുവയ്ക്കൽ സംസ്കാരത്തിന്റെയും വക്താവായിരുന്നു.

ബ്ര. ബാബുവിന്റെ മൃതസംസ്കാരത്തിൽ ഫാ. ജോബി വട്ടമല, കപ്പൂച്ചിന്റെ നേതൃത്വത്തിൽ മൂന്നാം സഭാംഗങ്ങൾ സംബന്ധിക്കുകയും അദ്ദേഹത്തിന്റെ കുടുംബത്തെ ആശ്വസിപ്പിക്കുകയും ചെയ്തു. സഭാനേതൃത്വത്തിന്റെയും ഓരോ അംഗങ്ങളുടെയും അനുശോചനവും പ്രാർത്ഥനയും നടുവിലേമുറി കുടുംബാംഗങ്ങൾക്കും പാത്തൻപാറ സഭാംഗങ്ങൾക്കും നേരുന്നു. നീതിയുടെ ന്യായാധിപനായ മിശിഹാ അദ്ദേഹത്തെ അവസാനവിധിയിൽ ഫ്രാൻസിസ്കൻ വിശുദ്ധരോടൊപ്പമിരുത്തട്ടെ എന്നു പ്രാർത്ഥിക്കുന്നു.

### ചെറുപുഴ സബ് - റീജൻ മീറ്റിംഗ്

ചെറുപുഴ സബ് - റീജനൽ ഭാരവാഹികളുടെ ഒരു മീറ്റിംഗ് സെപ്റ്റംബർ 12-ാം തീയതി സെന്റ് മേരീസ് ദൈവാലയാങ്കണത്തിൽ നടത്തപ്പെട്ടു. ബ്ര. ജോയി മൂങ്ങാമാക്കൽ അധ്യക്ഷത വഹിച്ച പ്രസ്തുത യോഗത്തിൽ അതിരൂപതാ ആത്മീയ സഹായി ചർച്ചകൾക്ക് നേതൃത്വം നല്കി. എല്ലാ ഭ്രാതൃത്വങ്ങളും, സഭാത്മകപ്രവർത്തനങ്ങളും ജീവകാരുണ്യപ്രവർത്തനങ്ങളും ജീവകാരുണ്യപ്രവർത്തനങ്ങളും ഊർജ്ജിതമാക്കുവാൻ വേണ്ട കർമ്മപദ്ധതികൾ ആവിഷ്കരിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടു. ഉണർവ് നഷ്ടപ്പെട്ടു കിടക്കുന്ന ഭ്രാതൃത്വങ്ങളിൽ ഭാരവാഹികൾ സാദർശനം നടത്തുവാനും തീരുമാനമായി. ഫ്രാൻസിസ് പാപ്പായുടെ പുതിയ ചാക്രിക ലേഖനമായ 'കർത്താവേ അങ്ങേയ്ക്കു സ്തുതി' എന്നതിന്മേൽ ഒരു പഠനശിബിരം ഇടവകകളിൽ സംഘടിപ്പിക്കുവാൻ മൂന്നാം സഭാംഗങ്ങൾ നേതൃത്വം വഹിക്കണമെന്നും ഉദ്ബോധിപ്പിക്കപ്പെട്ടു.

വി. ഫ്രാൻസിസിന്റെ തിരുനാൾ 9 ദിവസത്തെ നൊവേനയോടുകൂടി ഭ്രാതൃത്വങ്ങൾ ആഘോഷിക്കുവാൻ തീരുമാനമായി. ഒക്ടോബർ 3-ാം തീയതി ദൈവാലയത്തിലെ ആഘോഷങ്ങൾക്കുശേഷം എല്ലാ ഭ്രാതൃത്വാംഗങ്ങളും താബോറിലുള്ള 'അഗതി മന്ദിര'ത്തിൽ ഒത്തുകൂടാനും അവിടെയുള്ള അന്തേവാസികളോടും സന്യസ്തരോടുമൊപ്പം തിരുനാൾ സദ്യയിൽ പങ്കെടുക്കുവാനും ഐകകണ്ഠേന തീരുമാനിച്ചു. പരിശീലകനായ ബ്ര. മൈക്കിൾ ഏവരേയും അഭിസംബോധന ചെയ്യുകയും സെക്രട്ടറി ബ്ര. ബേബിച്ചൻ എല്ലാവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു.

## വ്രതവാഗ്ദാനം

ഏതാണ്ട് ഒരു വർഷംമുമ്പ് സ്ഥാപിതമായ താബോർ ഭ്രാതൃത്വം തങ്ങളുടെ പ്രാരംഭ പരിശീലനഘട്ടം വിജയകരമായി പൂർത്തിയാക്കി. ആരംഭഘട്ടത്തിൽ പ്രവർത്തനത്തിന് താങ്ങും തണലുമായിരുന്നത് ബഹു. മാത്യു നരിക്കുഴി അച്ചനായിരുന്നു. പിന്നീട് സ്ഥലം മാറിവന്ന ഫാ. ആന്റണി ചാണാക്കാട്ടിൽ സഭാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. പരിശീലനം പൂർത്തിയാക്കിയ 17 പേർ, സെപ്റ്റംബർ 13-ാം തീയതി വി. കുർബാനക്കുശേഷം നടന്ന പ്രാർത്ഥനാശുശ്രൂഷയിൽ സഭാചിഹ്നങ്ങൾ സ്വീകരിക്കുകയും താല്കാലികവ്രതം നടത്തുകയും ചെയ്തു. അതിരൂപതാ ആത്മീയ സഹായി ഫാ. ബിജു എളമ്പച്ചംവീട്ടിൽ അന്നേ ദിവസം ബലിയർപ്പിച്ച് പ്രസംഗിക്കുകയും ശുശ്രൂഷകൾക്ക് നേതൃത്വം നല്കുകയും ചെയ്തു. ബ്ര. മൈക്കിൾ അരീക്കൽ (സബ്-റീജൻ ഫോർമേറ്റർ) വ്രതവാഗ്ദാനം സ്വീകരിച്ചു. എല്ലാത്തിനും പിൻതുണ നൽകിയ ബഹു. വികാരിയച്ചനും എല്ലാം ക്രമീകരിച്ച ഭ്രാതൃത്വഭാരവാഹികൾക്കും നന്ദി പറയുന്നു. പുതിയതായിട്ട് സഭയിലേക്ക് വന്നവർക്കും വ്രതവാഗ്ദാനം ചെയ്തവർക്കും ദൈവാനുഗ്രഹങ്ങൾ നേരുകയും ചെയ്യുന്നു.

## തെരഞ്ഞെടുപ്പ്

അരവഞ്ചാൽ ഇടവകയിൽ ഒരു വർഷം മുമ്പ് സ്ഥാപിതമായ ഭ്രാതൃത്വം വരൾച്ചമുരടിച്ച നിലയിലായിരുന്നു. റീജനൽ ഭാരവാഹികൾക്ക് വേണ്ടവിധം നേതൃത്വവും പരിശീലനവും നല്കാൻ സാധിക്കാതെ വന്നതും ഇടവകയിലുള്ള പൊതുവായ സാഹചര്യവും ഈ തളർച്ചക്ക് കാരണമായി. സെപ്റ്റംബർ 20-ാം തീയതി അതിരൂപതാ ഡയറക്ടറോടൊപ്പം സബ്-റീജനൽ ഭാരവാഹികളും ഭ്രാതൃത്വം സന്ദർശിക്കുകയും ഭാരവാഹികളെ പുതുതായി തെരഞ്ഞെടുക്കുകയും ചെയ്തു. വി. ബലിയർപ്പിച്ച് സന്ദേശം നല്കുവാനും മീറ്റിംഗ് വിളിച്ചുകൂട്ടുവാനും അനുവാദം നല്കിയ വികാരി ജോസഫ് പുതുശ്ശേരി അച്ചന് അല്മായ സഭയുടെ നന്ദി അറിയിക്കുന്നു. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

ഒരിക്കൽകൂടി ഏവർക്കും നമ്മുടെ പിതാവായ വി. ഫ്രാൻസിസിന്റെ തിരുനാൾ മംഗളങ്ങൾ നേർന്നുകൊണ്ട്,

**ഫാ. ബിജു ഇളമ്പച്ചംവീട്ടിൽ, കപ്പൂച്ചിൻ**

അതിരൂപതാ ആത്മീയ സഹായി



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## തലശ്ശേരി സെൻട്രൽ കൗൺസിൽ

*"പ്രാർത്ഥിക്കുന്ന ഒരു മനുഷ്യനെ എനിക്ക് തരിക. ഞാനവനെ കൊണ്ട് അത്ഭുതങ്ങൾ പ്രവർത്തിപ്പിക്കാം" വി. വിൻസെന്റ് ഡി പോൾ.*

## 37-ാമത് വാർഷികാഘോഷവും സെമിനാറും

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ തലശ്ശേരി സെൻട്രൽ കൗൺസിലിന്റെ 37-ാമത് വാർഷികാഘോഷം സന്ദേശഭവനിൽ വെച്ച് ആർച്ച്ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ആഗസ്റ്റ് 1ന് ഉദ്ഘാടനം ചെയ്തു. സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ പ്രവർത്തനങ്ങൾ ലോകത്തിന് മാതൃകയാകത്തക്കവിധത്തിൽ പ്രവർത്തിക്കുവാൻ ഓരോ വിൻസെൻഷ്യൻ പ്രവർത്തകർക്കും സാധിക്കട്ടെ എന്ന് പിതാവ് ആഹ്വാനം ചെയ്തു. 67 വനിതകളും 160 പുരുഷന്മാരുമടക്കം 227 പേർ സമ്മേളനത്തിൽ പങ്കെടുത്തു. സി.സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. തോമസ് മേൽവെട്ടം ആദ്ധ്യാത്മിക പ്രഭാഷണം നടത്തി. ചെമ്പേരി ലൂർദ്ദ്മാതാ വനിത കോൺഫറൻസ് പ്രസിഡന്റ് ജോളി സെബാസ്റ്റ്യനും ടീമും വിൻസെൻഷ്യൻ ഗാനം അവതരിപ്പിച്ചു. നാഷണൽ കൗൺസിൽ സെക്രട്ടറി ബ്ര. കെ.ജെ. ഫ്രാൻസിസ്, കോഴിക്കോട് ശാന്തി കപ്പൂച്ചിൻ ആശ്രമം സുപ്പീരിയർ ഫാ. ബിജു മാധവത്ത് എന്നിവർ ക്ലാസ്സെടുത്തു. തലശ്ശേരി അതിരൂപതയിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയ ഏറ്റവും നല്ല സഹകാരിയായ ജോസ് കാരക്കാട്ട് ഇരിട്ടിയ്ക്ക് അഭിവന്ദ്യ പിതാവ് മെമെന്റോ നല്കി ആദരിച്ചു.

അതിരൂപതയിലെ ഏറ്റവും നല്ല ആദ്ധ്യാത്മിക ഉപദേഷ്ടാവായി തിരഞ്ഞെടുക്കപ്പെട്ട അങ്ങാടിക്കടവ് പള്ളിവികാരി ഫാ. തോമസ് മുണ്ടമറ്റത്തെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി നാഷണൽ കൗൺസിൽ പ്രസിഡന്റ് ബ്ര. ഡോ. ജോൺസൺ വർഗ്ഗീസ് മെമെന്റോ നൽകി ആദരിച്ചു. തുടർന്നു നടന്ന സെമിനാറിൽ നാഷണൽ കൗൺസിൽ സെക്രട്ടറി ബ്ര. ഫ്രാൻസിസ് കെ.ജെ. ക്ലാസെടുത്തു. ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. തോമസ് മേൽവെട്ടം, വനിതാ കോ-ഓർഡിനേറ്റർ ബ്ര. സിബിച്ചൻ അബ്രാഹം എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി. സി.സി. പ്രസിഡന്റ് ബ്ര. ബാബു കൊട്ടാരത്തിൽ സ്വാഗതവും സെക്രട്ടറി ബ്ര. ബേബി കളരിക്കൽ നന്ദിയും പറഞ്ഞു.

ലോകത്തിന്റെ പ്രകാശമായ ഈശോയുടെ ജീവിതശൈലി നാമോരുരത്തരുടെയും ജീവിതത്തിൽ അനുവർത്തിച്ചുകൊണ്ട് യേശുചൈതന്യം

ഉൾക്കൊണ്ട് ഓരോ വിൻസെൻഷ്യൻ പ്രവർത്തകനുംവഴി വിളക്കായി നിൽക്കുവാനും ആ വെളിച്ചം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാനും ഉപ്പിന്റെ നന്മപോലെ നാമോരോരുത്തക്കും നന്മ ചെയ്ത് ഫലം പുറപ്പെടുവിക്കാനും ഓരോ വിൻസെൻഷ്യൻ പ്രവർത്തകനും സാധിക്കണമെന്ന് അഭിവന്ദ്യ വലിയമറ്റം പിതാവ് സമാപനസമ്മേളനത്തിൽ വ്യക്തമാക്കി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. തോമസ് മേൽവെട്ടം ആദ്ധ്യാത്മിക പ്രഭാഷണം നടത്തി. സി.സി. സെക്രട്ടറി ബ്ര. ബേബി കളരിക്കൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ബ്ര. ബാബു കൊട്ടാരത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ കേരള റീജനൽ കോ-ഓർഡിനേറ്റർ ബ്ര. കെ.ജെ. ജോസ് മുഖ്യപ്രഭാഷണം നടത്തി.

തുടർന്ന് സി.സി. തലത്തിലും കെ.ആർ.സി.സി. തലത്തിലും നടത്തിയ കലാ മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനങ്ങൾ നൽകി. 25 വർഷം വിൻസെൻഷ്യൻ പ്രവർത്തനം പൂർത്തിയാക്കിയ 21 അംഗങ്ങളെ ആദരിച്ചു. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെച്ച പുരുഷ കോൺഫറൻസ് സെന്റ് ജോർജ് കോൺഫറൻസ് മാലോം, ഏറ്റവും നല്ല വനിത കോൺഫറൻസ്, സെന്റ് അൽഫോൻസ കോൺഫറൻസ് വെള്ളാട്, ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെച്ച കുന്നോത്ത് ഏരിയ കൗൺസിൽ എന്നിവർക്ക് അവാർഡുകൾ നൽകി. സി.സി. വൈസ് പ്രസിഡന്റ് ബ്ര. തോമസ് പുത്തൻപുര സ്വാഗതവും, വനിത പ്രതിനിധി സിസ്റ്റർ ലില്ലി മാത്യു നന്ദിയും പറഞ്ഞു.

## നന്ദിയുടെ ഒരു വാക്ക്

നമ്മുടെ വാർഷിക സമ്മേളനം അനുഗൃഹീതമാക്കിതീർക്കാൻ സഹകരിച്ച എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും വിശിഷ്യ നമ്മുടെ അഭിവന്ദ്യ പിതാക്കന്മാർക്കും ആദ്ധ്യാത്മിക ഉപദേഷ്ടാവ്, നാഷണൽ കൗൺസിൽ പ്രസിഡന്റ്, നാഷണൽ കൗൺസിൽ സെക്രട്ടറി, ക്ലാസ്സ് നയിച്ചവർ, കെ. ആർ.സി.സി. കോ-ഓർഡിനേറ്റർ, ബോർഡ് അംഗങ്ങൾ, എ.സി. ഭാരവാഹികൾ എന്നിവരോടുള്ള നിസീമമായ നന്ദി അറിയിക്കുന്നു.

## എടൂർ എ.സി. യുടെ 37-ാമത് വാർഷികാഘോഷവും സെമിനാറും

25-08-2015ന് എടപ്പുഴ സെന്റ് ജോസഫ്സ് പള്ളിയിൽ വെച്ച് എടൂർ എ.സി. യുടെ 37-ാമത് വാർഷികാഘോഷവും സെമിനാറും നടത്തപ്പെട്ടു. രാവിലെ 9 മണിയോടെ വി. കുർബാന നടന്നു. തുടർന്ന് നടന്ന സെമിനാറിൽ ബ്ര. ബേബി സിറിയക് ഉള്ളാട്ടിൽ വിൻസെൻഷ്യൻ പ്രവർത്തകർ എങ്ങനെയുള്ളവരായിരിക്കണം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസെടുത്തു. 11.30 നു തുടങ്ങിയ വാർഷിക സമ്മേളനത്തിൽ എ.സി. പ്രസിഡന്റ് ബ്ര. മൈക്കിൾ പൊടിമറ്റം അദ്ധ്യക്ഷത വഹിച്ചു. തെയ്യാമ്മ പൂമലയിൽ പ്രാർത്ഥനയും സിസിലി എബ്രാഹം ജ്ഞാനവായനയും ബ്ര. തോമസ് കടമ്പാംകുഴി സ്വാഗതവും പറഞ്ഞു. ബ്ര. തോമസ് തകിടിയേൽ റിപ്പോർട്ടും ബ്ര. ജോർജ് വടക്കുംകര വരവ്ചിലവുകളും അവലോകനവും നടത്തി. എ.സി. യുടെ ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. ആൻഡ്രൂസ് തെക്കേൽ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. വിൻസെൻഷ്യൻ പ്രവർത്തനം സേവനമല്ല, മറിച്ച് ശുശ്രൂഷയായിരിക്കണമെന്ന് അച്ചൻ ഓർമ്മിപ്പിച്ചു. അന്തരിച്ച നൈനാൻ മാസ്റ്ററെക്കുറിച്ച് ബ്ര. തോമസ് മാത്യു പള്ളത്തുശ്ശേരി അനുസ്മരണം നടത്തി. ഫാ. ഐസക് കൊങ്ങമ്പുഴ സി.എം.ഐ. അനുഗ്രഹപ്രഭാഷണം നടത്തുകയും ചെറുകഥാകൃത്ത് തോമസ് കാവുങ്കലിനെ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

എ.സി. യിലെ ബസ്റ്റ് കോൺഫ്രൻസിനുള്ള ട്രോഫിയും ക്യാഷ് അവാർഡും എടൂർ നിർമ്മല കോൺഫ്രൻസിനു നല്കി കൊണ്ട് സി.സി. പ്രസിഡന്റ് ബ്ര. ബാബു കൊട്ടാരം യോഗത്തിൽ ആശംസകൾ അർപ്പിച്ചു കൊണ്ട് പ്രസംഗിച്ചു. കെ.ആർ.സി.സി. എറണാകുളത്ത് വച്ചു നടത്തിയ യുവജനമത്സരജേതാക്കൾക്ക് ഫാ. ജോർജ് കാശാംകുളം സി.എം.ഐ. ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. എടപ്പുഴ വാർഡ് മെമ്പർ ശ്രീമതി മേഴ്സി ജോസ്, എ.കെ.സി.സി. എടപ്പുഴ യൂണിറ്റ് പ്രസിഡന്റ് വിൽസൺ കണിയാകുളം, ടി.എസ്.എസ്. സെക്രട്ടറി (എടപ്പുഴ) ആശാ കാപ്പുങ്കൽ. കെ.സി.വൈ.എം. സിബിൾ ജോസ് കുരിഞ്ഞരിക്കാട്ട് എന്നിവർ ആശംസകൾ നേർന്നു. ബ്ര. അലക്സ് തെക്കേനാടി നന്ദി പറഞ്ഞു. ബ്ര. സജി കല്ലടത്താഴെ സമാപന പ്രാർത്ഥന നടത്തി. 130-ൽ പരം അംഗങ്ങൾ പങ്കെടുത്ത പരിപാടികൾ ഉച്ചഭക്ഷണത്തോടെ സമാപിച്ചു.

## തളിപ്പറമ്പ് എ.സി. സെമിനാർ

11-08-2015ന് ഈ വർഷത്തെ രണ്ടാമത് ആദ്ധ്യാത്മിക സെമിനാർ തളിപ്പറമ്പ് സെന്റ് മേരീസ് തീർത്ഥാടന ഫൊറോനാ ദൈവാലയ പാരീഷ് ഹാളിൽ നടന്നു. വൈ. പ്രസിഡന്റ് ബ്ര. ലൂക്കോസ് പള്ളിത്തറ അദ്ധ്യക്ഷത വഹിച്ച സമ്മേളനം ഫാ. ജോർജ് പടിഞ്ഞാറെആനിശ്ശേരി ഉദ്ഘാടനം ചെയ്തു. കണ്ണൂർ രൂപതാ പട്ടുവം പള്ളി വികാരി ഫാ. മാത്യു, ബ്ര. ബേബി സിറിയക് എന്നിവർ ക്ലാസ്സ് നയിച്ചു. എ.സി. സെക്രട്ടറി ബ്ര. ജോർജ് മറ്റത്തിൽ സ്വാഗതവും തളിപ്പറമ്പ് കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. തോമസ് മടക്കാമ്പുറം നന്ദിയും പറഞ്ഞു. സ്നേഹവിരുന്നിനുശേഷം എ.സി. മീറ്റിങ്ങോട്കൂടി സെമിനാർ സമാപിച്ചു.

## ബാലേശുഗിരി രജതജൂബിലി ആഘോഷം

ബാലേശുഗിരി കോൺഫ്രൻസിന്റെ രജതജൂബിലി ആഘോഷം 30-08-2015 നു നടന്നു. സി.സി. പ്രസിഡന്റ് ബാബു കൊട്ടാരം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ, സി.സി. സെക്രട്ടറി ബേബി കളരിക്കൽ, എ.സി. പ്രസിഡന്റ് ബ്ര. പൗലോസ് പറേടം, വൈ. പ്രസിഡന്റ് ബ്ര. ലൂക്കോസ് പള്ളി

ത്തറ എന്നിവർ പ്രസംഗിച്ചു. ഫാ. ജോർജ് കൊടകനാടി ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. കോൺഫ്രൻസിലെ 25 വർഷം പ്രവർത്തനം പൂർത്തിയാക്കിയ അംഗങ്ങളെ ആദരിച്ചു. കോൺഫ്രൻസ് പ്രസിഡന്റ് എളമ്പാശ്ശേരി സ്വാഗതവും, സെക്രട്ടറി സിജു നന്ദിയും പറഞ്ഞു.

## നെല്ലിക്കാംപൊയിൽ എ.സി. സെമിനാർ

നെല്ലിക്കാംപൊയിൽ എ.സി. യുടെ ഈ വർഷത്തെ ആദ്യ സെമിനാർ 22-08-2015ന് പുറവയൽ സെന്റ് ജോർജ് ദൈവാലയ ഓഡിറ്റോറിയത്തിൽ നടത്തി. എ.സി. പ്രസിഡന്റ് ബ്ര. ലൂക്കോസ് കണിപ്പിള്ളിൽ അദ്ധ്യക്ഷം വഹിച്ച യോഗം സി.സി. പ്രസിഡന്റ് ബ്ര. ബാബു ജോസഫ് കൊട്ടാരത്തിൽ ഉദ്ഘാടനം ചെയ്തു. എ.സി. വൈസ് പ്രസിഡന്റ് സി. ചേച്ചമ്മ കിഴക്കേതകിടിയേൽ സ്വാഗതപ്രസംഗം നടത്തി. സി.സി. സെക്രട്ടറി ബ്ര. ദേവസ്യ കളരിക്കൽ ആശംസാ പ്രസംഗം നടത്തി. പുറവയൽ സെന്റ് ജോർജ് ഇടവക വികാരി ഫാ. കുര്യാക്കോസ് ആലവേലിൽ ക്ലാസ് നയിച്ചു. നെല്ലിക്കാംപൊയിൽ എ.സി. യുടെ പരിധിയിൽനിന്നും പേരാവൂർ എ.സി. യുടെ ഭാഗത്തേയ്ക്ക് സ്ഥലം മാറിപ്പോകുന്ന എ.സി. സെക്രട്ടറി ബ്ര. ഇമ്മാനുവേൽ തോട്ടുങ്കലിന് യാത്രയയപ്പ് നൽകി. എ.സി. സെക്രട്ടറി ബ്ര. ബെന്നി ജോൺ തൈപ്പറമ്പിൽ നന്ദി രേഖപ്പെടുത്തി.

## കാഞ്ഞങ്ങാട് എ.സി. & പനത്തടി എ.സി. സെമിനാർ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കാഞ്ഞങ്ങാട് ഏരിയാ കൗൺസിലിന്റേയും പനത്തടി ഏരിയാ കൗൺസിലിന്റേയും 2015-2016 വർഷത്തെ രണ്ടാമത്തെ ആദ്ധ്യാത്മിക സെമിനാർ പടന്നക്കാട് നല്ല ഇടയൻ കോൺഫ്രൻസിൽ വച്ച് 05-09-2015 സംയുക്തമായി നടത്തി. പ്രാരംഭപ്രാർത്ഥനയോടെ കൃത്യം 10 മണിക്ക് ആരംഭിച്ച സെമിനാറിന് ബ്ര. ജോമി തയ്യിൽ, പടുപ്പ് ഏരിയാ കൗൺസിൽ പ്രസിഡന്റ് സ്വാഗതം പറഞ്ഞു, ഏറെ അധ്യാപകസഹോദരങ്ങളുള്ള കോൺഫ്രൻസിലെ എല്ലാ അംഗങ്ങൾക്കും അധ്യാപകദിനത്തിന്റെ പ്രാർത്ഥനയും മംഗളങ്ങളും പ്രത്യേകമായി നേർന്നു.

ആലക്കോട് ഏരിയാ കൗൺസിലിന്റെ പ്രസിഡന്റ് ബ്ര. സിബിച്ചൻ അബ്രാഹം ക്ലാസ് നയിച്ചു. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നിയമാവലിയെക്കുറിച്ച് പഠിപ്പിക്കുവാനും അംഗങ്ങൾക്ക് ഇടയിലുണ്ടായിരുന്ന സംശയങ്ങൾ ദുരീകരിക്കുവാനും ക്ലാസ് വളരെയധികം പ്രയോജനപ്പെട്ടു. പുതുമുഖങ്ങൾ ഏറെയുണ്ടായിരുന്ന അംഗങ്ങൾക്ക് ചർച്ചകളും ക്ലാസ്സും നന്നേ ഇഷ്ടപ്പെട്ടു.

കഴിഞ്ഞ 25 വർഷത്തിലധികമായി വി. വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനടുക്കം കോൺഫ്രൻസിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന



ബ്ര. വർഗ്ഗീസ് ടി. ഓ. (പാപ്പച്ചൻ) തെക്കേകാരക്കാട്ടിനെ ഉപഹാരം നല്കി ഫാ. സെബാസ്റ്റ്യൻ ചെരിപുറത്ത് ആദരിക്കുകയും സെമിനാറിൽ സംബന്ധിച്ച എല്ലാ അംഗങ്ങളെയും ആശീർവദിക്കുകയും ചെയ്തു. സമാപന പ്രാർത്ഥനയോടെ സെമിനാർ 1.30ന് അവസാനിച്ചു.

## കുന്നോത്ത് എ.സി. സെമിനാർ & വാർഷികം

09-09-2015ന് കുന്നോത്ത് വച്ച് കുന്നോത്ത് എ.സിയുടെ സെമിനാറും വാർഷികവും നടത്തപ്പെട്ടു. ഉച്ചയ്ക്ക് 1.30ന് കുന്നോത്ത് പള്ളിയിൽ വച്ച് ആരാധന നടത്തപ്പെട്ടു. അരമണിക്കൂർ നടത്തിയ ആരാധനയിൽ ചരൽ കോൺഫറൻസ് പ്രസിഡന്റ് ബ്ര. ജോളി മുയ്യപ്പള്ളി നേതൃത്വം നടത്തി. 2 മണിയോടുകൂടി കുന്നോത്ത് ഫൊറോന വികാരി ഫാ. മാത്യു പൊട്ടംപ്ലാക്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. കുടുംബങ്ങളിൽ നമ്മുടെ കുട്ടികൾ കടന്നു പോകുന്ന വിവിധ ഘട്ടങ്ങളെക്കുറിച്ച് ബഹു. അച്ചൻ ക്ലാസ് എടുത്തു. 3 മണിക്ക് ചായക്കുശേഷം വാർഷികാഘോഷം നടത്തി. എ.സി. പ്രസിഡന്റ് ബേബി കളരിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സി. മേരി നടുവിൽപുരയിടം ജ്ഞാനവായന നടത്തി. സി.സി. പ്രസിഡന്റ് ബ്ര. ബാബു കൊട്ടാരത്തിൽ യോഗം ഉദ്ഘാടനം ചെയ്തു. സമർപ്പിത വർഷം പ്രമാണിച്ച് ക്ഷണിക്കപ്പെട്ട മാടത്തിൽ ഡി.സി. കോൺഗ്രിഗേഷൻ സി. സിബിന മുഖ്യ പ്രഭാഷണം നടത്തി. സി. സിബിനയ്ക്ക് സമർപ്പിത വർഷ ഉപഹാരം മാടത്തിൽ കോൺഫറൻസുകാർ കൊടുത്തു. അങ്ങാടിക്കടവ് വികാരി ഫാ. തോമസ് മുണ്ടമറ്റത്തിലിന്റെ മഹനീയ സാന്നിധ്യത്തിൽ സി.സി. പ്രസിഡന്റ് ബ്ര. ബാബു കൊട്ടാരത്തിൽ ഒരു വിൻസെൻഷ്യൻ സഹകാരിയായി പ്രവർത്തിക്കുന്ന പടിയൂർകാരൻ ശ്രീ. മാത്യു വടക്കേക്കരയ്ക്ക് ഉപഹാരം നൽകി. കുന്നോത്ത് എ.സി. യിലെ ബെസ്റ്റ് കോൺഫറൻസായി തിരഞ്ഞെടുക്കപ്പെട്ട മാടത്തിൽ കോൺഫറൻസിന് ബ്ര. ചെറിയാൻ കെ.എഫ്. കുഴിമണ്ണിൽ മെമ്മോറിയൽ എൻഡോവ്മെന്റും ശ്രീ. ജോസഫ് കാക്കതൂക്കിയിൽ മെമ്മോറിയൽ എവർറോളിംങ് ട്രോഫിയും സി.സി. പ്രസിഡന്റ് ബ്ര. ബാബു കൊട്ടാരത്തിൽ വിതരണം ചെയ്തു. സമാപന പ്രാർത്ഥനയോടെ യോഗം പര്യവസാനിച്ചു. യോഗത്തിൽ 72 അംഗങ്ങൾ പങ്കെടുത്തു.

സ്നേഹപൂർവ്വം,

കുന്നോത്ത്
16-09-2015

**ബ്രദർ ബാബു ജോസഫ് കൊട്ടാരത്തിൽ**
സി.സി. പ്രസിഡന്റ്

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## എ.ഡി.എസ്.യു. ബെസ്റ്റ് സ്കൂൾ അവാർഡ് ദാനം

എ.ഡി.എസ്.യു. ബെസ്റ്റ് സ്കൂൾ 2015 (രണ്ടാം സ്ഥാനം) ആയി തെരഞ്ഞെടുക്കപ്പെട്ട വയത്തൂർ (ഉളിക്കൽ) യു.പി. സ്കൂളിന് തലശ്ശേരി എഡ്യുക്കേഷണൽ ഏജൻസി ഏർപ്പെടുത്തിയ റോളിംഗ് ട്രോഫിയും 2000 രൂപാ ക്യാഷ് അവാർഡും 31-08-2015ന് വയത്തൂർ യു.പി. സ്കൂൾ ഓഡിറ്റോറിയത്തിൽ ചേർന്ന സമ്മേളനത്തിൽ വച്ച് ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് വിതരണം ചെയ്തു. എ.ഡി.എസ്.യു. കുടുംബാംഗങ്ങളും അധ്യാപകരും ചേർന്ന് ഹർഷാരവത്തോടെ ട്രോഫിയും ക്യാഷ് അവാർഡും ഏറ്റുവാങ്ങി. സ്കൂൾ മാനേജർ ബഹു. ഫിലിപ്പ് ഇരുപ്പക്കാട്ടച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അവാർഡ്ദാന സമ്മേളനം ഉളിക്കൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബെന്നി തോമസ് ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് തൈത്തോട്ടം മുഖ്യപ്രഭാഷണം നടത്തി. ശ്രീ. സുജി സാർ, ശ്രീമതി സുമിത്ര ഇടപ്പള്ളി, ശ്രീമതി ജെസ്സി സേവ്യർ, സി. ജോസ്ന എൻഎസ് (എ.ഡി.എസ്.യു. ആനിമേറ്റർ) എന്നിവർ പ്രസംഗിച്ചു. ഹെഡ്മാസ്റ്റർ, ശ്രീ. റ്റി. ജെ. ജോർജ് സ്വാഗതവും എ.ഡി.എസ്.യു. ആനിമേറ്റർ സി. ജോസ്ന നന്ദിയും പ്രകാശിപ്പിച്ചു.

എ.ഡി.എസ്.യു. അംഗങ്ങൾ അവതരിപ്പിച്ച സ്കിറ്റ് അവതരണത്തിലും അഭിനയത്തിലും മികവുറ്റതും ആയിരുന്നു. അവാർഡ് നേടിയ വയത്തൂർ മേഖല അധ്യാപകർക്കും എ.ഡി.എസ്.യു. അംഗങ്ങൾക്കും എ.ഡി.എസ്.യു. കേന്ദ്രകമ്മറ്റിയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

## ഫാ. ജോസഫ് മാലിപ്പറമ്പിൽ പുരസ്കാരം ഫാ. തോമസ് തൈത്തോട്ടത്തിന്

ഏഷ്യയിലെ ഏറ്റവും വലിയ പ്രേഷിതസംഘടനയായ ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനതലത്തിൽ ഏർപ്പെടുത്തിയ ഫാ. ജോസഫ് മാലിപ്പറമ്പിൽ പുരസ്കാരം 05-09-2015ന് മാലിപ്പറമ്പിലച്ചന്റെ ജന്മനാടായ ആർപ്പൂക്കരയിൽവച്ച് എം.എസ്.റ്റി. ഡയറക്ടർ ജനറൽ മോൺ. കുര്യൻ അമ്മനത്തുകുന്നേൽ സമ്മാനിച്ചു. ആർപ്പൂക്കര പാരീഷ്ഹാളിൽ ചേർന്ന സമ്മേളനത്തിൽ സി.എം.എൽ. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബെന്നി അദ്ധ്യക്ഷത വഹിച്ചു. ദേശീയ പ്രസിഡന്റ് ശ്രീ. ഡേവീസ് വല്ലൂരാൻ ഫാ. മാലിപ്പറമ്പിൽ അനുസ്മരണ പ്രഭാഷണം നടത്തി. ഫാ. ജോബി കറുകപ്പറമ്പിൽ, ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഡോ. ബാബുക്കുട്ടി മാലിപ്പറമ്പിൽ എന്നിവർ പുരസ്കാര ജേതാവിനെ അനുമോദിച്ചുകൊണ്ട് പ്രസംഗിച്ചു. സി.എം.എൽ. ദേശീയ ഡയറക്ടർ ഫാ. ജോബി പുച്ചൂകണ്ടത്തിൽ സ്വാഗതവും സി.എം.



എൽ. റീജനൽ ഓർഗനൈസർ ശ്രീ. അലക്സ് ജോസഫ് നന്ദിയും പ്രകാശിപ്പിച്ചു. സി.എം.എൽ. സംസ്ഥാന വൈസ് ഡയറക്ടർ സി. ഡോണ എഫ്സിസി അവാർഡ് ജേതാവിനെ പരിചയപ്പെടുത്തി.

തലശ്ശേരി അതിരൂപതാ മിഷൻലീഗ് ഡയറക്ടർ ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്, പ്രസിഡന്റ് ശ്രീ. ജെയ്സൺ മർക്കോസ്, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ജനറൽ സെക്രട്ടറി ശ്രീ. ജെയിംസ് പോൾ, കോ-ഓർഡിനേറ്റർ സി. മെൽബിൻ എസ്.എ.ബി.എസ്., പ്രതീക്ഷാ കൗൺസിലർ സി. ടെസ്ലിൻ എസ്.എച്ച്., ബ്ര. വിപിൻ ഇലഞ്ഞിപറമ്പിൽ എന്നിവരുടെ സാന്നിധ്യം ഹൃദ്യമായിരുന്നു.

## ലഹരിക്കെതിരെ ബോധവത്ക്കരണം

**ചെടിക്കുളം:-** 23-08-2015 ഞായറാഴ്ച രാവിലെ ചെടിക്കുളം പള്ളിയിൽ ഫാ. തോമസ് തൈത്തോട്ടം ദിവ്യബലിയർപ്പിച്ച് ലഹരിവിരുദ്ധസന്ദേശം നൽകി തുടർന്ന് ചേർന്ന യോഗത്തിൽവച്ച് മദ്യവിരുദ്ധസമിതി യൂണിറ്റ് പുനഃസംഘടിപ്പിച്ചു. ഭാരവാഹികളായി പ്രസിഡന്റ് - എമ്മാനുവേൽ ചിറ്റംവേലിൽ, വൈസ് പ്രസിഡന്റ് - മാത്യു മുള്ളൻകുഴി, വൈസ് പ്രസിഡന്റ് - ബിനു അട്ടാറിക്കൽ, ജനറൽ സെക്രട്ടറി - പാപ്പച്ചൻ മുള്ളൻകുഴി, ജോ. സെക്രട്ടറി - മേരി വയലുങ്കൽ, ജോ. സെക്രട്ടറി - ജോസഫ് അട്ടാറിക്കൽ, ട്രഷറർ - ജോൺ ചിമ്മിണിക്കാട്ട് എന്നിവരെ തെരഞ്ഞെടുത്തു.

## ചാവറഗിരി

ചാവറഗിരി പള്ളിയിൽ 30-08-15ന് ഞായറാഴ്ച രാവിലെ ഫാ. ജോൺസൺ അന്ത്യാംകുളം ദിവ്യബലിയർപ്പിച്ച് ലഹരിവിരുദ്ധ സന്ദേശം നൽകുകയും പൊതുയോഗം ചേർന്ന് മദ്യവിരുദ്ധ സമിതി യൂണിറ്റ് പുനഃസംഘടിപ്പിക്കുകയും ചെയ്തു. ഭാരവാഹികളായി പ്രസിഡന്റ് - ജോജോ മുണ്ടമറ്റം, വൈസ് പ്രസിഡന്റ് - മേരി കുന്നുംപുറത്ത്, വൈസ് പ്രസിഡന്റ് - സജി കാവുകാട്ട്, ജനറൽ സെക്രട്ടറി - ലിബിൻ ചക്കാലയിൽ, ജനറൽ സെക്രട്ടറി - ബേബി കോഴിക്കോട്ട്, ജനറൽ സെക്രട്ടറി - മരിയ വരകിൽ, ട്രഷറർ - വക്കച്ചൻ പടിക്കൽ എന്നിവരെ തെരഞ്ഞെടുത്തു.

## 15-ാമത് തെരുവ് നാടകമത്സരം

കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബിഷപ്പ് വള്ളോപ്പിള്ളി സ്മാരക ട്രോഫിക്കുവേണ്ടിയുള്ള 15-ാമത് തെരുവ് നാടകമത്സരം 2015 നവംബർ 28ന് ശനിയാഴ്ച രാവിലെ 10 മണിക്ക് ഇരിട്ടി ടൗണിൽ വച്ച് നടത്തുന്നു.

മത്സരത്തിൽ പങ്കെടുക്കുന്ന ടീമുകൾ നവംബർ 20ന് മുമ്പ് തലശ്ശേരി സന്ദേശഭവൻ ഓഫീസിൽ 100 രൂപ ഫീസ് അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**നിബന്ധനകൾ**

1. സമയം 30 മിനിറ്റ് ആയിരിക്കും.
2. പ്രമേയം - ലഹരി വിരുദ്ധ ആശയാവിഷ്കാരമായിരിക്കണം.
3. ടേപ്പ് റിക്കാർഡർ ഉപയോഗിക്കാൻ പാടില്ല.
4. വാദ്യക്കാർ ഉൾപ്പെടെ പരമാവധി 12 കഥാപാത്രങ്ങളിൽ കൂടുതലാകാൻ പാടില്ല.
5. മത്സരത്തിൽ പങ്കെടുക്കുന്ന ടീം കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ ബാനറിൽ ആയിരിക്കണം.
6. വടി, ചെണ്ട, തുടി എന്നിവ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. മറ്റ് വാദ്യോപകരണങ്ങൾ പാടില്ല.
7. തീ, കനൽ, പുക ഇവ പാടില്ല.
8. തെരുവുനാടകത്തിന്റെ ഭാഷയും ചലനങ്ങളും ധാർമ്മികതയ്ക്ക് നിരക്കുന്നതായിരിക്കണം.
9. കഥാപാത്രങ്ങൾക്ക് ചമയങ്ങൾ പാടില്ല.
10. മൈക്രോഫോൺ ഒഴികെയുള്ള സാധനസാമഗ്രികൾ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്.
11. സംഗീതം, സ്പെഷ്യൽ ഇഫക്ട് എന്നിവയ്ക്ക് മൈക്രോഫോൺ അനുവദനീയമാണ്.
12. മത്സരത്തിൽ ഏത് മതസ്ഥർക്കും പങ്കെടുക്കാവുന്നതാണ്.
13. മത്സരത്തിൽ പങ്കെടുക്കുന്നവർ ലഹരി ഉപയോഗിക്കുന്നവരാകാൻ പാടില്ല.
14. 2015 നവംബർ 29ന് രാവിലെ 10ന് മത്സരം ആരംഭിക്കുന്നതാണ്.
15. മത്സരത്തിന് അരമണിക്കൂർ മുൻപ് ടീമുകൾ മത്സരവേദിയിൽ റിപ്പോർട്ട് ചെയ്യണം.
16. ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും. മത്സരപരിപാടികളിൽ പങ്കെടുപ്പിച്ച് ഈ സംരംഭം വൻ വിജയമാക്കി തീർക്കാൻ ബഹു. വികാരിയച്ചന്മാരോട് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**ഒന്നാം സമ്മാനം:-** ബിഷപ്പ് സെബാസ്റ്റ്യൻ വള്ളോപ്പിള്ളി മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും 3000 രൂപ ക്യാഷ് അവാർഡും.

**രണ്ടാം സമ്മാനം:-** ശ്രീ. പി.കെ. ഗ്രിഗറി മാസ്റ്റർ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും 2000 രൂപ ക്യാഷ് അവാർഡും.

**മൂന്നാം സമ്മാനം:-** ശ്രീ. അഗസ്റ്റിൻ കിഴക്കരക്കാട്ട് മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും 1000 രൂപ ക്യാഷ് അവാർഡും.

പ്രത്യേക ശ്രദ്ധയ്ക്ക്:- പങ്കെടുക്കുന്ന ഓരോ ടീമിനും 1000 രൂപ ബോണസ് നൽകുന്നതാണ്.



## എ.ഡി.എസ്.യു.

ഒക്ടോബർ മാസത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കുറിക്കട്ടെ. ബ്രോഷറിൽ കാണിച്ചിരിക്കുന്ന പരിപാടികളുടെയും തീയതികളുടെയും മാറ്റങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### 1. കയ്യെഴുത്ത് മാസിക

2015 ഒക്ടോബർ 3ന് മുമ്പ് കയ്യെഴുത്ത് മാസിക എ.ഡി.എസ്.യു. കേന്ദ്രഓഫീസിൽ എത്തിച്ചിരിക്കണം. അതിനുശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല. വിശദാംശങ്ങൾ ബ്രോഷറിൽ കാണുക.

### 2. ലഹരി വിരുദ്ധ കലോത്സവം 2015

ഒക്ടോബർ 22ന് വ്യാഴാഴ്ച ചെമ്പേരി നിർമ്മല സ്കൂളിൽ വെച്ച് നടക്കുന്നു. രാവിലെ 9.30ന് പരിപാടികൾ ആരംഭിക്കും.

### 3. ലഹരി വിരുദ്ധ സാഹിത്യരചനാമത്സരം

ഒക്ടോബർ 3ന് ശനിയാഴ്ച കുട്ടികളുടെ സൗകര്യാർത്ഥം മൂന്ന് സെന്ററുകളിൽവച്ച് നടക്കുന്നു. സമയം : രാവിലെ 10 മുതൽ 12 വരെ.

**ഇരിട്ടി സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയം**

പേരാവൂർ, കുന്നോത്ത്, എടൂർ, നെല്ലിക്കാംപൊയിൽ എന്നീ ഫൊറോനകളിലെ സ്കൂളുകൾ.

**തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയം**

തളിപ്പറമ്പ്, മേരിഗിരി, ആലക്കോട്, വായാട്ടുപറമ്പ്, പൈസക്കരി, ചെമ്പന്തൊട്ടി, ചെമ്പേരി എന്നീ ഫൊറോനകളിലെ സ്കൂളുകൾ.

**തോമാപുരം സെന്റ് തോമസ് ഹൈസ്കൂൾ**

തോമാപുരം, വെള്ളരിക്കുണ്ട്, ചെറുപുഴ, പനത്തടി, കാഞ്ഞങ്ങാട് എന്നീ ഫൊറോനകളിലെ സ്കൂളുകൾ.

## ലഹരി വിരുദ്ധ സാഹിത്യരചനാമത്സര ഇനങ്ങൾ

എൽ.പി. - വാക്സ് ക്രയോൺസ് - മദ്യാസക്തി കുടുംബങ്ങളിൽ ആശയാവിഷ്കാരം

യു.പി. - പോസ്റ്റർ രചന - വിഷയം - യുവതലമുറയിലെ ലഹരിയാസക്തി
- നോട്ടീസ് നിർമ്മാണം-വിഷയം-ബാർ-ബിയർ പാർലറുകളുടെ അനുമതിക്കെതിരെ പ്രതിഷേധയോഗം

എച്ച്.എസ്. - പ്രബന്ധരചന - വിഷയം - ലഹരിയാസക്തിയും സാംസ്കാരിക ജീർണ്ണതയും
- കാർട്ടൂൺ - വിഷയം - തൽസമയം നൽകുന്നതാണ്.

എച്ച്.എസ്.എസ്. - പ്രബന്ധരചന - വിഷയം - മദ്യനിരോധനവും ഭാരതസംസ്കാരവും
- കൊളാഷ് - വിഷയം - തൽസമയം നൽകുന്നതാണ്.
- പെയിന്റിംഗ് - വിഷയം - തൽസമയം നൽകുന്നതാണ്.

**4. ലഹരി വിരുദ്ധ കലോത്സവം രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.00 വരെ 2015 ഒക്ടോബർ 22 ചെമ്പേരി എച്ച്.എസ്.**

എൽ.പി.എസ്. പ്രസംഗം - വിഷയം - മദ്യവർജ്ജനവും എഡിഎസ്‌യു.വും (5 മിനിറ്റ്)
കവിതാപാരായണം - (5 മിനിറ്റ്)
മോണോ ആക്ട് - (5 മിനിറ്റ്)

യു.പി.എസ്. പ്രസംഗം - വിഷയം - മദ്യപാനം സാമൂഹിക വിപത്ത് (5 മിനിറ്റ്)
മോണോ ആക്ട് - (5 മിനിറ്റ്)
കവിതാപാരായണം - (5 മിനിറ്റ്)
കഥാപ്രസംഗം - (10 മിനിറ്റ്)

എച്ച്.എസ്. സ്കിറ്റ് - വിഷയം - ലഹരിവിരുദ്ധമായിരിക്കണം (15 മിനിറ്റ്)
മോണോ ആക്ട് - (7 മിനിറ്റ്)
കവിതാപാരായണം - (7 മിനിറ്റ്)
പ്രസംഗം - വിഷയം - തൽസമയം നൽകുന്നതാണ് (7 മിനിറ്റ്)
കഥാപ്രസംഗം - (10 മിനിറ്റ്)
ക്വിസ് മത്സരം - ഒരു സ്കൂളിൽനിന്നും 2 പേർ ഒരു ടീം ആയി പങ്കെടുക്കുന്നു (30 മിനിറ്റ്)

## ചോദ്യം ഉന്നയിക്കുന്ന മേഖലകൾ

1. ഗാന്ധിജിയും മദ്യനിരോധനവും - 20 മാർക്ക്
2. മദ്യപഞ്ചകം അധ്യായം 3 - 20 മാർക്ക്
3. പാൻപരാഗ് കൊലയാളിയോ - 15 മാർക്ക്
4. എരിഞ്ഞടങ്ങുന്ന ജീവിതം - 15 മാർക്ക്
5. പൊതുവിജ്ഞാനം - 20 മാർക്ക്
6. എ.ഡി.എസ്.യു. സംഘടന - 10 മാർക്ക്

എച്ച്.എസ്.എസ്. - പ്രസംഗം-വിഷയം - തൽസമയം നൽകുന്നതാണ് (7 മിനിറ്റ്)
- മോണോ ആക്ട് - (7 മിനിറ്റ്)

**പ്രത്യേക ശ്രദ്ധയ്ക്ക്:-**

1. ബെസ്റ്റ് ഹൈസ്കൂൾ, യു.പി. സ്കൂൾ എന്നീ നിലകളിലായിരിക്കും അടുത്ത വർഷത്തെ അവാർഡ് സമ്മാനിക്കുന്നത്. രണ്ടാം സ്ഥാനം ഉണ്ടായിരിക്കുന്നതല്ല.
2. ഒക്ടോബർ 3ന് മുൻപ് മത്സരാർത്ഥികളുടെ പേരുകൾ എൻട്രി ചെയ്ത് അയച്ചു തന്നിരിക്കുന്ന ഫോമുകൾ എ.ഡി.എസ്.യു. കേന്ദ്ര ഓഫീസിൽ എത്തിക്കണം.
3. സാഹിത്യരചനാമത്സരത്തിൽ പങ്കെടുക്കുന്നവർക്ക് കലാമത്സരത്തിലും പങ്കെടുക്കാവുന്നതാണ്.
4. രചനാമത്സരങ്ങൾക്ക് ഓരോ സ്കൂളിൽനിന്നും ഓരോ ഇനങ്ങൾക്കും രണ്ടുപേർ വീതം പങ്കെടുക്കാം. എന്നാൽ കലാമത്സരങ്ങൾക്ക് ഒരു സ്കൂളിൽനിന്നും ഓരോ ഇനത്തിനും ഒരാൾ മാത്രമേ പങ്കെടുക്കുവാൻ പാടുള്ളൂ.
5. സാഹിത്യരചന, കയ്യെഴുത്ത് മാസിക എന്നിവയുടെ മാർക്കുകൾ കലോത്സവ റോളിംഗ് ട്രോഫിക്ക് പരിഗണിക്കുന്നതാണ്.

## സാഹിത്യരചന സ്കോർ വിവരം

10, 7, 5 എന്നീ ക്രമത്തിലായിരിക്കും സ്കോറിംഗ് (ഒന്നും രണ്ടും സ്ഥാനക്കാർക്ക് വ്യക്തിഗത സമ്മാനങ്ങളും മൂന്നാം സ്ഥാനത്തിന് സർട്ടിഫിക്കറ്റും ഉണ്ടായിരിക്കുന്നതാണ്).

## കയ്യെഴുത്ത് മാസിക

ഒന്നാം സ്ഥാനത്തിന് റോളിംഗ് ട്രോഫിയും 1000 രൂപയുടെ ക്യാഷ് അവാർഡും 20 മാർക്കും, രണ്ടാം സ്ഥാനത്തിന് റോളിംഗ് ട്രോഫിയും 500 രൂപയുടെ ക്യാഷ് അവാർഡും 15 മാർക്കും, മൂന്നാം സ്ഥാനത്തിന് 10 മാർക്ക് മാത്രം ലഭിക്കുന്നതാണ്.

* കലോത്സവത്തിൽ പങ്കെടുക്കുന്ന ഓരോ സ്കൂളും 100 രൂപ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
* കഴിഞ്ഞ വർഷത്തെ കലോത്സവത്തിൽ റോളിംഗ് ട്രോഫികൾ നേടിയ സ്കൂളുകൾ ഒക്ടോബർ 3ന് മുൻപ് തലശ്ശേരി കേന്ദ്ര ഓഫീസിൽ എത്തിക്കണം.

## ഗാന്ധിജയന്തിദിനം

ഒക്ടോബർ 2ന് ബ്രോഷറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് നടത്തുകയും വാർത്തകൾ പത്രങ്ങളിൽ കൊടുക്കുകയും വേണം. ഫോട്ടോകളും വാർത്തകളും എ.ഡി.എസ്.യു. ഓഫീസിലേക്ക് ഇ-മെയിൽ ചെയ്യണം.

## എ.ഡി.എസ്.യു. സ്കൂൾ വിസിറ്റ്

സെപ്റ്റംബർ 22ന് ഇരിട്ടി പ്രദേശത്തുള്ള സ്കൂളുകളിൽനിന്നും ആരംഭിക്കുന്നതാണ്. വിസിറ്റേഴ്സിനുവേണ്ടിയുള്ള എല്ലാ സഹകരണവും ചെയ്തു കൊടുക്കുക.

## പച്ചക്കറിത്തോട്ടം

എ.ഡി.എസ്.യു. വിന്റെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നത് നല്ലതാണല്ലോ. ജൈവകൃഷിയിലേക്ക് കുട്ടികളെ ആകർഷിക്കാൻ ഇത് ഉപകരിക്കുമല്ലോ. മറ്റ് കുട്ടികൾക്ക് ഇതൊരു മാതൃകയുമായിരിക്കും.

ലഹരിമുക്ത വിദ്യാർത്ഥി സമൂഹ നിർമ്മാണത്തിൽ അധ്യാപകരുടെ പങ്ക് നിർണ്ണായകമാണല്ലോ. പ്രധാന അധ്യാപകരുടെയും ആനിമേറ്റേഴ്സ്

അധ്യാപകരുടെയും നേതൃത്വത്തിനും പ്രോത്സാഹനത്തിനും എ.ഡി.എസ്. യു. വിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## ലഹരിവിരുദ്ധ ചർച്ചായോഗം

അതിരൂപതയിലെ ലഹരി വിരുദ്ധസംഘടനകളെയും പ്രസ്ഥാനങ്ങളെയും ശക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ 2015 സെപ്റ്റംബർ 10ന് ശനിയാഴ്ച സന്ദേശഭവനിൽ ചേർന്ന മേഖലാ ഡയറക്ടറച്ചന്മാരുടെയും വൈസ് ഡയറക്ടർമാരുടെയും (സിസ്റ്റേഴ്സ്) അൽമായ നേതാക്കളുടെയും യോഗം ആർച്ച് ബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. എബ്രാഹം പോണാട്ട് അധ്യക്ഷത വഹിച്ചു. ഫാ. തോമസ് തൈത്തോട്ടം മുഖ്യപ്രഭാഷണം നടത്തി. സണ്ണി പായ്ക്കാട്ട്, ഐ.സി. മേരി, ബേബി നെട്ടനാനി, ഫാ. ജോൺസൺ അന്ത്യാംകുളം, ആനി റോബർട്ട്, ജെയ്സൺ മർക്കോസ്, ബെന്നി കള്ളിക്കാട്ട്, ദേവസ്യാ കാരണത്തുപറമ്പിൽ, ജോസ് ചിറ്റേട്ട്, എബ്രാഹം പാരിയ്ക്കാപ്പള്ളി തുടങ്ങിയവർ ചർച്ചകളിൽ സജീവമായി പങ്കെടുത്തു. ചർച്ചകളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ അഭിവന്ദ്യ പിതാവിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

## മദ്യവർജ്ജന പ്രസ്ഥാനം-ശാക്തീകരണം

**ഇടവകാതലം:-**

1. മദ്യവിരുദ്ധ സമിതിയുടെ ഇടവകായൂണിറ്റ് സമയബന്ധിതമായി രൂപീകരിക്കുക. ഇടവകാ വികാരിയച്ചൻ നേതൃത്വം കൊടുക്കുക.
2. എല്ലാ സംഘടനകളുടെയും പ്രതിനിധികളും, പാരീഷ് കൗൺസിലർ പ്രതിനിധികളും സമിതിയിൽ ഉണ്ടായിരിക്കണം.
3. മദ്യപാനികളുടെ മാനസാന്തരത്തിനും ലഹരിവിരുദ്ധ നയം സർക്കാർ രൂപീകരിക്കുവാനുംവേണ്ടി മാസത്തിലെ ഒരു വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് വി. കുർബാനയും 1 മണിക്കൂർ ആരാധനയും തുടർന്ന് യൂണിറ്റ് കമ്മിറ്റിയും ചേർന്ന് പരിപാടികൾ ആസൂത്രണം ചെയ്യുക.
4. മാസത്തിലൊരു ദിവസം ഇടവകയിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പദയാത്ര നടത്തുക.
5. ഇടവകയിൽ ലഹരി ഉപയോഗ സർവ്വേ നടത്തി ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തി കൗൺസിലിംഗ് നടത്തി മദ്യപാനരോഗ ചികിത്സാ കേന്ദ്രത്തിലേക്കോ (പ്രതീക്ഷാ) ധ്യാനകേന്ദ്രത്തിലേക്കോ അയക്കുകയും വേണ്ടിവരുന്ന സാമ്പത്തിക സഹായം ചെയ്തുകൊടുക്കുകയും ചെയ്യുക.
6. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ പ്രഖ്യാപിത ലക്ഷ്യമായ "മദ്യവിരുദ്ധസഭയും സമൂഹവും" ഇടവകയിൽ നടപ്പാക്കുക.
7. കുടുംബ കൂട്ടായ്മ യോഗങ്ങളിൽ ലഹരി ഉപയോഗം ചർച്ചാവിഷയമാക്കുക.



8. ഓരോ വാർഡും മദ്യവിമുക്തമാക്കാനുള്ള ഉത്തരവാദിത്വം കുടുംബയോഗങ്ങൾ ഏറ്റെടുക്കുക.
9. ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ-സെമിനാറുകൾ, റാലികൾ, ഉപവാസപ്രാർത്ഥന, പ്രഭാഷണങ്ങൾ മുതലായവ സംഘടിപ്പിക്കുക.
10. ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന പരസ്യബോർഡുകൾ, കലണ്ടറുകൾ ഇടവകയിലെ എല്ലാ സ്ഥാപനങ്ങളുടെയും മറ്റ് പൊതുസ്ഥാപനങ്ങളുടെയും (ആശുപത്രികൾ, ബാങ്കുകൾ, പഞ്ചായത്ത് ഓഫീസ് മുതലായവ) മുൻപിൽ സ്ഥാപിക്കുക.
11. ക്രിസ്മസ്, ഈസ്റ്റർ, തിരുനാളുകൾ മുതലായവ മദ്യ വിമുക്തമായി ആചരിക്കുക.
12. വിവാഹത്തിന് മധുരം വയ്ക്കലിന് വീഞ്ഞ് ഉപയോഗിക്കുന്നത് കർശനമായി വിലക്കണം - 'നീര' യെ പ്രോത്സാഹിപ്പിക്കണം.
13. ഗാന്ധിജയന്തി, ശ്രീനാരായണ ജയന്തി, ക്വിറ്റ് ഇന്ത്യാദിനം, സ്വാതന്ത്ര്യദിനം തുടങ്ങിയവ ലഹരിവിരുദ്ധ ദിനങ്ങളായി ആചരിക്കുക.
14. ഇടവകാതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഷാപ്പുകൾ അടപ്പിക്കുവാൻ ശ്രമിക്കുക.
15. വ്യാജവാറ്റ്, മദ്യകള്ളക്കടത്ത് എന്നിവ അവസാനിപ്പിക്കുക.
16. സർക്കാരിന്റെ 10 ശതമാനം വിദേശമദ്യഷാപ്പുകൾ അടച്ചു പൂട്ടൽ പദ്ധതിയിൽ ഇടവകാതിർത്തിയിലുള്ള വിദേശമദ്യഷാപ്പുകൾ ഉൾപ്പെടുത്താൻ ശ്രമിക്കുക.
17. മദ്യവ്യാപാരികളിൽനിന്നും സംഭാവന സ്വീകരിക്കാതിരിക്കുക-അത് ആയിരങ്ങളുടെ കണ്ണീരിന്റെയും ശാപത്തിന്റെയും പൈസയാണ്.
18. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഒരു തുക ഇടവകയിൽനിന്നും സംഭാവന നൽകുക.
19. കണ്ണൂർ എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ ലഘുനാടകം അവതരിപ്പിക്കുക.
20. കുട്ടികളെയും യുവജനങ്ങളെയും സ്ത്രീകളെയും ലഹരി വിരുദ്ധ പരിപാടികളുടെ മുന്നണി പോരാളികളാക്കുക.
21. സ്കൂളുകളിൽ പ്രവർത്തിക്കുന്ന എ.ഡി.എസ്.യു. എന്ന വിദ്യാർത്ഥി സംഘടനയെ പ്രോത്സാഹിപ്പിക്കുക.
22. സൺഡേ സ്കൂളുകളിൽ ലഹരിവിരുദ്ധ പരിപാടികൾ സംഘടിപ്പിക്കുക.
23. തെങ്ങ്, പന എന്നിവ ചെത്താൻ കൊടുക്കാതിരിക്കുക, മദ്യഷാപ്പ് നടത്താൻ കെട്ടിടങ്ങൾ കൊടുക്കാതിരിക്കുക.
24. ഇടവകാപ്രവർത്തനങ്ങളുടെ മുൻഗണനാ ക്രമത്തിൽ മദ്യവർജ്ജനം ഉൾപ്പെടുത്തുക.

25. ബിയർ-വൈൻ പാർലറുകൾ മദ്യാസക്തിയുടെ നേഴ്സറികളായതു കൊണ്ട് പ്രതിഷേധപരിപാടികൾ നടത്തുക.

**മേഖലാതലം (ഫൊറോന)**

1. മേഖലാ കമ്മിറ്റി ഡയറക്ടർമാരുടെ നേതൃത്വത്തിൽ രൂപീകരിക്കുക.
2. മേഖലാ ഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിക്കുക.
3. യൂണിറ്റ് ഭാരവാഹികൾക്ക് പഠനശാലകൾ സംഘടിപ്പിക്കുക.
4. മാസത്തിലൊരിക്കൽ ഒരു ഇടവകയിൽനിന്നും അടുത്ത ഇടവകയിലേയ്ക്ക് ലഹരി ആസക്തിക്കെതിരെ ജപമാലറാലിയോ, കുരിശിന്റെ റാലിയോ സംഘടിപ്പിക്കുക. ഒരു വർഷത്തിൽ 12 റാലികൾ സംഘടിപ്പിക്കാൻ സാധിക്കും. ലഹരിക്കെതിരെയുള്ള ഒരു ജനകീയ ബോധവൽക്കരണമായിരിക്കും ഈ പരിപാടി.
5. സർക്കാരിന്റെ ജനദ്രോഹ മദ്യനയത്തിൽ പ്രതിഷേധിച്ചുകൊണ്ട് മേഖലാ അടിസ്ഥാനത്തിൽ ഉപവാസപ്രാർത്ഥന, പ്രതിഷേധറാലികൾ, പ്രതിഷേധയോഗങ്ങൾ എന്നിവ സംഘടിപ്പിക്കുക.
6. മേഖലയിലെ ഏറ്റവും മികച്ച ലഹരിവിരുദ്ധ പ്രവർത്തനം നടത്തുന്ന ഇടവകയ്ക്കും പ്രവർത്തകനും അവാർഡ് നൽകി അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

**അതിരൂപതാതലം**

1. മേഖലാ ഭാരവാഹികളിൽനിന്നും അതിരൂപതാ കമ്മിറ്റി രൂപീകരിക്കുക.
2. അതിരൂപതാ കമ്മിറ്റി മേഖലാകമ്മിറ്റികൾ സന്ദർശിക്കുക.
3. പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്ത് മേഖലകൾക്കും യൂണിറ്റുകൾക്കും നൽകുക.
4. 1 വർഷം മേഖലാ കമ്മിറ്റിയുടെ സഹകരണത്തോടെ ഓരോ മേഖലയിലും ഒരു ഇടവക (ഗ്രാമം) സമ്പൂർണ്ണ മദ്യവിമുക്തമാക്കുക.
5. നോമ്പുകാല ഇടയലേഖനങ്ങളിലൂടെ (25, 50 നോമ്പുകൾ) മദ്യപാനത്തിന് കർശനമായ വിലക്ക് ഏർപ്പെടുത്തുക.
6. ബഹു. വൈദികരുടെ ധ്യാനാവസരങ്ങളിലും ഇടവക സന്ദർശനങ്ങളിലും അഭിവന്ദ്യ പിതാവ് മദ്യവർജ്ജനത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുക.
7. മദ്യവർജ്ജനവർഷം ആചരിക്കുക.
8. കരുണയുടെ വർഷത്തിൽ കുടുംബങ്ങളെ നശിപ്പിക്കുന്ന ലഹരിയാസക്തിക്കെതിരായ പ്രവർത്തനം ശക്തിപ്പെടുത്താൻ അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്യുക.



9. ഫൊറോന വികാരിമാരുടെ സമ്മേളനം, ആലോചനാ സമിതിയുടെ സമ്മേളനം, വൈദികസെനറ്റ്, പാസ്റ്ററൽ കൗൺസിൽ എന്നിവയുടെ സമ്മേളനങ്ങളിലും മദ്യവർജ്ജനം ചർച്ച ചെയ്യുക.
10. എ.കെ.സി.സി., മിഷൻലീഗ്, കെ.സി.വൈ.എം., മാതൃവേദി, ടി.എസ്.എസ്.എസ്. എന്നീ സംഘടനകളുടെ അജണ്ടയിൽ മദ്യവർജ്ജനം ഉൾപ്പെടുത്തുക.
11. അതിരൂപതാ മദ്യവർജ്ജന പ്രസ്ഥാനം സ്ഥാപക ദിനമായ ജനുവരി 1 (1978) അതിരൂപതയിൽ ശ്രദ്ധേയമായ പരിപാടികളോടെ ആചരിക്കുകയും അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ പേരിൽ അവാർഡ് ഏർപ്പെടുത്തുകയും സംസ്ഥാനത്തെയോ അതിരൂപതയിലെയോ ഏറ്റവും മികച്ച പ്രവർത്തകന് സമ്മാനിക്കുകയും ചെയ്യുക.
12. അതിരൂപതയിൽ ഏറ്റവും മികച്ച ലഹരിവിരുദ്ധ പ്രവർത്തനം നടത്തിയ ഇടവകയ്ക്കും പ്രവർത്തകനും അവാർഡ് കൊടുക്കുക.
13. അതിരൂപതയിലെ മുഴുവൻ ഇടവകകളെയും ബന്ധിപ്പിച്ചുകൊണ്ട് ലഹരിവിരുദ്ധ പ്രചരണവാഹനജാഥ നടത്തുക.
14. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, എ.ഡി.എസ്.യു. എന്നീ സംഘടനകളെ ഒരു വൈദികന്റെ നേതൃത്വത്തിലും പ്രതീക്ഷാ-ശാന്തിഗ്രാം എന്നീ പ്രസ്ഥാനങ്ങളെ മറ്റൊരു വൈദികന്റെ നേതൃത്വത്തിലും പുനഃക്രമീകരിക്കുക.
15. യൂണിറ്റ് രൂപീകരണത്തിന്റെ ആവശ്യകതയും പ്രസ്ഥാനത്തെ ശാക്തീകരിക്കേണ്ടതിന്റെ കാലിക പ്രസക്തിയും ഉൾക്കൊള്ളിച്ചുകൊണ്ട് ഇടയലേഖനം പ്രസിദ്ധീകരിക്കുക.

സ്നേഹാംശംസകളോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
അസി. ഡയറക്ടർ

**ഫാ. തോമസ് തൈത്തോട്ടം**
ഡയറക്ടർ

# എ.കെ.സി.സി.

## ആത്മമിത്രം മൈക്രോ ഫിനാൻസ്

കത്തോലിക്കാ കോൺഗ്രസ് ആരംഭിച്ച ആത്മമിത്രം മൈക്രോ ഫിനാൻസിന്റെ ഓഫീസ് ഉദ്ഘാടനവും വെഞ്ചരിപ്പു കർമ്മവും എറണാകുളം കാരണകോടം സെന്റ് ജൂഡ്സ് പള്ളിയോടനുബന്ധിച്ചുള്ള കെട്ടിടത്തിൽ സീറോ മലബാർസഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി നിർവഹിച്ചു. സഭാംഗങ്ങൾ കൂട്ടായ്മയിൽ മുന്നേറുന്നതാണ് യഥാർത്ഥ ക്രിസ്തുസാക്ഷ്യമെന്ന് മാർ ആലഞ്ചേരി പറഞ്ഞു. ദൈവജനം ഐക്യത്തിലാകുമ്പോൾ സമൂഹത്തിലെ എല്ലാവരെയും ഐക്യത്തിലേക്ക് നയിക്കാൻ നമുക്കു സാധിക്കുമെന്ന് ഉദ്ഘാടനപ്രസംഗത്തിൽ അദ്ദേഹം സൂചിപ്പിച്ചു. കത്തോലിക്കാ കോൺഗ്രസ് ബിഷപ്പ് ലെഗേറ്റ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ അദ്ധ്യക്ഷത വഹിച്ചു. മെത്രാന്മാർ, കത്തോലിക്കാ കോൺഗ്രസ് കേന്ദ്ര കമ്മിറ്റി ഭാരവാഹികൾ, അതിരൂപത, രൂപതാ ഭാരവാഹികൾ, രൂപതാ ഡയറക്ടർമാർ, വൈദികർ, അത്മായനേതാക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## ആത്മമിത്രം മൈക്രോ ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്

**ആമുഖം**

സീറോ മലബാർ സഭയുടെ അല്മായ ശബ്ദമായ സമുദായ സംഘടന, കത്തോലിക്കാ കോൺഗ്രസ്സിന്റെ ജനോപകാരപ്രദമായ സേവനമേഖലയാണ് ആത്മമിത്രം മൈക്രോ ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്.

**പേര്**

ആത്മമിത്രം മൈക്രോ ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് (Atmamithram Micro Finance Private Limited) എന്നാണ് ഇതിന്റെ പേര്.

**ദർശനം**

സാധാരണക്കാരുടെ സാമ്പത്തിക-സാമൂഹിക ഉൽക്കർഷത്തിനുതകുന്ന മൂല്യാധിഷ്ഠിത സാമ്പത്തികസേവനം പ്രദാനം ചെയ്യുക.

**ലക്ഷ്യങ്ങൾ**

1. സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥകളിൽനിന്നും താഴ്ന്ന വരുമാനക്കാരെ ക്രമാനുഗതമായി ഉയർത്തിക്കൊണ്ടുവരിക.
2. താഴ്ന്ന വരുമാനക്കാരുടെ സാമ്പത്തിക ഉയർച്ചയ്ക്ക് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക.
3. എളുപ്പത്തിലും കാലതാമസം കൂടാതെയും വായ്പകൾ ലഭ്യമാക്കുക.



**മൈക്രോ ഫിനാൻസ് പദ്ധതി എന്നാൽ എന്ത്?**

മൈക്രോ എന്നാൽ ചെറുത് എന്നാണർത്ഥം. ആവശ്യക്കാർക്കുള്ള സാമ്പത്തികസേവനം എന്ന നിലയ്ക്ക് മൈക്രോ ഫിനാൻസ് എന്ന പദം ആദ്യമായി ഉപയോഗത്തിൽ വരുന്നത് 1990-ലാണ്. അതിനു മുൻപ് ദരിദ്രർക്കും സ്ത്രീകൾക്കും കൃഷിയോ ചെറിയ വ്യാപാരങ്ങളോ തുടങ്ങുന്നതിന് നൽകുന്ന ചെറിയ വായ്പ (Micro Loans) ചെറിയ കടം (Micro Credit) എന്നിങ്ങനെയാണറിയപ്പെട്ടിരുന്നത്. വായ്പയായി ആവശ്യക്കാർക്കു നിശ്ചിത തുക നൽകുന്ന പദ്ധതിയെയാണ് മൈക്രോ ഫിനാൻസ് പദ്ധതിയെന്നു പറയുന്നത്. വ്യക്തികൾക്കോ, ചെറിയ ഗ്രൂപ്പുകൾക്കോ വ്യാപാരത്തിനോ, കൃഷിക്കോ ചെറിയ മുതൽമുടക്കുള്ള മറ്റു സംരംഭങ്ങൾ തുടങ്ങുന്നതിനോ ആണ് വായ്പകൾ നൽകുന്നത്. വായ്പയായി ലഭിക്കുന്നത് ചെറിയ തുകയാണെന്നു വരികിലും സാധാരണക്കാരനായ ഒരു വ്യക്തിയെ സംബന്ധിച്ച് അയാളുടെ സംരംഭത്തിന് തുടക്കം കുറിക്കാൻ അത് ആശ്വാസകരമായ സഹായമായിരിക്കും.

**പ്രത്യേകതകൾ**

1. ഈ കാലഘട്ടത്തിന്റെ സാമ്പത്തിക അടിത്തറയാണ് മൈക്രോ ഫിനാൻസ്.
2. ഗ്രാമീണ ഇന്ത്യയുടെ സാമ്പത്തിക സ്രോതസ്സാണ് മൈക്രോ ഫിനാൻസ്
3. ഈ പദ്ധതിയുടെ പ്രമോട്ടർ കത്തോലിക്കാ കോൺഗ്രസ്സാണ്.
4. താഴ്ന്ന വരുമാനക്കാർക്ക് വായ്പ.
5. വായ്പയുടെ കാലയളവ് ഹ്രസ്വം.
6. സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിയുള്ള സംരംഭങ്ങൾക്ക് മുൻഗണന.
7. സ്വയം സഹായസംഘങ്ങൾ (SHG)/Joint Liability Group (JLG)- വഴി വായ്പ നൽകുന്നു.
8. കൃഷി, ഇടത്തരം വ്യവസായങ്ങൾ, വ്യാപാരങ്ങൾ, സമാനമായ മറ്റ് സംരംഭങ്ങൾ എന്നിവയ്ക്ക് വായ്പ നൽകുന്നു.
9. അഖിലേന്ത്യാതലത്തിൽ സേവനം ലഭിക്കുന്നു.
10. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ വ്യക്തമായ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു.
11. സ്ത്രീ ശക്തീകരണത്തിന് ഊന്നൽ.

**പ്രവർത്തനരീതി**

1. സ്വയം സഹായകസംഘങ്ങളുടെ രൂപീകരണം.
2. സഹകരിച്ച് പ്രവർത്തിക്കാൻ സന്നദ്ധരായവരുടെ ചെറിയ സംഘങ്ങളുടെ രൂപീകരണം.

3. സംഘാംഗങ്ങൾക്ക് സംരംഭങ്ങളെക്കുറിച്ച് പരിശീലനക്ലാസ്സുകൾ നൽകുന്നു.
4. സംഘാംഗങ്ങളുടെ പ്രതിവാര യോഗങ്ങൾ സംഘടിപ്പിക്കുന്നു. ലോൺ തിരിച്ചടക്കുന്നത് ഈ യോഗങ്ങളിൽ വച്ചായിരിക്കും.
5. ഫീൽഡ് ഓഫീസർ/ആനിമേറ്റേഴ്സ് എന്നിവർ വഴി പ്രവർത്തനം.

**വായ്പ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

1. റിസർവ് ബാങ്കിന്റെ നിബന്ധനകൾക്കു വിധേയമായിട്ടായിരിക്കും വായ്പകൾ നൽകുന്നത്.
2. ഓരോ അംഗത്തിന്റെയും കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ ഒരു ലക്ഷം രൂപയും, ചെറുപട്ടണങ്ങളിൽ ഒരു ലക്ഷത്തി ഇരുപതിനായിരം രൂപയും കവിയാൻ പാടുള്ളതല്ല.
3. ഒരു അംഗത്തിന് ആദ്യവായ്പയായി അറുപതിനായിരം രൂപ വരെ ലഭിക്കും.
4. തൃപ്തികരമായ തിരിച്ചടവിനുശേഷം രണ്ടാമത്തെ വായ്പയായി ഒരു ലക്ഷം രൂപ വരെ ലഭിക്കും.
5. റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായ പലിശയായിരിക്കും ഈടാക്കുന്നത്.

**തിരിച്ചടയ്ക്കുന്ന രീതി**

എല്ലാ ആഴ്ചയിലും ചേരുന്ന സ്വയം സഹായകസംഘങ്ങളുടെ/Joint Liability Group (JLG) അംഗങ്ങളുടെ യോഗങ്ങളിൽ വച്ച് വായ്പയെടുത്ത തുകയുടെ കാലാവധിയനുസരിച്ച് തുല്യഗഡുക്കളായി അതു തിരിച്ചടയ്ക്കണം.

**ഷെയർ എടുക്കുന്ന വിധം**

ആർക്കെല്ലാം ആത്മമിത്രം മൈക്രോഫിനാൻസ് കമ്പനിയിൽ ഷെയർ ലഭിക്കും?

1. ഈ പദ്ധതിയുടെ അംഗീകൃതമൂലധനം (Authorised Capital) പത്തുകോടിയും തുടക്കത്തിൽ സമാഹരിക്കുന്ന മൂലധനം (Paid up Capital) ഏഴു കോടിയുമായിരിക്കും.
2. ഏഴു കോടിയിൽ 51% ത്തിലധികം ഓഹരികളും കത്തോലിക്കാ കോൺഗ്രസ്സിനായിരിക്കും.
3. ബാക്കി ഓഹരികൾ വ്യക്തികൾക്കോ, രജിസ്റ്റേർഡ് സ്ഥാപനങ്ങൾക്കോ വേണ്ടി മാറ്റി വച്ചിരിക്കുന്നു.
4. ഒരു ഓഹരിയുടെ വില 1000 രൂപ ആയിരിക്കും.



5. വ്യക്തിഗത ഓഹരി 5 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെയാണ്.
6. കത്തോലിക്കാ കോൺഗ്രസ്സിന്റെ 51% ഓഹരികൾ സ്വരൂപിക്കുന്നത് ഓരോ യൂണിറ്റിലും നിന്നാണ്.
7. കത്തോലിക്കാ കോൺഗ്രസ്സ് യൂണിറ്റുകൾ ഓരോന്നും 20,000/- രൂപവീതം സംഘടനയ്ക്ക് നൽകുന്നു. ഇതാണ് കത്തോലിക്കാ കോൺഗ്രസ്സിന്റെ 51% ഓഹരി വിഹിതമാകുന്നത്.

**ഷെയർ എടുക്കുന്നവർക്കുള്ള ഗുണം**

1. കമ്പനി ലാഭത്തിലേക്ക് വരുന്ന മുറയ്ക്ക് ഓഹരി ഉടമകൾക്ക് ലാഭവിഹിതം ലഭിക്കും.
2. പദ്ധതിയുടെ വളർച്ചയ്ക്കനുസരിച്ച് ഓഹരിയുടെ മൂല്യവും വർദ്ധിക്കുന്നതാണ്.

**ഘടന:-**

**1. അപ്പെക്സ് ബോഡി (ഉന്നതാധികാരസമിതി)**

സീറോ മലബാർ മേജർ ആർച്ച്ബിഷപ്പ്, സീറോ മലബാർ പെർമനന്റ് സിനഡ് അംഗങ്ങൾ, കത്തോലിക്കാ കോൺഗ്രസ് ബിഷപ്പ് ലെഗേറ്റ്, കത്തോലിക്കാ കോൺഗ്രസ് ഡയറക്ടർ, കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ്.

**2. ഉപദേശകസമിതി**

ഉപദേശക സമിതിയുടെ കാലാവധി ഈ പദ്ധതിയുടെ എം.ഒ.എ. വിൽ പറഞ്ഞിരിക്കുന്ന പ്രകാരമായിരിക്കും. എം.ഒ.എ. വിൽ നിശ്ചയിച്ചിട്ടുള്ള കാലയളവിലേക്കായി കത്തോലിക്കാ കോൺഗ്രസ്സിന്റെ കേന്ദ്രസമിതി തെരഞ്ഞെടുക്കുന്നവരും ബിഷപ്പ് ലെഗേറ്റ് നോമിനേറ്റ് ചെയ്യുന്ന വിദഗ്ധരും അടങ്ങുന്നതാണ് ഉപദേശകസമിതി അംഗങ്ങൾ. ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി (ഡയറക്ടർ), ഫാ. ജിയോ കടവിൽ, ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഫാ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ, ഫാ. സെബാസ്റ്റ്യൻ ഊരക്കാടൻ (രൂപതാ ഡയക്ടർമാരുടെ പ്രതിനിധികൾ), ശ്രീ. വി.വി. അഗസ്റ്റിൻ (പ്രസിഡന്റ്), അഡ്വ. ബിജു പറയന്നിലം (ജനറൽ സെക്രട്ടറി), ശ്രീ. ജോസുകുട്ടി മാടപ്പിള്ളി (ട്രഷർ), പ്രൊഫ. ജോസുകുട്ടി ജെ. ഒഴുകയിൽ, ശ്രീ. രാജീവ് ജോസഫ്, ശ്രീ. ലാസർ മാസ്റ്റർ, ശ്രീ. ജോസ് മേനാച്ചേരി, ശ്രീ. ജോണി വടക്കേക്കര (കേന്ദ്രസമിതി പ്രതിനിധികൾ), ശ്രീ. ജോർജ് ജോസഫ് (സിൻഡിക്കേറ്റ് ബാങ്കിന്റെ മുൻ ചെയർമാനും, മാനേജിങ്ങ് ഡയറക്ടറും), ഡോ. വി.എ. ജോസഫ് (സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മുൻ മാനേജിങ്ങ് ഡയറക്ടറും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും).

**3. ഡയറക്ടർ ബോർഡ്**

ഡയറക്ടർ ബോർഡിലെ അംഗസംഖ്യ പദ്ധതിയുടെ എംഒഎ വിൽ പറഞ്ഞിട്ടുള്ള പ്രകാരമായിരിക്കും. കത്തോലിക്കാ കോൺഗ്രസ്സിന്റെ ഡയറക്ടർ, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ, കേന്ദ്രസമിതി തെരഞ്ഞെടുക്കുന്ന പ്രതിനിധി, കൂടാതെ ബിഷപ്പ് ലെഗേറ്റ് നാമനിർദ്ദേശം ചെയ്യുന്ന നാലു വിദഗ്ദ്ധരുമടങ്ങുന്നതായിരിക്കും ഡയറക്ടർ ബോർഡ്.

ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി (ഡയറക്ടർ) ശ്രീ. വി.വി. അഗസ്റ്റിൻ (പ്രസിഡന്റ്), അഡ്വ. ബിജു പറയന്നിലം (ജനറൽ സെക്രട്ടറി), ശ്രീ. ജോസുകുട്ടി മാടപ്പിള്ളി (ട്രഷറർ), ശ്രീ. രാജീവ് ജോസഫ് (കേന്ദ്രസമിതി പ്രതിനിധി), നാമനിർദ്ദേശം ചെയ്യപ്പെട്ടവർ-ശ്രീ. ജോർജ് ജോസഫ് (സിൻഡിക്കേറ്റ് ബാങ്കിന്റെ മുൻ ചെയർമാനും, മാനേജിങ്ങ് ഡയറക്ടറും), ഡോ. വി. എ. ജോസഫ് (സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മുൻ മാനേജിങ്ങ് ഡയറക്ടറും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും), ശ്രീ. ജോർജ് ജോസഫ് ഐ.എ.എസ്. (റിട്ടയേർഡ് അഡീഷ്ണൽ ചീഫ് സെക്രട്ടറി, ഗുജറാത്ത്).

**അഭ്യർത്ഥന**

സഭാംഗങ്ങളെല്ലാവരും ഈ പദ്ധതിയുടെ വിജയത്തിനുവേണ്ടി സഹകരിക്കണം. സഭാംഗങ്ങളിൽ സാമ്പത്തിക പിന്നോക്കം നില്ക്കുന്നവരെ മുൻനിരയിലേക്കു കൊണ്ടുവരുന്നതിനുള്ള ദീർഘകാല പദ്ധതിയാണിത്. ഇതരസാമ്പത്തിക സംവിധാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മൈക്രോ ഫിനാൻസ് വിജയപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. സഭാംഗങ്ങളെല്ലാവരും ഉന്നതിയിലേക്ക് വളരണമെന്നുള്ള സഭാനേതൃത്വത്തിന്റെ പ്രത്യേക താല്പര്യപ്രകാരമാണ് ഇത് ആവിഷ്കരിച്ചിരിക്കുന്നത്. അതിനാൽ സഭാംഗങ്ങളെല്ലാവരും ഈ സംവിധാനത്തിന്റെ ഭാഗമാകുവാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ATMAMITHRAM MICRO FINANCE Pvt. Ltd.
St. Jude Church Building, Thammanam P.O., Karanakodam,
Kochi - 682 032, Kerala. Ph: 9446930716, 9497025413.
E-mail: akccmail2012@gmail.com
0484 - 2812212

## അതിരൂപതഭാരവാഹികളുടെയും ഫൊറോന പ്രസിഡന്റുമാരുടേയും സംയുക്തയോഗം സെപ്തംബർ 12-തലശ്ശേരി

യോഗത്തിൽ അതിരൂപതാ പ്രസിഡന്റ് ദേവസ്യ കൊങ്ങോല അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. തോമസ് കൊച്ചുകരോട്ട് ആമുഖപ്രസംഗം നടത്തി. മോചനയാത്രയുടെ വിവിധ സ്വീകരണസ്ഥലങ്ങളിലെ വരവ്ചിലവ് കണക്കുകൾ അവതരിപ്പിച്ചു. രജിസ്ട്രേഷൻ നടത്താത്ത പുതിയ യൂണിറ്റുകൾ കേന്ദ്രകമ്മിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിന് തീരുമാനമെടുത്തു. കേന്ദ്രകമ്മിറ്റി നിർദ്ദേശിച്ച തുടർസമര പരിപാടികൾ അതിരൂപതയിൽ നടത്തുന്നതിനെപ്പറ്റി അടുത്ത യോഗത്തിൽ ചർച്ചചെയ്യുന്നതിന് തീരുമാനിച്ചു. മൈക്രോ ഫിനാൻസിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ബന്ധപ്പെട്ടവരുമായി ആലോചിച്ച വിവിധതലങ്ങളിലുള്ള യോഗങ്ങൾ വിളിച്ചു ചേർക്കുന്നതിന് പ്രസിഡന്റിനേയും അതിരൂപത ഡയറക്ടറേയും ചുമതലപ്പെടുത്തി. മനുഷ്യജീവന്റെ മഹത്വം ഉയർത്തി പിടിക്കുവാൻ സർക്കാർ തയ്യാറാകണമെന്നും യോഗം ആവശ്യപ്പെട്ടു. തെരുവുനായ്ക്കൾ സൃഷ്ടിക്കുന്ന കടന്നാക്രമണം മനുഷ്യജീവിതത്തിന് വെല്ലുവിളി സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണെന്നും സ്ത്രീകളും കുട്ടികളും മുതിർന്നവരുമെല്ലാം തെരുവുനായ്ക്കളെ പേടിച്ച് ഭവനങ്ങളിൽ ഭയാശങ്കകളോടെ കഴിയുകയാണെന്നും ഇതൊന്നും കണ്ടില്ലെന്ന് നടിക്കുന്ന സർക്കാർ നടപടി അപലനീയമാണെന്നും യോഗം വിലയിരുത്തി. മതതീവ്രവാദികളുടെ സമ്മർദ്ദവും ആഭ്യന്തരകലാപങ്ങളും മൂലം മധ്യേഷ്യയിൽനിന്ന് പ്രാണരക്ഷാർത്ഥം പലായനം ചെയ്യുന്ന മനുഷ്യർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവർക്ക് സംരക്ഷണം നൽകാൻ യു.എൻ.ഓയെയും പ്രേരിപ്പിക്കുവാൻ ഭരണകൂടങ്ങൾ തയ്യാറാകണമെന്നും യോഗം ആവശ്യപ്പെട്ടു.

ജനറൽ സെക്രട്ടറി ജോണി തോമസ് വടക്കേക്കര, ചാക്കോച്ചൻ കാരാമയിൽ, മാത്യു പൂനാച്ചിയിൽ, ബേബി നെട്ടനാനിയിൽ, തോമസ് മാണി കളപ്പുര മുതലായവർ പ്രസംഗിച്ചു.

സ്നേഹപൂർവ്വം,

**ദേവസ്യാ കൊങ്ങോല** — അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് കൊച്ചുകരോട്ട്** — ഡയറക്ടർ

# സാമൂഹ്യസേവനവേദി

### *തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി*

### (ടി.എസ്.എസ്.എസ്.)

## 1. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 49-ാം വാർഷികവും പൊതുയോഗവും

സെപ്റ്റംബർ 19-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണിവരെ തലശ്ശേരി മാതാ ട്രെയിനിംഗ് സെന്ററിൽവച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 49-ാം വാർഷികവും പൊതുയോഗവും അനുബന്ധ പരിപാടികളും നടത്തി. രാവിലെ 10 മണിക്ക് പൊതുയോഗ പരിപാടികൾ ആരംഭിച്ചു. ദീപിക റസിഡന്റ് മാനേജർ ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ തലശ്ശേരി അതിരൂപതാ അജപാലനകേന്ദ്രം ഡയറക്ടർ ഫാ. തോമസ് കൊച്ചുകരോട്ട് പൊതുയോഗം ഉദ്ഘാടനം ചെയ്തു. ഫ്രണ്ട്‌ലൈൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കാസർഗോഡ് ജില്ലാ ചെയർമാൻ ശ്രീ. ടി.എം. ജോസ് തയ്യിൽ ജനകീയസംഘ പ്രതിനിധികൾക്ക് കാസ്സെടുത്തു. ജനകീയസംഘം അതിരൂപതാ സെക്രട്ടറി പ്രതിജ്ഞയും, അതിരൂപതാ പ്രസിഡണ്ട് നന്ദിയും രേഖപ്പെടുത്തി. ഉച്ചഭക്ഷണത്തിനു ശേഷം 2.30-ന് വാർഷിക പൊതുസമ്മേളനം ആരംഭിച്ചു. ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. തോമസ് തയ്യിൽ സ്വാഗതം ആശംസിച്ച ചടങ്ങിൽ അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോർജ് ഞറളക്കാട്ട് പിതാവ് അദ്ധ്യക്ഷത വഹിച്ചു. കേരള ഗ്രാമവികസന വകുപ്പ് മന്ത്രി ശ്രീ. കെ.സി. ജോസഫ് വാർഷിക പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വികാരി ജനറാൾ മോൺ. അബ്രാഹം പോണാട്ട് വാർഷിക റിപ്പോർട്ട് പ്രകാശനം ചെയ്തു. കണ്ണൂർ ജില്ലാ പഞ്ചായത്ത് മെമ്പർ ഡോ. കെ.വി. ഫിലോമിന പ്രത്യാശ പാലിയേറ്റീവ് കെയർ യൂണിറ്റ് ഉദ്ഘാടനം നടത്തി. സ്വയം തൊഴിൽ പദ്ധതിയുടെ ഉദ്ഘാടനം കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ചെയർമാൻ ശ്രീ. പി.ടി. ജോസ് നിർവ്വഹിച്ചു. കർഷകർക്ക് ആവശ്യമായ നല്ലയിനം നാടൻ പച്ചക്കറി വിത്തുകളുടെ വിതരണോദ്ഘാടനം അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. 28 ഇടവകകളിലെ കിടപ്പുരോഗികൾക്കായി എയർബെഡ് വിതരണവും നടത്തി. ചടങ്ങിൽ അതിരൂപതാ ജനകീയസംഘ പ്രസിഡണ്ടും നിരവധി വൈദികരും സിസ്റ്റേഴ്സും ബോർഡ് മെമ്പേഴ്സും പങ്കെടുത്തു. ടി.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. സ്ക്കറിയ നിരപ്പേൽ ചടങ്ങിന് ഔദ്യോഗികമായി നന്ദി പ്രകാശിപ്പിച്ചു.

### a. ബെസ്റ്റ് യൂണിറ്റ് അവാർഡുകൾ

സെപ്റ്റംബർ 19ന് നടന്ന വാർഷിക പൊതുയോഗത്തിൽവച്ച് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് 2014-ലെ ബെസ്റ്റ് യൂണിറ്റുകൾക്കുള്ള അവാർഡുകൾ സമ്മാനിച്ചു. തലശ്ശേരി അതിരൂപതയിലെ ബെസ്റ്റ്



ക്രെഡിറ്റ് യൂണിയനായി പൈസക്കരി ക്രെഡിറ്റ് യൂണിയൻ തെരഞ്ഞെടുക്കപ്പെട്ടു. രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം പാലാവയൽ, നെല്ലിക്കാംപൊയിൽ എന്നീ യൂണിറ്റുകൾ കരസ്ഥമാക്കി.

* ബെസ്റ്റ് എം.എസ്.എസ്. യൂണിറ്റായി ചെമ്പൻതൊട്ടി എം.എസ്.എസ്. തെരഞ്ഞെടുക്കപ്പെട്ടു. പുളിങ്ങോം, കൊളക്കാട് എം.എസ്.എസുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.
* ബെസ്റ്റ് ഗ്രാമിക അവാർഡ് വായാട്ടുപറമ്പ ഗ്രാമിക യൂണിറ്റ് കരസ്ഥമാക്കി. തേർമല, അരവഞ്ചാൽ ഗ്രാമികകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

അവാർഡുകൾ കരസ്ഥമാക്കിയ യൂണിറ്റുകളിലെ ഡയറക്ടർ അച്ചന്മാർക്കും, ആനിമേറ്റർ സിസ്റ്റർമാർക്കും, യൂണിറ്റ് പ്രസിഡണ്ട്, സെക്രട്ടറി, മറ്റു കമ്മിറ്റി അംഗങ്ങൾ, യൂണിറ്റ് അംഗങ്ങൾ എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും...

### b. ബെസ്റ്റ് പെർഫോമൻസ് അവാർഡ്

2014 സ്വാഭിമാൻ ഉൽപന്നങ്ങളുടെ വിതരണം നല്ല നിലയിൽ നടത്തി കുടുംബ ബഡ്ജറ്റിൽ ചിലവ് ചുരുക്കി ജീവിക്കാൻ അംഗങ്ങളെ പ്രേരിപ്പിച്ച യൂണിറ്റുകൾക്ക് ബെസ്റ്റ് പെർഫോമൻസ് അവാർഡ് നൽകി.

* ചെങ്ങോം, മാങ്ങോട്, വരക്കാട്, പടുപ്പ്, തിരുമേനി, തേർമല, അരീക്കമല, പൈസക്കരി, ആലക്കോട്, ചുള്ളി എന്നീ യൂണിറ്റുകൾക്ക് അഭിവന്ദ്യ പിതാവ് ബെസ്റ്റ് പെർഫോമൻസ് അവാർഡുകൾ നൽകി. ഈ യൂണിറ്റുകളിലെ ഡയറക്ടർ അച്ചന്മാർക്കും ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിനും എല്ലാ ഭരണസമിതി അംഗങ്ങൾക്കും ടി.എസ്.എസ്.എസ്. കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

### c. ബെസ്റ്റ് പെർഫോമർ അവാർഡ്

* 2014 വർഷത്തെ ബെസ്റ്റ് പെർഫോമർ അവാർഡ് ചെറുപുഴ റീജണൽ ഓർഗനൈസർ കുമാരി മോളി ജോഷ്വാ കരസ്ഥമാക്കി. സാമൂഹ്യരംഗത്തുള്ള നിസ്വാർത്ഥമായ എല്ലാ പ്രവർത്തനങ്ങൾക്കുമുള്ള ഒരു അംഗീകാരം കൂടിയാണ് ഈ അവാർഡ്. അഭിവന്ദ്യ പിതാവിൽനിന്ന് കുമാരി മോളി ജോഷ്വാ അവാർഡ് ഏറ്റുവാങ്ങി. അവാർഡ് ജേതാവിന് ടി.എസ്.എസ്.എസ്. കുടുംബാംഗങ്ങളുടെ അഭിനന്ദനങ്ങൾ.

### * ആദരാഞ്ജലികൾ

ടി.എസ്.എസ്.എസ്. നെല്ലിക്കാംപൊയിൽ ഫെഡറേഷൻ പ്രോഗ്രാം മാനേജർ ശ്രീമതി കുസുമം ബേബിയുടെ പിതാവ് ശ്രീ. ജേക്കബ് കൊല്ലപ്പറമ്പിൽ സെപ്റ്റംബർ 4-ാം തീയതി നിര്യാതനായി.

ടി.എസ്.എസ്.എസ്. കുടുംബാംഗങ്ങളുടെ പ്രാർത്ഥനാനിർഭരമായ ആദരാഞ്ജലികൾ...

**2. പശ്ചിമഘട്ട വികസന പദ്ധതി**

* കണിച്ചാർ ഗ്രാമപഞ്ചായത്ത് കുണ്ടലച്ചാപ്പ നീർത്തട പദ്ധതിയിൽ സെപ്റ്റംബർ 9-ാം തീയതി നെടുംപുറഞ്ചാലിൽവച്ച് ജൈവകൃഷി രീതിയെക്കുറിച്ചും ജൈവവള നിർമ്മാണത്തെക്കുറിച്ചും ഏകദിന പരിശീലന പരിപാടി നടത്തി. 125 പേർ പരിപാടിയിൽ പങ്കെടുത്തു.
* സെപ്റ്റംബർ 9-ാം തീയതി ഏലപ്പീടികയിൽവച്ച് ഏകദിന പരിശീലന പരിപാടി നടത്തി. കേളകം കൃഷി ഓഫീസർ ജൈവകൃഷി രീതികളെ ക്കുറിച്ച് ക്ലാസ്സെടുത്തു. 173 പേർ പരിപാടിയിൽ സംബന്ധിച്ചു.
* മാവുംചാൽ നീർത്തടപദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈ വിതരണം നടത്തി. സെപ്റ്റംബർ 14-ാം തീയതി നടുവിൽ ഗ്രാമപഞ്ചാത്ത് പ്രസിഡന്റ് ശ്രീ. പി.ടി. മാത്യു തൈ വിതരണോദ്ഘാടനം നടത്തി.

**3. ഓണക്കിറ്റ് വിതരണം**

* എടൂർ, തോമാപുരം, പൈസക്കരി, ചെമ്പേരി, പേരാവൂർ, ചെറുപുഴ, ആലക്കോട്, പനത്തടി, വെള്ളരിക്കുണ്ട്, മേരിഗിരി, കാഞ്ഞങ്ങാട് എന്നീ മേഖലകളുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിലെ നിർദ്ധനരായ കുടുംബങ്ങൾക്കും വിവിധ അഗതിമന്ദിരങ്ങൾക്കുമായി 1480-ഓളം ഓണക്കിറ്റുകൾ വിതരണം ചെയ്യുകയും, 29,000/- രൂപ ധനസഹായം നൽകുകയും ചെയ്തു.
* നടുവിൽ ഗ്രാമപഞ്ചായത്ത് പെയിൻ & പാലിയേറ്റീവ് കെയറിന്റെയും ടി.എസ്.എസ്.എസിന്റെയും സംയുക്താഭിമുഖ്യത്തിൽ 91 നിർധന കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തു. നടുവിൽ പി.എച്ച്.സി. ഓഫീസിൽവെച്ചു നടന്ന യോഗത്തിൽ ടി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. തോമസ് തയ്യിൽ, നടുവിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി.ടി. മാത്യു, പി.എച്ച്.സി. ഓഫീസ് അംഗങ്ങൾ, മറ്റു സാംസ്കാരിക നേതാക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**4. ചുള്ളി ടി.എസ്.എസ്.എസ്. ഗ്രാമിക യൂണിറ്റിന്റെ ഒന്നാം വാർഷികം**

ചുള്ളി ടി.എസ്.എസ്.എസ്. ഗ്രാമിക യൂണിറ്റിന്റെ ഒന്നാം വാർഷികാഘോഷവും ഓണാഘോഷവും സംയുക്തമായി ഓഗസ്റ്റ് 22-ാം തീയതി യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു വേങ്ങക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ വിവിധ കലാപരിപാടികളോടെ നടത്തുകയുണ്ടായി. ചടങ്ങിൽ 252 പേർ പങ്കെടുത്തു.

**5. വെള്ളടുക്കം (തോമാപുരം) അന്ധേരി പ്രൊജക്ട് ജൈവവള നിർമ്മാണം**

സെപ്റ്റംബർ 11-ാം തീയതി 25 കർഷകർക്കായി 350 കി.ഗ്രാം. വീതം ജൈവവളം വിതരണം ചെയ്തു. വിതരണോദ്ഘാടനം തോമാപുരം മേഖലാ പ്രോഗ്രാം മാനേജർ ശ്രീമതി വത്സമ്മ ടോമി ഉദ്ഘാടനം ചെയ്തു. കൺവീനർ ശ്രീ. ചാക്കോ തെന്നിപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു.

**6. തയ്യൽ പരിശീലനകേന്ദ്രം ഉദ്ഘാടനം**

* പുഞ്ച:- ഓഗസ്റ്റ് 23-ാം തീയതി പുഞ്ച യൂണിറ്റ് ഡയറക്ടറിന്റെ അദ്ധ്യക്ഷതയിൽ തയ്യൽ പരിശീലനകേന്ദ്രം ഉദ്ഘാടനം ചെയ്തു. ആദ്യ ബാച്ചിൽ 15 പേർ പരിശീലനം നേടുന്നു.
* ചട്ടമല:- സെപ്റ്റംബർ 20-ാം തീയതി ചട്ടമല യൂണിറ്റിൽ ടി.എസ്.എസ്. എസിന്റെ ധനസഹായത്തോടെ തയ്യൽ പരിശീലനകേന്ദ്രം ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ സന്നിഹിതനായിരുന്നു. ആദ്യ ബാച്ചിൽ 15 പേർ പരിശീലനം നേടുന്നു. 3 തയ്യൽ മെഷീനുകൾ ടി.എസ്.എസ്. എസിൽ നിന്നും അനുവദിച്ചതാണ്.

**7. മെഡിക്കൽ ക്യാമ്പ്**

* പാലാവയൽ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പും പ്രമേഹ രോഗനിർണ്ണയവും നടത്തി. ചെറുപുഴ സെന്റ് സെബാസ്റ്റ്യൻസ് ആശുപത്രിയുടെ നേതൃത്വത്തിൽ ക്യാമ്പ് നടത്തി. ക്യാമ്പിൽ 158 പേർ പങ്കെടുത്തു.
* ചൂരപ്പടവ് ക്രെഡിറ്റ് യൂണിയന്റെയും ചെറുപുഴ സെന്റ് സെബാസ്റ്റ്യൻസ് ആശുപത്രിയുടെയും നേതൃത്വത്തിൽ രക്തപരിശോധനാ ക്യാമ്പും രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പും നടത്തി. 164 പേർ പങ്കെടുത്തു.

**8. കശുമാവിൻതൈ വിതരണം**

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകർക്കായി "ധന" ഇനത്തിൽപ്പെട്ട 26482 ഗ്രാഫ്റ്റഡ് കശുമാവിൻതൈകൾ വിതരണം ചെയ്തു. കേരള കശുമാവ് വികസന കോർപ്പറേഷന്റെ സബ്സിഡി ലഭ്യമാക്കിക്കൊണ്ടാണ് തൈകൾ വിതരണം ചെയ്തത്.

**9. തേനീച്ച കൃഷി പരിശീലനം**

വായാട്ടുപറമ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ 47 കർഷകർക്കായി തേനീച്ചകൃഷി പരിശീലനം നടത്തി. ശ്രീ. തമ്പി പെരുമ്പള്ളിക്കുന്നേൽ പരിശീലനം നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ്ജ് അരീക്കുന്നേൽ പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു.

**10. പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ് രൂപീകരണം**

ജോസ്ഗിരി :- ജോസ്ഗിരി ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ പ്രത്യാശ പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ് ഉദ്ഘാടനം നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു കാരിക്കൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ

ഫാ. സ്ക്കറിയ നിരപ്പേൽ യൂണിറ്റ് ഉദ്ഘാടനം ചെയ്തു. 41 വോളണ്ടി യേഴ്സിന് യൂണിറ്റിൽനിന്ന് തിരഞ്ഞെടുക്കാൻ സാധിച്ചു.

## 11. നോട്ടുബുക്ക് വിതരണം

പാലാവയൽ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ നടത്തുന്ന കുട്ടികൾക്കായുള്ള ജനകീയ സംഘമായ 'ജീവിക'യുടെ നേതൃത്വത്തിൽ 138 പാവപ്പെട്ട കുട്ടികൾക്കായി നോട്ട്ബുക്ക് വിതരണം ചെയ്തു.

## 12. സ്വാഭിമാൻ ട്രെയിനിംഗ്

വിളമന, പരപ്പ, രയറോം യൂണിറ്റുകളുടെ നേതൃത്വത്തിൽ സ്വാഭിമാൻ പരിശീലനം നടത്തി. മേഖല കോർഡിനേറ്റർ ശ്രീമതി മായാ ജോണി പരിശീലനത്തിന് നേതൃത്വം നൽകി. 146 പേർ പരിശീലനത്തിൽ പങ്കെടുത്തു.

## 13. അന്ധേരി നീർത്തട വികസന പദ്ധതി

കാസർഗോഡ് ക്ലസ്റ്ററിന്റെ നേതൃത്വത്തിൽ ഏഴ് നീർത്തടങ്ങളെ കേന്ദ്രീ കരിച്ച് നീർത്തട വികസന കോർഡിനേറ്റേഴ്സിന്റെ ഏകദിന സെമിനാർ ചെറുപുഴ ഫെഡറേഷൻ ഓഫീസിൽവച്ച് നടത്തി. കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജോർജ് വെട്ടിക്കാട്ടിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഫാ. സ്ക്കറിയ നിരപ്പേൽ അദ്ധ്യക്ഷനായിരുന്നു. ശ്രീ. സണ്ണി പൈകട ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 121 പേർ പരിപാടി യിൽ പങ്കെടുത്തു.

## 14. കർഷക ദിനാചരണം

ഏറ്റുപാറ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ മാതൃകാ കർഷകരെ ആദരിക്കുകയും കർഷക ദിനാഘോഷം നടത്തുകയും ജൈവകൃഷിരീതി യെക്കുറിച്ച് ക്ലാസ്സ് എടുക്കുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് മണ്ണൂർ ചടങ്ങിൽ സന്നിഹിതനായിരുന്നു. 78 പേർ പരിപാടിയിൽ പങ്കെടുത്തു.

## 15. കുട നിർമ്മാണ പരിശീലനം

മാതാ ട്രെയിനിംഗ് സെന്ററിൽവെച്ച് 25 വിദ്യാർത്ഥികൾക്കായി കുട നിർമ്മാണ പരിശീലനം നടത്തി. പരിശീലന പരിപാടികൾക്ക് ചെമ്പേരി ആർ.സി.സി. പ്രോഗ്രാം മാനേജർ ശ്രീമതി ലിസി ജിജി നേതൃത്വം നൽകി.

## 16. ഡയറക്ടർ ബോർഡ് മീറ്റിംഗ്

സെപ്റ്റംബർ 1-ാം തീയതി ടി.എസ്.എസ്.എസ്. പ്രസിഡണ്ട് മോൺ. അബ്രാഹം പോണാട്ടിന്റെ അദ്ധ്യക്ഷതയിൽ ടി.എസ്.എസ്.എസ്. ബോർഡ് മീറ്റിംഗ് നടന്നു. ടി.എസ്.എസ്.എസ്. സുവർണ്ണ ജൂബിലി പദ്ധതി ആസൂത്ര ണം ചെയ്യുകയായിരുന്നു ബോർഡ് മീറ്റിംഗിന്റെ ലക്ഷ്യം. ഡയറക്ടർ ഫാ. തോമസ് തയ്യിൽ സ്വാഗതവും, അസി. ഡയറക്ടർ ഫാ. സ്ക്കറിയ നിരപ്പേൽ ബോർഡ് മീറ്റിംഗിന് നന്ദിയും പ്രകാശിപ്പിച്ചു.



## 17. "ചായ്" വാർഷിക പൊതുയോഗം

സെപ്റ്റംബർ 9,10 തീയതികളിലായി ഹൈദരാബാദിൽവച്ചു നടന്ന ചായ് വാർഷിക പൊതുയോഗത്തിൽ നമ്മുടെ രൂപതയെ പ്രതിനിധീകരിച്ച് ഫാ. സ്ക്കറിയ നിരപ്പേൽ പങ്കെടുത്തു.

## 18. ഫാമിലി കൗൺസിലിംഗ് സെന്റർ - സബ് കമ്മിറ്റി മീറ്റിംഗ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന മാനസ്വി കൗൺസിലിംഗ് സെന്ററിന്റെ സബ് കമ്മിറ്റി മീറ്റിംഗ് സെപ്റ്റംബർ 29-ാം തീയതി ചൊവ്വാഴ്ച തലശ്ശേരി മുൻസിപ്പൽ ചെയർപേഴ് സൺ ശ്രീമതി ആമിന മാളിയേക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. സർക്കാർ ഡിപ്പാർട്ട്മെന്റിന്റെ പ്രതിനിധികളും ടി.എസ്.എസ്.എസ്. ഡയറക്ടേഴ്സും ഈ കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന ങ്ങൾ വിലയിരുത്തി. സ്കൂൾ കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തുവാനുള്ള കാര്യങ്ങൾ ആലോചിച്ചു.

## 19. സേവ് എ ഫാമിലി പ്ലാൻ - വാർഷിക പൊതുയോഗം

സെപ്റ്റംബർ 26-ാം തീയതി ശനിയാഴ്ച സേവ് എ ഫാമിലി പ്ലാനിന്റെ വാർഷിക പൊതുയോഗം തളിപ്പറമ്പ് സെന്റ് മേരീസ് പാരീഷ് ഹാളിൽവച്ച് നടന്നു. ഡയറക്ടർ ഫാ. തോമസ് തയ്യിൽ സ്വാഗതവും അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഉദ്ഘാടനവും നിർവ്വ ഹിച്ചു. തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന വികാരി ഫാ. ജോസഫ് മഞ്ചപ്പള്ളി അദ്ധ്യക്ഷപദം അലങ്കരിച്ചു. സേവ് എ ഫാമിലി കോ-ഓർഡി നേറ്റർ സി. ഗ്രേസമ്മ എസ്.ജെ.എൽ., ഫാ. സ്ക്കറിയ നിരപ്പേൽ എന്നിവർ ആശംസകളർപ്പിച്ചു. പൊതുയോഗത്തിൽ 400 പേർ പങ്കെടുത്തു.

## നന്ദി

ടി.എസ്.എസ്.എസിൽ സേവനം ചെയ്തിരുന്ന ശ്രീ. ബെന്നി ജോർജ് തോട്ടത്തിൽ, ശ്രീ. കെ.എം. ദേവദാസ് എന്നിവർ ടി.എസ്.എസ്.എസിൽ നിന്നും രാജിവെച്ച് പുതിയ കർമ്മമണ്ഡലങ്ങളിലേക്ക് മാറിയ സാഹചര്യ ത്തിൽ നാളിതുവരെ ജനകീയ സംഘങ്ങൾക്ക് നൽകിയ എല്ലാ സേവന ങ്ങൾക്കും ടി.എസ്.എസ്.എസ് കുടുംബാംഗങ്ങളുടെ പേരിലുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ

**ഫാ. സ്ക്കറിയ നിരപ്പേൽ**
അസി. ഡയറക്ടർ

**ഫാ. തോമസ് തയ്യിൽ**
ഡയറക്ടർ, ടി.എസ്.എസ്.എസ്.

# കരുണാലയം-സാന്ത്വനം, ചെമ്പേരി

തലശ്ശേരി അതിരൂപതയുടെ സുപ്രധാന സ്ഥാപനങ്ങളായ ചെമ്പേരിയിലെ കരുണാലയം, സാന്ത്വനം എന്നിവയുടെ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ പണികൾ അവസാനഘട്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. നാളിതുവരെ ഇതിന്റെ നിർമ്മാണത്തിലേക്കും അന്തേവാസികളുടെ അനുദിന ആവശ്യങ്ങളിലേയ്ക്കും ഏവരും ചെയ്ത നിർലോഭമായ സഹായസഹകരണങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി. തുടർന്നും നിങ്ങളുടെ വിലയേറിയ സഹായസഹകരണങ്ങൾ സ്ഥാപനങ്ങളുടെ നടത്തിപ്പിലേക്കായി സ്നേഹപൂർവ്വം പ്രതീക്ഷിക്കുന്നു.

പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പും ഉദ്ഘാടനകർമ്മവും 2016 ജനുവരി 1-ാം തീയതി വെള്ളിയാഴ്ച നടത്താമെന്നാണ് കരുതുന്നത്. അതിനായി എല്ലാം ക്രമീകരിക്കപ്പെടുവാൻ ഏവരുടെയും പ്രാർത്ഥനാസഹായം ഉണ്ടാവണമെന്ന് താല്പര്യപ്പെടുന്നു. വെഞ്ചരിപ്പ്-ഉദ്ഘാടനം സംബന്ധിച്ച് വിശദമായ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും. എല്ലാവരെയും ഈ ചടങ്ങുകളിലേക്ക് മുൻകൂട്ടി സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

തലശ്ശേരി അതിരൂപതയിലെ എല്ലാ ഇടവകകളിലും ഈ സ്ഥാപനങ്ങൾക്ക് വേണ്ടി ഫണ്ട് സമാഹരിക്കുന്നതിനാവശ്യമായ ബ്രോഷറും കത്തും ബഹുമാനപ്പെട്ട വികാരിയച്ചന്മാരെ ഏല്പിച്ചിരുന്നു. 50 ഇടവകകളിൽ നിന്നാണ് തുക സമാഹരിക്കുവാൻ സാധിച്ചത്. അവശേഷിക്കുന്ന ഇടവകകളിലെ വികാരിയച്ചന്മാർ താല്പര്യപൂർവ്വം തുക സമാഹരിക്കുവാനുള്ള ക്രമീകരണം ചെയ്ത് സഹായിച്ചാൽ വലിയ ഉപകാരമായിരുന്നു. കൂടാതെ മരിച്ചവരുടെ ഓർമ്മദിനങ്ങൾ ആചരിക്കുമ്പോൾ ഭവനങ്ങളിൽ ലഭിക്കുന്ന സ്തോത്രകാഴ്ച സാന്ത്വനത്തിന് വേണ്ടി മാറ്റിവെച്ച് ഏല്പിക്കണമെന്ന അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശം ഏവർക്കും അറിവുള്ളതാണല്ലോ. (അതിരൂപതാ ബുള്ളറ്റിൻ മാർച്ച് 2014 കച്ചേരിക്കാര്യം കാണുക). സ്തോത്രക്കാഴ്ച സമാഹരിച്ച് സാന്ത്വനത്തിൽ ഏല്പിക്കാനുള്ള ക്രമീകരണം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

## ഇടവകകളിൽ ഭവനസന്ദർശനം നടത്തി ശേഖരിച്ച തുക

| | | |
|---|---|---|
| 1. | ഉദയഗിരി | 100560 |
| 2. | കുന്നുംകൈ | 155760 |
| 3. | പുളിങ്ങോം | 166085 |
| 4. | ചെറുപുഴ | 250000 |
| 5. | അരവഞ്ചാൽ | 58150 |
| 6. | കാലിച്ചാനടുക്കം | 58350 |
| 7. | തോമാപുരം | 321760 |
| 8. | പനത്തടി | 155460 |
| 9. | പടുപ്പ് | 211831 |
| 10. | വായാട്ടുപറമ്പ | 139195 |
| 11. | നെല്ലിപ്പാറ | 225175 |
| 12. | രയറോം | 187850 |
| 13. | നടുവിൽ | 20310 |
| 14. | അട്ടേങ്ങാനം | 52000 |
| 15. | മണ്ഡളം | 114156 |
| 16. | പുലിക്കുരുമ്പ | 138340 |
| 17. | ശ്രീകണ്ഠാപുരം | 29000 |
| 18. | ചരൾ | 134340 |
| 19. | പൊൻമല | 44300 |
| 20. | പെരുമ്പടവ് | 127696 |
| 21. | പയ്യന്നൂർ | 400700 |
| 22. | നീലേശ്വരം | 369450 |
| 23. | പടന്നക്കാട് | 611560 |
| 24. | ആയന്നൂർ | 50000 |
| 25. | കാഞ്ഞിരക്കൊല്ലി | 25000 |
| 26. | ചെമ്പേരി | 732271 |
| 27. | ആലക്കോട് | 430880 |
| 28. | കരുവഞ്ചാൽ | 371000 |
| 29. | പേരാവൂർ | 373313 |
| 30. | കടുമേനി | 215900 |
| 31. | കോളയാട് | 160920 |
| 32. | പാണത്തൂർ | 159335 |
| 33. | കണ്ണൂർ | 322500 |
| 34. | കുട്ടാപറമ്പ് | 127400 |
| 35. | ചായ്യോത്ത് | 222930 |
| 36. | തലശ്ശേരി | 48020 |
| 37. | ചെങ്ങോം | 131000 |
| 38. | നെടുവാലൂർ | 73500 |
| 39. | കല്ലുമുതിരക്കുന്ന് | 40900 |
| 40. | വെണ്ണക്കല്ല് | 25000 |
| 41. | വിജയഗിരി | 35000 |
| 42. | മാടത്തിൽ | 30000 |
| 43. | എടപ്പുഴ | 6785 |
| 44. | പാത്തൻപാറ | 50000 |
| 45. | ബെഡൂർ | 18000 |
| 46. | ഉദയപുരം | 15000 |
| 47. | മേരിപുരം | 25000 |
| 48. | അരീക്കമല | 25000 |
| 49. | തേർമല | 15000 |
| 50. | എണ്ണപ്പാറ | 51000 |

## തിരുനാൾ ദിനങ്ങളിലെ വരവ്

**2014-2015**

| | | |
|---|---|---|
| 1. | മാവുള്ളാൽ | 77800 |
| 2. | നെല്ലിപ്പാറ | 63140 |
| 3. | ചീക്കാട് | 107520 |
| 4. | ഉദയഗിരി | 80762 |
| 5. | തോമാപുരം | 143955 |
| 6. | ചെമ്പന്തൊട്ടി | 60579 |
| 7. | കരുണാപുരം | 50000 |
| 8. | കാർത്തികപുരം | 25013 |
| 9. | കാപ്പിമല | 14818 |
| 10. | കരുവഞ്ചാൽ | 31970 |
| 11. | പുലിക്കുരുമ്പ | 26580 |
| 12. | അരീക്കമല | 16370 |
| 13. | പൈസക്കരി | 85193 |
| 14. | തളിപ്പറമ്പ | 9447 |
| 15. | പുറവയൽ | 42071 |
| 16. | നെല്ലിക്കാംപൊയിൽ | 30790 |
| 17. | വായാട്ടുപറമ്പ | 63368 |
| 18. | കാവുന്തല | 21351 |
| 19. | ഇരിട്ടി | 6705 |
| 20. | അങ്ങാടിക്കടവ് | 36886 |
| 21. | ചെമ്പേരി | 49178 |
| 22. | ചായ്യോത്ത് | 21886 |
| 23. | ചന്ദനക്കാംപാറ | 51911 |
| 24. | മേരിഗിരി | 53107 |
| 25. | തിരുമേനി | 19604 |
| 26. | മണക്കടവ് | 23979 |
| 27. | കുന്നോത്ത് | 37551 |
| 28. | നെല്ലിക്കുറ്റി | 35965 |
| 29. | മാങ്ങോട് | 13952 |
| 30. | കച്ചേരിക്കടവ് | 29164 |
| 31. | പെരിങ്ങാല | 45724 |
| 32. | ആനപ്പന്തി | 19571 |
| 33. | കുന്നോത്ത് സെന്റ് ജൂഡ് | 10495 |
| 34. | കനകക്കുന്ന് | 10170 |
| 35. | ഏറ്റുപാറ | 11879 |

## ചരമദിന സ്തോത്രകാഴ്ച

| | | |
|---|---|---|
| 1. | ചെമ്പേരി | 147571 |
| 2. | പൈസക്കരി | 122988 |
| 3. | തോമാപുരം | 62685 |
| 4. | എടൂർ | 61158 |
| 5. | കരിക്കോട്ടക്കരി | 59650 |
| 6. | ചെമ്പന്തൊട്ടി | 48500 |
| 7. | പുളിങ്ങോം | 45000 |
| 8. | മണ്ഡലം | 40581 |
| 9. | വെളിമാനം | 40159 |
| 10. | ചെറുപുഴ | 35000 |
| 11. | പെരുമ്പടവ് | 32451 |
| 12. | ഉളിക്കൽ | 30980 |
| 13. | ചന്ദനക്കാംപാറ | 30210 |
| 14. | കണിച്ചാർ | 29670 |
| 15. | കുന്നോത്ത് | 28591 |
| 16. | ബളാൽ | 23325 |
| 17. | ചുണ്ടപ്പറമ്പ് | 22152 |
| 18. | വെള്ളാട് | 20300 |
| 19. | പാലാവയൽ | 19350 |
| 20. | പരപ്പ | 19010 |
| 21. | മുളപ്ര | 18000 |
| 22. | മാലോം | 16300 |
| 23. | നെടുംപുറഞ്ചാൽ | 16295 |
| 24. | മേരിഗിരി | 15000 |
| 25. | മാട്ടറ | 15000 |
| 26. | താബോർ | 15000 |
| 27. | തിരുമേനി | 13000 |
| 28. | ഉദയപുരം | 12650 |
| 29. | നെല്ലിക്കുറ്റി | 12408 |
| 30. | കോലുവള്ളി | 11720 |
| 31. | തയ്യേനി | 11315 |
| 32. | വെമ്പുവ | 10647 |
| 33. | മണിപ്പാറ | 10000 |
| 34. | കുന്നുംകൈ | 8611 |
| 35. | ചീക്കാട് | 8500 |
| 36. | പടന്നക്കാട് | 7980 |
| 37. | തളിപ്പറമ്പ് | 7580 |
| 38. | ഇടപ്പുഴ | 6785 |
| 39. | കണ്ണിവയൽ | 6550 |
| 40. | പുലിക്കുരുമ്പ | 6490 |
| 41. | കടുമേനി | 6005 |
| 42. | കീഴ്പ്പള്ളി | 5472 |
| 43. | ഓടന്തോട് | 5200 |
| 44. | പാടിച്ചാൽ | 5000 |
| 45. | പടിമരുത് | 5000 |
| 46. | കുട്ടാപറമ്പ് | 5000 |
| 47. | വരക്കാട് | 4120 |
| 48. | പടുപ്പ് | 4000 |
| 49. | മണ്ഡപം | 3335 |
| 50. | പൊൻമല | 3330 |
| 51. | മേരിപുരം | 3250 |
| 52. | വായാട്ടുപറമ്പ് | 3043 |
| 53. | പനത്തടി | 3000 |
| 54. | കാവുന്തല | 3000 |
| 55. | മാനടുക്കം | 2537 |
| 56. | വിമലഗിരി (പരപ്പ) | 2500 |
| 57. | മുത്താരികുളം | 2500 |
| 58. | ആയന്നൂർ | 2500 |
| 59. | പെരുമ്പുന്ന | 2482 |
| 60. | ആനപ്പന്തി | 2410 |
| 61. | മണ്ഡപം | 2000 |
| 62. | ബാലേശുഗിരി | 2000 |
| 63. | ജയഗിരി | 1550 |
| 64. | കനകക്കുന്ന് | 945 |
| 65. | കല്ലുമുതിരക്കുന്ന് | 810 |
| 66. | പയ്യന്നൂർ | 800 |

സ്നേഹപൂർവ്വം,

**ഫാ. തോമസ് കരിങ്ങാലിക്കാട്ടിൽ**

ഡയറക്ടർ



## ധ്യാനകേന്ദ്രങ്ങളിലൂടെ

**1. മദർ ഹോം, പരിയാരം; ഫോൺ: 04972-800544, 9447607101**

ഒക്ടോ. 04-09 : ആന്തരിക-ശാരീരികസൗഖ്യധ്യാനം
,, 04-09 : വ്രതവിശുദ്ധീകരണധ്യാനം (സിസ്റ്റേഴ്സിന്)
,, 10 : ഏകദിന കൺവെൻഷൻ
,, 18-23 : ആന്തരിക-ശാരീരികസൗഖ്യധ്യാനം
,, 25-30 : ആന്തരിക-ശാരീരികസൗഖ്യധ്യാനം
,, 25-30 : കന്നട ഭാഷാ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം-ഇരിട്ടി; ഫോൺ: 0490-2493491, 9745017131**

ഒക്ടോ. 11-15 : ആന്തരിക സൗഖ്യധ്യാനം
,, 18-22 : ആന്തരിക സൗഖ്യധ്യാനം
,, 25-29 : മരിയൻ ധ്യാനം

**3. മൗണ്ട് കാർമ്മൽ, പേരാവൂർ; ഫോൺ: 0490-2444595**

ഒക്ടോ. 02 : മരിയൻ ജാഗരണം
,, 15-18 : ആന്തരികസൗഖ്യ-ദിവ്യകാരുണ്യാനുഭവധ്യാനം
,, 21-25 : യുവജനധ്യാനം
,, 27-28 : അഖണ്ഡ ജപമാല

**4. കൃപാലയം, കാക്കയംചാൽ-ചെറുപുഴ; ഫോൺ: 04985-240534**

ഒക്ടോ. 6, 13, 20, 27 : ഏകദിന കൺവെൻഷൻ
,, 04-09 : ആന്തരിക സൗഖ്യധ്യാനം
,, 18-23 : വളർച്ചാ ധ്യാനം

**5. ഐ.എം.എസ്. ധ്യാനകേന്ദ്രം, പേരട്ട; കൂട്ടുപുഴ, ഫോൺ: 0490-2420320, 9745292602**

ഒക്ടോ. 01 : രോഗശാന്തി ആരാധന
,, 05-09 : ആന്തരിക-ശാരീരിക സൗഖ്യധ്യാനം
,, 19-23 : ആന്തരിക-ശാരീരിക സൗഖ്യധ്യാനം

**6. ദർശന ധ്യാനകേന്ദ്രം, പുഷ്പഗിരി-തളിപ്പറമ്പ്; 0460-2204556, 9447424076**

ഒക്ടോ. 02 : ആദ്യവെള്ളി കൺവെൻഷൻ
,, 04-07 : ദൈവ ദർശനധ്യാനം
,, 10 : യുവദർശന കൺവെൻഷൻ
,, 11-14 : ദിവ്യകാരുണ്യാഭിഷേകധ്യാനം
,, 16-18 : ദമ്പതി ധ്യാനം
,, 19-21 : കുട്ടികളുടെ ധ്യാനം
,, 25-28 : ദിവ്യകാരുണ്യാഭിഷേകധ്യാനം
,, 29-31 : തപസ് ധ്യാനം

**7. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

ഒക്ടോ. 02 : ജാഗരണ പ്രാർത്ഥന
,, 10, 17, 31 : മരിയൻ ദിവ്യകാരുണ്യ ആരാധന
,, 12-16 : ആന്തരിക സൗഖ്യധ്യാനം
,, 21-24 : കുടുംബ നവീകരണ ധ്യാനം

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
# മാർ ജോർജ് ഞറളക്കാട്ട്

## 2015 ആഗസ്റ്റ്

29 ഉച്ചകഴിഞ്ഞ് കോട്ടയത്ത് നടന്ന കോട്ടയം അതിരൂപതയുടെ രൂപതാ ദിനം ഉദ്ഘാടനം ചെയ്തു പ്രസംഗിച്ചു. വി. കുർബാനയിൽ സംബന്ധിച്ചു. വൈകുന്നേരം വടവാതൂർ സെമിനാരിയിലെത്തി തലശ്ശേരി അതിരൂപതാ വൈദികവിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.

30 രാവിലെ സെമിനാരിയിൽ വി. കുർബായർപ്പിച്ച് സന്ദേശം നല്കി. വൈദികവിദ്യാർത്ഥികളുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തി. സെമിനാരി സ്റ്റാഫുമായി കൂടിക്കാഴ്ച നടത്തി.

എസ്. എച്ച്. ജനറലേറ്റിലും തെള്ളകത്ത് 'അമ്മവീട്ടി'ലും സന്ദർശനം നടത്തി.

31 രാവിലെ 9 മണിക്ക് മാടത്തിൽ ഇടവകയിൽ ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സ് സർവ്വീസ് പരീക്ഷയിൽ 1-ാം റാങ്ക് നേടിയ ഡോണയുടെ ഭവനത്തിലെത്തി അഭിനന്ദനങ്ങളറിയിച്ചു. 10 മണിക്ക് പാലത്തുംകടവ് ഇടവകയിൽ പുതിയതായി നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിച്ചു. പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

ഉച്ചയ്ക്ക് ഉളിക്കൽ യു.പി. സ്കൂളിൽ നടന്ന എഡിഎസ്‌യു മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് 2 മണിക്ക് ശാന്തിനഗർ ഇടവകയിൽ ഉളിക്കൽ സ്കൂളിലെ അധ്യാപകരുടെ നേതൃത്വത്തിൽ നിർമ്മിച്ച ഭവനം വെഞ്ചരിച്ചു.

## 2015 സെപ്റ്റംബർ

01 വൈകുന്നേരം കരുവഞ്ചാൽ ശാന്തിഭവൻ സന്ദർശിച്ചു. നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്തി.

02 രാവിലെ 6.30ന് മൈനർ സെമിനാരി വിദ്യാർത്ഥികൾക്കുവേണ്ടി കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയർപ്പിച്ചു.

തുടർന്ന് അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന സന്ദർശകരെ സ്വീകരിച്ചു.

03 രാവിലെ 6.15ന് ജോസ്ഗിരി ഹോസ്പിറ്റലിൽ വി. കുർബാനയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് കൊളക്കാട് ഇടവകയിൽ പുതിയതായി നിർമ്മിച്ച എസ്. എച്ച്. കോൺവെന്റ് വെഞ്ചരിച്ചു. വി. കുർബാനയർപ്പിച്ചു. തുടർന്ന് കൊളക്കാട് കാടൻമല എസ്.എച്ച്. കോൺവെന്റിലെത്തി പുതിയ അൾത്താര വെഞ്ചരിച്ചു.

04 വൈകുന്നേരം 5 മണിക്ക് ചെറുവാഞ്ചേരിയിലെത്തി പാത്തിക്കൽ പള്ളിയിൽ വിശുദ്ധ കുർബാനയർപ്പിച്ചു. വിശ്വാസസമൂഹവുമായി കൂടിക്കാഴ്ച നടത്തി.

05 രാവിലെ 8.30ന് പയ്യാവൂർ ഇടവകയിൽ പുതിയതായി നിർമ്മിച്ച പള്ളിമുറി വെഞ്ചരിച്ചു.

തുടർന്ന് 10 മണിക്ക് പാടാംകവല ഇടവകയിൽ വാ. മദർതെരേസായുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ് 2.30ന് വെമ്പുവ മദർതെരേസ ഭവനിലെത്തി വി. കുർബാനയർപ്പിച്ചു. അന്തേവാസികളുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം 6 മണിക്ക് മാട്ടറ ഇടവകയിലെ ഇടയസന്ദർശനത്തോടനുബന്ധിച്ച് രോഗികളായവരുടെ ഭവനങ്ങളും സന്യാസിനീഭവനവും സന്ദർശിച്ചു.

06 രാവിലെ 7 മണിക്ക് വി. കുർബാനയർപ്പിക്കുകയും സന്ദേശം നല്കുകയും സിമിത്തേരി സന്ദർശനം നടത്തുകയും ചെയ്തു. തുടർന്ന് പൊതുയോഗത്തിൽ അധ്യക്ഷത വഹിച്ചു. സംഘടനാഭാരവാഹികളുമായി കൂടിക്കാഴ്ച നടത്തി. ഉച്ചകഴിഞ്ഞ് കുട്ടികളോട് സംസാരിക്കുകയും വി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും ചെയ്തു. തുടർന്ന് യുവജനങ്ങൾ, മതാധ്യാപകർ, കൈക്കാരന്മാർ തുടങ്ങിയവരുമായി കൂടിക്കാഴ്ച നടത്തി.

07 അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽനിന്ന് വന്ന ബഹു. വൈദികരെ സ്വീകരിച്ചു.

08 ഉച്ചകഴിഞ്ഞ് 2.30ന് അമ്മംകുളം ഇടവകയിൽ പുതിയതായി നിർമ്മിച്ച വൈദികമന്ദിരം വെഞ്ചരിച്ചു.

തുടർന്ന് 3.30ന് ആലക്കോട് ഫൊറോന ദൈവാലയത്തിലെത്തി വി. കുർബാനയർപ്പിക്കുകയും പുതിയതായി നിർമ്മിക്കുവാൻ പോകുന്ന ദൈവാലയത്തിന്റെ അടിസ്ഥാനശില സ്ഥാപിക്കുകയും ചെയ്തു.

മടക്കയാത്രയിൽ കരുണാപുരം ഇടവകയിലെത്തി ബഹു. കാഞ്ഞിരക്കാട്ട് സെബാസ്റ്റ്യൻ ജോസഫച്ചനെ സന്ദർശിച്ചു.

വൈകുന്നേരം തലശ്ശേരി നിർമ്മലാ കോൺവെന്റിൽ നടന്ന തിരുനാളാഘോഷത്തിൽ പങ്കെടുത്തു.

09 രാവിലെ 10.30ന് മഞ്ഞുവയൽ ഇടവകയിലെത്തി ബഹു. കുര്യാക്കോസ് ആലവേലിൽ അച്ചന്റെ പ്രിയപിതാവ് ശ്രീ. ജോസഫ് ആലവേലിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

10 രാവിലെ 10 മണിക്ക് തലശ്ശേരി സന്ദേശഭവനിൽ നടന്ന മദ്യവിരുദ്ധസമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

വൈകുന്നേരം 4 മണിക്ക് എടൂരിൽ പുതിയതായി പ്രവർത്തനമാരംഭിച്ച ഐഒബി ബാങ്കിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

11 രാവിലെ 6.30ന് തലശ്ശേരി സന്ദേശഭവനിൽനടന്ന ദൈവാലയശുശ്രൂഷിമാരുടെ ധ്യാനത്തിൽ വി. കുർബാനയർപ്പിച്ചു.

രാവിലെ 9 മണിക്ക് സന്ദേശഭവനിൽവച്ച് ദൈവാലയശുശ്രൂഷിമാരുമായി കൂടിക്കാഴ്ച നടത്തി.

തുടർന്ന് ശാലോം ടി.വി.യുടെ ആഭിമുഖ്യത്തിൽ നടന്ന അഭിമുഖസംഭാഷണത്തിൽ പങ്കെടുത്തു.

12 രാവിലെ 9.30ന് പരിയാരം മദർഹോമിന്റെ വാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

13 രാവിലെ തൃശൂർ അതിരൂപതയിലെ അത്താണി പള്ളിയിൽ വി. കുർബാനയർപ്പിച്ചു.

വൈകുന്നേരം തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിന് ആമുഖപ്രഭാഷണം നടത്തി.

14 രാവിലെ 11 മണിക്ക് താമരശ്ശേരി കോടഞ്ചേരി ഇടവകയിലെത്തി അഭിവന്ദ്യ വലിയമറ്റം പിതാവിന്റെ അനുജന്റെ മകന്റെ വിവാഹത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. തുടർന്ന് വേനപ്പാറ ഇടവക വികാരി ബഹു. ആന്റണി പുരയിടത്തിലച്ചനെ സന്ദർശിച്ചു.

തുടർന്ന് വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

15 രാവിലെ 6.30ന് വൈദികർക്കുവേണ്ടി കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ധ്യാനത്തിൽ പങ്കെടുത്തു.

16 രാവിലെ 6.30ന് കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിന് ജന്മദിനത്തിന്റെ ആശംസകൾ നേർന്നു. ഉച്ചയ്ക്ക് 12 മണിക്ക് മാണ്ഡ്യാ രൂപതാ നിയുക്ത മെത്രാൻ അഭിവന്ദ്യ മാർ ആന്റണി കരിയിൽ സിഎംഐയെ കത്തീഡ്രൽ ദൈവാലയത്തിൽ സ്വീകരിച്ചു.



17-18 ബഹു വൈദികരോടൊപ്പം വാർഷികധ്യാനത്തിൽ സംബന്ധിച്ചു. വാർഷികധ്യാനത്തിന്റെ അവസാനം സമാപനസന്ദേശം നൽകി.

19 ഉച്ചകഴിഞ്ഞ് 2.30ന് തലശ്ശേരി മാതാസെന്ററിൽ നടന്ന ടിഎസ്എസ്എസിന്റെ വാർഷിക പൊതുയോഗത്തിൽ സംബന്ധിച്ച് സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു.

20 രാവിലെ 7 മണിക്ക് പെരുമ്പുന്ന ഇടവകയിലെത്തി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് കുട്ടികളുമായി കൂടിക്കാഴ്ച നടത്തി. സന്യാസിനീ ഭവനങ്ങൾ സന്ദർശിച്ചു.

മടക്കയാത്രയിൽ തൊക്കിലങ്ങാടി ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ബഹു. അബ്രാഹം ഒറ്റപ്ലാക്കലച്ചനെ സന്ദർശിച്ചു.

രാത്രി 8.30ന് തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ നടന്ന വൈദികരുടെ വാർഷികധ്യാനത്തിന് സ്വാഗതവും ആമുഖപ്രഭാഷണവും പറഞ്ഞു.

21 രാവിലെ 6.30ന് വൈദികരുടെ വാർഷികധ്യാനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

രാവിലെ 10.30ന് കണ്ണൂരിൽ നടന്ന കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ പ്രതിഷേധ യോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിച്ചു. തുടർന്ന് സെമിനാരിയിലെത്തി വൈദികരുമായി കൂടിക്കാഴ്ച നടത്തി.

22 ധ്യാനത്തിൽ സംബന്ധിക്കുന്ന വൈദികരുമായി കൂടിക്കാഴ്ച നടത്തി. വൈകുന്നേരം 6 മണിക്ക് തലശ്ശേരി സന്ദേശഭവനിൽവച്ച് കുന്നോത്ത് സെമിനാരിയിൽ പഠിക്കുന്ന ഡീക്കന്മാരുമായി കൂടിക്കാഴ്ച നടത്തി.

23-25 ബാംഗ്ലൂരിൽ നടക്കുന്ന സി.ബി.സി.ഐ. സ്റ്റാൻന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

# വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### 2015 ആഗസ്റ്റ്

29 രാവിലെ 11 മണിക്ക് ചെമ്പന്തൊട്ടി പള്ളിയിൽവച്ച് വലിയമറ്റം ബിപിൻ, പീടിയേക്കൽ നന്ദിത റോസ് എന്നിവരുടെ മനസമ്മതം നടത്തി.

31 10.30ന് കോടഞ്ചേരി പള്ളിയിൽവച്ച് പൊന്നാമറ്റം റോബിന്റെയും പള്ളിവാക്കൽ റോസ്മിന്റെയും വിവാഹം ആശീർവദിച്ചു.

### 2015 സെപ്റ്റംബർ

04 രാവിലെ 11 മണിക്ക് ഉരുപ്പുംകുറ്റി പള്ളിയിലെത്തി റവ. ഫാ. ഫ്രീസ്റ്റലി കൊച്ചുപറമ്പിലിന്റെ പരേതയായ വല്യമ്മച്ചി ത്രേസ്യാമ്മ കൊച്ചുപറമ്പിലിന്റെ മൃതസംസ്ക്കാരശുശ്രൂഷക്ക് പ്രധാനകാർമ്മികത്വം വഹിച്ചു.

05 ഉച്ചകഴിഞ്ഞ് 3 മണിക്ക് പുളിങ്ങോം പള്ളിയിലെത്തി റവ. ഫാ. ജോർജ് അരീക്കൽ സിഎസ്എസ്ആറിന്റെ പരേതനായ പിതാവ് തോമസ് അരീക്കലിന്റെ മൃതസംസ്ക്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

08 ഉച്ചയ്ക്കുശേഷം മഞ്ഞുവയലിലെത്തി ഫാ. കുര്യാക്കോസ് ആലവേലിലിന്റെ പരേതനായ പിതാവിന്റെ ആത്മശാന്തിക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

09 രാവിലെ 10.30ന് എടൂർ പള്ളിയിലെത്തി ഫാ. സെബാസ്റ്റ്യൻ പൗവ്വത്തിലിന്റെ പരേതനായ പിതാവിന്റെ 1-ാം ചരമവാർഷിക ദിനത്തിൽ തിരുക്കർമ്മങ്ങൾക്ക് പ്രധാനകാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ് 2.30ന് വെണ്ണക്കല്ല് ഇടവകയിൽ പുതുതായി നിർമ്മിച്ച നസ്രത്ത് കോൺവെന്റിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ച് വി. കുർബാന അർപ്പിച്ചു.

10 വൈകിട്ട് 6 മണിക്ക് മദർഹോം ധ്യാനകേന്ദ്രത്തിലെത്തി ധ്യാനത്തിന്റെ സമാപനത്തിൽ അഭിഷേകപ്രാർത്ഥനക്ക് നേതൃത്വം നൽകി.

11 രാവിലെ 7 മണിക്ക് മദർഹോം വാർഷികാഘോഷങ്ങളുടെ ഭാഗമായി വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

12 രാവിലെ 10.30ന് പുഞ്ച പള്ളിയിലെത്തി തോമസ് പാറക്കലിന്റെയും മേരി ഇലവുങ്കലിന്റെയും വിവാഹം ആശീർവദിച്ചു.

മടങ്ങുംവഴി കാവുന്തലയിലെത്തി ബഹു. തോമസ് നൂറാന്മാക്കൽ അച്ചനെ സന്ദർശിച്ചു.



ബളാൽ പള്ളിയിലും കോൺവെന്റിലും സന്ദർശനം നടത്തി. പാറയിൽ അൽഫോൻസയുടെ ഭവനത്തിലെത്തി പ്രാർത്ഥിച്ചു.

13 രാവിലെ 9 മണിക്ക് ആര്യപറമ്പ് ഫാത്തിമ മാതാ ദൈവാലയത്തിലെത്തി മുൻവികാരി റവ. ഫാ. തോമസ് കൊച്ചുപറമ്പിലിന്റെ ചരമവാർഷികത്തിനൊടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. ബഹു. ടോമിച്ചന്റെ സ്മരണാർത്ഥം പുതുതായി നിർമ്മിച്ച വിശ്വാസപരിശീലന കേന്ദ്രത്തിന്റെ വെഞ്ചരിപ്പ് നിർവഹിച്ചു. പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

14 10.30ന് കോടഞ്ചേരി പള്ളിയിലെത്തി വലിയമറ്റം ബിപിന്റെയും പീടിയേക്കൽ നന്ദിതാ റോസിന്റെയും വിവാഹം ആശീർവദിച്ചു. തിരുക്കർമ്മങ്ങളിൽ തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോർജ് ഞറളക്കാട്ട്, താമരശ്ശേരി രൂപതയുടെ മുൻ അദ്ധ്യക്ഷൻ മാർ പോൾ ചിറ്റിലപ്പള്ളി എന്നിവരും പങ്കെടുത്തു.

15 2 മണിക്ക് പുളിങ്ങോം പള്ളിയിലെത്തി പരേതനായ ആനിക്കാട്ട് അബ്രാഹത്തിന്റെ മൃതസംസ്ക്കാരശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

മടങ്ങുംവഴി പാടിച്ചാൽ ഇടവകയിൽ ജോസ് മുണ്ടുപാലത്തിലിന്റെ ഭവനത്തിലെത്തി പരേതയായ മാതാവിന്റെ ആത്മശാന്തിക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

16 78-ാം പിറന്നാൾ ദിനത്തിൽ രാവിലെ 6.30ന് ആദ്യബാച്ചിൽ ധ്യാനത്തിൽ പങ്കെടുക്കുന്ന ബഹു. വൈദികരോടൊത്ത് കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയർപ്പിച്ചു.

അഭിവന്ദ്യ ഞറളക്കാട്ട് പിതാവ് പിറന്നാൾ ആശംസകൾ നേർന്നു.

10.30ന് കരുണാപുരം പള്ളിയിലെത്തി മാത്യു കാഞ്ഞിരത്തുംമൂട്ടിലിന്റെയും എലിസബത്ത് വരകിലിന്റെയും വിവാഹം ആശീർവദിച്ചു.

തളിപ്പറമ്പ് ദർശന ധ്യാനകേന്ദ്രം സന്ദർശിച്ചു.

വൈകിട്ട് പിറന്നാൾ ആശംസകൾ നേരാനെത്തിയവരെ സ്വീകരിച്ചു.

ആർച്ചുബിഷപ്സ് ഹൗസിൽ അത്താഴത്തിനൊടനുബന്ധിച്ച് നടന്ന പിറന്നാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

23 കത്തീഡ്രൽ ദൈവാലയത്തിലെത്തി രാവിലെ 6.30ന് 2-ാം ബാച്ചിൽ ധ്യാനിക്കുന്ന ബഹു. വൈദികരോടൊത്ത് വി. കുർബാന അർപ്പിച്ചു.

24 രാവിലെ 10.30ന് പെരിന്തൽമണ്ണ ഇടവകയിലെത്തി ഇടവകയുടെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു വി. കുർബാന അർപ്പിച്ചു.

## Programme of the Archbishop Mar George Njaralakatt

### October - 2015

02 01.00 pm - Cherupuzha : CML Anniversary

03 10.00 am - Pratheeksha : Anniversary

03-04 - Balal : Pastoral Visit

06 Evening - Pasukadavu

07 - Visitors' Day

06.00 pm - Monthly Recollection

08 09.00 am - Kannur : FCC Provincial Home - Vestition

04.00 pm - Adampara : Laying Foundation Stone of New Church

09 10.00 am - Consultors' Meeting

10 10.00 am - Thalassery : Theological Forum Meeting

Evening - Cathedral : Holy Qurbana

11 08.30 am - Cathedral : Samarpitha Sangamam

06.00 pm - Mahe : Holy Qurbana

12 10.00 am - Padannakad : Meeting With Forane Vicars & Pastoral Council Members

14 - Visitors' Day

15 - Anikkad : Marriage

16 - Ramapuram

17 09.30 am - Edoor : Sanyestha Sangamam

18 - Mandya : Epidcopal Ordination of Mar Antony Kariyil CMI



19 - Nadavayal

20 - Kunnoth : GS Major Seminary

21 - Visitors' Day

22 08.30 am - Kunnoth : Claretian Home : Diaconate

11.30 am - Kilianthara : Eucharist Convention at SABS Home

Evening - Palavayal : Jesus Youth Retreat

23 Morning - Pastoral Council

Afternoon - Finance Council

24 10.30am - Thiruvambady : Jubilee of Sr. Marietta

25 - Kakkanad : Catechetical Congress

26 Morning - Nirmalagiri : Baptism

04.00pm - Karunapuram : Holy Qurbana

27 - Poilomchal

28 - Visitors' Day

29 06.30 am - Kunnoth : NS Generalate

04.00 pm - Cherupuzha : Holy Qurbana

30 09.30 am - Nirmalagiri College : Patrons' Day

31 10.30 am - Panathadi : Samarpitha Sangamam

31-Nov. 1 - Pastoral Visit : Badiadukka

### November - 2015

01 - Pastoral Visit : Badiadukka

02 - Nagapuzha : Marriage

03 - Arakuzha

04 - Visitors' Day

| | | | |
|---|---|---|---|
| 05 | | - | Day for Priests |
| 07 | 09.30 am | - | Padannakad : Samarpitha Sangamam |
| | 02.00 pm | - | Mandalam : Vestition MSJ Sisters |
| 07-08 | | - | Pastoral Visit |
| 09 | | - | Angadikadavu : Marriage |
| | Evening | - | Karikkottakari : Eucharist Convention |
| 10 | 10.00 am | - | Kannur : First Profession of MSMI Sisters |
| 11 | | - | Visitors' Day |
| | 06.00 pm | - | Monthly Recollection |
| 12 | | - | Kannur Melechovva : Ordination |
| 13 | | - | Puravayal : Holy Qurbana |
| 14 | 09.00 am | - | Manimooly : Ordination |
| 15 | 10.30 am | - | Kottody : Blessing of New Altar |
| | 04.30 pm | - | Kanjiradukkam : Blessing of New Sunday School Building |

**Secretary to the Archbishop**

❖❖❖



# Programme of the Archbishop Emeritus Mar George Valiamatttam

## October - 2015

October 3 : 10.30 - Madathil - Baptism

October 5 - November 30 - Italy, Germany, U.K.

**Secretary to the Archbishop Emeritus**

❖❖❖